255
JUNE 2016

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



ഫാസിസ്റ്റ് ഭരണകൂടത്തെ ചെറുക്കാൻ സംവാദം വർദ്ധിപ്പിക്കുക

ലിംഗവിവേചനം കാമ്പസുകളിൽ ഇടപെടലുകളുടെ രാഷ്ട്രീയം

A Life Lost or Won : The Real Story of Irom Sharmila

കാമ്പസുകളിലെ ഫാസിസ്റ്റ് അധിനിവേശങ്ങൾ

'തൊഴിൽ കേന്ദ്രത്തിലേക്ക്': ചരിത്രത്തെ വീണ്ടെടുക്കുന്ന ഡോക്യുമെന്ററി സിനിമ:

സമ്മേളന– വനിതാ പതിപ്പ്

KERALA PRIVATE
# COLLEGE TEACHER 255

June 2016

**EDITORIAL BOARD**

Chief Editor
**Prof. Pramod Vellachal**

Managing Editor
**Prof. Tomichan Joseph**

Assistant Editor
**Dr. N.M. Sunny**

**Members**
Prof. A.G. Oleena
Dr. K.L. Vivekanandan
Dr. D.K. Babu
Dr. P.K. Kusalakumari
Dr. Beena S.
Dr. C. Unnikrishnan
Dr. N.K. Sunil Kumar
Dr. N. Renuka
Dr. Lakshmi Priya
Dr. Suneetha T.V.
Dr. James Paul
Dr. Soni John
Prof. Sreelatha
Dr. Biji Abraham
Dr. Gopala Krishna Pillai

Design
*Jwala Creatives*
*9447853005*

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**

Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
V.N. Murali, AKPCTA State Committee Office,
Vanchiyoor, TVPM-35.

■ *എഡിറ്റോറിയൽ* 3
■ *ഗസ്റ്റ് എഡിറ്റോറിയൽ*
**ഡോ. കുശലകുമാരി പി.കെ.** 4
■ *സർവ്വകലാശാലകളെ കലാപഭൂമികളാക്കരുത്* 5
■ *ലിംഗവിവേചനം ക്യാമ്പസുകളിൽ*
**ആർ. ബിന്ദു** 13
■ *അറിവും സൂക്ഷ്മതയോടെ 'വാർത്താമാധ്യമത്തിന്' തിരുത്ത്*
**ഡോ. എം.എസ്. വസന്തകുമാർ** 16
■ *വനിതാപ്പ്*
**ദീപ നിശാന്ത്** 19
■ *Gender Budgeting - An Economic Initiative for Women Empowerment*
**Dr. Kumar S.P.** 22
■ *മെഹ്റഹറിന്റെ പ്രതിധ്വനി: സരോജ് റാണി*
**ഡോ. എൻ. രേണുക** 25
■ *പൂമാതൈ പൊന്നമ്മ - വടക്കൻപാട്ടിലെ ധീരരക്തസാക്ഷി*
**ഡോ. ഷീജ നരോത്ത്** 29
■ *ഇടപെടലുകളുടെ രാഷ്ട്രീയം*
**ഡോ. ടി.കെ. കലമോൾ** 33
■ *A life lost or Won? The Story of Irom Sharmila*
**Prof. Gladys P.E.Isaac** 35
■ *ഓർമയുടെ സൂര്യൻ*
**ആതിര നന്ദൻ** 38
■ *'വെറുതെ' എങ്കിലും വെറുതെയല്ല*
**കനകലത പി.കെ.** 40
■ *പച്ചതവള*
**ഡോ. അജിത സി.** 42
■ *Occupational Health Problems of Traditional Industrial Women Workers*
**Dr. Raji Prasad** 46
■ *The Light Some Insight*
**Muhammed Sayeed T.** 51
■ *കളിയിലൂടെ പഠനം: മാരാരിക്കുളം മോഡൽ*
**ഡോ. സോണി ജോൺ** 54
■ *എന്റെ രാഷ്ട്രീയം*
**ദിവ്യ ജ്യോതിഷ്** 57
■ *A Personal Story about JNU*
**Divya S. Anand** 60
■ *നിശ്ശബ്ദതയുടെ ശബ്ദം*
**ആര്യ മുരളീധരൻ** 64
■ *Green Blood Therapy of Wheat Grass*
**Dr. Neethu S. Kumar** 66
■ *പുതത്തിനെപ്പോലും വ്യസനാണ്....*
**ഉമാ രാജീവ്** 67
■ *Disappearing Daughters and Female Foeticide through Artificial Abortion in India*
**Vijayakumari K.** 68
■ *Vocational Skills and Employability*
**Dr. Gopalakrishnan M.B.** 73
■ *ക്യാമ്പസുകളിലെ ഫാസിസ്റ്റ് അധിനിവേശങ്ങൾ*
**അർച്ചന കെ.എം.** 74
■ *ഉടൽ ജീവിതം*
**ഊർമിള എ.** 82
■ *ചരിത്രത്തെ വീടെടുക്കുന്ന ഡോക്യുമെന്ററി 'തൊഴിൽകേന്ദ്രത്തിലേക്ക്'*
**സുനീത ടി.വി.** 83
■ *രഹസ്യനോമ്പ്*
**ആര്യഗോപി** 86
■ *Draft Report on Gender Justice in Higher Education*
**Dr. Lakshmi Priya N** 87
■ *I too an Indian*
**Capt Mary Anil** 96
■ *ഒരു സിനിമ തൊട്ടുണർത്തിയ പഴയ പ്രണയം*
**ശ്രീലക്ഷ്മി ജി.** 97
■ *സർവ്വീസ് ട്യൂട്ടോറിയൽ*
**ഡോ. കെ.പി. വിനോദ്** 106
■ *അമ്മ*
**ദിവ്യ എസ്. നായർ** 108
■ *ജെഎൻയു എന്ന ഒരിടം*
**ഡോ. സീത വിജയകുമാർ** 109
■ *The Thespian Behind the Curtains*
**Salini V.G.** 111
■ *മനസ്സുനന്നാവട്ടെയെന്ന് പാടിനിറയുന്ന ജനകീയഗായിക*
**ഡോ. എസ്. അജയകുമാർ** 114
■ *കഥകളിയിലെ സ്ത്രീസ്വത്വം*
**ഡോ. സുമിതാ നായർ എൻ.** 116

എഡിറ്റോറിയൽ



# വസന്തത്തിന്റെ ഇടിമുഴക്കങ്ങൾ?

എ.കെ.പി.സി.ടി.എ.യുടെ 58-ാമത് സംസ്ഥാന സമ്മേളനം 2016 മാർച്ച് 11, 12, 13 തീയതികളിൽ ആലുവ പ്രിയദർശിനി ഹാളിൽ വെച്ച് നടന്നപ്പോൾ നമ്മളുയർത്തിയ മുദ്രാവാക്യങ്ങളായിരുന്നു, 'ജനാധിപത്യം ശക്തിപ്പെടുത്തുക, മതനിരപേക്ഷത ശക്തിപ്പെടുത്തുക' എന്നത്. ഒരു പൊതു തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് നടന്ന സമ്മേളനം എന്ന നിലയ്ക്ക് വലിയൊരു ആവേശമായിരുന്നു സമ്മേളനം. ജനാധിപത്യവും മതേതരത്വവും അട്ടിമറിച്ച് ഭരണകൂടങ്ങൾ അരാജകത്വം സൃഷ്ടിച്ചുകൊണ്ടിരുന്ന ഒരു സന്ദർഭമായിരുന്നു അത്. പ്രത്യേകിച്ചും ഇന്ത്യൻ കാമ്പസുകൾ കലുഷിതമാക്കി ജാതി വിളവെടുപ്പുകൾക്ക് കളമൊരുക്കിയ കാലം. അതുകൊണ്ട് തന്നെ ജനാധിപത്യവും മതേതരത്വവും ഏറുമാടങ്ങളിലിരുന്നു വെറുതെ സ്വപ്നം കാണുകയായിരുന്നില്ല നമ്മൾ. നിരന്തരമായ കാമ്പയിൻ പ്രവർത്തനങ്ങളിലൂടെ, ലഘുലേഖകളിലൂടെ സമൂഹത്തിന്റെ കാവൽഭടന്മാരാകുന്ന ഒരു പുതു ജനാധിപത്യവ്യവസ്ഥയ്ക്ക് വേണ്ടി വാക്കുകളിലൂടെയും അക്ഷരങ്ങളിലൂടെയും വിയർപ്പൊഴുക്കി. വർഗവൈരുദ്ധ്യങ്ങൾ മൂർച്ഛിക്കുകയും ജനാധിപത്യവിരുദ്ധത മനുഷ്യരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടാതിരിക്കുകയും ചെയ്തപ്പോൾ ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റ് ഇവിടെയുണ്ടാവണമെന്ന് അനുഭവങ്ങളിൽ വെന്തുരുകിയവരും, ചിന്തകളിൽ ഉഴുതുനടന്നവരും കരുതിയതിന്റെ ഭാഗമായാണ് സ്വപ്നസാക്ഷാത്കാരത്തിന്റെ ചരിത്ര മുഹൂർത്തമായി കേരളത്തിൽ എൽഡിഎഫ് ഗവൺമെന്റ് അധികാരത്തിൽ വന്നത്. അതിന്റെ രാഷ്ട്രീയ സംതൃപ്തി നമുക്കിവിടെ പങ്കുവെക്കാം. എൽഡിഎഫ് വന്നാൽ എല്ലാം ശരിയാകും എന്ന മുദ്രാവാക്യം ഒരാത്മവിശ്വാസമായി ജനങ്ങൾ നെഞ്ചിൽ ലാളിച്ചതിന്റെ ഫലമാണ് ഇരുണ്ട കേരളം ഇന്ന് വസന്തോദയത്തിന്റെ സൂര്യകിരണങ്ങൾ കാണാൻ കാരണമായത്. എ.കെ.പി.സി.ടി.എ.യുടെ പതാകയേന്തി നടന്ന പ്രൊഫ. സി. രവീന്ദ്രനാഥ് വിദ്യാഭ്യാസമന്ത്രിയായതും നമുക്ക് ഇരട്ടിമധുരമാണ് തരുന്നത്. എങ്കിലും കടൽപോലെ ഇരച്ചുവരുന്ന വിദ്യാഭ്യാസ കച്ചവടക്കാരും അവരുടെ തലതൊട്ടപ്പൻമാരായ വിദേശമൂലധനങ്ങളും വർഗീയഭ്രാന്തന്മാരും സൃഷ്ടിക്കുന്ന പ്രതിലോമതകൾ ചെറുതായിരിക്കില്ല.

തെരഞ്ഞെടുപ്പ്കാലത്ത് നമ്മൾ പ്രസിദ്ധീകരിച്ച 'ഉന്നതവിദ്യാഭ്യാസ കുറ്റപത്രം' ആർക്കൊക്കെ നേരെയാണോ വിരൽചൂണ്ടിയത്, അവരെയൊക്കെ പടിക്ക് പുറത്തുനിർത്തുവാനും ജനാധിപത്യവും മതേതരത്വവും ഉന്നതവിദ്യാഭ്യാസമേഖലയിൽ ഉറപ്പുവരുത്തി കലാശാലകളെയും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെയും സമൂഹത്തിന്റെ വഴിവിളക്കുകളാക്കി മാറ്റുന്ന ഭരണരസതന്ത്രമാണ് നമുക്കാവശ്യം. അതിനുള്ള പരിപൂർണ്ണ പിന്തുണ നമ്മുടെ ഭാഗത്തുനിന്നുണ്ടാവണം.

ഊഷരമാക്കപ്പെടുകയോ, നിശ്ശബ്ദമാക്കപ്പെടുകയോ ചെയ്ത ഘനീഭൂതഭൂമിയുടെ ജീവനസ്വപ്നമാണ് വസന്തത്തിന്റെ ഇടിമുഴക്കങ്ങൾ. പക്ഷേ രൂപകാത്മകമായ ഒരാവിഷ്കാരത്തിനപ്പുറത്ത് കേരളത്തിലെ ഇടതുപക്ഷ ഭരണസാന്നിദ്ധ്യം വിളിച്ചുപറയുന്നത് അത്തരമൊരു അരുണോദയം തന്നെയാണ്. മൂലധന പ്രമത്തതയുടെ ആഗോളവ്യാപനവും വർഗീയവേർതിരിവുകളുടെ സങ്കുചിത ജല്പനവും കച്ചവടലോബികളുടെ ഒടുക്കത്തെ ദുരയും അവസാനിപ്പിക്കാൻ കഴിയുന്ന മനുഷ്യത്വത്തിന്റെ സാന്നിദ്ധ്യമായി ഇടതുപക്ഷം ജ്വലിച്ചു നിൽക്കട്ടെ.

'കോളേജ് ടീച്ചർ' ജൂൺ ലക്കം സമ്മേളന-വനിതാപതിപ്പായാണ് പ്രസിദ്ധീകരിക്കുന്നത്. സർഗാത്മകതയുടെ കലഹങ്ങൾ കൊണ്ട് സൃഷ്ടിക്കുന്ന പെൺവെളിച്ചങ്ങൾ സമൂഹത്തിന്റെ ഇരുട്ടകറ്റി, ആഭിചാരത്തിന്റെ ചങ്ങലക്കെട്ടുകൾ പൊട്ടിച്ചെറിഞ്ഞ് സമത്വത്തിന്റെ പുതിയൊരു ലോകം സൃഷ്ടിക്കുവാൻ പര്യാപ്തമാണെന്ന് സാക്ഷ്യപ്പെടുത്തുന്നുണ്ട്, ഇതിലെ അക്ഷരങ്ങൾ.

**പ്രമോദ് വെള്ളച്ചാൽ**
pvellachal@gmail.com
9447384054

ഗസ്റ്റ് എഡിറ്റോറിയൽ



# സ്ഥിതിസമത്വത്തിലേക്കുള്ള അക്ഷരദൂരങ്ങൾ

നമ്മുടെ സംഘടനയുടെ മുഖപത്രത്തിന് വനിതാപതിപ്പ് ഇറങ്ങുന്നത് സ്ത്രീകളെന്ന നിലയിൽ നമുക്ക് അഭിമാനകരവും അപമാനകരവുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ എണ്ണത്തിൽ ഏറി നിൽക്കുന്ന മേഖലയാണ് നമ്മുടേത്. എന്നിട്ടും സംവരണം എന്നതുപോലെ വർഷം തോറും വനിതാ പതിപ്പ് ഇറക്കേണ്ടിവരുന്നു എന്നതാണ് അപമാനകാരണം. കായികമായും ലിംഗപരമായും അടിച്ചമർത്തപ്പെട്ടവന്റെ ജിഹ്വ എന്ന നിലയിൽ നമുക്കത് അഭിമാനകരവുമാണ്.

വനിതാ പതിപ്പുകൾ ഇല്ലാതെവരുന്ന ഒരു കാലമായിരിക്കണം നമ്മുടെ സ്വപ്നം. സ്ത്രീപുരുഷസമത്വം സമാഗതമാവുകയും മനുഷ്യകുലമൊന്നാകെ അനീതിക്കും അസമത്വങ്ങൾക്കുമെതിരെ സ്ത്രീപുരുഷഭേദമെന്യേ അണിചേരുന്ന കാലത്ത് സ്ത്രീസംവരണം അസംഗതമായിക്കൊള്ളും. അതുവരെ ചെയ്യേണ്ട പ്രവർത്തനമാണ് വനിതാ പതിപ്പിലൂടെ നാം സാധ്യമാക്കേണ്ടത്. വർഗപരമായ വീക്ഷണത്തിൽ സ്വത്വവാദപരമെന്ന് വിവക്ഷിച്ചേക്കാം. സ്വത്വവാദം അപകടകാരിയാകുന്നത് അത് അടിച്ചമർത്തപ്പെട്ട മനുഷ്യന് ദ്രോഹകരമായി അനുഭവപ്പെടുമ്പോഴാണ്. ജാതിയുടെയും മതത്തിന്റെയും പേരിൽ അരങ്ങേറുന്ന സ്വത്വദർശനങ്ങൾ ഈയൊരു ദിശയിലേയ്ക്കാണ് വഴിനടക്കുന്നത്. മാതൃഭാഷയ്ക്കും ലിംഗനീതിയ്ക്കും വേണ്ടി നടന്നുവരുന്ന സ്വത്വവാദപരം എന്ന് അധിക്ഷേപിക്കപ്പെടുന്ന പോരാട്ടങ്ങൾ യഥാർത്ഥത്തിൽ വർഗസമരത്തിന് അനുപൂരകമായ ഊർജ്ജം നൽകുന്ന ഉത്തേജകങ്ങളാണ്- ചൂണ്ടുപലകകളാണ്.

പരസ്പരപൂരകവും പരസ്പരവിരുദ്ധവുമായ ദ്വന്ദ്വങ്ങളിലൊന്ന് ഇതരത്തെ അപ്രധാനവല്ക്കരിക്കുകയും അടിച്ചമർത്തുകയും ചെയ്യുന്നതുകൊണ്ടാണ് അത്തരം ദ്വന്ദ്വത്തെ ബോധപൂർവ്വം മറിച്ചിടുന്നത്. ഈ മറിച്ചിടൽ അവയുടെ സന്തുലനം സാധ്യമാവുന്നിടത്തോളം തുടരുന്നു. ഇത്തരമൊരു സന്തുലന ശ്രമമാണ് പുരുഷ/സ്ത്രീ ദ്വന്ദ്വത്തെ മറിച്ചിടുവാനായി സ്ത്രീവാദികൾ ചെയ്യുന്നത്. സ്ത്രീവാദത്തിന്റെ ഈ അന്തസ്സത്ത തിരിച്ചറിയുന്നവർ നമുക്കിടയിൽ വിരളമാണ്. അറിയുന്നവരാകട്ടെ ആരുഭരിച്ചാലും നമുക്കെന്ത് എന്ന് നമ്മുടെ അരാഷ്ട്രീയവാദി പറയുന്നതുപോലെ നിഷ്പക്ഷവാദിയാവാൻ പാടുപെടുകയും ചെയ്യുന്നു. ഈ മനോഭാവത്തിനെതിരെയാണ് നാം സമരം ചെയ്യേണ്ടത്- നമ്മുടെ ഉള്ളിൽ കുടിയിരിക്കുന്ന സന്ദേഹവാദിയോട്, ദാസ്യഭാവത്തോട്. വനിതാ പതിപ്പിന്റെ പ്രസക്തിയും ഇതു തന്നെയാണ്.

സ്ഥിതിസമത്വം വന്നുകഴിഞ്ഞാൽ കമ്മ്യൂണിസ്റ്റുകാരന്റെ തൊഴിൽ നഷ്ടപ്പെടുകയും അവർക്ക് മക്കളോടൊത്ത് കടൽക്കരയിൽ വേവലാതികളില്ലാതെ കാറ്റുകൊള്ളാനാവുകയും ചെയ്യുമെന്ന് മാർക്സ് പറയുന്നതുപോലെ സ്ത്രീയെന്നോ പുരുഷനെന്നോ സന്ദേഹിക്കാതെ ആർക്കും സുസാധ്യമാണ് മനുഷ്യപ്രവർത്തനങ്ങൾ എന്ന് ഏവരും തിരിച്ചറിയുന്ന കാലത്ത് നമുക്ക് നമ്മുടെ സമരമവസാനിപ്പിക്കാം - മൂങ്ങകളുടെ സ്വൈര്യമയക്കത്തിൽ നിന്നു് ഇപ്പോൾ ഉണരാൻ വൈകിയാൽ നമ്മുടെ സ്ഥാനം എക്കാലവും അവഗണനയുടെയും അടിമത്തത്തിന്റെയും മരക്കൊമ്പിൽ തന്നെയായിരിക്കും.

**ഡോ. കുശലകുമാരി പി.കെ.**
വൈസ് പ്രസിഡന്റ്,
എ.കെ.പി.സി.ടി.എ. സംസ്ഥാന കമ്മിറ്റി

ഡോ. കെ.എൽ വിവേകാനന്ദൻ



# സർവകലാശാലകളെ കലാപശാലകളാക്കരുത്

ബ്രാഹ്മണർക്കുമാത്രമായി ഒരു കിണറുണ്ട് ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിൽ. 1980ൽ ഈ ബ്രാഹ്മിൺ കിണർ കുഴിക്കാൻ നേതൃത്വം നൽകിയത് യൂണിവേഴ്സിറ്റിയിലെ തന്നെ ഒരു പ്രൊഫസറായിരുന്നു. അന്ന് രോഹിത്ത് വെമുല ജനിച്ചിട്ടു പോലുമില്ല. ആ പ്രൊഫസർ തന്നെയായിരിക്കണം സെൻട്രൽ യൂണിവേഴ്സിറ്റിയിൽ ജാതീയതയുടെ ആദ്യ പാഠങ്ങൾ പഠിപ്പിച്ചത്.

വർഷങ്ങളായി തുടരുന്ന ഒളിഞ്ഞും തെളിഞ്ഞുമുള്ള ജാതീയ വേർതിരിവ് അതിന്റെ മൂർദ്ധന്യതയിലാണിപ്പോൾ. അത് രോഹിത് വെമുലയുടെ ആത്മഹത്യയിലേക്കും തുടരുന്ന പ്രക്ഷോഭങ്ങളിലും എത്തിനിൽക്കുന്നു. പ്രതിഷേധിക്കുന്ന വിദ്യാർത്ഥികളെ തോൽപ്പിക്കാൻ വെള്ളവും വെളിച്ചവും താമസവും ഭക്ഷണവും എടി.എം പോലും മുടക്കി കേന്ദ്ര സർക്കാരും അധികൃതരും ഒരുപോലെ ശ്രമിക്കുന്നു. വിദ്യാർത്ഥികളെ പിന്തുണച്ച 53കാരനായ ദളിത് അദ്ധ്യാപകനും അദ്ധ്യാപക സംഘടനാ നേതാവുമായ പ്രൊഫ. കെ.വൈ രത്നത്തെ പൊതുമുതൽ നശിപ്പിക്കൽ കുറ്റം ചുമത്തി ജയിലിലടച്ചു.

2014ൽ വൻഭൂരിപക്ഷത്തോടെ മോദി സ!ർക്കാർ അധികാരത്തിൽ വന്ന അന്നുമുതൽ തുടങ്ങിയതാണ് ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളെ കൈപ്പിടിയിലൊതുക്കാനുള്ള ബി.ജെ.പി ആർ.എസ്.എസ് ശ്രമം. എടുത്തുകാണിക്കാൻ അംഗീകൃത ബിരുദം പോലുമില്ലാത്ത സ്മൃതി ഇറാനിയാണ് കേന്ദ്രവിദ്യാഭ്യാസ മന്ത്രിയുടെ റോളിൽ ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. തുടക്കം മദ്രാസ് ഐ.ഐ.ടിയിൽ നിന്നായിരുന്നു. അവിടത്തെ അംബേദ്കർ സ്റ്റുഡൻസ് യൂണിയൻ പ്രവർത്തനം കേന്ദ്രസർക്കാർ നിരോധിച്ചു. വിദ്യാർത്ഥികളുടെ പ്രതിഷേധം കടുത്തപ്പോൾ പിന്തിരിയേണ്ടിവന്നു. അടുത്തത് ഏഷ്യയിലെ തന്നെ പ്രീമിയർ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടായ എഫ്.ടി.ടി.ഐയായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ അദ്ധ്യക്ഷ സ്ഥാനം മഹാഭാരതത്തിൽ ധർമ്മപുത്രനായി വേഷമിട്ടതിന് പാരിതോഷികമെന്നോണം ബി.ജെ.പിയുടെ സാംസ്കാരികവിഭാഗം നേതാവും ചെറുകിട നടനുമായ ഗജേന്ദ്രചൗഹാന് നൽകി. മാസങ്ങളോളം വിദ്യാർത്ഥികളും ചലച്ചിത്രപ്രവർത്തകരുംസമരം ചെയ്തിട്ടും കേന്ദ്രസർക്കാർ ചൗഹാനെ മാറ്റാൻ തയ്യാറായില്ല. എച്ച്.സി.യു, ജെ.എൻ.യു, ജാദവ്പൂർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാസ് കമ്മ്യൂണിക്കേഷൻ ,ഡൽഹി, അലഹബാദ് സെൻട്രൽ യൂണിവേഴ്സിറ്റി, ഒടുവിൽ പൂണെ ഫെർഗൂസൻ കോളേജ്വരെയെത്തി നിൽക്കുന്നു കാമ്പസുകളിലെ 'മോദിനൈസേഷൻ'. ജെ.എൻ.യു.വിലെ വി!!ദ്യാർത്ഥിനേതാവായ കനയ്യ കുമാറിനെയും വിദ്യാർത്ഥികളായ അനിർഭൻ ഭട്ടാചാര്യ, ഉമർഖാലിദ് എന്നിവരെയും ജയിലിലടച്ചു. കേന്ദ്രസർവകലാശാലകളിൽ സംസ്കൃതം നിർബന്ധ വിഷയമാക്കണമെന്ന നിർദ്ദേശമാണ് ഒടുവിലത്തേത്. ഫെലോഷിപ്പ് തുക നൽകാതെ പിന്നാക്ക വിദ്യാർത്ഥികൾ പീഡിപ്പിക്കപ്പെടുന്നു. രാജസ്ഥാൻ കേന്ദ്രസർവകലാശാലയിലെ വിദ്യാർത്ഥി അധികൃത പീഡനത്തിൽ മനംനൊന്ത് ആത്മഹത്യ ചെയ്യാൻ അനുവാദം ചോദിച്ചുകൊണ്ട് സർവകലാശാലയ്ക്ക് കത്തയച്ചിരിക്കുന്നു!

പ്രതിഷേധിക്കുന്നവരെ രാജ്യദ്രോഹികളെന്നാണ് മോദി സർക്കാർ വിശേഷിപ്പിക്കുന്നത്. രാജ്യസ്നേഹത്തിന്റെ പേറ്റൻഡ് തങ്ങൾക്കാണെന്ന മട്ടിലാണ് ബി.ജെ.പിയും അതിനെ നയിക്കുന്ന ആർ.എസ്.എസും പെരുമാറുന്നത്. ദേശവിരുദ്ധരുടെ കൂടാരമെന്നാണ് ജെ.എൻ.യുവിനെ ആർ.എസ്.എസ് മുഖപത്രമായ ഓർഗനൈസർ വിശേഷിപ്പിച്ചത്. ആ ജെ.എൻ.യുവാണ് നാക് അക്രഡിറ്റേഷനിൽ 4ൽ 3.9 ഗ്രേഡ് ലഭിച്ച ഇന്ത്യയിലെ ഏറ്റവും മികച്ച വിദ്യാഭ്യാസ സ്ഥാപനം. പ്രതിഷേധം തിളച്ചുമറിയുന്ന ഹൈദരാബാദ് സർവകലാ

*ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലെ ഇപ്പോൾ ഉപയോഗത്തിലില്ലാത്ത "ബ്രാഹ്മിൺ വെൽ"*






ശാലയിലെ മൂന്നു ഡിപ്പാർട്ട്മെൻറുകൾ ലോകത്തെ 500 മികച്ച സർവകലാശാല ഡിപ്പാർട്ടുമെൻറുകളിൽ ഉൾപ്പെട്ടതാണ്.

സർവകലാശാലകളുടെ സ്വയംഭരണത്തെ അട്ടിമറിക്കും വിധമാണ് ജെ.എൻ.യുവിലും ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റിയിലും കേന്ദ്രസർക്കാർ ഇടപ്പെടുന്നത്. വൈസ് ചാൻസലർമാരുടെ നിയമനങ്ങൾ സർവകലാശാലകളിൽ കടന്നുകയറാനുള്ള ഒരു മാർഗമായി കേന്ദ്രഗവൺമെന്റ് കാണുന്നു. ജെ.എൻ.യുവിലെയും ഹൈദരാബാദിലെയും വിസിമാർ ആർ.എസ്.എസ് പിണിയാളുകളാണെന്ന് അവരുടെ നടപടികളിലൂടെ വെളിപ്പെടുത്തുന്നു. ദളിത് വിദ്യാർത്ഥികളാണ് ടോയ്‌ലറ്റ് വൃത്തിയാക്കേണ്ടതെന്ന് ഹോസ്റ്റൽ വാർഡനായിരുന്ന കാലത്ത് ഉത്തരവിട്ടയാളാണ് ഹൈദരാബാദ് സർവകലാശാല വിസി അപ്പറാവു. വാർഡനിൽ നിന്ന് വിസിയായി ഉയർന്ന ആ അപ്പറാവുവിൽ നിന്ന് എന്ത് നീതിയാണ് രോഹിത് വെമുല പ്രതീക്ഷിച്ചിരിക്കുക.

സർവകലാശാലകൾ അധികാരത്തിലിരിക്കുന്ന പാർട്ടികളുടെ ഇംഗിതത്തിനനുസരിച്ച് തീരുമാനങ്ങളെടുക്കുന്നത് ശരിയാണോയെന്നതാണ് ഈ ഘട്ടത്തിൽ ഉയരുന്ന സുപ്രധാനമായ ചോദ്യം. ജെ.എൻ.യുവിൽ ആദ്യം അഫ്സൽ ഗുരു അനുസ്മരണത്തിന് അനുമതി നൽകുകയും ഭരണപാർട്ടിയുടെ വിദ്യാർത്ഥിവിഭാഗമായ എ.ബി.വി.പിയുടെ പ്രതിഷേധമുണ്ടായപ്പോൾ പിൻവലിക്കുകയും ചെയ്തു. ആ പരിപാടിയുടെ സംഘാടകരെ സർക്കാർ സമ്മർദ്ദം വന്നപ്പോൾ രാജ്യദ്രോഹികളെന്ന് മുദ്രകുത്തി സസ്പെൻഡ് ചെയ്യുകയും ചെയ്തു. പുരോഗമന സ്വതന്ത്ര ആശയങ്ങളുടെ കേന്ദ്രമായ ജെ.എൻ.യുവിനെ രാജ്യദ്രോഹികളുടെ കേന്ദ്രമാക്കി മുദ്രകുത്തി. എല്ലാം കൃത്യമായ രാഷ്ട്രീയ അജൻഡതന്നെ.
എ.ബി.വി.പിയെന്ന ആർ.എസ്.എസ്. വിദ്യാർത്ഥി സംഘടനയെ ഉപയോഗിച്ച് കേന്ദ്രസർക്കാർ വിദ്യാലയങ്ങളിൽ കാവിവത്കരണത്തിന് ആക്കം കൂട്ടുന്നു. വിസിമാരുടെ നിയമനം, ജനാധിപത്യവിരുദ്ധമായിട്ടുള്ള ഭരണക്രമം, സർവകലാശാലയുടെ സാമ്പത്തിക സഹായത്തിന്മേലുള്ള നിയന്ത്രണം തുടങ്ങിയ നടപടികളിലൂടെ കേന്ദ്രസർക്കാർ സർവകലാശാലകളുടെ സ്വയംഭരണത്തെ തകർത്തുകൊണ്ടിരിക്കുകയാണ്. ഇതുവഴി ഉന്നത വിദ്യാഭ്യാസത്തെ സ്വകാര്യ കച്ചവടചരക്കായി മാറ്റുക എന്ന ഗാട്ട് നിയമത്തിലെ വ്യവസ്ഥയാണ് സർക്കാർ നടപ്പിലാക്കുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിന്ന് സർക്കാർ പിൻമാറുകയും പണക്കാരനുമാത്രം ലഭ്യമാവുന്ന ചരക്കായി വിദ്യാഭ്യാസം മാറുകയും ചെയ്യുന്ന അവസ്ഥയാണ് രാജ്യത്ത് ഉരുത്തിരിയുന്നത്.

കേരളത്തിലും സ്ഥിതി വ്യത്യസ്തമല്ല. 'വിശ്വവിഖ്യാതമായ തെറി' എന്ന കോളേജ് മാഗസിന്റെ പേരിൽ ഗുരുവായൂരപ്പൻകോളേജിലെ വിദ്യാർത്ഥികൾക്കെതിരെ രാജ്യദ്രോഹക്കേസ് ചുമത്താനുള്ള ശ്രമം നടക്കുകയാണ്. അധഃസ്ഥിത വിഭാഗങ്ങളുടെ തൊഴിലിനെയും ജീവിതസാഹചര്യങ്ങളെയും തെറിയായി ഉപയോഗിക്കുന്ന വരേണ്യസംസ്കാരത്തെ തുറന്നുകാട്ടുന്നു എന്നതാണ് വിദ്യാർത്ഥികൾ ചെയ്ത 'രാജ്യദ്രോഹം'.

സർവകലാശാലകൾ വിരുദ്ധ ആശയങ്ങൾ ചർച്ചചെയ്യുകയും അതിൽ നിന്ന് ഉരുത്തിരിഞ്ഞു വരുന്ന പുത്തൻ ആശയങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്ന വേദികളാണ്. മറിച്ച് വിമർശിക്കുന്നവരെയും പ്രതിഷേധിക്കുന്നവരെയും വെള്ളവും ഭക്ഷണവും മുടക്കിയും മർദ്ദിച്ച് തുറങ്കലിലടയ്ക്കാനും ഒരുമ്പെടുന്ന ഭരണകൂടം ഹിറ്റ്ലറുടെ നാസി ജർമ്മനിയെ ഓർമ്മിപ്പിക്കുന്നു. ക്രിസ്ത്യൻ സാഹിത്യം മാത്രം പഠിപ്പിക്കാനുള്ള കോൺവൻറുകളല്ല സർവകലാശാലകളെന്ന് പതിനെട്ടാം നൂറ്റാണ്ടിൽ കർദിനാൾ ന്യൂമാൻ പറഞ്ഞത് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും നടപ്പിലാവുന്നില്ല എന്നത് ആശങ്കാജനകമാണ്. ■

# ഫാഷിസ്റ്റ് ഭരണകൂടത്തെ ചെറുക്കാൻ സംവാദം വർദ്ധിപ്പിക്കണം: ഡോ. രാമകൃഷ്ണൻ




കേന്ദ്രത്തിലെ ഹൈന്ദവ ഫാഷിസ്റ്റ് ഭരണകൂടത്തെ ചെറുക്കാൻ അക്കാദമിക് രംഗം പൊതുസമൂഹവുമായുള്ള സംവാദം വർദ്ധിപ്പിക്കണമെന്നും ഇതിന് പുതിയ പ്രവർത്തനഭാഷ തന്നെ വികസിപ്പിക്കേണ്ടതുണ്ടെന്നും ജെ.എൻ.യു. അധ്യാപകൻ ഡോ. എ.കെ. രാമകൃഷ്ണൻ. എ.കെ.പി.സി.ടി.എ. സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംഘപരിവാർ മുൻകൂട്ടി തയ്യാറാക്കിയ പദ്ധതിയാണ് ഇപ്പോൾ ജെ.എൻ.യു.വിൽ അരങ്ങേറുന്നത്. രോഹിത് വെമുലയുടെ ആത്മഹത്യയ്ക്ക് ശേഷം രൂപപ്പെട്ട ഇടതു ദലിത് ന്യൂനപക്ഷ വിദ്യാർത്ഥി പ്രതിരോധം തകർക്കലായിരുന്നു ഇതിന്റെ ലക്ഷ്യമെന്നും ഡോ. രാമകൃഷ്ണൻ പറഞ്ഞു.

എ.കെ.പി.സി.ടി.എ. പ്രസിഡന്റ് പ്രൊഫ. എ.ജി. ഒലീന അദ്ധ്യക്ഷത വഹിച്ചു. ഇന്നസെന്റ് എം.പി., വി. സലീം, എസ്. രാധാകൃഷ്ണൻ, കെ.സി. ഹരികൃഷ്ണൻ, വി. ശ്രീകുമാർ, ഡോ. കെ.കെ. ദാമോദരൻ, ടി.എസ്. രഘുലാൽ, ഡോ. കെ.എൽ. വിവേകാനന്ദൻ, ഡോ. വി.പി. മാർക്കോസ്, ഡോ. സി.എം. ശ്രീജിത്ത്, ഡോ. കെ. കൃഷ്ണദാസ്, ഡോ. എ.പി. കുട്ടികൃഷ്ണൻ, ഡോ. രാജൻ വർഗീസ് എന്നിവർ പ്രസംഗിച്ചു.




*ഉദ്ഘാടനസമ്മേളനത്തിൽ ശ്രീ. ഇന്നസെന്റ് എം.പി. സംസാരിക്കുന്നു*

# ആർ.ആർ.സി. അനുസ്മരണ പ്രഭാഷണം




ഉന്നതവിദ്യാഭ്യാസത്തിന്റെ മതേതര ജനാധിപത്യം അനിവാര്യമാണെന്ന് നാഷനൽ ലോ സ്കൂൾ വിസിറ്റിങ്ങ് പ്രൊഫസറായ ഡോ. ഹർഗോപാൽ അഭിപ്രായപ്പെട്ടു. എ.കെ.പി.സി.ടി.എ. 58-ാം സംസ്ഥാന സമ്മേളനത്തിൽ 'ജനാധിപത്യം ശക്തിപ്പെടുത്തുക, മതനിരപേക്ഷത ശക്തിപ്പെടുത്തുക' എന്ന വിഷയത്തെ ആധാരമാക്കി ആർ.ആർ.സി. അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു ഡോ. ഹർഗോപാൽ. അഭിപ്രായ സ്വാതന്ത്ര്യത്തെ നഗ്നമായി കശാപ്പുചെയ്യാനുള്ള ഫാസിസ്റ്റ് ആക്രമണങ്ങളും ഭീഷണികളുമാണ് ജെ.എൻ.യു.വിലും ഹൈദരാബാദ് സർവ്വകലാശാലയിലും ഉള്ളത്. സമൂഹത്തെ കാവിവൽക്കരിക്കാനുള്ള സംഘപരിവാർ അജണ്ടകളാണിതെന്ന് ഡോ. ഹർഗോപാൽ പറഞ്ഞു. ബ്രഷാഹ്മണ്യത്തെ ഉയർത്തിപ്പിടിച്ച് മോഡി സർക്കാർ ദളിത് പീഡനങ്ങൾ അഴിച്ചുവിടുകയാണ്. ഇടത്, ദളിത്, സ്ത്രീസംഘടനകളുടെ ഐക്യനിര പ്രതിരോധങ്ങൾ തീർത്തുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അക്കാദമിക് കമ്മിറ്റി ചെയർമാൻ ഡോ. സി.കെ. ബാബു അദ്ധ്യക്ഷത വഹിച്ചു. കൺവീനർ പ്രൊഫ. സി. പദ്മനാഭൻ സ്വാഗതവും സ്റ്റേറ്റ് സെക്രട്ടറി ഡോ. കൃഷ്ണദാസ് നന്ദിയും പറഞ്ഞു.

# യാത്രയയപ്പു സമ്മേളനം

ആലുവ : എ.കെ.പി.സി.ടി.എ 58-ാം സംസ്ഥാനസമ്മേളനത്തിന്റെ ഭാഗമായി നടന്ന യാത്രയയപ്പു സമ്മേളനവും മുൻകാല നേതൃസംഗമവും പ്രൊഫ. എം.കെ.സാനു ഉദ്ഘാടനം ചെയ്തു. എ.കെ.പി.സി.ടി.എ വൈസ്പ്രസിഡന്റ് ഡോ.പി.കെ.കുശലകുമാരി അധ്യക്ഷത വഹിച്ചു. മുൻപ്രസിഡന്റ് ഡോ.ജോയ് ജോബ് കുളവേലി, മുൻ ജനറൽ സെക്രട്ടറി ഡോ.കെ.ശ്രീവത്സൻ, മുൻ വൈസ്പ്രസിഡന്റ് പ്രൊഫ.ഡി.സലിംകുമാർ, ഡോ.ജോജി അലക്സ്, വിരമിക്കുന്ന അധ്യാപകർ എന്നിവർ പ്രസംഗിച്ചു.



# ട്രേഡ് യൂണിയൻ സമ്മേളനം



സമ്മേളനത്തിന്റെ സമാപനദിവസം നടന്ന ട്രേഡ് യൂണിയൻ സമ്മേളനം എഫ്.യു.ടി.എ. സെക്രട്ടറി ഡോ. ജിജു.പി.അലക്സ് ഉദ്ഘാടനം ചെയ്തു. എ.കെ.പി.സി.ടി.എ പ്രസിഡന്റ് എ.ജി.ഒലീന അധ്യക്ഷയായിരുന്നു. ഡോ.സി.അബ്ദുൾമജീദ്, കെ..കെ.ശശികുമാർ(കെ.എം.സി.എസ്.യു.),ജിനീഷ് (കെ.എസ്.ഇ.എ) ഹരിലാൽ(സി.യു.ഇ.ഒ),ഉഷാദേവി(കെ.ജി.എൻ.എ), ഗോഡ്ഫ്രേ(കെ.എൽ.എസ്.എസ്.എ),എം.ശ്രീകുമാർ എന്നിവർ പ്രസംഗിച്ചു.

**AKPCTA**
**58 –ാം സംസ്ഥാന സമ്മേളനം**
**പ്രിയദർശിനി ഹാൾ ആലുവ**
**മാർച്ച് 11, 12, 13**

# ഉമ്മൻചാണ്ടി സർക്കാർ കേരളത്തിന്റെ സ്വത്തും ഭൂമിയും വിൽപ്പനയ്ക്കു വെച്ചിരിക്കുന്നു: പി.രാജീവ്




ഉമ്മൻചാണ്ടി സർക്കാർ കേരളത്തിന്റെ സ്വത്തും ഭൂമിയും വിൽപ്പനയ്ക്കു വെച്ചിരിക്കുകയാണെന്ന സി.പി.ഐ.എം. ജില്ലാസെക്രട്ടറി പി.രാജീവ് പറഞ്ഞു.എ.കെ.പി.സി.ടി.എ. സംസ്ഥാനസമ്മേളനത്തോടനുബന്ധിച്ചു നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ദേശീയതലത്തിൽ കോൺഗ്രസ് ഫാസിസത്തിനെതിരെ മൃദുസമീപനം സ്വീകരിക്കുകയാണ്. ഇന്ത്യൻ മതേതരത്വത്തിന് തീരാക്കളങ്കമായ ബാബറിമസ്ജിദ് സംഭവം അങ്ങനെയാണുണ്ടായത്. ഭക്ഷണശീലങ്ങളിൽ പോലും ഹൈന്ദവ ഫാസിസ്റ്റ് ഇടപെടലുണ്ട്.വാസ്തവത്തിൽ സർക്കാർ ശ്രദ്ധിക്കേണ്ടത് ആളുകൾ എന്തെങ്കിലും കഴിക്കുന്നുണ്ടോ എന്നാണ്. ഇന്ത്യയിൽ അപ്രഖ്യാപിത അടിയന്തരാവസ്ഥയാണ് നിലനിൽക്കുന്നത്. ജെ.എൻ.യു. വിദ്യാർത്ഥിയായ കനയ്യകുമാർ കോടതി മുറിയിൽ ആക്രമിക്കപ്പെട്ടത് ഇതിനുദാഹരണമാണ്. വരുന്ന നിയമസഭാതെരഞ്ഞെടുപ്പിൽ നവലിബറൽ ഫാസിസ്റ്റ് ശക്തികൾക്കെതിരെ വിവേകത്തോടെ വിനിയോഗിക്കുവാനുള്ള അവസരമാണ് ജനങ്ങൾക്കു കൈവന്നതെന്ന് അദ്ദേഹം പറഞ്ഞു. എൻ.സി.പി. സംസ്ഥാനപ്രസിഡന്റ് ഉഴവൂർ വിജയൻ, എ.കെ.പി.സി.ടി.എ. സംസ്ഥാന പ്രസിഡന്റ് പ്രൊഫ.എ.ജി.ഒലീന, ജനറൽ സെക്രട്ടറി ഡോ. കെ.എൽ.വിവേകാനന്ദൻ, സംസ്ഥാനസെക്രട്ടറി എ. നിശാന്ത് എന്നിവർ പ്രസംഗിച്ചു.





**എ.ജി. ഒലീന**
പ്രസിഡന്റ്



**കെ.എൽ. വിവേകാനന്ദൻ**
ജനറൽ സെക്രട്ടറി



**ടോമിച്ചൻ ജോസഫ്**
ട്രഷറർ

# ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫാസിസ്റ്റ് താണ്ഡവം അവസാനിപ്പിക്കുക

ധൈഷണിക വിപ്ലവങ്ങളുടെ പ്രഭവകേന്ദ്രങ്ങളായി നിൽക്കേണ്ട ഇന്ത്യയിലെ മുൻനിര സർവകലാശാലകളിൽ ജനാധിപത്യവിരുദ്ധമായി നുഴഞ്ഞുകയറി ഭീകരാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ഫാസിസ്റ്റ് താണ്ഡവം അവസാനിപ്പിക്കണമെന്ന് എ.കെ.പി.സി.ടി.എ 58-ാം സംസ്ഥാനസമ്മേളനം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. ഉന്നതവിദ്യാഭ്യാസമേഖലയിൽ വർഗ്ഗീയവൽക്കരണത്തിനു കാരണമാകുന്ന സി.ബി.സി.എസ്. സമ്പ്രദായം പിൻവലിക്കാൻ യു.ജി.സി. തയാറാവണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. കേരളത്തിൽ പുതിയതായി സ്വയംഭരണ കോളേജുകൾ അനുവദിക്കരുതെന്നും നിലവിലുള്ളവയെ അഫിലിയേറ്റിങ് സമ്പ്രദായത്തിലേക്ക് തിരിച്ചുകൊണ്ടുവരണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

ഭാരവാഹികളായി പ്രസിഡന്റ്-പ്രൊഫ. എ.ജി.ഒലീന(എം.ജി.കോളേജ്, തിരുവനന്തപുരം) വൈസ് പ്രസിഡന്റുമാർ-ഡോ.ഡി.കെ.ബാബു(ഗുരുവായൂരപ്പൻ കോളേജ് കോഴിക്കോട്), ഡോ.പി.കെ.കുശലകുമാരി(എസ്.എൻ.കോളേജ്, നാട്ടിക), ജനറൽ സെക്രട്ടറി-ഡോ.കെ.എൽ.വിവേകാനന്ദൻ(എസ്.എൻ.കോളേജ്, ചെമ്പഴന്തി), ട്രഷറർ-ടോമിച്ചൻ ജോസഫ്(കെ.ഇ.കോളേജ്, മാന്നാനം), സംസ്ഥാന സെക്രട്ടറിമാർ-എം.ശ്രീകുമാർ(എം.എം.എൻ.എസ്.എസ്.കോളേജ് കൊട്ടിയം),ഡോ.കെ.കൃഷ്ണദാസ് (ശ്രീശങ്കരാ കോളേജ് കാലടി), ഡോ.സി.അബ്ദുൾ മജീദ്(യൂനിറ്റി വിമെൻസ് കോളേജ് മഞ്ചേരി), എ.നിശാന്ത്(പയ്യന്നൂർ കോളേജ് പയ്യന്നൂർ) എന്നിവരെയും 17 അംഗ സംസ്ഥാന കമ്മിറ്റിയെയും തിരഞ്ഞെടുത്തു. സംസ്ഥാന സർവീസ് സെൽ കൺവീനർ ഡോ.കെ.പി.വിനോദ്കുമാർ പ്രമേയാവതരണം നടത്തി. തിരഞ്ഞെടുപ്പു കാര്യങ്ങൾ റിട്ടേണിങ് ഓഫീസർ കെ.വാസുദേവൻപിള്ള നിയന്ത്രിച്ചു. ജില്ലാസെക്രട്ടറി ഡോ.സി.എം.ശ്രീജിത്ത് നന്ദി പറഞ്ഞു.




എ.കെ.പി.സി.ടി.എ. സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി കാലടിയിൽ സംഘടിപ്പിച്ച ജനാധിപത്യവും മതേതരത്വവും ശക്തിപ്പെടുത്തുക എന്ന സെമിനാർ ഡോ. ധർമ്മരാജ് അടാട്ട് ഉദ്ഘാടനം ചെയ്യുന്നു.

## സംസ്ഥാന ഭാരവാഹികൾ



എ.ജി. ഒലീന
(പ്രസിഡന്റ്)



ഡോ. കെ.എൽ. വിവേകാ
നന്ദൻ (ജന. സെക്രട്ടറി)



പ്രൊഫ. ടോമിച്ചൻ
ജോസഫ് (ട്രഷറർ)

## സംസ്ഥാന സെക്രട്ടറിമാർ



പ്രൊഫ. എ. നിശാന്ത്
(കണ്ണൂർ സർവ്വകലാശാല)



പ്രൊഫ. എം. ശ്രീകുമാർ
(കേരള സർവ്വകലാശാല)



ഡോ. കെ. കൃഷ്ണദാസ്
(എം.ജി. സർവ്വകലാശാല)



ഡോ. സി. അബ്ദുൾ മജീദ്
(കോഴിക്കോട് സർവ്വകലാശാല)

# വർക്കിങ്ങ് കമ്മിറ്റി നോമിനേഷൻസ്



പ്രൊഫ. സി. പത്മനാഭൻ
അക്കാദമിക് കമ്മിറ്റി കൺവീനർ
പി.ആർ.എൻ.എസ്.എസ്. കോളേജ്, മട്ടന്നൂർ



പ്രൊഫ. പ്രമോദ് വെള്ളച്ചാൽ
ജേണൽ ചീഫ് എഡിറ്റർ
എം.ജി. കോളേജ്, ഇരിട്ടി



ഡോ. കെ.പി. വിനോദ്
സർവ്വീസ് സെൽ കൺവീനർ
എം.ഇ.എസ്. കോളേജ്, മമ്പാട്



ഡോ. ബീന എസ്.
വനിതാ കമ്മിറ്റി കൺവീനർ
ദേവസ്വം ബോർഡ് കോളേജ്, തലയോലപ്പറമ്പ്



ഡോ. ആർ. മോഹനകൃഷ്ണൻ
എം.ജി. കോളേജ് & കേരള യൂണിവേഴ്സി
റ്റി സിണ്ടിക്കേറ്റ് മെമ്പർ



ഡോ. കെ. ഷാജി
സെന്റ് ഗ്രിഗോറിയസ് കോളേജ്, കൊട്ടാരക്കര &
സിണ്ടിക്കേറ്റ് മെമ്പർ, കേരള യൂണിവേഴ്സിറ്റി



ഡോ. സി.എൽ. ജോഷി
സെന്റ് തോമസ്
കോളേജ്, തൃശ്ശൂർ



ഡോ. ജോജി അലക്സ്
സെന്റ് തോമസ്
കോളേജ്, പാല



ഡോ. ഹരികൃഷ്ണ പിള്ള
പടിയാർ ഹോമിയോ കോളേജ്

June 2018 | COLLEGE TEACHER



ആർ. ബിന്ദു
ശ്രീകേരളവർമ്മ കോളേജ്

# ലിംഗവിവേചനം ക്യാമ്പസ്സുകളിൽ

സമൂഹത്തെയാകെ മുന്നോട്ടു നയിക്കാൻ കഴിയും വിധത്തിൽ, പുരോഗമന ചിന്തകളുടെയും നൂതനാശയങ്ങളുടേയും പ്രഭവകേന്ദ്രങ്ങളാകേണ്ട കലാലയങ്ങളെ, പിന്തിരിപ്പൻ വിശ്വാസപ്രമാണങ്ങളുടെ ചിതലരിച്ച ഭൂതകാലങ്ങളിലേക്ക് തിരിച്ചു നടത്താനുള്ള ബോധപൂർവ്വമായ പരിശ്രമങ്ങൾ, ഈയടുത്തകാലത്തായി സജീവമായി നടക്കുന്നു എന്നത് ജാഗ്രതാപൂർവ്വം കാണേണ്ടതുണ്ട്. സമത്വവാദപരമായ ചിന്തകൾക്കും സമീപനങ്ങൾക്കും വളക്കൂറുള്ള മണ്ണാണ് എക്കാലത്തും കേരളത്തിലെ ക്യാമ്പസ്സുകളിലുണ്ടായിരുന്നത്. ഫ്യൂഡൽ മൂല്യബോധത്തേയും മത-ജാതി വിവേചനങ്ങളേയും ലിംഗപരമായ പക്ഷപാതിത്വങ്ങളേയുമെല്ലാം പ്രതിരോധിക്കാൻ കഴിയുന്ന വിധത്തിൽ ഉല്പതിഷ്ണുത്വത്തിന്റെയും മാനവികതയുടെയും സമത്വാഭിലാഷങ്ങളുടേയും സ്വാതന്ത്ര്യബോധത്തിന്റെയുമൊക്കെ ജ്വലിക്കുന്ന പന്തങ്ങൾ ഉയർത്തിപിടിച്ചിരുന്ന കേരളീയ കലാലയങ്ങളിലാണ്, പ്രതിലോമതയുടെ ഈറൻ കാറ്റുകൾ ഇപ്പോൾ വീശിയടിക്കുന്നത് എന്ന യാഥാർത്ഥ്യം ഭീതിജനകമാണ്. ആൺകുട്ടികളും പെൺകുട്ടികളും ഇടകലർന്നിരിക്കുന്നതിനെതിരെ ഫാറൂഖ് കോളേജിൽ ഫത്വാ ഇറങ്ങിയതും കേരളവർമ്മ കോളേജിൽ ബീഫ് ഫെസ്റ്റിനെ തുടർന്നുണ്ടായ വിവാദങ്ങളുമെല്ലാം നടന്നുകയറിയ വഴികളിൽ നിന്നുള്ള പിൻനടത്തങ്ങളുടെ സൂചനകളാണ്. മതപരവും ജാതീയവും ലിംഗപരവുമായ വേലിക്കെട്ടുകൾക്കപ്പുറത്തുള്ള മാനവികബോധം ഉയർത്തിപ്പിടിക്കാൻ പ്രതിജ്ഞാബദ്ധമായ ക്യാമ്പസ്സുകളിൽ ഉയർന്നുവന്നുകൊണ്ടിരിക്കുന്ന പുനരുത്ഥാനവാദപരമായ ചിന്താഗതികൾക്കെതിരെ പ്രതിരോധത്തിന്റെ പരി

ചകൾ ഉയർത്തേണ്ടത് അനിവാര്യമാണ്.

ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചിരിക്കുന്നത് സദാചാരസംഹിതകൾക്ക് വിരുദ്ധമാണ് എന്ന രൂപത്തിലുള്ള പ്രാകൃത നിലപാടുകൾ ഒരു ആധുനികസമൂഹത്തിനും ചേർന്നതല്ല. ലിംഗപരമായ വിവേചനങ്ങളും വിഭാഗീതയകളും മാനവികമായ നീതിയുടെ നിഷേധങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന കാര്യമാണ്. അത് മാത്രമല്ല, അറിവിന്റെ വിശാലചക്രവാളങ്ങളിലേക്ക്, അനന്തവിഹായസ്സിലേക്ക് പറന്നുയരാൻ കരുത്തുപകരുന്ന സ്വാതന്ത്ര്യവാഞ്ഛയുടെ ചിറകുകൾ അരിഞ്ഞുകളയുന്ന കാട്ടാളത്തമാണത്. ആൺകുട്ടികളും പെൺകുട്ടികളും ക്ലാസ്സ് മുറിക്കുള്ളിൽ അദ്ധ്യാപകരുടെ സാന്നിദ്ധ്യത്തിൽ പോലും ഒന്നിച്ചിരിക്കാൻ പാടില്ല എന്ന നിലപാടാണ് ഫാറൂഖ് കോളേജിൽ അധികാരികൾ സ്വീകരിച്ചത്. ഇടകലർന്നിരിക്കുന്നത് ആഭാസത്തരമാണെന്ന വ്യാഖ്യാനമാണ് ഇതിന് അടിസ്ഥാനമായി പറയുന്നത്. ഇസ്ലാമിക ആചാരപ്രകാരം മറയ്ക്കപ്പുറത്തും ഇപ്പുറത്തുമായി സ്ത്രീകളേയും പുരുഷന്മാരേയും വേറിട്ടിരുത്തിയാണല്ലോ വിവാഹങ്ങൾ പോലും ആഘോഷിക്കുന്നത്. മലപ്പുറം ജില്ലയിലെ ഒരു അൺ-എയ്ഡഡ് കോളേജിൽ ഇത്തരം മറ കെട്ടിത്തിരിച്ച് ആൺകുട്ടികളേയും പെൺകുട്ടികളേയും വേറെ വേറെയിരുത്തിയാണ് പഠിപ്പിക്കുന്നത് എന്നറിയുന്നു. ഫാറൂഖ് കോളേജ് വിഷയത്തിൽ ഫേസ് ബുക്ക് കമന്റിട്ട അദ്ധ്യാപകനെ പുറത്താക്കാൻ തയ്യാറായ സുല്ലമുസല്ലം കോളേജിലാകട്ടെ, കാന്റീനിൽ മറ കെട്ടി തിരിച്ചാണ് പെൺകുട്ടികളേയും ആൺകുട്ടികളേയും ഇരുത്തുന്നത്. വരാന്തയിൽ പോലും അവർ തമ്മിൽ സംസാരിച്ചു കൂടാ. ഇന്ത്യൻ ഭരണഘടനക്കു വിരുദ്ധമായ രീതിയിലുള്ള ഇത്തരം വിവേചനങ്ങൾ. പക്ഷേ, സർക്കാർ എയ്ഡ് വാങ്ങി, അതിന്മേൽ നടന്നുവരുന്ന കലാലയങ്ങളിൽ അനുവദിക്കാൻ പാടില്ല. ലിംഗസമത്വത്തെ നിഷേധിക്കുന്ന അന്ധവിശ്വാസജഡിലവും ഇടുങ്ങിയതുമായ മതമൗലികതയുടെ പിന്തിരിപ്പൻ വീചികൾ തടഞ്ഞു നിർത്തപ്പെടേണ്ടവയാണ്. ഈ പ്രവണത മറ്റു കലാലയങ്ങളിലേക്ക് പടരാനിടയായാൽ ഭീതിദമായ സാഹചര്യമാണ് സൃഷ്ടിക്കപ്പെടുക. ലൈബ്രറികളിലും കളിയിടങ്ങളിലും കലാവേദികളിലും ഒക്കെ ഇന്ന് സജീവസാന്നിദ്ധ്യമായി നിൽക്കുന്ന പെൺകുട്ടികൾ ആ ഇടങ്ങളിൽ നിന്നെല്ലാം ആട്ടിയോടിക്കപ്പെടുന്ന സ്ഥിതിയായിരിക്കും ഇത്തരം വിവേചനപരമായ നിലപാടുകളുടെ സ്വാഭാവിക പരിണതി.

ആരോഗ്യകരമായ ആൺ-പെൺ സൗഹൃദങ്ങളുടെ ഉത്തമമാതൃകകളിലേക്കുള്ള പ്രയാണമാണ് ഇരുപതാം നൂറ്റാണ്ടിൽ നിന്ന് ഇരുപത്തൊന്നാം നൂറ്റാണ്ടിലേക്കുള്ള സംക്രമണഘട്ടത്തിൽ കേരളത്തിന്റെ ക്യാമ്പസ്സുകളിൽ ദൃശ്യമായി വന്നിരുന്നത്. പെൺകുട്ടികളുടെ അനുഭവലോകങ്ങൾ ഇതിന്റെ ഭാഗമായി വിസ്തൃതമാകുന്നതും ആൺകുട്ടികളുടെ സഹജാവബോധവും സംവേദനക്ഷമതയും വർദ്ധിക്കുന്നതുമൊക്കെ ഇതിന്റെ ഭാഗമായി പ്രകടമായിരുന്നു. അത്തരമൊരു ഗുണാത്മകമായ പരിവർത്തനത്തിന്റെ സാധ്യതകൾക്കുമുകളിൽ കരിനിഴൽ വീഴ്ത്തികൊണ്ടാണ് ലിംഗപരമായ വിഭജനത്തിന്റെയും വിവേചനത്തിന്റെയും തലങ്ങൾ കൂടുതൽ നിശിതമാക്കുന്ന തരത്തിലുള്ള തീട്ടൂരങ്ങൾ ഫാറൂഖ് കോളേജ് മാനേജ്മെന്റ് പോലുള്ള കേന്ദ്രങ്ങളിൽ നിന്നുണ്ടാകുന്നത്. ആൺ/പെൺ വേർത്തിരുവുകളെ കുറിച്ചും ലൈംഗികതയെക്കുറിച്ചുമുള്ള നിരന്തരമായ ഓർമ്മപ്പെടുത്തലുകളാണ് ഇത്തരം വിവേചനങ്ങൾ ഇളം മനസ്സുകളിലുണ്ടാക്കുന്നത് സ്വതന്ത്രവ്യക്തികളെന്ന നിലയിലുള്ള അവരുടെ സ്വച്ഛന്ദമായ സാമൂഹ്യ ഇടപെടലുകൾക്ക് തടസ്സമുണ്ടാക്കുകയാണ് അത് ചെയ്യുക. ധിഷണാപരമായ സാധ്യതകളും സാമൂഹ്യവീക്ഷണത്തിന്റെ വൈപുല്യവും വികസിക്കാനുതകുന്ന വിധത്തിലുള്ള കൂടിച്ചേരലുകൾക്ക് മൂക്കുകയറിടുന്നവിധത്തിൽ ശരീരകേന്ദ്രിതമായ ഒരു സങ്കുചിത ബോധവും ഇത്തരം കല്പനകളുടെ ഭാഗമായി യുവജനങ്ങളിൽ വേരൂന്നുന്നു. പെൺകുട്ടികളിൽ അധമബോധമായും ആൺകുട്ടികളിൽ മേധാവിത്വ മനോഭാവമായും ആണ് ഈ സങ്കുചിത മാനസികാവസ്ഥ രൂപമെടുക്കുന്നത്. ഏകമുഖ



June 2016 | KERALA PRIVATE COLLEGE TEACHER



വും കേന്ദ്രീകൃതവും സ്ത്രീകളെ സംബന്ധിച്ചിടത്തോളം പീഢനാത്മകവുമായ പുരുഷമേധാവിത്വത്തിന്റെ അധികാരരൂപങ്ങളെയാണ് ഇത്തരം വേർതിരിച്ചിരുത്തലുകൾ പുനരുല്പാദിക്കുന്നത്. സ്ത്രീശരീരത്തെ ഒരേ സമയം വസ്തുവല്ക്കരിക്കുകയും വിഗ്രഹവൽക്കരിക്കുകയും ചരക്കുവൽക്കരിക്കുകയും ചെയ്യുന്ന ഫ്യൂഡൽ/മുതലാളിത്ത കാഴ്ചപ്പാടുകളുടെ സംയോഗമാണ് ആവർത്തിച്ചുറപ്പിക്കപ്പെടുന്നത്. പെൺകുട്ടിയുടെ വ്യക്തിത്വവികസന സാധ്യതകൾക്കു മേൽ കൂച്ചുവവിലങ്ങിട്ടുകൊണ്ട് സക്രിയമായ കർതൃത്വത്തിന്റെ പൊതുഇടങ്ങളിൽ നിന്നെല്ലാം അവളെ നിഷ്കാസിതയാക്കി, രണ്ടാംകിടമനോഭാവത്തിന്റെ ആജീവനാന്ത തടവുകാരിയാക്കി അവളെ മാറ്റുന്നതിനു വേണ്ടിയാണ് ഇത്തരം സമീപനങ്ങൾ സഹായിക്കുന്നത്. പർദ്ദ ധരിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിനു വേണ്ടി പ്രോവിഡൻസ് കോളേജിൽ അവകാശമുദ്രാവാക്യമുയരുന്നതും ഒരു കേവല യാദൃശ്ചികതയല്ല. മതപരതയുടെ അടയാളവാക്യം പോലെ ശരീരം പൊതിഞ്ഞു സൂക്ഷിക്കേണ്ട ഒന്നാണെന്ന ഭീതിപൂർണ്ണമായ പാപബോധത്തിന്റെ പ്രഖ്യാപനമെന്നോണം മലബാർ മേഖലയിൽ പർദ്ദ മുസ്ലീം സ്ത്രീകളുടെ സാർവ്വത്രികവസ്ത്രധാരണരീതിയാവുകയാണ്. അറബി നാടുകളിൽ പോലുമില്ലാത്ത വിധത്തിൽ നന്നേ ചെറിയ പെൺകുട്ടികൾ പോലും പർദ്ദയണിയുന്നു. അതിൽ നിർബന്ധബുദ്ധി പുലർത്തുന്നത് മതസ്വാതന്ത്ര്യത്തിന്റെയും മതേതര ബോധത്തിന്റെയും ഭാഷ്യങ്ങളിലൂടെയാണോ ലിംഗവിവേചനത്തിന്റെ പാരായണ രീതികളിലൂടെയാണോ കാണേണ്ടത് എന്നത് ചിന്തനീയമാണ്.

കേരളവർമ്മ കേളേജിൽ ഉത്തർപ്രദേശിലെ ബീഫുമായി ബന്ധപ്പെട്ടു നടന്ന കൊലപാതകത്തിൽ പ്രതിഷേധിച്ചു കൊണ്ട് കുട്ടികൾ നടത്തിയ ബീഫ് ഫെസ്റ്റ് ''കലാലയ ഭൂമി ക്ഷേത്രഭൂമിയാണോ'' എന്ന തർക്കത്തിലെത്തുന്ന വിധത്തിൽ വക്രീകരിക്കപ്പെട്ടപ്പോഴും, വർഗ്ഗീയവാദികളുടെ ഭീഷണിക്കിരയായത് ഒരു അദ്ധ്യാപികയായിരുന്നു എന്നത് ഈ സന്ദർഭത്തിൽ ശ്രദ്ധേയമാണ്. ഹൈന്ദവ പുനരുത്ഥാനമായാലും ഇസ്ലാമിക മൗലികവാദമായാലും മാമൂലുകളുടെ മറവിൽ അധികാരത്തിന്റെ പ്രാഗ് രൂപങ്ങളെ പുനഃപ്രതിഷ്ഠിക്കാൻ വ്യഗ്രതപ്പെടുമ്പോൾ പ്രയാസങ്ങളും പരിമിതികളും നേരിടേണ്ടി വരുന്നത് സ്ത്രീകൾക്കാണ്. കമ്പോളകേന്ദ്രിതമായ നവമുതലാളിത്ത താല്പര്യങ്ങളെ സഹായിക്കുന്ന വിധത്തിൽ, സമൂഹത്തിൽ ശിഥിലീകരണ പ്രവണതകൾ ശക്തിപ്പെടുത്തിക്കൊണ്ട് പ്രവർത്തിച്ചു വരുന്ന മതമൗലികചിന്താഗതികൾ പൗരാവകാശങ്ങളുടെയും മാനവിക നീതിയുടെയും ധ്വംസനങ്ങളിലേക്ക് നീങ്ങുമ്പോൾ സ്ത്രീസ്വാതന്ത്ര്യത്തിന്റെ സാദ്ധ്യതകൾക്കു മുകളിലും അപകടമണികൾ അത്യുച്ചത്തിൽ മുഴങ്ങുന്നുണ്ട് എന്ന നിരന്തരമായ ഓർമ്മപ്പെടുത്തലുകൾ ഈ കാലഘട്ടത്തിലെ പ്രധാനമായ രാഷ്ട്രീയ അനിവാര്യതയാവുന്നു. ■

ഡോ.എം.എസ്. വസന്തകുമാർ

# അല്പം സ്വകാര്യത്തോടെ 'വാർത്താമദ്ധ്യ'ത്തിന് തിരശീല



കോളേജ് അദ്ധ്യാപകനായി പതിമൂന്ന് വർഷം തികയുന്ന കാലഘട്ടത്തിലായിരുന്നു ഞാൻ കഥാപ്രസംഗകനായി അരങ്ങേറിയത്. കലാവേദിയിലെ സർവ്വകാലസാർവ്വഭൗമനായ എന്റെ പിതാവ് വി.സാംബശിവന്റെ ആഗ്രഹ പ്രകാരമാണ് ഞാൻ കഥാപ്രസംഗകനായത്. 1996 ജനുവരി 13നായിരുന്നു എന്റെ അരങ്ങേറ്റം. കൊല്ലം എൻ.ജി.ഒ.യൂണിയൻ ഹാളിൽ ക്ഷണിക്കപ്പെട്ട സദസ്സിന് മുന്നിൽ വില്യം ഷേക്സ്പിയറുടെ 'ഒഥല്ലോ'ആയിരുന്നു ഞാൻ അവതരിപ്പിച്ചത്.

ഇപ്പോൾ ഇരുപത് വർഷത്തെ നിരന്തര കഥാപ്രസംഗാവതരണത്തിൽ, 4000 വേദികളിൽ 28 വ്യത്യസ്ഥ കഥാപ്രസംഗ ശില്പങ്ങൾ അവതരിപ്പിച്ച ചെറുനേട്ടം എനിക്ക് സ്വന്തമായി. ബോധനത്തിന്റെ മുഴക്കവും കലയുടെ കനകച്ചിലങ്കയും സ്വനശ്രീലമാക്കുന്ന എന്റെ പ്രിയകലയുടെ ശ്രദ്ധേയനായ ഉപാസകനായി തുടരുമ്പോൾ, എന്റെ എല്ലാമെല്ലാമായ അദ്ധ്യാപകവൃത്തിയിൽ നിന്ന് ഒദ്യോഗികമായി ഞാൻ വിടചൊല്ലുകയാണ്.





എകെപിസിറ്റിഎയുടെ പ്രവർത്തനത്തിൽ ഇഴുകിച്ചേർന്ന് സമാർജ്ജിച്ച ഇഴപിരിക്കാനാവാത്ത ഹൃദയബന്ധം എന്റെ പ്രവർത്തനപന്ഥാവിൽ എന്നെ ആത്മവിശ്വാസമുള്ളവനാക്കിതീർത്തു.

പന്ത്രണ്ടു വർഷം മുടങ്ങാതെ ഞാൻ എഴുതിപ്പോന്ന 'വാർത്താമദ്ധ്യം'എന്ന ഈ പംക്തിക്കും വിരാമമാവുകയാണ്. 28 വർഷം എ.കെ.പിസിറ്റിഎ ജേണലിന്റെ പത്രാധിപ സമിതിയിൽ സജീവമായി പ്രവർത്തിച്ചു. ഏറ്റവുമൊടുവിൽ എട്ടു വർഷത്തോളം കാലം ജേണൽ അസിസ്റ്റന്റ് എഡിറ്ററായും പ്രവർത്തിച്ചു. 'വാർത്താമദ്ധ്യത്തിൽ'അറുപതോളം ലേഖനങ്ങൾ എഴുതി. മൂന്ന് പുസ്തകങ്ങളായി അവ പ്രസിദ്ധീകരിച്ചു. ജേണലിൽ ആദ്യമായി കവിത എഴുതി പ്രസിദ്ധീകരിച്ചത് ഞാനാണ്. തുടർന്ന് മലയാളത്തിലും ഇംഗ്ലീഷിലും ജേണലിൽ കവിത എഴുതിയത് പുസ്തകങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സംഘടനയുടെ കൊല്ലം ജില്ലാ ട്രഷററായും സംഘടനയെ പ്രതിനിധീകരിച്ച് ഒരു ടേം കേരള യൂണിവേഴ്സിറ്റി സെനറ്റിൽ അംഗമായും പ്രവർത്തിക്കാൻ അവസരമുണ്ടായി.

അദ്ധ്യാപനത്തിന്റെയും സംഘടനാസാംസ്കാരിക പ്രവർത്തനത്തിന്റെയും തിരക്കിനിടയിലാണ് കഥാപ്രസംഗ പ്രവർത്തനം നടത്താൻ ഞാൻ സമയം കണ്ടെത്തിയത്.

## കഥാപ്രസംഗ കല

കഥാപ്രസംഗകലയുടെ ഉപജ്ഞാതാവ് സി.എ.സത്യദേവൻ ആണ്. ബഹുഭാഷാ പണ്ഡിതനായിരുന്ന സത്യദേവൻ ശ്രീനാരായണഗുരുവിന്റെ ശിഷ്യനായി ശിവഗിരിയിൽ എത്തിയ കാലത്ത് നെയ്യാറ്റിൻകര കുന്നുംപാറ ക്ഷേത്രത്തിൽ ഒരു ഹരികഥ കാലക്ഷേപം നടത്തി. ആ കലാപരിപാടിക്ക് രംഗസാഹിത്യമെഴുതിയത് കുമാരനാശാനായിരുന്നു. വശ്യവചസ്സായ സത്യദേവൻ പറഞ്ഞും പാടിയും പകർന്നാടിയും 'മാർക്കണ്ഡേയ ചരിതം' എന്ന ഒരു ഹരികഥ അവതരിപ്പിച്ചത് കാണാനിടയായ കുമാരനാശാന്റെ മനസ്സിൽ ഉദിച്ച ആശയമാണ് കഥാപ്രസംഗം എന്ന കല. ആശാന്റെ 'ദുരവസ്ഥ'യും 'ചണ്ഡാലഭിക്ഷുകി'യും ഹരികഥാരൂപത്തിൽ പാടിയും പറഞ്ഞും അവതരിപ്പിക്കുന്ന ഒരു പുതിയ കലയ്ക്ക് രൂപം നൽകണം എന്ന് ആശാൻ സത്യദേവനോട് പറഞ്ഞു. ഹരികഥയിൽ വിഷയം, ഭക്തിയും ശാസ്ത്രീയസംഗീതശീലിൽ ഉള്ള ഗാനങ്ങളുമാണ്. അത് മാറി സാമൂഹ്യപ്രസക്തിയുള്ള സമസ്യയും ജനകീയ ശീലിലുള്ള ഗാനങ്ങളും ഉള്ള ഒരു പുതിയ ജനകീയ കലയ്ക്ക് ജന്മം നൽകുവാൻ ആശാൻ പറഞ്ഞു. തന്റെ കൃതികളുടെ കയ്യെഴുത്ത് പ്രതിയും അദ്ദേഹം സത്യദേവന് നൽകി. അതിൽ 'ചണ്ഡാലഭിക്ഷുകി' പുതിയ കലയുടെ രൂപത്തിലാക്കിയ സത്യദേവനെ ഞെട്ടിച്ച ഒരു സംഭവമുണ്ടായി, കുമാരനാശാൻ പല്ലനയിലുണ്ടായ ബോട്ടപകടത്തിൽ മരണമടഞ്ഞു.

ആശാന്റെ സ്വപ്നമായ ആ നവകല സാക്ഷാത്കരിച്ച് കാണുവാൻ ആശാന് ഭാഗ്യമുണ്ടായില്ല. എന്നാൽ ആശാന്റെ മരണമുണ്ടാക്കിയ ശോകത്തെ ആദ്യകഥാപ്രസംഗമാക്കി സത്യദേവൻ മാറ്റി. ചേന്ദമംഗലത്തെ ഒരു സ്കൂളിന്റെ അങ്കണത്തിൽ 'കഥാപ്രസംഗം'എന്ന കല അവതരിപ്പിച്ച് സത്യദേവൻ ചരിത്രം കുറിച്ചു.

'ചണ്ഡാലഭിക്ഷുകി' യിലെ ആനന്ദ-മാതംഗിമാരെ സത്യദേവൻ പകർന്നാടി സ്വരവ്യതിയാനത്തിന്റെ നവസുധയായി സാധുജനങ്ങളടങ്ങിയ സദസ്സിന് നേദിച്ചു. ജനങ്ങളാകട്ടെ അക്ഷരവും അറിവും ആരാധനയും വഴി നടക്കലും കലാനുഭൂതിയും നിഷേധിക്കപ്പെട്ടവർ ആയിരുന്നു. അങ്ങനെ കേരളത്തിലെ സാധുലക്ഷങ്ങൾക്ക് വേണ്ടി പിറന്ന കലയാണ് കഥാപ്രസംഗം.

സത്യദേവനെ തുടർന്ന് വന്നവരാണ് കെ.കെ.വാദ്ധ്യാർ, ജോസഫ് കൈമാപ്പറമ്പൻ, കെ.കെ.തോമസ്, സ്വാമിബ്രഹ്മവ്രവതൻ, സ്വാമി മംഗളാനന്ദൻ, എം.പി. മന്മഥൻ തുടങ്ങിയവർ. പിന്നീട് വന്ന കെടാമംഗലം സദാനന്ദൻ, വി.സാംബശിവൻ എന്നിവർ ആയിരുന്നു ഈ കലയ്ക്ക് ഇന്നുള്ള ഭാവം പകർന്നത്. ആധുനിക കഥാപ്രസംഗത്തിന്റെ രൂപഭദ്രതയുടെ ശില്പി വി.സാംബശിവൻ തന്നെയാണ്.

1963 ൽ വി.സാംബശിവൻ അവതരിപ്പിച്ച 'അനീസ്യ' എന്ന കഥ ഈ കലയുടെ ചരിത്രത്തിൽ ഒരു നാഴികക്കല്ലാണ്. ആദ്യമായി ഒരു ലോകസാഹിത്യകൃതി കഥാപ്രസംഗമായത്. ടോൾസ്റ്റോയിയുടെ 'The Power of Darkne-ss' എന്ന നാടകം 'അനീസ്യ'എന്ന പേരിലാണ്. തുടർന്ന് ഷേക്സ്പിയർ, ഇബ്സൻ, ഷൊലഖൊവ്, ഡോസ്റ്റോയ്വ്സ്കി, പേൾ എസ് ബക് തുടങ്ങിയ സാഹിത്യനായകരുടെ കൃതികൾ കഥാപ്രസംഗമായി ആവിഷ്കരിച്ച് അവതരിപ്പിച്ച് സാധാരണ ജനങ്ങളെ വിശ്വസാഹിത്യവുമായി സാംബശിവൻ പരിചയപ്പെടുത്തി. സുദീർഘമായ 48 വർഷം നിരന്തരം ജനസമക്ഷം 15000 വേദികളിൽ കഥാപ്രസംഗകാലാപ്രകടനം നടത്തിയ സർവ്വകാല റെക്കോർഡ് വി.സാംബശിവന് സ്വന്തമാണ്.

## പിതാവിന്റെ വഴിയേ

എന്റെ പിതാവിന്റെ കാൽപാടുകൾ പിന്തുടർന്ന് വന്ന എനിക്ക് ഇതിനുള്ളിൽ 28 കഥാപ്രസംഗശില്പ



ങ്ങൾ 4000 വേദികളിലായി അവതരിപ്പിക്കുവാൻ കഴിഞ്ഞു. ഞാൻ അരങ്ങേറുമ്പോൾ കമ്പോളശക്തികളുടെ കടന്നുകയറ്റം നമ്മുടെ കലാസാംസ്കാരിക രംഗത്തെ കീഴ്പ്പെടുത്തുന്ന ഘട്ടമെത്തി. നാം നമ്മുടെ രാഷ്ട്രത്തെ 'ജന്മഭൂമി'യെന്നും 'മാതൃഭൂമി'യെന്നും സങ്കല്പനം ചെയ്ത് മഹാത്മജിയുടെ ലളിത ജീവിത പന്ഥാവിലൂടെ സഞ്ചരിക്കുമ്പോൾ, കമ്പോള വ്യവസ്ഥയുടെ പ്രണേതാക്കൾ,രാഷ്ട്രത്തെഉല്പന്നങ്ങൾവിറ്റഴിക്കാനുള്ള ചന്തയാക്കുന്ന ആസുരകാലമെത്തിക്കഴിഞ്ഞു. ഈ ധർമ്മഭ്രംശത്തെ ചോദ്യം ചെയ്യാൻ പ്രാപ്തിയുള്ള പ്രസ്ഥാനങ്ങളെയും ജിഹ്വകളെയും നിശബ്ദമാക്കുന്ന നവപ്രവണതകളുടെ ശബ്ദകോലാഹലം സൃഷ്ടിച്ച് പരാജയപ്പെടുത്തുന്ന അനുഭവ വൈപരീത്യം ജാതമായിക്കഴിഞ്ഞു.

ഈ ഒഴുക്കിനെതിരെ നീന്തിത്തന്നെയാണ് ഈ രണ്ട് ദശാബ്ദക്കാലം ഞാൻ കഥാപ്രസംഗവേദിയിൽ നിലനിന്നത്. ഇബ്സന്റെ 'നോറ'(ഡോൾസ് ഹൗസ്), പുഷ്കിന്റെ 'പ്രഭു'(ദുബ്രോവ്സ്കി) തോമസ് ഹാർഡിയുടെ 'ഫാർ ഫ്രം ദി മാഡിംഗ് ക്രൗഡ്,'എന്നീ ആഖ്യായികകൾ എന്റെ സംവിധാനത്തിൽ, സംഗീത ചിട്ടയിൽ സ്വയം കൃതമായി ഞാൻ അവതരിപ്പിച്ചു. ഇ.എം.എസ്, ഐൻസ്റ്റൈൻ, മേരിക്യൂറി എന്നീ മഹത് വ്യക്തിത്വങ്ങളുടെ ജീവിതവും സംഭാവനകളും ഞാൻ കഥാപ്രസംഗവിഷയമാക്കി. ഐൻസ്റ്റൈൻ, മേരി ക്യൂറി എന്നീ കഥകൾ കേരളത്തിന്റെ ഇരുപതോളം കോളേജുകളിൽ 50,000 - ൽ ഏറെ വിദ്യാർത്ഥികൾക്ക് മുന്നിൽ കഥാപ്രസംഗമാക്കി അവതരിപ്പിച്ചു.

മഹാഭാരതവും രാമായണവും സമ്പൂർണ്ണമായി ഞാൻ കഥാപ്രസംഗമായി അവതരിപ്പിച്ചിട്ടുണ്ട്. കാളിദാസന്റെ 'വിക്രമോർവശീയ'വും ഭാസന്റെ 'സ്വപ്നവാസവദത്ത'വും എന്റെ ആവിഷ്കാരത്തിൽ കഥാപ്രസംഗവെളിച്ചത്തിലെത്തിച്ചു. 'ആയിഷ', 'പുള്ളിമാൻ', 'ദേവലോകം', 'പ്രേമശില്പി', 'വിലയ്ക്കുവാങ്ങാം', 'ഇരുപതാം നൂറ്റാണ്ട്', 'അന്നാക്കരീനിന', 'ഒഥെല്ലോ','അനീസ്യ' തുടങ്ങിയ എന്റെ പിതാവിന്റെ കൃതികൾ ഞാൻ പുനരവതരിപ്പിച്ചു.

## മുന്നോട്ട്

ബോധനത്തിന്റെ കലയായി ചരിത്രനിയോഗം പോലെ ആവിർഭവിച്ച കഥാപ്രസംഗ കലയുടെ ദീപശിഖയുമായി എന്നെക്കൊണ്ട് സാദ്ധ്യമാവും വരെ മുന്നോട്ട് പോകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.
കമ്പോളക്കാളന്മാരുടെ നിഗൂഢ ലക്ഷ്യങ്ങൾ നമ്മുടെ ജീവിത സങ്കല്പങ്ങളെ തിരുത്തുന്നു. സ്വച്ഛവും ശാന്തവുമായ ജീവിതമുഹൂർത്തങ്ങളെ സ്വപ്നം കാണുന്ന മനുഷ്യ സ്വഭാവികതയെ തകർക്കാൻ, അതു വഴി നമ്മെ ചിന്താജാഡ്യത്തിലാഴ്ത്താൻ അവരുടെ പുതിയ വിദ്യകൾ വന്നു കഴിഞ്ഞു. ചെറുപ്പക്കാരെ മദ്യത്തിൽ ആറാടിച്ച് ചെകിട് അടപ്പിക്കുന്ന താളക്രമത്തിലുള്ള 'ബാന്റ്മേളം' കേരളത്തിലെ ഉത്സവകാലത്തെ ക്രമസമാധാനലംഘന ഹേതുവായി മാറുന്നത് ഞാൻ നേരിൽ കാണുന്നുണ്ട്. അത്തരം ബാന്റ് ട്രൂപ്പുകൾക്ക് 'ട്രെയിനിംഗ് സെന്ററുകൾ' ആരംഭിച്ചതായും കേൾക്കുന്നു. ഒരു ഫാസിസ്റ്റ് നാമധേയം ഇത്തരം സംഘങ്ങൾക്കും 'കലാപാടവങ്ങൾ'ക്കും ഓമനപ്പേരായി നൽകിക്കഴിഞ്ഞു. ഇതൊക്കെ ആസൂത്രിതമല്ലാതെ സംഭവിക്കാനിടയില്ല.

നമ്മുടെ യുവാക്കളെ തികഞ്ഞ അരക്ഷിവാസ്ഥയുടെ കടലിലേക്ക് എറിഞ്ഞിട്ട്, ജനാധിപത്യശക്തികൾ സ്വന്തം നിലനില്പിനുള്ള ജല്പനങ്ങളിൽ ഏർപ്പെട്ട് നിൽക്കുന്ന നടുക്കുന്ന കാഴ്ചയാണ് ചുറ്റും. ചുമതലാബോധമോ ധർമ്മാനുകൂലഭാവമോ ഇല്ലാതെ ചുമ്മാ സെൻസേഷനും ഊഴിയം പോക്കുമായിക്കഴിയുന്ന മാദ്ധ്യമ പ്രവർത്തനം കൂടി ആകുമ്പോൾ അധുനാതന ദൂഷിതവലയം പൂർണ്ണമാകും.

ഇതിനെതിരെ ഉണർന്ന് ജാഗരൂകരായി പ്രവർത്തിക്കേണ്ട കാലമാണ് എന്ന് ഓർക്കേണ്ടതുണ്ട്. ■



# 'വറീതാപ്ല!'

**ദീപ നിശാന്ത്**

കേരളവർമ്മകോളേജ്, തൃശ്ശൂർ



ആ പേര് അയാളെ ആദ്യമായി വിളിച്ചത് ആരാണെന്നറിയില്ല. പ്രായഭേദമെന്യേ ആളുകൾ അയാളെ വിളിച്ചിരുന്നത് അങ്ങനെയായിരുന്നു. ഞങ്ങൾ കുട്ടികൾക്കും അയാൾ വറീതാപ്ലയായിരുന്നു.നേരിട്ട് വിളിക്കേണ്ടുന്ന സന്ദർഭങ്ങൾ ഉണ്ടായിട്ടില്ലെങ്കിലും വറീതാപ്ലയെന്ന പേര് ഞങ്ങളുടെ മനസ്സിൽ മുതിർന്നവർ എപ്പോഴൊക്കെയോ അടയാളപ്പെടുത്തിയിരുന്നു.

സ്കൂളിൽ പോകുമ്പോഴാണ് വറീതാപ്ലയെ മിക്കവാറും കണ്ടുമുട്ടിയിരുന്നത്.റോഡരികിൽ കൈക്കോട്ടുമായി നിൽക്കാറുണ്ടായിരുന്ന ആ മനുഷ്യൻ കൂലിപ്പണിയെടുക്കുകയാണെന്നാണ് ആദ്യമൊക്കെ കരുതിയിരുന്നത്. തോർത്തുമുണ്ട് തലയിൽ കെട്ടി മുഷിഞ്ഞ മുണ്ടും ധരിച്ച് കൈയിൽ പണിയായുധവുമായി നിൽക്കുന്ന വറീതാപ്ല മനസ്സിലെ പരമ്പരാഗത കൂലിപ്പണിക്കാരന്റെ ചിത്രത്തെ നൂറു ശതമാനവും സംതൃപ്തിപ്പെടുത്തുന്നതായിരുന്നു. ഞങ്ങൾ കടന്നു പോകുമ്പോൾ കിളയ്ക്കുന്നത് നിർത്തി തലേക്കെട്ടഴിച്ച് മുഖത്തെയും കൈയിലേയും വിയർപ്പു തുടച്ച് മുറുക്കാൻ കറയുള്ള പല്ലുകൾ കാട്ടിച്ചിരിക്കുന്ന വറീതാപ്ലയെ ഞങ്ങൾക്ക് അത്രക്കൊന്നും ഇഷ്ടമല്ലായിരുന്നു.

ഇഷ്ടപ്പെടാതിരിക്കാൻ കാരണമുണ്ട്. ഞങ്ങളുടെ വീടിനു മുമ്പിലൂടെ ഒരു വലിയ ചാലൊഴുകുന്നുണ്ട്. മഴക്കാലത്ത് അമ്പലക്കുളം നിറഞ്ഞ് ആ ചാലിലൂടെ കുത്തിയൊഴുകും. ഞങ്ങൾ കുട്ടികളെ സംബന്ധിച്ചിടത്തോളം അത് ഭാരതപ്പുഴയാണ്. നിറഞ്ഞു കുത്തിയൊഴുകുന്ന ആ ചാലിൽ കാലിട്ടിളക്കിക്കളിക്കുന്നതാണ് മഴക്കാലത്തെ പ്രധാന വിനോദം. സന്ദർഭോചിതമായ പാട്ടുകൾ പാടി അഭിനയിക്കാനും ഞങ്ങൾ മറന്നിരുന്നില്ല. കടലാസുവഞ്ചികളുണ്ടാക്കി ചാലിലൂടെ ഒഴുക്കുന്ന സമയത്ത് അതിഭീകരമാം വിധം 'തങ്കത്തോണി തെന്മലയോരം കണ്ടേ ' എന്ന പാട്ട് പാടി മഴവിൽക്കാവടിയിലെ ഉർവ്വശിയെപ്പോലെ ഞാനും സോജയും തല അങ്ങോട്ടുമിങ്ങോട്ടും ആട്ടിയിരുന്നു. 'പുഴയോരത്ത് പൂന്തോണിയെത്തീലാ... ' എന്ന പാട്ടും ഇത്തരം സന്ദർഭങ്ങളിൽ ഉപയോഗിച്ചിരുന്നു. ഈ ക്രൂരകൃത്യം നാഷണൽ ഹൈവേയുടെ അരികിൽ വെച്ചാണ് നടത്തിയിരുന്നതെന്നോർക്കണം. ദൈവം സഹായിച്ച് മാനാഭിമാനങ്ങളെക്കുറിച്ചുള്ള അതിഭീകരസദാചാരചിന്തകളാൽ ഞങ്ങളുടെ ബാല്യം ചുറ്റപ്പെട്ടിരുന്നില്ല. പ്രത്യേകിച്ചും എന്റെ.ആളുകൾ നോക്കുമ്പോഴാണ് എന്നിലെ കലാകാരി സടകുടഞ്ഞെഴുന്നേൽക്കുക.സോജ ചിലപ്പോൾ നിശ്ശബ്ദയാകും. ഞാനവൾക്കും കൂടി വേണ്ടി ഭീകര പ്രകടനം നടത്തും. അച്ഛന്റെ കൂട്ടുകാർ വരുമ്പോൾ കുമ്മിയും നാടൻ പാട്ടും പുറത്തെടു



ത്തിരുന്ന അനുഭവസമ്പത്ത് എന്നിലെ കലാകാരിയുടെ ലജ്ജയെ പാടേ നശിപ്പിച്ചു കളഞ്ഞിരുന്നു. ഒരു പ്രകടനം കഴിഞ്ഞാൽ നിർത്താൻ വേണ്ടിയാണ് ആളുകൾ ആവേശത്തോടെ കയ്യടിച്ചിരുന്നതെന്ന് മനസ്സിലാക്കാനുള്ള അതീന്ദ്രിയ ജ്ഞാനം നമുക്കന്നില്ലായിരുന്നല്ലോ!

പാട്ടും കാലിട്ടിളക്കലും കണ്ട് റോഡിലൂടെ പോകുന്നവർ ചിരിക്കുമായിരുന്നു. ബസ്സിൽ പോകുന്നവർ ഇടയ്ക്ക് കൈയുയർത്തി വീശുമ്പോൾ ഞങ്ങൾ ആവേശത്തിരയിലാഴും. കാലിട്ടിളക്കിക്കളിക്കിടയിൽ നാളികേരവും കുപ്പികളും കാലിൽ വന്ന് തട്ടുമ്പോൾ ഞങ്ങൾ കാലുയർത്തും.ഒഴുകിപ്പോകുന്ന നാളികേരം പിടിക്കാൻ ഈർക്കിലിപ്പുഴയിലേക്ക് എടുത്തു ചാടും. പരാജിതരായി കരക്കു കയറും.

മുട്ടിനു മുകളിലേക്ക് പാവാട തെറുത്തു കേറ്റി വെച്ച് റോഡരികിലിരുന്നു കൊണ്ടുള്ള ഞങ്ങളുടെ ഈ ചലച്ചിത്ര രംഗാവിഷ്ക്കാരങ്ങളൊന്നും പിന്തിരിപ്പൻ ചിന്താഗതിയുള്ള വീട്ടുകാർക്ക് തീരെ പിടിച്ചിരുന്നില്ല.

'നാണോം മാനോം വേണം പെങ്കുട്ട്യോളായാ' എന്ന പരമ്പരാഗതവാചകം ഞങ്ങൾക്കുനേരെ ചൊരിഞ്ഞ് അമ്മ ഞങ്ങളെ അകത്തേക്കോടിക്കും.'ദീപേച്ചി പറഞ്ഞിട്ടാ വല്യമ്മേ.... ' ന്നും പറഞ്ഞ് സോജ പതിവുപോലെ നിഷ്കളങ്കാഭിനയം കാഴ്ചവെക്കുമ്പോൾ മുഴുവൻ ചീത്തേം ഞാൻ കേൾക്കേണ്ടി വരുമായിരുന്നു.

വല്യ നാണക്കാര്! മുട്ടിനു താഴെയുള്ള ഭാഗം കാട്ടീതാ കുഴപ്പം! തികഞ്ഞ സദാചാരവാദിയായ അമ്മ സ്വന്തം വീട്ടിൽ പോയാൽ ചെറിയമ്മമാരുമൊത്ത് കുളത്തിൽ കുളിക്കുമ്പോ ഈ നാണമൊന്നും കാണാറില്ലല്ലോ? പണിക്കരുടെ വീട്ടിലെ കുളത്തിൽ കുളിക്കുമ്പോ മുകളിലേക്കു നോക്കി ആ വീട്ടിലുള്ളവരോട് സകല വീട്ടുവിശേഷോം ഉച്ചത്തിൽ പറയുമ്പോ ഒരു നാണവുമില്ലല്ലോ?അവരൊക്കെ ആങ്ങളമാരെപ്പോലെയാണെന്ന് പറയുന്നോർക്ക് 'എല്ലാ ഭാരതീയരും എന്റെ സഹോദരീ സഹോദരന്മാരാണെ'ന്നങ്ങ് വിശ്വസിച്ചാ എന്താ കുഴപ്പം? നാലാം ക്ലാസ്സിൽ പഠിക്കണ കുട്ടീനെയാ നാണം പഠിപ്പിക്കണേ.അനീതിയോട് പൊറുക്കാനാവാതെ ഞാൻ വീർപ്പുമുട്ടും. മുട്ടലൊന്നും പുറമെ പ്രകടിപ്പിക്കാൻ ധൈര്യമില്ലായിരുന്നു.വിധിയെ പഴിച്ച് ഞാൻ കഴിഞ്ഞിരുന്ന ആ കാലം!

അടക്കമൊതുക്കത്തിന്റെ മൊത്തക്കച്ചോടക്കാരിയായ പ്രീതേച്ചി ഇടക്കിടക്ക് ഗേറ്റിനരികിൽ വന്നുനിന്ന് ഞങ്ങളുടെ കളി വീക്ഷിക്കും. ഒന്നും പറയില്ല. പതുക്കെ അകത്തേക്കു നടക്കും. പിന്നാലെ സദാചാരച്ചൂരലുമായി അമ്മയിറങ്ങും. ആ നടത്തത്തിന്റെ സ്പീഡ് കണ്ടാ ഞാനപകടം മണക്കും. എഴുന്നേറ്റ് അകത്തേക്കു പായും.

പറഞ്ഞു വന്നത് വറീതാപ്ലയോടുള്ള വൈരാഗ്യകാരണമാണല്ലോ. അതിലേക്കു വരാം.

തോണിയുണ്ടാക്കിക്കളിയിൽ മാത്രമല്ല മത്സ്യബന്ധനത്തിലും ഞങ്ങൾക്ക് അതിയായ താത്പര്യമുണ്ടായിരുന്നു. വലയ്ക്കു പകരം വീട്ടിലെ തോർത്തുമുണ്ടാണ് ഉപയോഗിച്ചിരുന്നത്. പാവാടക്കുള്ളിൽ ഒളിപ്പിച്ച് കടത്തിയിരുന്ന തോർത്തുമുണ്ട് ഉപയോഗശേഷം യഥാസ്ഥാനത്ത് കൊണ്ടുവെച്ച് തെളിവുനശിപ്പിക്കാനും ഞങ്ങൾ ദത്ത ശ്രദ്ധരായിരുന്നു. തോർത്തുമുണ്ടിന്റെ ഇരുഭാഗവും പിടിച്ച് വെള്ളത്തിലിറങ്ങി ഞാനും സോജയും നിൽക്കും. ചാലിലൂടെ ഒഴുകി വരുന്ന ആ പുണ്യതീർത്ഥത്തിൽ കുളിക്കുന്ന തോർത്തുമുണ്ട് മുക്കിപ്പിടിച്ച് നിൽക്കും. ഇടക്ക് സിഗ്നൽ കൊടുത്ത് തോർത്ത്മുണ്ട് ഒരുമിച്ചുയർത്തി കൂട്ടിപ്പിടിക്കുമ്പോൾ അതിൽ കുഞ്ഞി മീനുകൾ പിടക്കും. ഞങ്ങളവയെ കരയിലേക്കിടും.പുളച്ചു ചാടി വായുവിലേക്കുയർന്ന് അവ ജീവിതത്തിനു വേണ്ടി പിടയും. ആ പിടച്ചിൽ കാണുമ്പോൾ ദയാരഹിതമായി ചിരിച്ച് ഞങ്ങൾ നോക്കി നിൽക്കും. അത്രയ്ക്കൊക്കെ സഹാനുഭൂതിയേ അന്നുണ്ടായിരുന്നുള്ളൂ. ഞങ്ങളെ സംബന്ധിച്ചിടത്തോളം മീനുകൾ മനുഷ്യനു പിടിക്കാനുള്ളതാണ്. ചത്തുമലച്ച് മീൻകാരൻപ്രാഞ്ചിയേട്ടന്റെ കൊട്ടയിലാണ് മീനുകൾ കിടക്കേണ്ടത്.കൊട്ടയിലെ ഐസിൻ കട്ടകൾക്കിടയിൽ തുറിച്ച മിഴികളോടെ അവ കിടക്കണം.

'മാമാട്ടിക്കുട്ടിക്ക് ഐസ് വേണോ ' ന്ന് ചോദിച്ച് പ്രാഞ്ചിയേട്ടൻ കുട്ടയിൽ നിന്ന് ഐസെടുത്ത് നീട്ടും.ആ ഐസു കട്ടകളോളം രുചി മറ്റൊന്നിനും അന്നില്ലായി

രുന്നു. വായിലിടുന്നത് ആരെയും കാട്ടിയിരുന്നില്ല. കണ്ടാൽ വഴക്കു പറയും. ചിലപ്പോൾ ഐസു കട്ട യെടുത്ത് പുറകിലെ ഉമ്മറത്തിരുന്ന് എന്തെങ്കിലും നുറുക്കുകയോ മറ്റോ ചെയ്യുന്ന അച്ഛമ്മേടെ ബ്ലൗസി നകത്തിടും. അച്ഛമ്മ അപ്രതീക്ഷിത കോരിത്തരി പ്പിൽ ചാടിയെണീക്കും. ഞെളിപിരി കൊള്ളും. അത് കാണാൻ നല്ല രസമാണ്. ചിലപ്പോൾ മൂന്നു വയസ്സു കാരൻ സജുവിന്റെ ട്രൗസറിന്റെ ഉള്ളിലാകും ഐസ് നിക്ഷേപം. ട്രൗസറും കൂട്ടിപ്പിടിച്ച് അങ്ങോട്ടുമിങ്ങോ ട്ടും ചാടുന്ന സജുവിന്റെ തണുപ്പ് മാറ്റാൻ ട്രൗസറ ഴിച്ച് ഉമ്മറത്തെ പൊള്ളുന്ന തിണ്ണയിലിരുത്തി ചികി ത്സിക്കുന്ന മനോഹര വിനോദവും ഓർമ്മയിൽ പച്ച പിടിച്ചു നിൽക്കുന്നു. ഹാ! അതൊക്കെയൊരു കാലം!

വറീതാപ്ലയിലേക്കു വരാം.

അങ്ങനെ ഒരു ദിവസം ഞാനും സോജയും മത്സ്യ ബന്ധനത്തിലേർപ്പെട്ടിരിക്കുന്ന സമയം. തൊട്ടടുത്ത് വറീതാപ്ല പുല്ല് ചെത്തുന്നുണ്ട്. ഞങ്ങളുടെ ആനന്ദാ തിരേകം കണ്ട് വറീതാപ്ല പണി നിർത്തി അടുത്തേക്ക് വന്നു.

'മക്കളെന്താ ചെയ്യണേ?'

ശാന്തനായി വറീതാപ്ല ചോദിച്ചു.

'കളിക്യാ' ഞാൻ പറഞ്ഞു.

'ഇതാണോ കളി?'

ഞങ്ങൾ മീൻപിടുത്തം നിർത്തി തല കുനിച്ചു നി ന്നു. പുറത്ത് പിടിച്ചിട്ട മീനുകളിലൊന്ന് അവസാന മായി ജീവനു വേണ്ടി ഒന്നുയർന്നു ചാടി പതുക്കെ നിശ്ചലമായി.ആ മീനുകളെ നോക്കി ഒട്ടും കുറ്റബോധ മില്ലാതെ ഞങ്ങൾ നിന്നു.

'അവറ്റേം ജീവികളല്ലേ.... അവറ്റേക്കൊന്നിട്ട് ഇമ്മ ക്ക് ഒരുപകാരോല്യാലോ.. തിന്നാനും കൂടി പറ്റില്യ... വെറുതെയെന്തിനാ ശാപം വാങ്ങണേ.'

ശാപം എന്ന വാക്ക് ഞങ്ങളെ അൽപ്പം ഭയപ്പെടു ത്തി. ടി.വി.യിലന്ന് മഹാഭാരതമുണ്ട്. പുരാണത്തിലെ മഹാ ശാപങ്ങളെക്കുറിച്ചെല്ലാം ബാലരമ അമർച്ചിത്രക ഥയിൽ വായിച്ചറിഞ്ഞിട്ടുമുണ്ട്. ഏതു ശാപമാണ് മീ നെ കൊന്നാൽ മനുഷ്യനു കിട്ടുക ?

എന്തായാലും ആ സംഭവത്തോടെ വറീതാപ്ല ഞങ്ങളുടെ ശത്രുവായി. 'പണിയെടുക്കാൻ വരണോർ ക്ക് പണിയെടുത്താപ്പോരേ?' എന്ന അമർഷച്ചോദ്യം ഞങ്ങളുടെ ഉള്ളിൽ തിളച്ചുപൊന്തി.

പിന്നീടൊരിക്കൽ അമ്മയും അച്ഛമ്മയും തമ്മിൽ സംസാരിച്ചിരിക്കുമ്പോഴാണ് ആ മഹാ രഹസ്യത്തി ന്റെ ചുരുളഴിഞ്ഞത്. വറീതാപ്ല ആരുടേയും പണി ക്കാരനായിരുന്നില്ല. 'ആ വറീതാപ്ലക്ക് പ്രാന്തുണ്ടോ?' എന്ന് അയൽവീട്ടിലെ മാധവിയേടത്തി അച്ഛമ്മയോ ട് ചോദിക്കുന്നതു കേട്ടപ്പോൾ ഞാൻ കാര്യമന്വേഷി ച്ചു. വറീതാപ്ല രാവിലെയായാൽ പള്ളിയിൽപ്പോകും. മടങ്ങി വന്നാൽ കൈക്കോട്ടുമായി റോഡിലിറങ്ങും. അരികിലെ പുല്ലൊക്കെ ചെത്തി വൃത്തിയാക്കും. തള രുമ്പോൾ വീട്ടിലേക്കു മടങ്ങും. വീട്ടുകാർ പലതവണ വിലക്കിയിട്ടും വറീതാപ്ല തന്റെ കൂലിയില്ലാവേല തുടർ ന്നു. പിന്നീട് പലരുടേയും സംഭാഷണങ്ങളിൽ 'ഈ വറീതാപ്ലക്ക് പ്രാന്തുണ്ടോ?' എന്ന ചോദ്യം ഇടക്കിടെ ഞാൻ കേട്ടിട്ടുണ്ട്.

വറീതാപ്ല തന്റെ പ്രിയപ്പെട്ട ഭ്രാന്തുമായി ജീവി ച്ചു. തന്റെ ചെറിയ വീടിന്റെ മുക്കും മൂലയും വരെ വൃത്തിയായി സൂക്ഷിച്ചു. വീട് വൃത്തിയാക്കിയതിനു ശേഷം അയാൾ നാടു വൃത്തിയാക്കാനിറങ്ങി.കടുത്ത പരാധീനതകൾക്കിടയിലും ആരോടുമയാൾ പരാതി പറഞ്ഞില്ല.

വറീതാപ്ലയെ ഞാനിഷ്ടപ്പെടാൻ തുടങ്ങിയത് കു റേക്കൂടി കഴിഞ്ഞാണ്. കോളേജിൽ പഠിക്കുന്ന സമയ മാണ്. വെള്ളയിൽ നീലപ്പൂക്കളുള്ള ചുരിദാറിട്ട് ഞാൻ വീട്ടീന്നിറങ്ങുമ്പോൾ വറീതാപ്ല റോഡിന്റെ അപ്പുറത്ത് പുല്ലുചെത്തുന്നുണ്ട്.മഴക്കാലമാണ്. റോഡിൽ അവി ടവിടെയായി കുഴിയുണ്ട്. അവയിൽ നിറയെ വെള്ളം കെട്ടിക്കിടക്കുന്നു. പെട്ടെന്ന് ഒരു കാറ് വന്ന് ഒരു കുഴി യിലെ വെള്ളം മുഴുവൻ എന്റെ നേരെ തെറിപ്പിച്ച് കട ന്നു പോയി. അമർഷമടക്കാനാവാതെ ഞാൻ നിന്നു. ചുരിദാറിലെ നീലപ്പൂക്കൾക്കു മേൽ ഓറഞ്ചുപൂക്കൾ കൂടി വിടർന്നിരിക്കുന്നു. ബാഗും കുടയുമെല്ലാം നന ഞ്ഞ് ഞാൻ നിൽക്കുമ്പോൾ വറീതാപ്ല അപ്പുറത്ത് എന്നെ നോക്കി നിൽപ്പുണ്ടായിരുന്നു. ഞാൻ ഡ്രസ്സ് മാറാനായി വീണ്ടും വീട്ടിലേക്കു കയറി. ഡ്രസ്സ് മാറി യിറങ്ങുമ്പോൾ വറീതാപ്ല ആ കുഴി മണ്ണിട്ട് മൂടുകയാ യിരുന്നു. ഞാനതു നോക്കി അൽപ്പനേരം നിന്നു.

'ഇനി ചെളി തെറിക്കില്ലാട്ടാ.. ധൈര്യായി പൊക്കോ'

ദേഹമാസകലം ചെളിയിൽ മുങ്ങി ആ മനുഷ്യൻ പറഞ്ഞപ്പോൾ അയാൾക്ക് എന്തു ഭംഗിയായിരുന്നു!

'മരമായ മരമെല്ലാം കൊള്ളുന്ന വെയിലാണ് ഈ തണൽ' എന്ന ടിജോ ഇല്ലിക്കലിന്റെ കവിത വായിച്ച പ്പോൾ ഞാനോർത്തത് വറീതാപ്ലയുടെ അന്നത്തെ ആ നിൽപ്പാണ്.

പിന്നീട് പലപ്പോഴും വറീതാപ്ല ഓർമ്മയിൽ നിറ ഞ്ഞു. 'ഫലേച്ഛ കൂടാതെ കർമ്മം ചെയ്യണം' എന്ന ഗീതോപദേശത്തേക്കാളും ആഴത്തിൽ വറീതാപ്ല ആ സത്യം എന്നെ പഠിപ്പിച്ചു.

'കരുണം' എന്ന ജയരാജിന്റെ ചിത്രത്തിലെ വൃ ദ്ധനെ കണ്ടപ്പോൾ എനിക്ക് വറീതാപ്ലയെ ഓർമ്മ വന്നു. പിറ്റേന്നയാൾ വൃദ്ധസദനത്തിലേക്ക് പോകാ നൊരുങ്ങുകയാണ്. പതിവുപോലെ അയാൾ മരം നനക്കുമ്പോൾ വിഷമത്തോടെ ഭാര്യ ചോദിക്കുന്നു. 'നാളെ ഇവിടം വിട്ടു പോകുന്ന നമ്മൾ ഇനിയെന്തിനാ ണ് നനയ്ക്കുന്നത്?'

അയാൾ ശാന്തനായി പറഞ്ഞു:

'മാവ് പൂക്കുന്നതാർക്കുവേണ്ടി? മാവിങ്ങനെ പൂത്തു കൊണ്ടേയിരിക്കും. അതിനു വേണ്ടിയല്ല.ഞാ നുള്ളിടത്തോളം വെള്ളമൊഴിക്കും.അതെന്റെ കടമ !'

പ്രയോജനപരതയിൽ അഭിരമിക്കുന്നവർക്ക് വറീതാപ്ലമാർ വിഡ്ഢികളായിരിക്കും. 'അയാൾക്ക് പ്രാന്താ'ന്ന് പറഞ്ഞ് തങ്ങളുടെ ബൗദ്ധിക ജീവിതം അവരാസ്വദിക്കും. ഓരോ നിമിഷത്തിലും ഓരോന്ന് വാരിപ്പിടിക്കും. ഒടുവിൽ വാരിപ്പിടിച്ചതെല്ലാം ഉപേക്ഷി ച്ച് ഒരാറടി മണ്ണിലൊതുങ്ങും.

നമുക്കൊക്കെ സ്വന്തമായുള്ളത് എന്താണ്? ആറടി മണ്ണോ? ആറു സെന്റോ? അറുപതു സെന്റോ? അതോ അറുപതേക്കറോ? അത്രയല്ലേയുള്ളൂ?

വറീതാപ്ലമാർക്ക് ഈ ഭൂമി മുഴുവൻ സ്വന്തമാണ്. ഉടമസ്ഥാവകാശങ്ങളുടെ അതിർത്തിവേലികൾക്കിടയി ലൊതുങ്ങില്ല അവരുടെ സമ്പത്ത്. നമ്മുടെ കാഴ്ചപ്പാ ടിൽ അവർ ഭ്രാന്തരായിരിക്കും. എന്നാൽ അവരെപ്പോ ലുള്ളവരുടെ ഭ്രാന്താണ് ഈ ലോകം ഇത്രയെങ്കിലും ജീവിത യോഗ്യമാക്കിത്തീർക്കുന്നത്.

അതിനാൽ നാമും ഭ്രാന്തരാവുക!

ഭ്രാന്തരായിക്കൊണ്ടേയിരിക്കുക! ■

# Gender Budgeting- An Economic Initiative for Women Empowerment

DR. KUMAR S P
SN College, Kollam



## Introduction

Gender budget initiatives use gender analysis to evaluate government budget impact on females and males. It pinpoints how budgets are discriminatory in gender and other social dimensions. According to the Report of the Expert Groups constituted to review the classification systemfor government transactions, Ministry of Finance, Government of India(2004) " Gender budgeting refers to presentation of budgetary data in a manner so that the gender sensitivities of the budgetary allocations are clearly high lightened. It envisages higher budgetary allocations not only to women specific programme but also to quantify pro-women allocations in the composite or gender neutral programmes under various departments". The above definition clearly indicates Gender Budget analysis is essential to understand what extend a budget addresses gender and related issues and it is quickly becoming a tool for managing critical governance issues and for assessing the impact of public policies on women. Depending on national/regional/local circumstances, gender budgeting initiatives should take all steps of the budgeting process into account and promote gender budgeting throughout the process, including planning, preparation, implementation, audit and evaluation.

## Tools and Method for gender budgeting

Economists have developed a range of tools and methods for integrating gender into budgets. Following are the major tools of gender budgeting process:

1. Gender based inequality analysis
2. Gender aware policy appraisal
3. Gender disaggregated beneficiary assessment analysis
4. Gender disaggregated public expenditure benefit incidence analysis
5. Gender disaggregated analysis of the impact of budget on time use
6. Gender aware budget statement and
7. Gender – disaggregated tax incidence analysis.



The choice of tools ultimately depends upon the availability of the assets necessary for a gender budget analysis. Methodologies used in the analysis of Gender Budgeting are identified in three categories. They are:

1. Expenditure on Women Specific Scheme (WSS).

2. Pro- Women Allocations ( PWS )

3. Mainstream public expenditure that have a gender- differential impact.

Total women's share is defined as a sum of WSS and PWS for the different needs and is calculated with respect to

a. State budget outlay

b. Total outlay on WSS and PWS of the state and central government for the important needs identified.

c. Total plan and non-plan outlays of the state and central govt. on WSS and PWS for the different needs

d. Total state's outlay on WSS and PWS of the state govt. for the important needs

e. Total of state's plan and non- plan outlay on WSS and PWS.

## Gender Budgeting in Kerala

Gender budget looks at how public expenditure takes into consideration the differential needs of men and women and plan allocations so that these needs are met. To do this, gender disaggregated data and informationis essential. In the absence of such a data, it is difficult to evaluate whether budget allocations are addressing needs. As far as our knowledge goes, there is no such comprehensive data collection exercise at the state level to understand the status of women in Kerala, their position in the social, economic, political and cultural life of the state. Some studies were undertaken only at the micro level (Panchayats) and these were done to assist local planning. Compiling such information itself will give trends regarding women's status and position.

State government has taken certain initiatives in terms of women targeted schemes (gender responsive) through Flagship programmes in the 11th plan. These are the 1) gender awareness programmes including the implementation of the protection of women from domestic violence act 2)and the flagship programme on finishing schools for women (to enhance employability of women through skill training.

In the budget of 2010-11, gender audit of only the

above two programmes were made, and thereby more funds were allocated. The total outlay earmarked for women accounted for only 5.5 % of the total State budget outlay in 2008-09, which increased to 8.5 % in 2010-11.

**Table: 1State budget allocation for Schemes solely for the benefit of women (100%)**

| Year | Budget allocation (Rs. In crores) | % to total allocation |
|---|---|---|
| 2008-2009 | 318.69 | 5.5 |
| 2009-2010 | 367.69 | 5.6 |
| 2010-2011 | 620.97 | 8.5 |
| 2011-2012 | 875.36 | 9.2 |
| 2012-2013 | 1006.21 | 10.0 |

Source: Budge Document 2013

Table 1 shows an increasing trend of budget allocation to WSS. Percentage rate of growth of budget allocation also showing increased trend but it is still around ten percentages. It indicates with a population percentage of more than fifty gets lower budget allocation. The following table shows the allocations solely for women:

**Table: 2 Allocations in the budget of 2012-2013**

(Rs.in crore)

| Classifications | Amount |
|---|---|
| Target Schemes for Women (100% allocation) | 1006.21 |
| Pro women schemes (50-99 %) | 248.57 |
| Pro-women schemes ( 30-49 % ) | 25.56 |
| Targeted schemes for women (Less 30 %) | 15.13 |
| Gender neutral Schemes | 513.53 |
| Total | 1809.00 |

A total of 1809 crores is mentioned in the budget speech of 2012-13 as earmarked solely for women. But while going through the budget documents only 56% has been allocated for women alone (100 %). The rest is divided across various departments and are for schemes indirectly benefitting women. Some examples are increased welfare pensions, urban employment guarantee scheme, income support scheme for traditional sectors (coir, cashew, bamboo mats weaving etc where mostly women work), fuel efficient firewood stoves, assistance for marriage and treatment, interest support to Kudumbasreeetc.

**Limitations of Gender budget formulation in Kerala**

While undertaking a gender budget analysis of the state budget of Kerala, the difficulties faced are:

- A difficult task is to understand the logic of allocation and expenditure on pro-women and gender neutral schemes in the budget and its relation to gender disaggregated data.



- In the annual plan proposals of Kerala budget since 2008-09, formats and schedules of budgetary procedures and reporting systems include the amount earmarked for women (WC). But how such percentages are arrived at by the concerned departments is anybody's imagination.
- Another issue is the need to do performance audit; ie, conduct review to analyse the financial and physical achievements and identify the constraints in achieving the targets. Such a process will reveal the gaps in delivery of services, the lack of needed infrastructure, the lack of gender sensitivity of the personnel who are implementing the programmes. Another aspect of performance audit is carrying out reality check by evaluating programme interventions, incidences of benefit, identifying impact indicators like the change in the condition and position of women before and after a programme is implemented. A third aspect is compiling a trend analysis of expenses, output indicators and impact indicators.

**Conclusion**

Steps may be taken by authorities to establish a detailed gender disaggregated data base in all departments. Further it may be ensure that programmes and implementing mechanisms have inbuilt provisions for gender disaggregated data collection. Moreover overall outlays earmarked for women as well as the share of women specific schemes in Kerala budget needs to be stepped up significantly in order to address the deprivations confronting women in various sectors. Appropriate policies and matching outlays are to be made for enhancing the enrolment of girl students in the technical education sector. Above all gender issues have to be integrated into the documents of Ministry of Finance and key ministries and departments and gender committees in each department may be constituted for the implementation, monitoring and for making the outcome and impact assessment of schemes. ■

# മെയ്ഹറിന്റെ പ്രതിധ്വനി: സരോദ്റാണി

**ഡോ. എൻ. രേണുക**

എൻ.എസ്.എസ്. കോളേജ്, ചേർത്തല



സുദീർഘമായ ഒരു ഇടവേളയ്ക്കുശേഷം നടത്തുന്ന തിരിഞ്ഞുനോട്ടത്തെയാണ് പലപ്പോഴും നാം ചരിത്രമായി ഗണിക്കാറുള്ളത്. അപ്പോഴേയ്ക്കും അവിശ്വസനീയമാംവിധം യാഥാർത്ഥ്യങ്ങൾ കീഴ്മേൽ മറിഞ്ഞിരിക്കും. ഇരുണ്ട ഏടുകൾ അങ്ങിങ്ങായി രൂപപ്പെട്ടിരിക്കും. നിശ്ശബ്ദമായ ആ ഏടുകൾക്കുശേഷം തെളിച്ചമുള്ള ഒരു പ്രഭാതം ആരംഭിക്കും. 'ആദ്യത്തേത്' എന്ന ഗണത്തിൽ ഉൾപ്പെടുത്താവുന്ന എല്ലാ പദവികളും വാസ്തവത്തിൽ തുടർച്ച മാത്രമാണ്. ഹിന്ദുസ്ഥാനി സംഗീതചരിത്രത്തിലെ വനിതകളെക്കുറിച്ചുള്ള അന്വേഷണത്തിൽ ആദ്യസംഗീതജ്ഞ, ആദ്യത്തെ സരോദ് വാദക, ആദ്യത്തെ ഷെഹനായ് വിദഗ്ദ്ധ, എന്നീ വിശേഷണങ്ങൾ ശൂന്യതയിൽ നിന്നും ഉണ്ടായവയല്ല. പുകമറയ്ക്കുള്ളിൽ വായിക്കപ്പെടാതെയും കണ്ടെടുക്കപ്പെടാതെയും കിടക്കുന്ന ഭൂതകാലശീലങ്ങളിൽ ഒരു ബ്രേക്ക് വരുത്തുകയാണ് അവർ ചെയ്തിട്ടുള്ളത്. പ്രാചീന ദക്ഷിണേഷ്യൻ സാഹിത്യത്തിലും രജപുത്ര, മുഗൾ കാലഘട്ടത്തിലെ മിനിയേച്ചർ പെയിന്റിംഗുകളിലും സ്ത്രീകൾ സംഗീതോപകരണങ്ങളുപയോഗിച്ച് ദർബാറുകളിൽ പെർഫോം ചെയ്യുന്നതിന്റെ സൂചനകളുണ്ട്. താളവാദ്യങ്ങൾ അടക്കം സ്ത്രീകൾ ഉപയോഗിച്ചിരുന്നതായി കൊട്ടാരം രേഖകളിൽ ഉണ്ടെന്ന് പഠനങ്ങൾ തെളിയിക്കുന്നു. അതിനുശേഷം ഹിന്ദുസ്ഥാനി സംഗീതചരിത്രത്തിൽ നിന്ന് സ്ത്രീകൾ എങ്ങനെ മാഞ്ഞുപോയി? ഇന്ത്യയുടെ ഉപദേശീയതകളിൽ നിന്ന് പൂർണ്ണമായും അവർ ഒഴിഞ്ഞുപോകാനിടയില്ല. ഇരുണ്ട യുഗമെന്ന് ലോകം മുഴുവൻ അറിയപ്പെട്ട മധ്യകാലം ഓരോ ദേശീയതയിലും വാസ്തവത്തിൽ അങ്ങനെയായിരുന്നോ? ഇന്ത്യയുടെ അധിനിവേശചരിത്രവും കലാചരിത്രവും തമ്മിൽ നിർണ്ണായകമായ ബന്ധമുണ്ട്. ഉത്സവഭരിതമായ ലൗകികകാലം ക്ഷേത്രങ്ങളിലും ദർബാറുകളിലും നിലനന്നിരുന്നുവെങ്കിലും 'ദേവദാസികളെ'ന്നും 'താവായിഫു'കളെന്നും മുദ്രയടിച്ച് പ്രത്യേക ഫ്രെയിമിൽ ഉൾപ്പെടുത്തി സ്ത്രീകളുടെ സംഗീതത്തെയും നൃത്തത്തെയും സദാചാരത്തിന്റെ അളവുകോലുകൾ കൊണ്ട് തരംതിരിച്ച ഒരു ചരിത്രബോധം വിക്ടോറിയൻ മനോഭാവങ്ങൾ പിന്തുടർന്നിരുന്ന കോളനിരാജ്യത്തിന്റെ വിധിയാണ്. പൊതുപരിപാടികളിൽ 'കലാകാരി' എന്ന സ്ഥാനം സ്ത്രീകൾക്ക് ലഭിച്ചില്ല. അങ്ങനെയാണ് സ്ത്രീകൾ സംഗീതചരിത്രത്തിൽ അപൂർവ്വ സാന്നിദ്ധ്യമായി മാറുന്നത്. ഇടവേളകളില്ലാ



തെ സംഗീതലോകത്ത് സ്ത്രീകൾ ഉണ്ടായിരുന്നിട്ടും 'ക്ലാസ്സിക്കൽ സംഗീതം' പുരുഷകലയായി അംഗീകരിക്കപ്പെട്ടു. കൊളോണിയൽ രീതിശാസ്ത്രം ഉപയോഗിച്ച് ഭൂതകാലത്തെയും വർത്തമാനത്തെയും നോക്കിക്കാണുന്ന ചരിത്രരചനാരീതിയുടെ വൈകല്യം മാത്രമായിരിക്കണം അത്. ഘരാനകൾക്കു പുറത്ത് സംഗീതജ്ഞയെന്ന സ്വതന്ത്രപദവിയിൽ നിലനില്ക്കുന്ന സ്ത്രീകൾക്ക് സമൂഹത്തിൽ നിന്നോ ഗുരുക്കന്മാരിൽ നിന്നോ മതിയായ അംഗീകാരം ലഭിച്ചില്ല. പത്തൊൻപതാം നൂറ്റാണ്ടിന്റെ മധ്യത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും തികച്ചും വിരുദ്ധവും നിർണ്ണായകവുമായ സംഗീതാനുഭവങ്ങളിലൂടെയാണ് ക്ലാസ്സിക്കൽ മ്യൂസിക്കിലെ പ്രത്യേകിച്ചും ഉപകരണസംഗീതത്തിലെ വിദുഷികൾ കടന്നുപോയത്. വേദികൾ സാംസ്കാരിക ഇടങ്ങൾ കൂടിയാണ്. മതപരം/മതേതരം എന്നീ രണ്ട് ഗണങ്ങൾ രൂപപ്പെട്ടു. ക്ഷേത്രങ്ങളിലും ദർബാറുകളിലും അരങ്ങേറിയ സംഗീത/ നൃത്തപരിപാടികൾ പാരമ്പര്യങ്ങൾ രണ്ടായിത്തന്നെ തുടർന്നു. യഥാർത്ഥത്തിൽ അവ വിഭാഗീയതയോടെ തുടരേണ്ടതായിരുന്നില്ല. കലാചരിത്രം സ്ത്രീകൾക്ക് സദാചാരപരമായ ഭീഷണികൾ തീർത്തതായി നാം പിന്നീട് വായിക്കുന്നുണ്ട്. കുലത്തിന്റേയും താവഴിയുടെയും കൃത്യമായ മുദ്രകൾ അവരിൽ പതിഞ്ഞുകിടന്നതിനാൽ പൊതുപരിപാടികളിൽ നിന്നു കലാകാരികൾ പിൻവാങ്ങിയിരുന്നു.

പത്തൊൻപതാം നൂറ്റാണ്ട് പരിണാമങ്ങളിലൂടെ കടന്നുപോയി. പാരമ്പര്യം, ആധുനികത, ദേശീയത എന്നീ സങ്കല്പങ്ങളെല്ലാം സങ്കീർണ്ണമായി പരിവർത്തിച്ചു. കൊളോണിയലിസത്തിന്റെ സദ്ഫലങ്ങളായ ഗതാഗതസൗകര്യം, ഇംഗ്ലീഷ് വിദ്യാഭ്യാസം, പൗരബോധം, അഭിരുചികൾ എന്നിവ ഹിന്ദുസ്ഥാനി സംഗീതചരിത്രത്തിൽ സംഗീതജ്ഞകളുടെ ജീവിതത്തിന് മറ്റൊരു മുഖം നൽകി. 'ഘരാന' സമ്പ്രദായത്തിന്റെ വികാസം അതിൽ ഏറ്റവും ശ്രദ്ധേയമാണ്. ആത്മാന്വേഷണത്തിന്റെയും വിമോചനത്തിന്റെയും ഉപാധിയെന്ന നിലയിൽ സംഗീതത്തെ കാണുന്ന കലാകാരികൾ സാഹസികതയോടെ ഉയർന്നുവന്നു. അവരിൽ ഒരുതരം അനുഷ്ഠാനമുദ്രയും വെളിവായില്ല. ക്ഷേത്രങ്ങൾ, കൊട്ടാരങ്ങൾ, പ്രഭുകുടുംബങ്ങൾ എന്നിവയുടെ അകത്തളങ്ങളിൽ നിന്നു സ്വതന്ത്രമായ വേദികൾ രൂപപ്പെട്ടു. ഒരു 'ഘരാന'യിലും ഉൾപ്പെടാത്ത സംഗീതജ്ഞകൾക്ക് സ്വയം തിരിച്ചറിയുവാൻ സാധിച്ചു. നൂതനമായ സാങ്കേതികവിദ്യകൾക്കനുസൃതമായി സംഗീതശൈലിയിൽ വ്യതിയാനം വരുത്തുവാൻ ശ്രമിച്ചു. ശരൺറാണി എന്ന ഇന്ത്യയിലെ ആദ്യത്തെ ഉപകരണസംഗീതജ്ഞ സരോദ് വാദക ഈ സാമൂഹിക-രാഷ്ട്രീയ ഗതിമാറ്റത്തിന്റെ സൃഷ്ടിയാണ്, തുടർച്ചയാണ്. നൂറ്റാണ്ടുകളായി തെളിഞ്ഞും ഇരുണ്ടും തമസ്കരിക്ക

പ്പെട്ടുകിടന്ന കലാചരിത്രത്തിലെ ശക്തമായ ഒരു കണ്ണിയാണവർ.



വിദ്യാഭ്യാസം കൊണ്ടും സാംസ്കാരികവിനിമയം കൊണ്ടും നവോത്ഥാനപരിശ്രമങ്ങൾ കൊണ്ടും ശ്രദ്ധേയമായ ദൽഹി മഹാനഗരത്തിന്റെ സൃഷ്ടിയാണ് ശരൺ റാണി. 'പുരുഷവാദ്യം' എന്ന് അറിയപ്പെട്ടിരുന്ന 'സരോദ്' എന്ന ഉപകരണത്തിലാണ് അവർ വൈദഗ്ദ്ധ്യം തെളിയിച്ച് ലോക പ്രശസ്തയായത്. 'ഈൗഹൗേ മഹ അായമമൈെറമ്യ ീള കിറശമ' എന്ന് ജവഹർലാൽ നെഹ്റുവിനാൽ വിശേഷിപ്പിക്കപ്പെട്ട ശരൺ റാണി കേവലം ഹൃദയസ്പർശിയായ സംഗീതത്തിന്റെ അധിപതി മാത്രമായിരുന്നില്ല. യാത്രകൾ, സാമൂഹിക സംഘടനകൾ, സൗന്ദര്യബോധം, വാദ്യോപകരണങ്ങളുടെ ഘടനയെക്കുറിച്ചുള്ള അവബോധം, ആഖ്യാനം, സംഗീതസംബന്ധിയായ ആശയാവലികൾ, സംഗീതാത്മകമായ ശബ്ദം എന്നിവയെക്കുറിച്ച് നിരന്തരം നവീകരിക്കപ്പെട്ടുകൊണ്ടിരുന്ന ധാരണകൾ എന്നിവ ശരൺറാണിയുടെ സംഗീതവ്യക്തിത്വത്തിന്റെ സമഗ്രതയ്ക്കുള്ള തെളിവുകളാണ്. ലോകസംസ്കാരങ്ങളുടെയെല്ലാം പ്രാക്തനമായ സംഗീതബോധങ്ങളിൽ വരെ ലോഹസംസ്കാരത്തിന്റെ ഓർമകളുണ്ട്. തന്ത്രിവാദ്യങ്ങളുടെ സാംസ്കാരിക ഓർമകൾ. ആ ശബ്ദത്തെ സാഹസികമായി പരിവർത്തിപ്പിക്കുകയാണ് ശരൺറാണി ചെയ്തത്.

ദൽഹിയിലെ ഒരു ഹിന്ദുവ്യാപാരകുടുംബത്തിൽ ജനിച്ച ശരൺറാണി ബാല്യകാലത്തുതന്നെ ക്ലാസ്സിക്കൽ സംഗീതവും കഥക്കും മണിപ്പൂരി നൃത്തവും അഭ്യസിച്ചിരുന്നു. വിവിധതരത്തിലുള്ള വാദ്യോപകരണങ്ങൾ ശേഖരിക്കുന്നത് ഒരു വിനോദമായി സ്വീകരിച്ചിരുന്ന സഹോദരനിൽ നിന്നാണ് 'സരോദ്' എന്ന വിചിത്രമായ ഉപകരണം ശരൺറാണിയ്ക്കു ലഭിക്കുന്നത്. അതിൽ നാദം പുറപ്പെടുവിക്കാനുള്ള നിരന്തരശ്രമം വിജയിച്ചു. ചെമ്പുനാണയം ഉപയോഗിച്ച് സരോദ് വായിക്കാൻ ശ്രമിച്ചുകൊണ്ടേയിരുന്നു. ഉസ്താദ് അലി അക്ബർ ഖാൻ ഉണ്ടായിരുന്ന ഒരു പൊതുസദസ്സിൽ വെച്ച് പത്തുവയസ്സു മാത്രം പ്രായമായ ശരൺറാണി സരോദ് വായിക്കാൻ കാണിച്ച സന്നദ്ധതയും വൈദഗ്ദ്ധ്യവും അലി അക്ബർ ഖാനെ വിസ്മയിപ്പിച്ചു. പിന്നീട് അലി അക്ബർ ഖാന്റെ ശിക്ഷണത്തിലായിരുന്നു ശരൺറാണി 'സരോദ്' അഭ്യസിപ്പിച്ചത്. പരിപാടികളും പരിശീലനങ്ങളുമൊക്കെയായി ലോകം മുഴുവൻ അറിയപ്പെട്ടുതുടങ്ങിയപ്പോൾ അലി അക്ബർ ഖാന്റെ തിരക്കുകൾ ശരൺറാണിയുടെ പഠനത്തെ മോശമായി ബാധിച്ചു. അദ്ദേഹത്തിന്റെ തന്നെ നിർദ്ദേശപ്രകാരം തന്റെ ഗുരുവും പിതാവുമായ ബാബാ അലാവുദ്ദീൻ ഖാന്റെ ശിഷ്യത്വം സ്വീകരിക്കാൻ ശരൺറാണി തയ്യാറായി. മധ്യപ്രദേശിലെ മെയ്ഹർ ഗ്രാമത്തിൽ ബാബാ അലാവുദ്ദീൻ ഖാന്റെ ഗൃഹത്തിൽ പരിമിതസാഹചര്യങ്ങളിൽ ജീവിച്ചുകൊണ്ടാണ് ശരൺറാണി തന്റെ തുടർപഠനം നടത്തിയത്.

സംഗീതത്തിന് മതവും ജാതിയും ദേശവും ലിംഗഭേദവുമില്ല എന്നാണ് വിശാലമായ അർത്ഥത്തിൽ പറയാറുള്ളതെങ്കിലും അത് ആസ്വാദനതലത്തിലെ തീർപ്പുകൾ മാത്രമാണ് എന്നതാണ് ശരി. ലോക സംഗീതത്തിലെ തന്നെ ഒരേയൊരു സരോദ് വാദയായി ശരൺറാണി അറിയപ്പെടുന്നതിനു പുറകിൽ കൃത്യമായും ഒരു Gender Politics പ്രവർത്തിക്കുന്നുണ്ടെന്ന് മനസ്സിലാക്കേണ്ടതുണ്ട്. 'സരോദ്' ഒരു സ്ത്രീവിരുദ്ധ ഉപകരണമോ? എന്തുകൊണ്ടാണ് 'പുരുഷവാദ്യം' എന്നറിയപ്പെടുന്നത്? എന്നീ സംശയങ്ങൾ ജീവശ്ശാസ്ത്രപരമായ യാഥാർത്ഥ്യങ്ങളിലേക്കാണ് എത്തിച്ചേരുന്നത്. നഗരജീവിതത്തിന്റെ എല്ലാവിധ സൗകര്യങ്ങളും ആർഭാടങ്ങളും ഉപേക്ഷിച്ചുകൊണ്ട് മധ്യപ്രദേശിലെ മെയ്ഹർ ഗ്രാമത്തിലേക്കുള്ള വഴികളിൽ കഠിനമായ സാധകങ്ങളുടെ ഓർമകളാണുള്ളത്. ബാബയെ കാണുന്ന നിമിഷം ശരൺറാണി ഓർമിക്കുന്നുണ്ട്. ഘരാനകളുടെ വിശാലമായ ലോകത്തെക്കുറിച്ചും സ്ത്രീപുരുഷഭേദമില്ലാത്ത സംഗീതത്തെക്കുറിച്ചും ഉന്നതമായ സങ്കല്പങ്ങൾ സൂക്ഷിക്കുന്ന സംഗീതജ്ഞനായിരുന്നിട്ടും 'സരോദ്' പരിശീലിക്കാനാണ് ശരൺറാണി എത്തിയതെന്നറിഞ്ഞ് ബാബ നിരാശനായി. സുർസാഹറോ സിതാറോ പഠിച്ചാൽ മതിയെന്നും സരോദ് ഒരു പുരുഷവാദ്യമാണെന്നും അദ്ദേഹം നിർദ്ദേശിച്ചു. ഒരാളെ ഗാഢമായി പ്രണയിക്കുകയും മറ്റൊരാളെ വിവാഹം ചെയ്യുകയും ചെയ്യു

ന്നതുപോലെ അസാധ്യമാണെന്ന ശരൺറാണിയുടെ ഇച്ഛാശക്തിയിൽ അലാവുദ്ദീൻഖാൻ തൃപ്തനായി. ബാബ പറഞ്ഞത് അക്ഷരാർത്ഥത്തിൽ ശരിയായിരുന്നുവെന്ന് ഒരു അഭിമുഖസംഭാഷണത്തിൽ ശരൺറാണി പറയുന്നുണ്ട്. ഇരുപത്തിയൊന്ന് തന്ത്രികളുള്ള സരോദിന്റെ ഘടന കൈകാര്യം ചെയ്യുവാൻ സ്ത്രീശരീരത്തിന് പരിമിതികളുണ്ട്. ഉദരത്തിലേക്ക് അമർത്തി നഖങ്ങൾ ഉപയോഗിച്ചുള്ള വായനയിൽ മുടിനാരിഴ കൊണ്ടുപോലും അപശ്രുതികൾ രൂപപ്പെടാം.

''To play the Sarod in a sitting posture, one has to press the instrument against stomach; Because of the rigorous practice and concerts I had three miscarriages. But It didnt deter me from carrying on with music''

അതിശക്തമായ ശാരീരികോർജ്ജം ആവശ്യപ്പെടുന്നതിനാൽ പുരുഷകുത്തകകളായി തുടർന്ന ഉപകരണസംഗീതത്തിലാണ് ശരൺറാണി 'സരോദ്റാണി' ആയി മാറിയത്. അതും ഉന്നതമായ സംഗീതബോധ്യങ്ങൾ ഉള്ളപ്പോഴും സ്ത്രീകളെ ഗൗരവമായി ഗുരുക്കൾ പോലും പരിഗണിക്കാതിരുന്ന കാലത്ത്. മെയ്ഹർ സേനിയ ഘരാനയുടെ തട്ടകത്തിൽ തന്നെയാണ് ശരൺറാണി തന്റെ അന്വേഷണങ്ങളെല്ലാം സഫലീകരിച്ചത്. ഉപകരണസംഗീതത്തിന്റെ പരീക്ഷണശാലയെന്നുതന്നെ വിശേഷിപ്പിക്കാവുന്ന ബാബ അലാവുദ്ദീന്റെ വീട്. അവിടെനിന്ന് പുരുഷാന്തരങ്ങളോട് സംവദിക്കുന്ന സംഗീതജ്ഞയായി ശരൺറാണി മാറിയത് 'സരോദി'ലൂടെ മാത്രമായിരുന്നില്ല. നിരന്തരമായ ഗവേഷണങ്ങളിലും പരീക്ഷണങ്ങളിലും അന്വേഷണങ്ങളിലും അവർ അലഞ്ഞു. പതിനഞ്ചാം നൂറ്റാണ്ടുമുതൽ ഇരുപതാം നൂറ്റാണ്ടുവരെയുള്ള കാലയളവുകളിൽ ഇന്ത്യയുടെ വിവിധ പ്രാദേശികതകളിൽ ഉപയോഗിച്ചിരുന്ന 450 സംഗീതോപകരണങ്ങളാണ് ശരൺറാണിയുടെ ശേഖരത്തിൽ ഉണ്ടായിരുന്നത്. സ്വാതന്ത്ര്യത്തിനു മുൻപ് സംഗീതസംബന്ധിയായ രേഖകളോ തെളിവുകളോ ശാസ്ത്രീയമായ സംരക്ഷിക്കപ്പെട്ടിരുന്നില്ല. ദൽഹിയിലെ നാഷണൽ മ്യൂസിയത്തിലേയ്ക്ക് മൂന്നുഘട്ടങ്ങളായി ഈ ഉപകരണങ്ങളെല്ലാം ശരൺറാണി സംഭാവന ചെയ്തു. ഇന്ത്യൻ ഗ്രാമങ്ങളുടെ തായ്‌വേരുകളിലൂടെ, ഹൃദയവീഥികളിലൂടെ നടത്തിയ യാത്രകളുടെ ബാക്കിപത്രമാണ് ആ ഉപകരണങ്ങൾ. സംഗീതചരിത്രം പരിണമിച്ചതിന്റെ രേഖകളാണ് നാഷണൽ മ്യൂസിയത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള 'ശരൺറാണി ബാക് ലിവർ ഗാലറി ഓഫ് മ്യൂസിക്കൽ ഇൻസ്ട്രുമെന്റ്സ്'. സ്ത്രീസഹജമായ പരാധീനതകളെല്ലാം മറികടന്ന് കാശ്മീരിലെ ഒരു ഫക്കിറിൽ നിന്ന് സംഗീതോപകരണം വാങ്ങാൻ നടത്തിയ സാഹസികയാത്ര ശരൺറാണി സ്മരിക്കുന്നുണ്ട്. ദൽഹിയിലെ തെരുവീഥികളിൽ അപൂർവ്വമായ ഒരു വാദ്യവുമായി അലഞ്ഞ ഒരു ഭിക്ഷക്കാരനെയും അവർ പിന്തുടർന്നു. ദേശാന്തരങ്ങളുടെ കലർപ്പുകളെ അംഗീകരിച്ച സേനിയഘരാനയുടെ പിന്തുടർച്ചക്കാരി തന്നെയായിരുന്നു ശരൺറാണി. സരോദിന്റെ ഉത്ഭവചരിത്രത്തെക്കുറിച്ചും ഘടനയെക്കുറിച്ചും സാംസ്കാരിക പരിണാമത്തെക്കുറിച്ചും പ്രതിപാദിക്കുന്ന ആധികാരിക ഗ്രന്ഥവും ശരൺറാണിയുടേതുതന്നെയാണ്. ''The Divine Sarod, Its Origin, Antiquity and development, in India since 2nd Circa BC''എന്ന ഗവേഷണഗ്രന്ഥത്തിൽ സരോദിന്റെ ഉത്ഭവസ്ഥാനം ഇന്ത്യതന്നെയെന്ന് ശരൺറാണി സ്ഥാപിക്കുന്നു. സരോദിന്റെ ഉത്ഭവത്തെ



*ബാബാ അലാവുദ്ദീൻ ഖാൻ*

ക്കുറിച്ച് വിരുദ്ധാഭിപ്രായങ്ങൾ നിലനിൽക്കെയാണ് ഈ പ്രസ്താവന. ഷാജഹാൻപൂർ ഘരാന (ഇനായത് അലിഖാൻ), ലഖ്നൗ ഘരാന (നിയാമത്തുള്ള ഖാൻ), ഗ്വാളിയോർ ഘരാന (ഗുലാംഅലിഖാൻ), മെയ്ഹർ ഘരാന (ബാബാ അലാവുദ്ദീൻ ഖാൻ) എന്നീ നാലു ഘരാനകളിൽ മൂന്നു ഘരാനയും ഇസ്ലാം വംശാവലിയിൽ ആഴ്ന്നുനിൽക്കുന്നതും അഫ്ഗാൻ റബാബിൽ നിന്നാണ് 'സരോദിന്റെ' ഉത്ഭവമെന്ന് വിശ്വസിക്കുന്നവയുമാണ്. ബാബാ അലാവുദ്ദീൻ മാത്രമാണ് ഹിന്ദു -ബ്രാഹ്മണപരമ്പരയെക്കുറിച്ച് സൂചിപ്പിക്കുന്നതും സരോദിനെ പരിഷ്കരിച്ച ഘരാനയാണ് തങ്ങളുടേതെന്ന് വാദിക്കുന്നതും. ശരൺറാണി ഈ വാദങ്ങളെയെല്ലാം കണ്ടറിയുന്നുണ്ട്. 'Musical Property' എന്ന നിലയിൽ മിശ്രണങ്ങളില്ലാതെ സൂക്ഷിച്ചിരുന്ന ഘരാനകളുടെ ഇടനാഴികളിലൂടെയാണ് അവർ സഞ്ചരിച്ചത്. രൂപാന്തരീകരണത്തിന്റെയും കലർപ്പുകളുടെയും തുറസ്സുകളിലേയ്ക്ക് ശരൺറാണി എത്തിച്ചേരുക തന്നെ ചെയ്തു. ചരിത്രപരവും വംശീയവും നരവംശശാസ്ത്രപരവുമായ അന്വേഷണങ്ങൾ അതിൽ കലർന്നിട്ടുണ്ട്. സാങ്കേതികവൈദഗ്ദ്ധ്യവും വൈകാരികമായ ആവിഷ്കാരവും ഒരുമിച്ചാണ് ശരൺറാണിയെ സാധ്യമാക്കിയത്. ശബ്ദത്തിന്റെ അഗാധതകളില ഓർമകളുമായി ഒറ്റപ്പെടുവാൻ ആസ്വാദകനെ പ്രേരിപ്പിക്കുന്ന തന്ത്രിവാദ്യമാണ് സരോദ്. ധ്രുപദുകളുടെ പ്രഭാവകാലം അവസാനിച്ചിട്ടും പഖ്‌വാജും തബലയുമുപയോഗിച്ച് ആ പാരമ്പര്യത്തെ നിലനിർത്തുവാൻ ശരൺറാണിയ്ക്ക് സാധിച്ചെങ്കിൽ സംഗീതത്തിലും അന്വേഷണങ്ങളിലും അനന്യമായി തുടരാനുള്ള ഇച്ഛാശക്തിയും സാഹസികതയും പുലർത്തിയതുകൊണ്ട് മാത്രമാണ്. വിലോലമായ തന്ത്രികളിൽ മൃദുവായി വിരിഞ്ഞുവരുന്ന സംഗീതമായിട്ടല്ല ശരൺറാണി ലോകമെമ്പാടും അറിയപ്പെട്ടത്. ഭീഷണമായ ഏകാന്തതകളെ ഓർമിപ്പിക്കുന്ന, മെയ്ഹറിന്റെ ധ്വനികളെ പൂർണ്ണമായും ഉൾക്കൊണ്ട സരോദിന്റെ ശബ്ദമായാണ് വിദുഷി ശരൺറാണി കാലം കടന്നുപോകുന്നത്. ■

June 2016 | COLLEGE TEACHER

# പൂമാതൈ പൊന്നമ്മ– വടക്കൻ പാട്ടിലെ ധീരരക്തസാക്ഷി

ഡോ.ഷീജ നരോത്ത്
എം.ജി.കോളേജ് ഇരിട്ടി



സമൂഹത്തിന്റെ ക്രൂരതയ്ക്ക്വിധേയരാകേണ്ടി വന്ന സ്ത്രീകൾ ദൈവാവിഷ്കാരത്തിലൂടെസമൂഹത്തിന്റെ പ്രതിരോധചിഹ്നമായിമാറുന്നത് ഗ്രാമദേവതമാരുടെ തെയ്യക്കോലങ്ങളിൽ കാണാം. ചാരിത്ര്യം എന്ന ഒരാശയം സൃഷ്ടിച്ച് കഥകളുടെ പ്രത്യക്ഷതലത്തിൽ ചാരിത്ര്യം നഷ്ടപ്പെട്ടു എന്നാരോപിച്ച് സ്ത്രീ ശിക്ഷിക്കപ്പെടുകയുംഅതേ ചാരിത്ര്യത്തിന്റെ ബലത്തിൽ സ്ത്രീ അപ്രതിരോധ്യ ദേവതയായിമാറുകയാണ്ചെയ്യുന്നത്. ജാതിലിംഗമേധാവിത്വത്തിന്റെ എല്ലാവിലക്കുകളും ഏറ്റവുമധികം കുരുക്കി കെട്ടിയിരിന്നത് സ്ത്രീയെ ആയിരുന്നു. സദാചാരത്തിന്റെയും ധാർമ്മികതയുടെയും പാതിവ്രത്യ വിശുദ്ധിയുടെയും നിയമങ്ങൾ അവളെ ശ്വാസം മുട്ടിച്ചിരുന്നു. അധികാരവർഗ്ഗത്തെ ഒരിക്കലും ചെറുത്തു തോൽപ്പിക്കാൻ കഴിയില്ലെന്നറിയുന്ന കൂട്ടായ്മയാണ്സ്ത്രീയെ ദേവതയാക്കി മാറ്റിയത്. ഇത് വ്യവസ്ഥകളെ നിർമ്മിക്കുകയും പരിപാലിക്കാൻ നിഷ്ക്കർഷിക്കുകയുംചെയ്യുന്ന ശക്തികളോടുള്ള വെല്ലുവിളിയുടെ അമർത്തിയ സ്വരമാണ്. ഫ്യൂഡൽ വ്യവസ്ഥയും സവർണ്ണ മേധാവിത്വവും നിലനിൽക്കുന്ന കാലത്ത് തന്നെ പ്രചാരത്തിലുണ്ടായിരുന്ന ഒരു വടക്കൻ പാട്ടാണ് പൂമാതൈ പൊന്നമ്മയുടേത്.

സമുദായ നിയമങ്ങൾ ചൂഷണം ചെയ്തുകഴിയുന്ന ജന്മിമാരുടെ ജീവിതത്തിലെ കൊള്ളരുതായ്മകളെയാണ് ഈ പാട്ട്ചൂണ്ടിക്കാട്ടുന്നത്. ഭൂമിയുടെ അവകാശം പോലെ എല്ലാ കീഴാള പെണ്ണുങ്ങളുടെയും അവകാശവും തങ്ങൾക്കാണെന്ന് മേലാളർ കരുതിയിരുന്നു. അഴക് ശാപമായിതീരുന്ന അവസ്ഥയാണ് കീഴാള സ്ത്രീകൾക്കുണ്ടായിരുന്നത്. ഭൂമിയിൽ പണിയെടുക്കുന്നതിന് ആവശ്യമായ തൊഴിൽ ശേഷിയുടെ വിതരണം ഉറപ്പാക്കിയിരുന്നത് പോലെ സൗന്ദര്യമുള്ള കീഴാള സ്ത്രീയേയും മേലാളർ ഉപയോഗപ്പെടുത്തിയിരുന്നു. കീഴ്ജാതിക്കാരുടെ ലൈംഗികലഭ്യതമേജാതിക്കാർ പുലർത്തുന്ന ആധിപത്യത്തിന്റെ ഭാഗമായിരുന്നു. ഇത് സാധൂകരിക്കുന്നതാണ് 'പൂമാതൈ പൊന്നമ്മ എന്ന വടക്കൻപാട്ട്.'

അതിസുന്ദരിയായ പൂമാതൈയുടെ സൗന്ദര്യത്തിൽ ഭ്രമിച്ച തമ്പുരാൻ അവളെ പ്രലോഭിപ്പിച്ച് കീഴ്പ്പെടുത്താൻ ശ്രമിച്ചെങ്കിലും അവൾ വഴങ്ങിയില്ല. ഒടുവിൽ ''ഏഴരക്കണ്ടം ആവിക്കണ്ടം, നിനക്കു തുണയെടി, പൂലുവപ്പെണ്ണേ'' എന്ന്അയാൾ ഭീഷണിപ്പെടുത്തി.

''പുലയനാർ പുതുക്കോട്ട പൂലുവത്ത്യേള്
നടമങ്കതിട്ടൂരംവാങ്ങിയോരല്ല''എന്നവൾ മറുപടി പറഞ്ഞു.

തമ്പുരാന്റെ ആജ്ഞയനുസരിച്ച് അക്കൊല്ലം കന്നിക്കൊയ്ത്തിന് പുലയർ അവളെ വിളിച്ചില്ല. ജന്മപതവും കൊടുത്തില്ല. പായമെടഞ്ഞും മുറംമെടഞ്ഞും കതിർ പറിച്ചും അവൾ ജീവിക്കാനുള്ള വക കണ്ടെത്തി.

തന്ത്രങ്ങളൊന്നും ഫലിക്കാതായപ്പോൾ തമ്പുരാൻ പുലയിയായ ആയിത്തിരയെ ഏറെ വാഗ്ദാനങ്ങൾ നൽകി പ്രലോഭിപ്പിച്ചു. അയാളുടെ നിർദ്ദേശപ്രകാരം കിഴക്കൻ മലയിലെ കാലിക്കാരുമായി പൂമാതൈ ശയിക്കുന്നത് കണ്ടെന്ന് ആയിത്തിരനാടു മുഴുവൻ പ്രചരിപ്പിച്ചു.

College_Teacher_jun_Ctp.jobFORM 6 A



പിഴച്ചപെണ്ണായ പൂമാതയ്ക്ക് സമുദായാചാരപ്രകാരം പുലയർ കടുത്ത ശിക്ഷ നൽകി. താൻ തെറ്റൊന്നും ചെയ്തിട്ടില്ലെന്ന് അവൾ ആണയിട്ട് പറഞ്ഞെങ്കിലും പൂമാതൈ അഴിഞ്ഞാടുന്നത് താൻ കണ്ടെന്ന് ആയിത്തിര തറപ്പിച്ചു പറഞ്ഞു. കേട്ടവർ അതുവിശ്വസിച്ചു. പെണ്ണിന്റെ തലയും മുലയും കത്തിച്ചു കളയാൻ തമ്പുരാൻ കല്പിച്ചു. മൂപ്പന്റെ അനുവാദത്തോടെ പുലയർ പന്തം കത്തിച്ച് അവൾക്ക് തീകൊളുത്തി. കത്തിക്കരിഞ്ഞ പൂമാതൈയുടെ ശരീരം ഭയമുണർത്തുന്നതായിരുന്നു. കരിഞ്ഞുപോയ അവളുടെ മുഖത്തെ ക്രോധം കണ്ട് ആയിത്തിര ഭയന്നു.

അലറിവിളിച്ച പൂമാതൈ തീയെരിമലർക്കാവിൽ തീയുണ്ടെങ്കിൽ 'പേയായിവന്ന് പകരം തരുവൻ ഞാനേ'എന്ന് ക്രോധത്തോടെ പറഞ്ഞ് ചതുരക്കിണറിൽ ചാടിമരിച്ചു. ഭയന്നുപോയ ആയിത്തിര തമ്പുരാൻ പറഞ്ഞിട്ടാണ് താൻ കള്ളം പറഞ്ഞതെന്ന് വിളിച്ചുപറഞ്ഞു. ക്രുദ്ധരായ ജനങ്ങൾ ആയിത്തിരയെ കൊന്നുകളഞ്ഞു. ഒടുവിൽ പൂമാതൈ തെയ്യക്കോലമായിമാറി. തമ്പുരാനും ഇല്ലവും കത്തിച്ചാമ്പലായി.

മേലാളരുടെ അനീതികൾക്കെതിരായി അടിയാളവർഗം ഉണരാതിരുന്ന കാലത്ത് പൂമാതൈ പൊന്നമ്മയുടെ പാട്ട് അവർക്ക് ഉണർവ്വേകിയിരുന്നു. പിഴച്ചപെണ്ണിന് സമുദായചാരപ്രകാരം നൽകിയിരുന്ന ശിക്ഷയാണ് പൂമാതൈക്ക് സമൂഹം നൽകിയത്. നേരും നെറിയും കെട്ട് ജീവിക്കുന്ന സ്ത്രീക്ക് നൽകുന്ന ശിക്ഷയാണത്. സാമൂഹികമായ നീതിയും സുരക്ഷയും നിഷേധിക്കപ്പെട്ട്, തിരസ്കാരത്തിന്റെ ഇരുട്ട് കൊണ്ട് ജീവിതം മൂടപ്പെട്ടവരായിരുന്നു കീഴാളസ്ത്രീകൾ. സ്ത്രീ അനുഭവിക്കേണ്ടി വന്ന നിരാലംബത, ദൈന്യം, അനാഥത്വം, ദുഷ്പ്രഭുത്വത്തിന്റെ നീചവും ക്രൂരവുമായ പ്രവൃത്തികൾ എന്നിവ പൂമാതൈയുടെ പാട്ടിൽ പ്രകടമാണ്. മരണംമുന്നിൽകണ്ടിട്ടും പതറാതെ പേയായിവന്ന് പകരം ചോദിക്കുമെന്ന വീറോടുകൂടിയാണ് പൂമാതൈ ജീവനൊടുക്കുന്നത്.

പുലയിപെണ്ണ് ആരുടെ മുന്നിലും അഭിമാനം പണയപ്പെടുത്തുന്നവളെല്ലന്ന് പൂമാതൈ തെളിയിക്കുന്നു. സ്ത്രീപീഡനം മാത്രമല്ല അധികാരത്തിന്റെ കണ്ണിൽ ചോരയില്ലായ്മയുടെ മുഖവും ഇതിൽ വ്യക്തമാവുന്നുണ്ട്. പൂമാതൈയുടെ പാട്ടിൽ ചാരിത്ര്യ വിഷയകമായി പുലയർക്കുണ്ടായിരുന്ന സദാചാരബോധം നിഴലിക്കുന്നു. അതിന്റെ മറുഭാഗമെന്ന മട്ടിൽ മേൽത്തട്ടുകാരുടെ ജീവിതരീതിയെകുറിച്ചുള്ള താരതമ്യവും കാണാം.

കീഴാളപുരുഷനെപ്പോലെ കീഴാളസ്ത്രീയും നിസ്സഹായയാണ്. ഭൗതികമായികീഴാളനെ കീഴ്പ്പെടുത്തിയ മേലാളർ ശാരീരികമായി സ്ത്രീയെയും കീഴ്പ്പെടുത്തിയിരുന്നു. പിഴച്ച സ്ത്രീ എന്നും സമൂഹത്തിന്റെ കളങ്കമായതിനാൽ പാതിവ്രത്യശുദ്ധിയുടെ പേരുപറഞ്ഞ് സ്ത്രീയെ തകർക്കാൻ എളുപ്പമാണ്. കീഴാളസ്ത്രീക്ക് പുരുഷനോടും മേലാളവ്യവസ്ഥയോടും പോരടിക്കേണ്ടിവന്നിരുന്നു. സ്ത്രീയുടെ സ്വാതന്ത്ര്യത്തെ വിലമതിക്കുകയോ ന്യായീകരിക്കുകയോ ചെയ്യാത്ത സമൂഹമാണ് അന്നുണ്ടായിരുന്നത്.

കാമപൂരണത്തിനായി പെണ്ണിന്റെ ശരീരം സ്പർശിക്കുമ്പോൾ ജാതീയമായ അതിർ വരമ്പുകൾ നേർത്തു പോവുന്ന മേലാളന്റെ ഇരട്ട വ്യക്തിത്വത്തെ പൂമാതൈ പൊന്നമ്മയുടെ പാട്ടിൽ ചോദ്യംചെയ്യുന്നു. പുരുഷൻ സ്ത്രീയെ അടിമപ്പെടുത്തുന്നത് അവർക്ക്





നഷ്ടപ്പെടാൻ ചാരിത്ര്യമുണ്ട് എന്നവളെ ബോധ്യപ്പെടുത്തിക്കൊണ്ടാണ്. സ്ത്രീകൾക്ക് മാത്രമായി അനുശാസിക്കുന്ന പുരുഷാധിപത്യവ്യവസ്ഥയുടെ ഏറ്റവും ശക്തമായ പ്രത്യയശാസ്ത്ര ഉപാധിയാണ് പാതിവ്രത്യസങ്കല്പം. അത് നഷ്ടപ്പെടുന്നതിലൂടെയും അത് നഷ്ടപ്പെട്ടു എന്ന് ആരോപിക്കുന്നതിലൂടെയും അവളെ നശിപ്പിക്കാൻ എളുപ്പമാണ്. സമൂഹത്തിന്റെ മൂല്യബോധം പഴകിയ സദാചാരത്തിലോമതാധിഷ്ഠിത നിയമങ്ങളിലോ ബന്ധിതമാണ്. പുരുഷന്റെ തീർപ്പുകളെചോദ്യം ചെയ്യാൻ സ്ത്രീക്ക് അവകാശമില്ല. സാമ്പ്രദായിക സാമൂഹ്യ നിയമങ്ങളെ വെല്ലുവിളിക്കുകയും തന്നോട് നീതി പുലർത്തുകയും ചെയ്യുന്നതിനായി പ്രതിഷേധസ്വരമുയർത്തുന്ന ഏത് സ്ത്രീയും ദുരന്തം നേരിടേണ്ടിവരും. ചെറുത്തുനിൽക്കുന്നവൾ പതിവ്രതയാണെങ്കിൽപോലും അവൾ അപഥസഞ്ചാരിണിയാണെന്ന് സമൂഹം മുദ്രകുത്തും. താൻ സുചരിതയാണെന്ന് തെളിയിക്കേണ്ട ബാധ്യതയും സ്ത്രീക്ക്വന്നുചേരുന്നു.

നാടുവാഴിയുടെ ആഗ്രഹം നിരസിച്ച പൂമാതൈകലഹിക്കുന്നത് നിലവിലുള്ള സാമൂഹ്യ വ്യവസ്ഥയോടാണ്. അന്ത്യശാസനങ്ങളുടെയും വിലക്കുകളുടെയും ഇടയിൽ നിന്ന് ഉച്ഛ്രംഖലമായ ശക്തിയായി മുന്നേറുന്ന സ്ത്രീയുടെ മുഖമാണ് പൂമാതൈ പ്രകടമാക്കുന്നത് അധർമ്മത്തെയും ചൂഷണത്തെയും അവൾ ധീരമായി എതിർക്കുന്നു. കാര്യസ്ഥനായ ചിണ്ടൻ തമ്പുരാന് കീഴടങ്ങാൻ പൂമാതൈയെ പ്രേരിപ്പിച്ചപ്പോൾ

'മാടത്താണെ പുഞ്ചക്കണ്ടത്താണെ
ഞാനതിനൊരുങ്ങ്യേല തമ്പുരാനെ'

എന്നാണവൾ പറയുന്നത്. മേലാളരുടെ ബാലിശമായവികാരങ്ങൾക്ക് കീഴടങ്ങാൻ തയ്യാറാവാത്ത അവൾ പുലയസ്ത്രീയുടെ കരുത്തിന്റെയും പ്രതിരോധത്തിന്റെയും പ്രതീകമാണ്. കീഴാളരെ ഏത് തരത്തിലും പീഡിപ്പിക്കാൻ കഴിയുന്ന ഒരു സാമൂഹിക സംവിധാനം നിലനിൽക്കുന്ന അവസ്ഥയിൽ തമ്പുരാന്റെ കാമേച്ഛയ്ക്ക് വഴങ്ങാതെ പൂമാതൈ രക്തസാക്ഷിത്വം വരിക്കുന്നു. 'കൊല്ലാൻ ധൈര്യമുണ്ടെങ്കിൽ കൊന്നോളൂ.' എന്ന് ആത്മധൈര്യത്തോടെ പ്രഖ്യാപിക്കാൻ മേലാള കേന്ദ്രീകൃത സമൂഹത്തിൽ ഒരു പുലയിപെണ്ണിന് സാധിക്കുക എന്നത് നിസ്സാരകാര്യമല്ല.

തനിക്ക് ശരിയെന്ന് തോന്നുന്ന നിലപാടുകൾക്കനുസരിച്ച് ജീവിക്കാൻ കഴിഞ്ഞില്ലെങ്കിൽ മരണമാണ് ഭേദമെന്ന് തെളിയിച്ച കരുത്തയായ സ്ത്രീയാണ് പൂമാതൈ പൊന്നമ്മ. കരുത്ത് തെളിയിക്കാൻ ശ്രമിക്കുന്ന സ്ത്രീകൾ പലപ്പോഴും ആത്മത്യാഗം ചെയ്യേണ്ടിവരുന്ന അവസ്ഥയാണ് സമൂഹത്തിൽ നിലനിൽക്കുന്നത്. അധികാരത്തിന്റെ ഭൗതിക തന്ത്രങ്ങളെ കീഴ്പ്പെടുത്താൻ അശക്തരാവുമ്പോൾ തോൽക്കാനാകാതെ ജയിക്കാൻ കണ്ടുപിടിച്ച ഒരു പ്രതിരോധ തന്ത്രമാണ് മരണം.

മേലാളവ്യവസ്ഥയെ ധിക്കരിക്കാൻ ശ്രമിക്കുന്നവരൊക്കെ രക്തസാക്ഷികളായിതീർന്നിട്ടുണ്ട് എന്നതാണ്ചരിത്രം. അധർമ്മത്തെയും ചൂഷണത്തെയും ധീരമായിഎതിർത്ത പൂമാതൈ തീകുണ്ഠത്തിൽ വെന്തുരുകുമ്പോൾ പോലും പുരുഷന്റെ ധാർഷ്ട്യത്തെയും നിലനിന്നു വന്ന സാമൂഹ്യ അനീതിയെയും ചോദ്യം ചെയ്യുന്നു. സമൂഹത്തിന്റെ നേർക്കറിഞ്ഞ എരിയുന്ന ചോദ്യചിഹ്നമായി അവൾ മാറുന്നു.

സ്വന്തം മരണം കൊണ്ട് കീഴാളരുടെ ചെറുത്തുനിൽപ്പുകൾക്ക് ഊർജ്ജം പകരാനും കേന്ദ്രീകൃതവ്യവസ്ഥയെ അതിനിശിതമായ വിമർശനത്തിന് വിധേയമാക്കി കീഴാളസ്ത്രീക്ക് ഒരു പുതിയസമൂഹത്തെ സൃഷ്ടിക്കാനുള്ള കരുത്ത് പ്രദാനം ചെയ്യാനും പൂമാതൈക്ക് കഴിയുന്നുണ്ട്. പുലയിപെണ്ണിന്റെ ശരീരം ആർക്കും എപ്പോഴും അനുഭവിക്കാമെന്ന മേലാള ചിന്തയെയാണ് പൂമാതൈ പ്രതിരോധിക്കുന്നത്. പാതിവ്രത്യവിശുദ്ധി കീഴാളസ്ത്രീകൾക്ക് ബാധകമല്ല എന്ന മേലാള നിലപാടിനെ അവൾഎതിർക്കുന്നു. സമൂഹവുംകാലവും അടിച്ചേൽപ്പിച്ച ചൂഷണത്തെ അംഗീകരിക്കാൻ അവർതയ്യാറല്ല.

മർദനമുറകളിലൂടെയാണ് പലപ്പോഴും സ്ത്രീയുടെ ആവേഗങ്ങളെ പുരുഷൻ ഒതുക്കുന്നത്. എന്നാൽ ഇതിനിടയിൽപോലും പൂമാതൈയെ പോലുള്ള സ്ത്രീകൾശക്തമായി പ്രതിഷേധിക്കുന്നുണ്ട്. ഫ്യൂഡൽ സംസ്കാരത്തിന്റെ ലൈംഗികഅരാജകത്വത്തെ തുറന്നുകാട്ടാനും അതിനെതിരെ സ്ത്രീകളെ ഉണർത്താനും 'പൂമാതൈ'യുടെ പാട്ടിന് കഴിയുന്നു. അധികാരത്തിന്റെ പീഡനങ്ങളിൽ നിന്നും രക്ഷപ്പെടുന്ന കീഴാളസ്ത്രീ അത്മരണത്തിലേക്കാണെങ്കിൽ പോലും സ്വയം സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നത്കാണാം. പൂമാതൈ അനുഭവിക്കുന്ന ദുരന്തം എല്ലാ കാലഘട്ടങ്ങളിലുമുള്ള സ്ത്രീകൾ അനുഭവിക്കുന്നതാണ്. പുരുഷാധിപത്യത്തിന്റെ കീഴിൽ സ്വന്തം ശരീരത്തിന്മേലുള്ള സ്വയം നിർണ്ണായവകാശം പോലും എടുത്തുകളയപ്പെട്ട സ്ത്രീയുടെ പ്രതിരോധമാണ് പൂമാതൈ പൊന്നമ്മയുടെ പാട്ടിൽ പ്രകടമാവുന്നത്. മറ്റ് വടക്കൻ പാട്ടുകളിൽ നിന്ന് പൂമാതൈ പൊന്നമ്മയുടെ പാട്ട് വ്യത്യസ്തമാവുന്നതും അതുകൊണ്ടു തന്നെയാണ്. ■



# ഇടപെടലുകളുടെ രാഷ്ട്രീയം

**ഡോ: ടി.കെ. കലമോൾ**
ശ്രീകേരളവർമ്മ കോളേജ്, തൃശ്ശൂർ



സർവ്വകലാശാല എന്നത് ചരിത്രപരമായും സാംസ്കാരികപരമായും രൂപപ്പെട്ട ഒരു സംവിധാനമാണ് അല്ലാതെ അതതുകാലത്തെ ഭരണകൂടങ്ങളാൽ സൃഷ്ടിക്കപ്പെടേണ്ട ഒന്നല്ല. വൈവിധ്യപൂർണ്ണമായ അറിവുകളുടെയും അഭിപ്രായങ്ങളുടെയും കൊടുക്കൽവാങ്ങലുകളുടെ പൊതു ഇടമാകണം സർവ്വകലാശാലകൾ. ക്ലാസ്സ്മുറികൾക്കകത്തും പുറത്തും നടക്കുന്ന ആശയസംവാദങ്ങളിലൂടെ, ദാർശനികസമരങ്ങളിലൂടെ വ്യത്യസ്തതയുടെയും ബൗദ്ധികമായ എതിർസ്വരങ്ങളുടെയും രാഷ്ട്രീയമാണ് സർവ്വകലാശാലകൾ ചർച്ച ചെയ്യേണ്ടത്. അദ്ധ്യാപകർ, ആരാലും ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്ത അറിവിന്റെ ഉത്തുമഗശൃംഗങ്ങളിൽ നിലകൊള്ളുന്നവരാണെന്നും വിദ്യാർത്ഥികൾ കൈക്കുമ്പിൾ നീട്ടി തലകുനിച്ച് അത് സ്വീകരിക്കേണ്ടവരുമാണെന്ന ജന്മി-കുടിയാൻ സവർണ്ണവ്യവസ്ഥ ഇന്നും നിസലനിൽക്കുന്നു എന്നതിന്റെ പ്രത്യക്ഷോദാഹരണമാണ് കോട്ടൺഹിൽ സ്കൂളിലെ ഒരു അനുഗ്രഹദാനചടങ്ങ്. ഈയിടെ സോഷ്യൽമീഡിയയിൽ പ്രചരിച്ച ഈ ചിത്രം മുട്ടുമടക്കേണ്ടിവരുന്ന പുതുതലമുറയുടെ നേർചിത്രമാണ്. അത്തരം അനുവർത്തനവും അനുസരണവുമാണ് ഭരണകൂടം പ്രബുദ്ധരായ സർവ്വകാലാശാലാ വിദ്യാർത്ഥികളിൽനിന്നും പ്രതീക്ഷിക്കുന്നതും. ദളിത് പ്രക്ഷോഭങ്ങളും ആദിവാസിസമരങ്ങളോടും കിഴക്കേഇന്ത്യയിലെ പ്രശ്നങ്ങളോടുംന്യൂനപക്ഷാവകാശങ്ങളോടും നിരന്തരമായി ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നു എന്ന കാരണങ്ങളാൽ തന്നെയാണ് ജെ.എൻ.യു പോലൊരു വിദ്യഭ്യാസസ്ഥാപനത്തെ ഭരണകൂടം ഭയക്കുന്നത്.

നുണകളുടെ ആദർശവൽക്കരണം നാസികാലഘട്ടത്തിലെ ഗീബൽസിയൻ തന്ത്രം തന്നെയാണ് ജെ.എൻ.യു വിഷയത്തിലും നടന്നുകൊണ്ടിരിക്കുന്നത്. സ്വതന്ത്രവും പുരോഗമനാത്മകവും നിഷ്പക്ഷവുമായി ചിന്തിക്കുന്ന വിദ്യാർത്ഥിസമൂഹത്തെ ഭരണകൂടം ഭയക്കുന്നു എന്നതിന്റെ തെളിവാണത്. ദേശീയതയെയും എതിർദേശീയതയെയും മുഖാമുഖം നിർത്തുക എന്നത് ഭരണകൂടത്തിന്റെ മറ്റൊരു തന്ത്രമാണ്. മതം, ദേശീയത എന്നി അങ്ങേയറ്റം വൈകാരികമായ ആയുധങ്ങൾ ഭരണകൂടം ഇതിനായി ഉപയോഗിക്കുന്നു. അദൃശ്യനായ ഒരു ശത്രുവിനെ സൃഷ്ടിക്കുകയും



അതിനെതിരായി എപ്പോഴും ജാഗരൂകരായിരിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുക. ഇത്തരം അപരങ്ങളെ സൃഷ്ടിക്കുക എന്നത് ഈ ഭരണകൂടത്തിന്റെ നിലനില്പിന് അവശ്യഘടകമായിരിക്കുന്നു. ഹിന്ദു/മുസ്ലിം, സവർണ്ണൻ/അവർണ്ണൻ, ദളിതൻ/ആധുനികൻ/ആദിവാസി ഇത്തരം അപരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെടുന്നവയല്ല. മറിച്ച് ഇന്ത്യൻ മനസ്സിൽ സുപ്തമായിക്കിടക്കുന്ന അത്തരം ധാരകളെ തീവ്രമാക്കുകയാണ് ഹിന്ദുത്വമൂല്യങ്ങൾ സംരക്ഷിക്കുവാൻ നിയുക്തരാണെന്ന് അഭിമാനിക്കുന്ന ഭരണകർത്താക്കൾ ചെയ്യുന്നത്.

പൗരന്റെ/പൗരിയുടെ സ്വകാര്യജീവിതത്തിന് മേലുള്ള ഭരണകൂടത്തിന്റെ കടന്നുകയറ്റമാണ് തുടർക്കാഴ്ചകളായി ഇന്ത്യൻജനജീവിതത്തിൽ അരങ്ങേറുന്നത്. ഭക്ഷണത്തിന്റെ തെരെഞ്ഞെടുപ്പുമുതൽ അതാരംഭിച്ചിരിക്കുന്നു. മാംസം ഭക്ഷിക്കുന്നവർ ഇവിടെ അപരന്മാരായി മുദ്രകുത്തപ്പെടുന്നു. അവർ ആക്രമിക്കപ്പെടുന്നു. അതിനോടുള്ള ബദൽ പ്രതിരോധങ്ങൾ സർവ്വകലാശാലകളിലും പൊതുസമൂഹത്തിലും ക്രിയാത്മകമായ ഇടപെടലുകൾ നടത്തുകയുണ്ടായി. പ്രൊഫ. കൽബുർഗിയെപോലുള്ള ധിഷണാശാലികളെ കൊന്നുതള്ളുകയും അതുവഴി ഭയത്തിന്റെ കരിമ്പടമിട്ട് പ്രതിഷേധങ്ങളെ നിശബ്ദമാക്കുകയും ചെയ്യാമെന്ന് വ്യാമോഹിക്കുന്ന ഭരണകൂടബീഭത്സത ഏതറ്റം വരെയും പോകുമെന്നത് ഉറപ്പാണ്. ജാമിയനഗറിൽ നിരന്തരം ചെറുപ്പക്കാർ അപ്രത്യക്ഷരായിക്കൊണ്ടിരിക്കുന്നു. തട്ടിക്കൊണ്ടുപോകപ്പെട്ടതിനുശേഷമാണ് നിങ്ങൾ ഭീകരവാദിയാണ് എന്ന് നിങ്ങൾ തന്നെ തിരിച്ചറിയുക. അതിനുള്ള ആയുധവുമായി പോട്ട, ടാഡ, സാൽവജൂദം എന്നീ നിയമങ്ങൾ മാറിക്കൊണ്ടിരിക്കുന്നു.

ഇന്ന് സാധാരണക്കാരന്റെ കണ്ണിൽ ജെ.എൻ.യു എന്നത് ദേശദ്രോഹികളുടെ ഇടമാണ്, പാകിസ്ഥാനുവേണ്ടി മുദ്രാവാക്യം മുഴക്കുന്ന, അഫ്സൽ ഗുരുവിനെ പൂജിക്കുന്ന ഇന്ത്യൻ ജവാന്മാരുടെ ആത്മത്യാഗത്തിന് പുല്ലുവില കൽപിക്കാത്ത നന്ദികെട്ടവരുടെ ഇടമാണ്. കനയ്യ കുമാർ എന്ന പ്രബുദ്ധനായ വിദ്യാർത്ഥി വിളിക്കാത്ത, ഒരിക്കലും വിളിക്കാൻ സാധ്യതയില്ലാത്ത മുദ്രാവാക്യങ്ങൾ-വിഡിയോകളും ടേപ്പുകളുമായി സോഷ്യൽ മീഡിയയിൽ കറങ്ങി നടക്കുന്നു. കനയ്യയുടെ പുറകിൽ ഇന്ത്യയുടെ വിഘടിച്ച ഭൂപടം പ്രത്യക്ഷപ്പെടുന്നു. ഇതെല്ലാം കൃത്രിമമായി നിർമ്മിച്ച്, പല ശൃംഖലകളിലൂടെയും ആസൂത്രിതമായി വിതരണം ചെയ്യപ്പെട്ടവയാണെന്ന് പിന്നീട് ഇതേ മാധ്യമങ്ങൾ തന്നെ പൊതുസമൂഹത്തോട് വിളിച്ചുപറയുകയുണ്ടായി. ഭരണകൂടം സ്വതന്ത്രചിന്ത ഉദ്പാദിപ്പിക്കുന്ന മസ്തിഷ്കങ്ങളെ എത്രത്തോളം ഭയപ്പെടുന്നു എന്നതിന്റെ പ്രത്യോക്ഷോദാഹരണമാണിത്.

ശരാശരി ഇന്ത്യൻ പൗരന്റെ/പൗരിയുടെ അവസാനത്തെ അഭയമാണ് നീതിന്യായകോടതികൾ. അവിടെവെച്ച് കനയ്യകുമാർ നീതിപാലകരാൽ ആക്രമിക്കപ്പെടുകയും സംരക്ഷണഉത്തരവാദിത്വമുള്ള പോലീസ് കാഴ്ചക്കാരായി നിൽക്കുകയും ചെയ്യുന്നു. കനയ്യ എന്ന വിദ്യാർത്ഥിയെ തല്ലിചതയ്ക്കാൻ ഏത് നിയമമാണ് അവർക്ക് അനുവാദം നൽകുന്നത്? ഒരു ജനാധിപത്യഭരണകൂടത്തിനകത്ത് സംഭവിച്ചുകൂടാത്ത വിനാശകരമായ അനേകം സാദ്ധ്യതകളുടെ സൂചനമാത്രമാണിത്. ഇറോം ശാർമ്മിള ആത്മഹത്യാകുറ്റത്തിന് ഇടയ്ക്കിടെ അറസ്റ്റിലായിക്കൊണ്ടിരിക്കുന്ന ഇന്ത്യയ്



ക്കകത്ത് ഇത്തരം അനുഭവങ്ങൾ പ്രതീക്ഷിക്കേണ്ട തുതന്നെയാണ്. 'ശത്രുവിനോടുള്ള ഭീതി' മുതലാക്കി അവശ്യഘട്ടങ്ങളിൽ മനുഷ്യാവകാശലംഘനങ്ങൾ നടത്തുന്ന ഫാസിസ്റ്റ് പ്രവണതയാണ് ഇത് എന്നതിൽ സംശയമില്ല. തങ്ങൾ നിരന്തരമായി ആക്രമിക്കപ്പെടാൻ സാധ്യതയുള്ളവരാണെന്ന ഭീതി ഇന്ത്യൻ മനസ്സിൽ ആഴത്തിൽ വേരോടിയിട്ടുണ്ട്. വിഭജനം ഉണ്ടാക്കിയ മുറിവുകളിൽ ഇപ്പോഴും രക്തംപൊടിയുന്നുണ്ട്. പട്ടാളത്തിന്റെ മഹത്വവൽക്കരണവും കനത്തതുക ആയുധശേഖരണത്തിനായി നീക്കിവയ്ക്കുന്നതും ഇത്തരം ഭീതിയ്ക്ക് ആക്കം കൂട്ടൽ എന്ന ഭരണകൂടതന്ത്രത്തിന്റെ ഭാഗമാണ്.

വ്യാജബിംബനിർമ്മിതികൾകൊണ്ട് സമ്പന്നമാണ് സമീപകാല ഇന്ത്യനവസ്ഥ. നല്ല പൗരൻ, നല്ല വിദ്യാർത്ഥി, നല്ല വിശ്വാസി, നല്ല അദ്ധ്യാപകൻ, നല്ല ഭരണകർത്താവ്, നല്ല പെൺകുട്ടി, നല്ല ഭാര്യ, നല്ല അമ്മ ഇത്തരം റെഡിമെയ്ഡ് രൂപങ്ങൾകൊണ്ട് സമ്പന്നമാണ് സോഷ്യൽമീഡിയപോലുള്ള പൊതു ഇടങ്ങൾ. അത്തരം നിർവ്വചനങ്ങൾ മെസ്സേജുകളായും വീഡിയോകളായും ജനമനസ്സിലേക്ക് ഊളിയിട്ടിറങ്ങുന്നു. അത്യന്തം ദളിത്, സ്ത്രീ വിരുദ്ധമായ ഇത്തരം സന്ദേശങ്ങളെ തിരിച്ചറിയുകയും പ്രതിരോധിക്കുകയും ചെയ്യേണ്ടതിനുപകരം ആഘോഷിക്കുകയും മൂഢസ്വർഗ്ഗത്തിലാണ് തങ്ങളെന്ന് അറിയാതിരിക്കുകയും ചെയ്യുമ്പോഴാണ് നാം കുറ്റവാളികളാവുന്നത്. രോഹിത് വെമുല എന്ന ഗവേഷക വിദ്യാർത്ഥിക്ക് ജീവിയ്ക്കുവാനുള്ള ഇടം സവർണ്ണഭാരതത്തിലില്ല. W.T.O നിയമാവലിയുടെ ബലത്തിൽ ഗവേഷകവിദ്യാർത്ഥികളുടെ ഫെലോഷിപ്പുകൾ നിർത്തലാക്കുന്നു. അറിവുനേടാനുള്ള അവകാശത്തെ പ്രതിസന്ധിയിലാക്കുന്നു. ഈയവസരത്തിലാണ് Occupy UGC പോലുള്ള പ്രതിരോധങ്ങൾ അനിവാര്യമാകുന്നത്.

ഇത്തരം സാഹചര്യങ്ങളിൽ പ്രബുദ്ധകേരളത്തിലെ കാമ്പസുകൾ എങ്ങനെ പ്രതികരിക്കുന്നു എന്നത് ശ്രദ്ധിക്കേണ്ട സംഗതിയാണ്. കേരളത്തിലെ അക്കാദമിക് സമൂഹം ജെ.എൻ.യു വിഷയത്തെ കൈകാര്യം ചെയ്യുന്ന രീതിയും പ്രസക്തമാണ്. ഇടതുപക്ഷമനസ്സുള്ള ഭൂരിഭാഗം അക്കാദമിക് ചിന്തകരും വിദ്യാർത്ഥികളും പ്രതിഷേധങ്ങൾ സംഘടിപ്പിക്കുന്നതിനിടയിലും അതിശയകരമായ വിധത്തിൽ അതിനുള്ളിൽതന്നെ പിന്തിരിപ്പൻ നിസ്സഹകരണപ്രവണതകളും സ്ഥാനം പിടിച്ചിരിക്കുന്നു എന്ന വസ്തുത തള്ളിക്കളയാനാവില്ല. രാജ്യദ്രോഹിയായി മുദ്രകുത്തപ്പെടുമോ എന്ന ഉൾക്കിടിലത്തിൽ നിശബ്ദമായിരിക്കേണ്ടവരാണോ അക്കാദമിക സമൂഹം എന്നു സംശയിക്കുകതന്നെ വേണം. ദേശീയത എന്ന വിഷയത്തെ 'വിശ്വഭാരതി' എന്ന പേരുകൊണ്ടു വിശാലമാക്കിയ, ലോകം മുഴുവൻ ഒരു പക്ഷിക്കൂടായി കാണാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന ടാഗോറിന്റെ ദർശനം തന്നെയാണ് അക്കാദമിക സമൂഹം പിന്തുടരേണ്ടത്. അതിനുവേണ്ടി പൊരുതുക എന്ന ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുക്കുമ്പോഴാണ് ബൗദ്ധികത എന്ന ആശയം സാർത്ഥകമാകുന്നത്. ആധുനികമനുഷ്യൻ എന്ന ബിംബനിർമ്മിതി കൊണ്ട് അടയാളപ്പെടുന്നത് വെളുത്ത, യൂറോപ്യനായ പുരുഷൻ ആണെന്ന് പോസ്റ്റ് കൊളോണിയൽ ചിന്തകർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇന്നത്തെ ഇന്ത്യൻ സാഹചര്യം ഇത്തരത്തിലൊരു ബിംബത്തെ രൂപപ്പെടുത്തിയിട്ടുണ്ട്. വെളുത്ത- സുവർണ്ണനായ- സസ്യാഹാരിയായ- വിശ്വാസിയായ - പുരുഷൻ. ഇവിടെ അരികുകളിലേക്ക് മാറ്റിനിർത്തപ്പെടുന്നത് കറുത്തവരും, അവർണ്ണരും, സസ്യേതരഭക്ഷണങ്ങൾ ശീലമാക്കിയവരും മത വൈവാഹികചിഹ്നങ്ങൾ ശരീരത്തിൽ പേറിനടക്കാത്ത സ്ത്രീകളും, പ്രതികരിക്കാൻ ശേഷിയില്ലാത്ത കുഞ്ഞുങ്ങളും, ആദിവാസികളും, ദളിതനുമൊക്കെയാണ്. അതിജീവനത്തിന്റെ സാധ്യതകൾ ആരായുന്ന ഇവർക്കുവേണ്ടിയാണ് സ്വതന്ത്രമായും ജനാധിപത്യപരമായും ചിന്തിക്കുന്നവർ ശബ്ദമുയർത്തേണ്ടത്. നിശബ്ദതയും നിഷ്പക്ഷതയും ഏറ്റവും അപകടം പിടിച്ച നാട്യമാണെന്നുകൂടി നമ്മൾ തിരിച്ചറിയുക. ■



# A life lost or won? The story of Irom Sharmila

**Prof. Gladys P.E. Isaac**

Malabar Christian College, Kozhikode



'Why don't you try and connect to the hearts of the discontented people 'says Irom Sharmila also known as the Iron lady of Manipur. 'People in India see me as a separatist but that's not who I am.I am struggling for India's integrity too. If the government does not repeal the AFSPA, it will lose Manipur automatically.'

For most people Irom Sharmila is just someone from somewhere in the North east of India who has been on a fast for 15years. Is it possible? Doctors at the Jawaharlal Institute of medical Sciences, Manipur, where Irom has been interred for the last 14 yrs in room number one, say that being fed through a Ryle tube is possible for months but for 14yrs is truly a miracle.

Irom was the youngest of nine children of a veterinary assistant in a little village in Imphal, Manipur. She was a shy, quiet child who decided not to become a doctor as she felt that she was not up to it. Instead shechose to do journalism, learnt typing and shorthand, joined an establishment and started taking active part in social activities.

She wanted to do something to help her people as she had witnessed a stirring incident when she was just a girl in school. She vividly remembers the day she saw some soldiers mercilessly beating up a young rickshaw boy for no reason what soever. She remembers that she was riding to school on a bicycle and as she



neared a bridge she saw a jeep full of soldiers stop the rickshaw boy and beat him up. She was too stunned to move and she had remained silent for many days after the incident. It had struck a very raw nerve in her being andit wasthebeginning of her revolt against the AFSA.

Atrocities against her people just kept on increasing day by day. The final straw that led her to begin her agitation was the killing of 10 innocent people in Malom by the Assam Rifles. Irom was on a fast that day as it was a Thursday and being a strong believer of Devima she believed that Thursday fasts would bring good luck as Thursdays were Devima's day for visiting her bhaktas. So Irom just decided that she would continue her fast till the government gave her some assurance but it never came.

To an ordinary person this decision may seem stupid or childish but to someone who had to witness atrocities being done almost every day by the AFSA, it was just one method of showing frustration, anger, sorrow and discontent. In disturbed areas, the AFSA has special powers to respond at will in order to maintain law and order. A military officer can fire upon an

assembly of four or five people if need arises. No warrant is required for making an arrest .Moreover there is always a chance of misuse of this blanket power by the soldiers. This law is inforcein parts of Arunachal Pradesh, Assam, Manipur, Mizoram, Nagaland and Tripura. In 1990the law included the states of Jammu and Kashmir too.

It is now high time for India to start seriously reconsidering the repeal of AFSA. It need not be out of concern for human rights but it could also be out of a desire to improve upon and refocus on India's internal security regime. A draconian law like AFSA is inconsistent with the structure and spirit of democracy and brings down India's image at the global high table at a time when it is looking to be a permanent member of the UN Security Council. AFSA causes fear and dread instead of fostering peace or help. These operations should be fostering WHAM that is 'winning hearts and minds' but they were doing just the opposite. The government has to think of a method that will apply minimum force to achieve maximum results and which will be in keeping with the letter and spirit of our constitution.

This sorry situation has been prevalent in the north East for a long time and Irom has been protesting for 15 years. Much has changed in Manipur since she first started on her unique protest. The conflict has claimed many more lives like that of Thanjam Manorama Devi's. AFSA has been removed from many parts of Manipur but Irom will not be moved, she says, till it is fully removed. One wonders what prevents the government from doing something concrete rather than having her rearrested every year.

Meanwhile solitude fills Irom'slife, shapes the hours and the minutes in the absence of human company, television, phone, internet or even a regular schedule. Time means nothing to her as there is not even a clock in her pale green hospital room. She has for company only mementoes, gifts, letters, postcards and pictures from family, friends, well-wishers and supporters and only these remind her of the passage of time.

Happiness for her are her pet guinea pigs and soft toys which are gifts from her fiancé Desmond Continho a British Indian of Goanorigin. She also loves to reread letters from people whom she has touched. She is greatly influenced by Aung San Suu Kyi whom she refers to as 'eche'as she can relate to Suu Kyi's house imprisonment and her own life within the walls of a hospital room. She is not allowed many visitors and she has hardly seen her kith and kin or even her mother. A fee of rupees one lakh per visit is levied to deter visitors. So not many venture to visit her.

Irom sharmila's 84 year old mother vividly remembers the day Irom came to seek her blessings. Being a Thursday her mother thought that it was just her usual



routine. Little did she know that it was the beginning of a historical journey of silent protest. 'Irom used to be a quiet child' she says 'and used to spend hours either painting or writing. If this is to be her destiny she needs to do what she needs to do.She hoped god would be with her.'

Even after 14 years of fasting Irom still looks serene and beautiful though a little frail. She has dark shoulder length hair which she parts in the middle and leaves loose. She gets up early and has her bath but does not let the water touch her lips, she only wipes her teeth with a solution. She does not feel thirsty in fact she has forgotten what it feels to be thirsty, she says. Through all these trials and tribulations she has not forgotten how to laugh nor has she lost her sense of humor, which in itself is a sort of resistance against the government for the lives of the 10 innocent civilians. She cannot eat, she says, till the law, that allows such violence to flourish with impunity, was repealed.

What she misses most she says is not her family but being able to walk, walk along the river or up a hill or by the paddy fields of her dear land. 'I too want to live, I want to enjoy life, I want to love, bear kids and lead a normal life. If they repeal the act I will eat too. I want the government to be more humane.' Yes in fact it is people like Irom, Mahaswethadevi, Medha patker and others like them who color the imagination of India and take it beyond the triteness and kitsch of today's politics. ■

# ഓർമ്മയുടെ സൂര്യൻ

ആതിരനന്ദൻ
എൻ.എസ്.എസ് കോളേജ്, മഞ്ചേരി



ഓർമ്മയുടെ സൂര്യൻ അസ്തമിക്കുന്നു....
"വന്നുദിച്ചേൻ നിന്നുദിച്ചേൻ ആദിത്യൻ പകവാനും
ഇന്നെന്താ പകവാനും വന്നുദിയ്ക്കാനിത്ര താമസിച്ചേ...."

കനം തൂങ്ങിയ മനസ്സിന് പെട്ടെന്നൊരു ലാഘവം. പുറത്ത് മഴ തകർത്തു പെയ്യുകയാണ്. പാട്ടിന് താളം പിടിയ്ക്കുന്നപോലെ ഇറയത്ത് മഴത്തുള്ളികൾ വന്ന് വീഴുന്നു. പൊടിമണ്ണ് നിറഞ്ഞ മുറ്റത്ത് നിറയെ കുഴിയാനക്കുഴികൾ ഒന്ന്, രണ്ട്..

...............................

ദേഹത്തു വന്നു തട്ടിയ ഒരു വെള്ള ചോക്കു ക്ഷണം .അതിന്റെ ഉരുണ്ട ഭാഗത്ത് നീല അക്ഷരങ്ങൾ. എം.വി .'മാത്യു വിൻസെന്റ്'

"എവിടെയാണ് ? ഓർമ്മകളുടെ ലോകത്തു നിന്ന് മടങ്ങി വന്ന് അടുത്ത പാട്ട് ആരാണ് പാടേണ്ടതെന്ന് പറയൂ-"

ധൃതിയിൽ പരിപാടികൾ കുറിച്ച കടലാസു നോക്കി.

"ജവഹർ"

മുഖത്തെ ചമ്മൽ മറയ്ക്കാൻ രണ്ടു മൂന്നു പ്രവാശ്യം തുമ്മി
വയ്യാത്ത പോലെ ഡസ്കിൽ തല വെച്ചു കിടന്നു.

"ഇന്നലെ കുറേ ഉറക്കമൊഴിച്ചതല്ലേ. വയ്യെങ്കിൽ മുറിയിൽ പോയി കിടന്നോളൂ"

ഗാനമാലപിച്ചതിലും മാധുര്യം. തിളക്കമുള്ള കണ്ണുകൾ കൂടുതലായെന്തോ പറയാനാഗ്രഹിയ്ക്കുന്നുണ്ടോ.

" എം. വി എന്നാണ് തിരിച്ചു പോകുന്നത് ?"

"ഞാൻ തിരിച്ചു പോകാനാഗ്രഹിയ്ക്കുന്നില്ല.ഒരു പക്ഷെ ഉറപ്പേറിയ പാറക്കൂട്ടങ്ങളെ കണ്ടു മടുത്തതാകാം. തൊടുമ്പോൾ കുഴഞ്ഞ് തെന്നി മാറുന്ന ഈ പൂഴിമണ്ണിനോടും മണൽ പരപ്പിനോടും കമ്പം കൂടുന്നു. എത്രനാളത്തേയെക്കന്നറിയില്ല. പക്ഷേ...."

"എം.വി.യുടെ പാട്ട് കലക്കി.എത്ര അലിഞ്ഞാണ് പാടുന്നത്" റോബിൻ ഓടിവന്ന് കൈ പിടിച്ചു കുലുക്കി.

വിൻസെന്റ് ഒരു മൂളിപ്പാട്ട് കൈയ്യിലേയ്ക്കിട്ടു തന്ന് റോബിനോട് കണ്ണിറുക്കി കൊണ്ട് ചെവിയിലെന്തോ പറഞ്ഞു. രണ്ടു പേരും പൊട്ടിച്ചിരിച്ച് നടന്നു നീങ്ങി. ഒരു ജീവിതത്തിന്റെ മുഴുവൻ അനുഭവങ്ങളും അലയടിക്കുന്നുണ്ട്. ആ ചിരിയിൽ. കാഞ്ഞ വയറിൽ ചെണ്ടകൊട്ടി കലാപ്രവർത്തനം തുടങ്ങിയതു മുതൽ ആദിവാസി കോളനിയിലെ ലച്ചുവും കുട്ടികളും കാട്ടുതീയിൽ വെന്തെരിഞ്ഞതു വരെ. അവർക്ക് എം.വിയും കൂട്ടുകാരും മലകയറി കെട്ടിക്കൊടുത്ത വീടിനു മുറ്റത്തായി ചെരുപ്പിൻ കഷ്ണവും വടിയും ഉജാലകുപ്പിയും ചേർത്ത് കെട്ടിയ വണ്ടി അനാഥമായി കിടന്നത്, ചായത്തോട്ടങ്ങളിൽ വെയിലും തണലും മാറി മാറി പുതയ്ക്കുന്ന പോലെ ഭാഗ്യവും നിർഭാഗ്യവും മാറി മാറി അണഞ്ഞത് ,

എല്ലാം.

''പറയൂ നിൻ...''

ചുണ്ടിലണഞ്ഞ മൂളിപ്പാട്ട് തുടച്ചകറ്റിക്കൊണ്ട് എഴുന്നേറ്റുനടന്നു. ഇനി രണ്ടു ദിവസങ്ങൾ കൂടി. ക്യാമ്പ് തീർന്നാൽ എല്ലാവരും കൂട്ടായ്മയുടെ ഈ കൂട് വിട്ട് പറന്നകലും. അധ്യാപകർക്കുളള ട്രെയിനിംഗ് ക്യാമ്പ് ഇത്രയും രസകരമായിരിയ്ക്കുമെന്നറിഞ്ഞിരുന്നില്ല. അടഞ്ഞ ചുവരുകൾക്കുളളിലെ അളവുകോലുകൾ എല്ലാം ഇവിടെ അപ്രസക്തമാകുന്നു. മനുഷ്യനെ അളക്കാൻ അവന്റെ ജീവിതത്തിനു മാത്രമേ സാധിയ്ക്കൂ. തെറ്റും ശരിയും ന്യായാന്യായങ്ങളും മറന്ന് മനുഷ്യൻ മനുഷ്യനെ തിരിച്ചറിയുന്ന ഒരു മഹാ പ്രയാണം. ക്യാമ്പിലേയ്ക്കുളള സെലക്ഷൻ ആയിരുന്നു രസം. അവനവന്റെ ശരിതെറ്റുകൾ രണ്ടു കളങ്ങളിലായി എഴുതി അയച്ചു കൊടുക്കണം. മനസ്സിൽ ഒന്നും തോന്നിയില്ല. വെറുതേ കുത്തിക്കുറിച്ചു.

ശരി തെറ്റ്

എന്റെയും നിന്റെയും അങ്ങനെ ഒന്നുണ്ടോ?

ക്യാമ്പ് സംഘടിപ്പിച്ച ഭഗതിന് ഏറ്റവും ഇഷ്ടമായതും ഈ മറുപടി. വന്നയുടനെ അതിന്റെ വിശദീകരണം ചോദിച്ചു. എന്തു പറയാൻ ? എം.വിയാണ് അന്ന് രക്ഷിച്ചത്. '' അതു കണ്ടു പിടിയ്ക്കാനാവും ടീച്ചർ ഇവിടെ വന്നത്. അല്ലേ ?'' ഒരു സൗഹൃദത്തിനുളള കൈ നീട്ടൽ ആ ചോദ്യത്തിലുണ്ടായിരുന്നു. അതു തിരിച്ചറിഞ്ഞപ്പോൾ വാക്കുകൾക്ക് . തപ്പേണ്ടി വന്നു. തലകുലുക്കിക്കൊണ്ടിരുന്നു. സാരി മുഴുവൻ തൊട്ടാലൊട്ടികൾ പറ്റിപ്പിടിച്ചിരുന്നു. സ്നേഹത്തിനായ് പറ്റിക്കൂടിയതല്ലേ തട്ടിക്കളയാൻ തോന്നിയില്ല. പുല്ലാനിക്കാട്ടിനു നടുവിൽ സൂര്യന്റെ തിരോധാനം നോക്കി നിന്നു. ആദ്യത്തെ ദിവസം പരസ്പരം പരിചയപ്പെടലും താമസമൊരുക്കലും ആകെ ബഹളം. ഒരുക്കാൻ കാര്യമായൊന്നുമില്ലായിരുന്നു. വെളളിനേഴിയിൽ ഭാരതപ്പുഴയ്ക്കരുകിലായി കമ്യൂണിസ്റ്റ് പച്ചയും മറ്റു കുറ്റിച്ചെടികളും കാടും പൊന്തയും നിറഞ്ഞ പ്രദേശം. അതിനു നടുവിൽ ഒരു ഓടുമേഞ്ഞ കെട്ടിടം. കെട്ടിടം എന്ന് അവകാശപ്പെടാനാവില്ല. ഒരു മുറിയും അടുക്കളയും കുളിമുറിയും. ചുവന്ന ചാന്തുതേച്ച് മിനുക്കിയ തണുപ്പാർന്ന നിലം. ഏഴു ദിവസത്തെ ക്യാമ്പിന് വെറും കൈയ്യോടെ വരാനായിരുന്നു നിർദ്ദേശം. ആദ്യത്തെ ദിവസം തന്നെ ഭഗത് പറഞ്ഞു.

'' നിങ്ങൾ തന്നെയാണ് ക്യാമ്പിന്റെ സംഘാടകരും റിസോഴ്സ് പേഴ്സൺസും. ക്ലാസുകൾ ഒന്നുമില്ല. ചർച്ചകളും പ്രവൃത്തികളും മാത്രം. എന്തു ചർച്ച ചെയ്യണമെന്നും എന്തൊക്കെ ചെയ്യണമെന്നും നിങ്ങൾ തന്നെ തീരുമാനിക്കണം. ഇനി ഞാനും നിങ്ങളുമില്ല. നമ്മൾ മാത്രം'' കിടക്കാനുളള അഞ്ചാറു പായകളും ഭക്ഷണം പാകം ചെയ്യാനുളള മൺപാത്രങ്ങളും എല്ലാവർക്കും ഉടുക്കാൻ തന്ന വസ്ത്രങ്ങളും നോക്കി എല്ലാവരും അൽപനേരം നിന്നു.

''എന്നാൽ നമുക്ക് തുടങ്ങാം'' എന്നു പറഞ്ഞു കൊണ്ട് എം.വി അടുപ്പിനടുത്ത് കിടന്നിരുന്ന കരിക്കട്ട എടുത്ത് വീടിന്റെ മുൻവശത്ത് തിണ്ണക്ക് താഴെ ഇരുവശത്തും രണ്ടാനകളെ വരയ്ക്കാൻ തുടങ്ങി. വരച്ച് തീരുന്നത് വരെ ഭഗത് നോക്കി നിന്നു. രണ്ട് ജീവൻ തുടിക്കുന്ന ആനകളും നടുക്കായി എം.വി യും ഞങ്ങളെ നോക്കി നിന്നു ഭഗത് എല്ലാവരോടുമായി ഒരു ചിരിയോടെ പറഞ്ഞു.

''ആദിമ മനുഷ്യന്റെ ഗുഹാമുഖത്തേയ്ക്ക് ഏവർക്കും സ്വാഗതം'' ഒരു ചിരി പ്രളയത്തിന്റെ തുടക്കം എം.വിയുടെ ആ തുറന്ന ചിരി മടക്കിക്കൊടുക്കാതിരിയ്ക്കാനാവില്ല. ആർക്കും അത് പ്രകൃതിയെ ജയിച്ച മനുഷ്യന്റെ ഉന്മാദ അട്ടഹാസമായിരുന്നില്ല മറിച്ച് പ്രകൃതിയെ തിരിച്ചറിഞ്ഞവന്റെ ആത്മ പ്രകാശനത്തിന്റേതായിരുന്നു. ആരെയും കൂസാതെ പറഞ്ഞു. ചിരിച്ചും ക്യാമ്പിനെ മുഴുവൻ കീഴടക്കി ആ കരിക്കട്ട നിറമാർന്ന ഒറ്റയാൻ വാണു.

''അല്ലേ ടീച്ചറേ'' എന്ന് എല്ലാ അഭിപ്രായ പ്രകടനങ്ങൾക്കും, തമാശകൾക്കും അർദ്ധ വിരാമം ഇടുന്ന പോലെ ചോദിക്കുന്നത് ആദ്യം അസ്വസ്ഥതയാണുണ്ടാക്കിയത്.പിന്നെ അതൊരംഗീകാരമായി തോന്നി.

''അല്ല എം. വിയ്ക്ക് ഈ പാട്ട് മാത്രമേ അറിയൂ'' എപ്പോഴും ഈ ഒരു നാടൻ പാട്ടുമാത്രം, '' വന്നുദിച്ചേൻ നിന്നുദിച്ചേൻ'' എം.വിയെ അനുകരിച്ച് കൊണ്ട് പാടി വെറുതെ ചോദിച്ചതാണ് ഇടി വെട്ടേറ്റതു പോലെ എം.വി നിന്നു. പിന്നെ ഒന്നും സംഭവിയ്ക്കാത്തപോലെ സ്ഥിരം ചിരിയോടെ പറഞ്ഞു.

''ഞാൻ ഓരോ തവണയും പാടുന്നത് വ്യത്യസ്ത പാട്ടുകളാണ്. അതു ടീച്ചർക്ക് മനസ്സിലായില്ല അല്ലേ. പക്ഷെ ആനയ്ക്ക് ഒരു കൊമ്പുമാത്രം വരച്ചപ്പോഴും എല്ലാവരുടേയും പേരുകൾ മാറ്റിയും മറിച്ചും വിളിച്ചപ്പൊഴും ഓർമ്മയുടെ ഇതളുകൾ പിച്ചിച്ചീന്തുന്നതിന്റെ വേദന മനസ്സിലായിരുന്നില്ല.

ക്യാമ്പു കഴിഞ്ഞ് എല്ലാവരും യാത്ര പറഞ്ഞിറങ്ങിയപ്പൊഴും എം.വിയെ നോക്കി ആ കാടാകെ തിരഞ്ഞപ്പോഴും തിരിച്ചറിഞ്ഞിരുന്നില്ല, സ്വന്തം പേരുൾപ്പടെ പലതും മറവിയുടെ നീരാളിക്കൈകളിൽ നിന്ന് രക്ഷിച്ചു കൊണ്ടു നടക്കാൻ വരയും കുറിയുമായി നടക്കുന്ന ആ കൂട്ടുകാരനെ. യാത്ര പറയാൻ മറന്ന് അകന്നു പോയ ആ കൂട്ടുകാരന്റെ ഓർമ്മയ്ക്കായി നീല നിറം പടർന്ന ഒരു ചോക്കുകഷ്ണം എടുത്തു വച്ചു.

...............

''രെച്ചരെയ്യം രെയ്യരെയ്യം...''

സുദേവ് പാട്ട് എപ്പോഴേ നിർത്തിയിരിക്കുന്നു.

ഇരിക്കാൻ പറയാനായി ടീച്ചറുടെ മുഖത്തേയ്ക്കു നോക്കി നിൽക്കുകയാണ്.

ഓർമ്മയുടെ തിരികൾ ഓരോന്നായി കത്തിച്ച് തിരി മുറിയാതെ പെയ്യുന്ന തുലാമഴ

...............

അണക്കെട്ട് പെരും വർഷത്തിൽ തകരുമെന്ന മുന്നറിയിപ്പ് വക വെയ്ക്കാതെ പിഞ്ചു കുഞ്ഞുങ്ങൾ ഉൾപ്പെടുന്ന കുടുംബങ്ങളെ സുരക്ഷയുടെ കരകളിലേയ്ക്ക് മാറ്റാൻ ബദ്ധപ്പെടുന്നതിനിടയിൽ ഇടയ്ക്കവിടെയോ മാത്യു വിൻസെന്റ് മറവിയുടെ ആഴമേറിയ ചുഴിയിൽ ദിക്കറിയാതെ.. ഒരു പക്ഷെ നഷ്ടപ്പെട്ട ചോക്കുകഷ്ണം തേടി... വെളളമടങ്ങി ചളിമൂടിയ പ്രദേശമാകെ നിഴലും വെളിച്ചവും പടർത്തി സൂര്യൻ ഉദിച്ചുയരുമ്പോൾ പാറക്കൂട്ടങ്ങളിൽ അലയടിച്ചു കൊണ്ട് സൂര്യനും മുകളിലായി ആ പാട്ടു ഉയരുന്നതു പോലെ...........

'' വന്നുദിച്ചേൻ.... നിന്നുദിച്ചേൻ...''

ഓർമ്മയുടെ സൂര്യാസ്തമനത്തിനും മീതേ... ■



# 'വെറുതെ' എങ്കിലും വെറുതെയല്ല

കനകലത പി.കെ.
ശ്രീകേരളവർമ്മ കോളേജ്, തൃശ്ശൂർ



ഞാൻ പഠിച്ച എന്റെ വീടിനടുത്തുള്ള എൽപി സ്കൂളുമായി ബന്ധപ്പെട്ട് ചിലകാര്യങ്ങൾ കഴിഞ്ഞ രണ്ടാഴ്ച്ചയായി മനസ്സിൽ വന്നും പോയും കൊണ്ടിരിക്കെ പെട്ടെന്നുണ്ടായ ഒഎൻവിയുടെ മരണവാർത്ത അദ്ദേഹത്തിന്റെ കവിത- ഗാനങ്ങളിലേക്ക് ചിന്തയെ തിരിച്ച് വിട്ടു. മുമ്പൊരിക്കലും തോന്നാത്തവിധം അദ്ദേഹത്തിന്റെ മൂന്ന് ഗാനങ്ങളിലെ വരികൾ ഒന്ന് ഒന്നിനോട് കൈകോർത്തു കൊണ്ട് എന്റെ മനസ്സിലേക്ക് ഊളിയിട്ടിറങ്ങി. ജലോപരി തലത്തിൽ പടരുന്ന ചിറ്റോളങ്ങൾ കണക്കെ എന്റെ ചുടു നിശ്വാസത്തിന്റെ നീർപ്പോളയായിട്ടാണോ എന്നറിയില്ല മനസ്സ് പ്രക്ഷുബ്ധമായി. ഇപ്പോൾ ശാന്തമായി ഇത്രയും കുറിച്ചപ്പോൾ.

ആ മൂന്ന് ഗാനങ്ങളിലെ വരികൾ ഇതാണ്
ഒരുവട്ടം കൂടിയെൻ ഓർമ്മകൾ മേയുന്ന
തിരുമുറ്റത്തുവാൻ മോഹം!

മധുരിക്കും ഓർമ്മകളെ
മലർമഞ്ചൽ കൊണ്ടുവരൂ
കൊണ്ടുപോകൂ ഞങ്ങളെയാമാഞ്ചുവട്ടിൽ-മാഞ്ചുവട്ടിൽ

ഓർമ്മകളെ കൈവളചാർത്തി വരൂ
വിമൂകമീ വീഥിയിൽ''

ഈ വരികളിലെല്ലാം തുടിച്ച് നിൽക്കുന്നത് പൊയ്പോയ ഇന്നലെകളെ കുറിച്ചുള്ള സൗഗന്ധിക സ്മരണകളാണ്. ഓർമകൾ മേയുന്ന തിരുമുറ്റം എന്ന് പറയുമ്പോൾ ഒരി ക്കൽ പിച്ചവെച്ചു നടന്ന മുറ്റം പിൽക്കാലത്ത് കളിമുറ്റ മായി മാറിയതിന്റെ സൂചനയുണ്ട്. പിച്ചവെച്ചു നടന്ന മുറ്റം ഒരാൾക്കും ഓർമയുണ്ടാകില്ല കളിമുറ്റമെ ഓർത്തെ ടുക്കാൻ സാധിക്കു അത് പടികടന്ന് പറമ്പിലും സ്കൂ ളിലും മൈതാനത്തും ഒക്കെയെത്തും ആരുടേയും ഓർ മ്മയുടെ ആദ്യക്ഷരം കുറിക്കുന്നത് ആ കളിമുറ്റത്തെ



ഒഎൻവി, തോപ്പിൽഭാസി, ജി. ദേവരാജൻ

പൂഴിമണ്ണിൽ തന്നെ. നെല്ലിക്കപോലെ ആദ്യം ചവർക്കുകയും പിന്നെ ഓർക്കുന്തോറും മധുരിക്കുകയും ചെയ്യുന്ന ഓർമ്മകൾ.

പൂഴിമണ്ണിലെ ക്രീഡകൾ പിന്നീട് തണൽ മരച്ചുവട്ടിൽ ഇരുന്നുള്ള സല്ലാപത്തിലേക്ക് വളരുകയായി. ഇരുന്നും ചാഞ്ഞും കൊണ്ടുള്ള ആ മധുരിക്കുന്ന ഓർമ്മകളെയാണ് മലർ മഞ്ചലേറ്റി മാവിൻ ചുവട്ടിലേക്ക് ഒരിക്കൽകൂടി ആനയിക്കാനായി കവി മോഹിക്കന്നത്. ഈ മാവിൻ ചുവട്ടിലെ ഓർമകൾക്ക് ചിലപ്പോൾ മാമ്പൂവിന്റെ മതിപ്പിക്കുന്ന ആലസ്യമുണ്ടാവാം. കണ്ണിമാങ്ങയുടെ ചൊണയുറുന്ന വീര്യമുണ്ടാവാം. മാമ്പഴത്തിന്റെ മണമുള്ള മാധു ര്യവും.

''വാക്കിലും മനസ്സിലും പാരുഷ്യമേറുന്നു
മാതുലാ പൊറുത്താലും തീർന്നു മാമ്പഴക്കാലം''

കവിതാ കുടുംബത്തിലെ കാരണവരായ വൈലോപ്പിള്ളിയെ ഓർത്ത് സച്ചിദാനന്ദൻ ഇതെഴുതിയപ്പോൾ മാവിൻ ചുവടും മാമ്പഴക്കാലവും തമ്മിൽ കുറേയേറെ അന്തരമുണ്ടായി. സമത്വ സുന്ദരമായ ഒരു കാലഘട്ട ത്തിന്റെ കരുതലും സ്നേഹവായ്പും ഒക്കെ വിളംബരം ചെയ്യുന്ന മാനവ ജീവിതത്തിന്റെ നൻമയാണ് മാമ്പഴ ക്കാലം. മാൻചുവടാകട്ടെ ഏത് ഇരുണ്ട കാലത്തും മനസ്സിൽ കിളിർക്കുന്ന മോഹത്തിന്റെ പച്ചപ്പാണ്.

ജീവിതം യൗവ്വന തീക്ഷണവും പ്രേമ സുരഭില വുമാവുമ്പോൾ ഓർമ്മകൾ കൈവള കിലുക്കമാർജിക്കും. ഓർമയുടെ വളപ്പൊട്ടുകൾ ചിലപ്പോഴെങ്കിലും മനസ്സിൽ സുഖമുള്ള വേദനയുടെ പോറലേൽപ്പിച്ചേക്കാം. വിമൂക മായിക്കൊണ്ടിരിക്കുന്ന ജീവിത വീഥിയിലേക്കാണ് ഓർമ്മകളെ വളകിലുക്കമായിട്ട് വരാൻ കവി ക്ഷണിക്കുന്നത്. ''ആകാശവുമെന്റെ മനസ്സും പൂപ്പൊലി പാടുന്നു''. എന്നും ''ആകാശവുമെന്റെ മനസ്സുമൊഴിഞ്ഞു കിടക്കുന്നു''. എന്നുമുള്ള രണ്ടവസ്ഥയെക്കുറിച്ചും മറ്റൊരു കവിതയിൽ ഒയെൻവി പാടിയിട്ടുണ്ട്. ഒരിക്കൽ പൂപ്പൊലിപാടി രസിച്ച നാളുകളെയാണ് എല്ലാവരും ഓർമ്മകളുടെ തിരുമുറ്റ ത്തും മാവിൻ ചുവട്ടിലും തേടുന്നത്' വളകിലുക്കമായ് ശ്രവിക്കാൻ കൊതിക്കുന്നതും ഇതുതന്നെ.

മനുഷ്യ ജീവിതത്തിന്റെ ഏറ്റവും സമ്മോഹനമെന്ന് പറയാവുന്ന മൂന്നവസ്ഥകളായ ബാല്യം കൗമാരം യൗവ്വനം ഇവയെക്കുറിച്ചുള്ള ഓർമ്മകൾ എക്കാലത്തും ആരേയും മോഹിപ്പിക്കുന്നവ തന്നെ. വേദനിപ്പിക്കുന്ന താണെങ്കിൽ പോലും കാലമേറെ കഴിയുമ്പോൾ ആ വേദനകൾപോലും നമുക്ക് മധുരിക്കുന്നത് എന്തുകൊ ണ്ടാണ് ? ജീവിതം അത്രമേൽ ക്ഷണികമായതുകൊണ്ടോ? ആവാം ഒടുവിൽ ഒയെൻവിക്ക് പറയാനുള്ളത് എന്നും ഒരു കാര്യം മാത്രമാണ് എല്ലാം വെറുതെയാണെന്ന്! കവിയുടെ 'വെറുതെ' വെറുമൊരു വെറുതെയല്ല ഈ 'വെറുതെകൾ' ചിലപ്പോഴെങ്കിലും ചേതനയെ ഉണർ ത്താനുള്ള ഊർജ്ജമായി പരിണമിക്കാറുണ്ട്. അല്ലെങ്കിലും കാൽപനികത കാലൂന്നുന്നത് 'വെറുതെ'കളിലാണല്ലോ.

'വെറുതെയീ മോഹങ്ങളെന്നറിയുമ്പോഴും
വെറുതെ മോഹിക്കുവാൻ മോഹം' ഇങ്ങനെ വെറുതെ മോഹിക്കുവാൻ ഒരു മോഹം കൂടി ഇല്ലാതാവുമ്പോഴാണ് ആകാശവും മനസ്സും ഒഴിഞ്ഞ് കിടക്കുന്ന ജഡാവസ്ഥയിലേക്ക് ഏവരും എത്തുന്നത്. ആ ജഡാവസ്ഥ തന്നെയല്ലേ ഒരർഥത്തിൽ വാർധക്യം!

ഒടുവിൽ ഞാനും എന്റെ ഓർമ്മകളുടെ തിരുമുറ്റത്തേക്ക് വരുകയാണ് ഇല്ലാത്ത നെല്ലിമരം തേടി, ഇല്ലാത്ത കിണർ വെള്ളം തേടി ഒരിക്കലും വിരിയാത്ത മാമ്പൂവിന്റെ മരച്ചുവടും തേടി അവിടെ ഒരു പെൺകൊടിയുടെ വളകിലുക്കം കേൾക്കുമോ? എല്ലാം വെറുതെയാണെന്നറിയാം പക്ഷേ ഒന്നും വെറുതെയാവില്ല എന്നതോന്നൽ എന്നിൽ ചൈതന്യമിറ്റിക്കുന്നു. അതു കൊണ്ട് ആകാശവും എന്റെ മനസ്സും ഒഴിയുന്നില്ല. അവിടെ പൂപ്പൊലിപാടിക്കൊണ്ടേയിരിക്കുന്നുമരണനാളെത്തുന്നവരേക്കും. ■



# പച്ച തവള

**ഡോ. അജിത സി.**
എൻ.എ.എസ്. കോളേജ്, മഞ്ചേരി



തികച്ചും ഗൗരവകാരനായ ഭർത്താവും, കർക്കശക്കാരനായ മേലുദ്യോഗസ്ഥനുമായ മോഹനകൃഷ്ണന്റെ നിഘണ്ടുവിൽ 'സ്വപ്ന' മെന്ന പദത്തിന് ഒരിക്കലും സ്ഥാനമുണ്ടായിരുന്നില്ല. പക്ഷേ ..കഴിഞ്ഞ കുറേ ദിവസങ്ങളായി ഇരുണ്ട പച്ചനിറമുള്ള ഉണ്ടക്കണ്ണൻ തവളകൾ അയാളുടെ ഉറക്കം കെടുത്തുന്നു. കണ്ണടച്ചാൽ പേക്രോം...പേക്രോം....എന്ന് ഒരായിരം തവളകൾ ഒന്നിച്ചു കരയുന്ന ശബ്ദം അയാളെ ഭ്രാന്ത് പിടിപ്പിക്കുന്നു. ആ രാത്രിയും അയാൾ സിഗരറ്റിന്റെ പുകയിൽ തന്റെ തവള പേടിയെ പറത്തിക്കളഞ്ഞ് കൊണ്ട് നേരം വെളുപ്പിച്ചു. രാവിലെ സിങ്കപ്പൂരിലേക്കുള്ള ഒഫീഷ്യൽ ട്രിപ്പ് ക്യാൻസൽ ചെയ്ത് മോഹനകൃഷണൻ നേരെ പോയത് ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. രമേഷ് നാരായണന്റെ അടുത്തേക്കാണ്. എന്തേ പെട്ടെന്ന് സിങ്കപ്പൂർയാത്ര വേണ്ടെന്ന് വെച്ചതെന്ന് സീമ സൗമ്യതയോടെ ചെദിച്ചെങ്കിലും അയാൾ

അത് കേട്ടതായി നടിച്ചില്ല. മോഹനകൃഷ്ണന്റെ, കാരണമില്ലാതെ കടിച്ചുകീറാൻ വരുന്ന സ്വഭാവം അറിയാവുന്നത്കൊണ്ട് സീമ അതേക്കുറിച്ച് മറ്റൊന്നും ചോദിച്ചില്ല. പെണ്ണ് അത് ഭാര്യയായാലും ഒരു വിളിപ്പാടകലെ നിർത്തണമെന്നതായിരുന്നു മോഹനകൃഷ്ണന്റെ വീക്ഷണം. ഗൗരവപൂർണ്ണമായ കാര്യങ്ങൾ അയാൾ ഒരിക്കലും ഭാര്യയുമായി പങ്ക്വെക്കാറില്ല. പ്രത്യേകിച്ചും ഗ്രാമീണ സ്ത്രീയായ സീമയെ തനിക്കൊപ്പം കാണാൻ അയാൾക്കൊരിക്കലും കഴിയാറില്ല. അത് കൊണ്ട് അവളുടെ എം.ടെക് ബിരുദം പോലും മോഹനകൃഷ്ണന്റെ ഭാര്യാപദം അലങ്കരിക്കുന്നതിനുള്ള ഒന്ന് മാത്രമായി ഒതുങ്ങി.

വിവാഹത്തിന്റെ മൂന്നാം വാർഷികം പിന്നിട്ടിട്ടും ദില്ലിയിൽ കോണാട്ട് പ്ലേസിലുള്ള മോഹനകൃഷ്ണന്റെ ഫ്ലറ്റിന്റെ അകത്തളങ്ങൾ കിളിക്കൊഞ്ചലുകളാൽ മുഖരിതമാകാതെ മൗനത്തിലാഴ്ന്നു കിടന്നു. മോഹനകൃഷ്ണന്റെ ഔദ്യോഗിക തിരക്കുകളും യാത്രകളുംമാണ് ഒരു പരിധിവരെ ഈ അവസ്ഥക്ക് കാരണം. പിന്നെ കിടക്കറയിൽ പോലുമുള്ള അയാളുടെ യന്ത്രവേഗങ്ങൾ സീമയെ തീർത്തും മടുപ്പിച്ചിരുന്നു. സിഗരറ്റ് മദ്യം, വിലകൂടിയ സ്പ്രേകളിൽ അലിഞ്ഞ രൂക്ഷമായ വിയർപ്പ് മണം....ഇവയെക്കെയുണ്ടാക്കുന്ന ഓക്കനങ്ങൾ പുറത്ത് വരാതിരിക്കാൻ സീമ കിണഞ്ഞ് പരിശ്രമിച്ചിരുന്നു.

ഡോ. രമേഷ്നാരായണൻ നിറഞ്ഞ പുഞ്ചിരിയോടെ അയാളെ എതിരേറ്റു. പറയൂ...............മിസ്റ്റർ മോഹനകൃഷ്ണൻ ! ഞാനെന്താണ് ചെയ്തുതരേണ്ടത്?.

'വാട്ട് എ സർപ്രൈസ്.............താങ്കൾ എന്നെ അറിയുമോ..? അതെങ്ങനെ...........

'ദില്ലിയിലെ ബിഗ് ബിസ്സിനസ്സ് മാഗ്നറ്റ് ആയ താങ്കളെ ആരാണ് അറിയാത്തത്... അതിരിക്കട്ടെ വന്ന കാര്യം പറഞ്ഞോളു...

'ഡോക്ടർ...എന്റെ പ്രശ്നം താങ്കൾക്ക് നിസ്സാരമായി തോന്നാമെങ്കിലും എനിക്കത് താങ്ങാനാകാതായിരിക്കുന്നു. ഞാൻ വിഷയത്തിലേക്ക് വരം. കഴിഞ്ഞ കുറേ നാളുകളായി ഞാനെന്നും തവളകളെ സ്വപ്നം കാണുന്നു, അതും ഇരുണ്ട പച്ചനിറമുള്ള തവളകൾ....കുറേ തവളകൾ ഒന്നിച്ച് ശബ്ദമുണ്ടാക്കുന്നത്, മുറിനിറയെ ചാടി നടക്കുന്ന തവളകൾ....കണ്ണുരുട്ടി പേടിപ്പിക്കുന്ന തവളകൾ അങ്ങനെ അങ്ങനെ വിചിത്രമായ സ്വപ്നങ്ങൾ! ഞാനുറങ്ങിയിട്ട് ദിവസങ്ങളായി ഡോക്ടർ. പ്ലീസ് ഹെൽപ് മി....സേവ് മി ഫ്രം ദിസ് ഡേർട്ടി ഫ്രോഗ്സ്' അയാളത് പറഞ്ഞ് നിർത്തിയപ്പോഴേക്കും അയാളുടെ മുഖം വിവർണ്ണമാകുന്നതും നെറ്റിയിലൂടെ വിയർപ്പ്ചാലുകൾ ഒഴുകുന്നതും, കണ്ണുകൾ പേടികൊണ്ട് പുറത്തേക്ക് കൂടുതൽ തള്ളിവരുന്നതും ഡോ.രമേഷ് നാരായണൻ സാകുതം നോക്കിയിരുന്നു.

'താങ്കൾ എന്നു മുതലാണ് ഇത്തരം സ്വപ്നങ്ങൾ കാണാൻ തുടങ്ങിയത് എന്ന് ഓർക്കുന്നുണ്ടോ? പിന്നെ ഇങ്ങനെ "തവള" എന്നൊരു ഇമേജിലേക്ക് താങ്കൾ കൂടുതൽ കോൺസൻടട്രേറ്റ് ചെയ്യാനുള്ള എന്തെങ്കിലും സംഭവങ്ങൾ.....?

എന്നു മുതലാണിങ്ങനെ സ്വപ്നം കണ്ടു തുടങ്ങിയതെന്ന് കൃത്യമായി ഓർക്കുന്നില്ല. പക്ഷേ ...'തവള' എന്ന ഇമേജ് മനസ്സിൽ വരാനുള്ള ചില കാര്യങ്ങളുണ്ടായിട്ടുണ്ട്. ഞാനെന്റെ ഭാര്യയിൽ നിന്നും തുടങ്ങട്ടെ. മൂന്ന് വർഷം മുമ്പാണ് ഞാൻ വിവാഹിതനായത്, കേരളത്തിൽ വടക്കൻ മലബാറിൽ നിന്നുള്ള എം.ടെക് ബിരുദക്കാരി സീമ നായർ എന്റെ ജീവിതത്തിലേക്ക് കടന്നു വന്നുവെന്നതൊഴിച്ചാൽ വിവാഹം എന്നിൽ പ്രത്യേകിച്ചൊരു മാറ്റവും വരുത്തിയിരുന്നില്ല. എന്റെ ജോലിതിരിക്കുകളിലും, യാത്രകളിലും പലപ്പോഴും ഭാര്യ ഒരു ബുദ്ധിമുട്ടായി തോന്നുകയും ചെയ്തിട്ടുണ്ട് എന്നതാണ് സത്യം. ജീവിതത്തിൽ എന്നും വേഗങ്ങളേയും ആധുനികതയേയും ഇഷ്ടപ്പെടുന്ന എനിക്ക് ഇതിനോടൊന്നും കമ്പമില്ലാത്ത ഭാര്യയെ ഉൾക്കൊള്ളാൻ തന്നെ കഴിയാറില്ല. അതുകൊണ്ട് മൂന്ന് വർഷം കഴിഞ്ഞിട്ടും പരസ്പരം ഇഴുകിച്ചേരുന്നവിധത്തിലുള്ള ഒരു ആത്മബന്ധമൊന്നും ഞങ്ങൾ തമ്മിലില്ല. ഭാര്യ ഭർത്താക്കന്മാരായി അങ്ങനെ ജീവിച്ചു പോകുന്നുവെന്ന് മാത്രം.

എക്സ്ക്യൂസ് മീ...ഇടയിൽ ഒന്ന് ചോദിക്കട്ടേ...മോഹനകൃഷ്ണൻ ദേഷ്യക്കാരനും, ഭാര്യ ശാന്തസ്വഭാവക്കാരിയുമാണോ....?

എക്സാറ്റ്ലി ഡോക്ടർ ! യു ആർ റൈറ്റ്

ഓ.കെ താങ്കൾ പറയൂ...............

'ഒരു ദിവസം ഞാൻ രാത്രി വീട്ടിൽ തിരിച്ചെത്തിയപ്പോൾ ഡ്രോയിംഗ്റൂമിലെ ടീപ്പോയിൽ ഒരു വെള്ളക്കടലാസിൽ വലിയൊരു തവളയുടെ ചിത്രം വരച്ചുവെച്ചിരിക്കുന്നത് കമ്ടു. അതു ഇരുണ്ട പച്ച നിറത്തിലുള്ള ഒരു തവള. അന്ന് അൽപം കൂടുതൽ ഡ്രിംഗ്സ് കഴിച്ചിരുന്നത്കൊണ്ട് ഞാനതേകുറിച്ച് കൂടുതലൊന്നും ചിന്തിക്കാതെ പെട്ടെന്ന് ഉറങ്ങാൻ പോയി. പിന്നീടത് മനസ്സിൽ നിന്നും പോവുകയും ചെയ്തു. രണ്ട് ദിവസം കഴിഞ്ഞ് ഒരു പ്രഭാതത്തിലാണ് ജനലിലെ പുതിയ കർട്ടൻ ഞാൻ ശ്രദ്ധിച്ചത്. ഇളം മഞ്ഞനിറത്തിലുള്ള തുണിയിൽ പച്ചനിറത്തിലുള്ള നാലഞ്ച് തവളകളുടെ ചിത്രങ്ങൾ ഭംഗിയായി തുന്നിച്ചേർത്തിരുന്നു.

അപ്പോഴാണ് അന്ന് രാത്രിയിൽ കണ്ട തവളയുടെ ചിത്രം ഓർമ്മ വന്നത്. അത്തരം നിസ്സാര കാര്യങ്ങളിൽ സമയം നഷ്ടപ്പെടുത്താനില്ലാത്തത് കൊണ്ട് അന്നേരവും അതേകുറിച്ച് കൂടുതലൊന്നും ചിന്തിച്ചില്ല. ഇത്തരം സില്ലിയായ ചിന്തകൾ ഒരു നിമിഷമെങ്കിലും മനസ്സിലെത്തിയല്ലോയെന്ന് സ്വയം പുച്ഛം തോന്നുകയും ചെയ്തു.

പിന്നീട് ഏകദേശം ഒരാഴ്ചകഴിഞ്ഞുകാണും ഞാനൊരു യാത്രപോയി തിരിച്ചുവന്ന് സ്വീകരണമുറിയിലെ ദിവാൻ കോട്ടിൽ ഒന്ന് വിശ്രമിക്കുമ്പോഴാണ് കാലിൽ വല്ലത്തൊരു തണുപ്പ് അനുഭവപ്പെട്ടത്. ഞാൻ ചാടി.യെഴുന്നേറ്റ് നോക്കിയപ്പോൾ ഒരു ഇരുണ്ടപച്ച തവള ചാടി ചാടി ദൂരേക്ക് പോകുന്നു. കുറച്ച് നേരത്തേക്ക് ഞാനൊന്ന് പതറിപ്പോയി . ഇത് തോന്നലാണോ വാസ്തവമാണോ യെന്ന് തിരിച്ചറിയാൻ രണ്ട് നിമിഷം എടുത്തു. അത് വാസ്തവമാണെന്ന് ബോധ്യപ്പെട്ടപ്പോൾ ഞാനാകെ അതിശയിച്ചുപോയി. ഇത്ര തിരക്കുള്ള സിറ്റിയി

ലെ ജനങ്ങൾ തിങ്ങി പാർക്കുന്ന പ്രദേശത്തെ ഫ്ളാറ്റിൽ എവിടെ നിന്നാണ് പെട്ടൊന്നൊരു തവള വന്നത്?. ഞാനതിനെ ചെരുപ്പുകൊണ്ട് ശബ്ദമുണ്ടാക്കി പുറത്തേക്ക ഓടിച്ച് വിട്ടു. പിന്നീടങ്ങോട് ഏതാണ്ട് എല്ലാ ദിവസവും ഞാനതിനെ ഏതെങ്കിലുമൊരു നേരത്ത് കാണുന്നത് പതിവായി. ഒരു ദിവസം ഞാനൊരു വടിയെടുത്ത് അതിനെ അടിക്കാൻ തുടങ്ങിയപ്പോഴേക്കും എന്റെ ഭാര്യ സീമ ഓടി വന്ന് അതിനെ കൈയ്യിലെടുത്തു.

'പ്ലീസ് മോഹനേട്ട...അതിനെ ഒന്നും ചെയ്യല്ലേ............' സീമയുടെ ശബ്ദം കരച്ചലിന്റെ വക്കോളമെത്തിയിരുന്നു.

സീമ അതിനെയെടുത്ത് മെറൂൺ നിറത്തിൽ പൂവിട്ടുനിൽക്കുന്ന ആന്തൂറിയത്തിന്റെ വലിയ ചട്ടിയിലെ ഇലകൾക്ക് ഇടയിലേക്ക് വെച്ചു. ഇളം മഞ്ഞ നിറത്തിലുള്ള അതിന്റെ വയറിൽ അതിവേഗമുള്ള ശ്വാസത്തിന്റെ ചലനങ്ങൾ നോക്കി മോഹനകൃഷ്ണൻ പകച്ച് നിന്നു.

പിന്നീട് അയാൾ സകലശക്തിയുമെടുത്ത് സീമയുടെ നേരെ നോക്കി അലറി 'ആരാണ് ഈ വൃത്തികെട്ട ജീവിയെ ഇങ്ങോട്ട് കൊണ്ടുവന്നത്?.

സീമ ഉത്തരമൊന്നും പറയാതെ നിസ്സഹായതയോടെ അയാളെ നോക്കി നിന്നും.

ആ ദിവസങ്ങളിലെപ്പോഴോ ആണ് മോഹനകൃഷ്ണൻ തവളകളെ സ്വപ്നംകണ്ട് പേടിച്ച് ഉണരാൻ തുടങ്ങിയത്.

'മിസ്റ്റർ മോഹനകൃഷ്ണൻ ...എനിക്കിപ്പോൾ കാര്യങ്ങൾ മനസ്സിലാകുന്നുണ്ട്. താങ്കൾ ഇനിയും കഥ തുടരണമെന്നില്ല. യു ആർ പെർഫെക്ടലി ആൾ റൈറ്റ്. താങ്കളുടെ സ്ഥാനത്ത് ഞാനായിരുന്നാലും ഒരു പക്ഷേ ഈ സാഹചര്യത്തിൽ തവളകളെ സ്വപ്നം കണ്ടേന്നിരിക്കും. താങ്കളുടെ ഭാര്യക്കാണ് പ്രശ്നം. താങ്കൾ പോയിട്ട് ഭാര്യയെ കൂട്ടി വരൂ' ഡോക്ടർ അയാളുടെ കഥയുടെ ചരട് മുറിച്ച്കൊണ്ട് ഇടയിൽ കയറിപറഞ്ഞു.

ഡോക്ടറുടെ വാക്കുകൾ മോഹനകൃഷ്ണന്റെ ഉത്കണ്ഠയെ ഒന്നുകൂടി വർദ്ധിപ്പിക്കുകയാണ് ചെയ്തത്.

അത്.........ഡോക്ടർ.സീമക്ക്.......അയാൾ വാക്കുകൾക്കായി ബുദ്ധിമുട്ടി.

'താങ്കൾ ഒന്നും പറയണ്ട. ഒന്നും ആലോചിക്കുകയും വേണ്ട നാളെ ഭാര്യെകൂട്ടി വരൂ' ഡോക്ടർ പറഞ്ഞ് നിർത്തി.

പിറ്റേന്ന് ഭാര്യയെയും കൊണ്ട് അയാൾ ഡോക്ടറുടെ അടുത്തെത്തി. ഡോക്ടർ സീമയെ തനിയെ ഒരു മുറിയിലിരുത്തി മോഹനകൃഷ്ണനോട് അടുത്ത മുറിയിലിരിക്കാൻ പറഞ്ഞു.

ഡോക്ടറുടെ സൗമ്യവും സ്നേഹപൂർണ്ണവുമായ ചോദ്യങ്ങൾക്ക് മുമ്പിൽ സീമയുടെ വിചാരങ്ങൾ പ്രവഹിക്കാൻ തുടങ്ങി.

'ഡോക്ടർ ...ഒരു ദിവസം ടി.വിയിൽ ചാനലുകൾ മാറ്റികൊണ്ടിരിക്കുമ്പോൾ ആകസ്മികമായാണ് ഇരുണ്ട പച്ചനിറത്തിലുള്ള തവളകളുടെ ഒരു കാർട്ടൂൺ കണ്ടത്. അന്നേരം പെട്ടെന്നെന്തോ ഞാൻ തവളകളെക്കുറിച്ച് കൂടുതൽ ചിന്തിച്ചു. വെള്ളത്തിലും കരയിലും ജീവിക്കാൻ കഴിയുന്ന ഉഭയജീവിയാണല്ലോ തവള അങ്ങനെയൊരു കഴിവുണ്ടാകുന്നത് എത്ര നല്ലതാണെന്ന് ഞാൻ ആലോചിച്ചു. ഞാനും ഒരു തവളയായിരുന്നെങ്കിൽ ഗ്രാമത്തിലും നഗരത്തിലും ഒരുപോലെ പൊരുത്തപ്പെട്ട് ജീവിക്കാമായിരുന്നു. മൂന്ന് വർഷം ആവുന്നത്ര ശ്രമിച്ചിട്ടും എനിക്കീ നഗര സംസ്കാരത്തെ ഇഷ്ടപ്പെടാൻ കഴിയുന്നില്ല മാത്രമ



ല്ല............ഏതൊരു പെൺകുട്ടിക്കും സ്വന്തമായൊരു തൊഴിൽ വേണമെന്നും സാമ്പത്തിക ഭദ്രതയുണ്ടാകണമെന്നുള്ള എന്റെ കാഴ്ചപ്പാട് മോഹനേട്ടന്റെ ആൺ മേൽക്കോയ്മക്കടിയിൽ ചതഞ്ഞു കിടക്കുകയാണ്. ജീവിതത്തിൽ സ്വാതന്ത്ര്യത്തിന്റെ വർണ്ണ വസന്തങ്ങൾ അന്യമായി തീർന്നുവെന്ന് തിരിച്ചറിഞ്ഞിട്ടും മനസ്സൊട്ടും വഴിപ്പെടുന്നില്ല. അപ്പോഴാണ് ഞാൻ ഉഭയ ജീവയായ തവളയെ സ്നേഹിക്കാൻ തുടങ്ങിയത്. ഇരുണ്ട പച്ചനിറത്തിലുള്ള തവളകളുടെ ചിത്രങ്ങൾ വരച്ചും, ചായം കൊടുത്തും, തുന്നിച്ചേർത്തും ഞാൻ സ്വയമൊരു തവളയായിമാറുകയായിരുന്നു. പൊരുത്തപ്പെടലുകളിലേക്ക് നടന്നടുക്കുകയല്ലാതെ മറ്റൊരു വഴിയുമില്ലെന്ന് തിരിച്ചറിഞ്ഞപ്പോഴായിരുന്നു അങ്ങനെയൊരു തീരുമാനമെടുത്തത്.

തവള പ്രണയം കത്തി നിന്ന ഏതോ ഒരു ദിവസമാണ് പണിക്ക് വരുന്ന കാന്താഭായിയോട് പറഞ്ഞ് ഏറെ കഷ്ടപ്പെട്ട് ഒരു പച്ചതവളയെ സംഘടിപ്പിച്ചത്. സീമയുടെ ചെടിച്ചട്ടികളുടെ നനവിലും കുളിർമയിലും ആനന്ദം കണ്ടെത്തി ആ പച്ചതവള അവളുടെ വളർത്ത് തവളയായിരുന്നു. അങ്ങനെയങ്ങനെ അതിനെ നിരീക്ഷിക്കുന്നത് സീമയുടെ ഹോബിയായി മാറി. തിരക്കുള്ള ബിസ്സിനസ്സ് കാരന്റെ എം.ടെക് ബിരുദമുള്ള ഭാര്യക്ക് മറ്റൊന്നും ചെയ്യാനില്ലായിരുന്നു.

ആ തവള പലപ്പോഴും എന്നെ പിന്നിട്ട വഴികളിലൂടെ ഒരുപാട്ദൂരം കൊണ്ടുപോകാറുണ്ടായിരുന്നു. ചീവീടുകളുടെ ശബ്ദം മാത്രമുള്ള കനത്ത ഇരുട്ടുള്ള രാത്രികളിൽ പെട്രോമക്സിന്റെ വെളിച്ചത്തിൽ വയൽ വരമ്പത്ത് കൂടി പോകുന്ന തവള പിടുത്തക്കാരൻ കൊച്ചാപ്പു............രത്രിയിൽ ചോറ് മതിയായെന്നും, പാല് വേണ്ടന്നു മൊക്കെ കരയുമ്പോൾ അമ്മ പറയും ആ തവളപിടുത്തക്കാർക്ക് കൊടുക്കും 'ദൂരെ മിന്നുന്ന പെട്രോമാക്സ് വെളിച്ചത്തെ ഭയത്തോടെ നോക്കിയിരുന്ന ദിനങ്ങൾ !

തറവാട്ടിലെ കുളത്തിൽ മുത്തശ്ശിക്കൊപ്പം കളിക്കാനിറങ്ങുമ്പോൾ വിടർന്നു നിൽക്കുന്ന ആമ്പൽപൂക്കൾക്കിടയിൽ ഒരു ഛായചിത്രം പോലെ മനോഹരമായ പച്ചതവള...ആമ്പൽപൂപറിക്കാൻ കൈ നീട്ടുമ്പോൾ മാജിക് കാരനെപ്പോലെ വെള്ളത്തിനടിയിലേക്ക് ഊളയിട്ടു പോകുന്ന ആ ചെറിയ ജീവി കൗതുകം നിറച്ചിരുന്ന കൗമാരം.............

ഗോവിന്ദമ്മായുടെ മകനായ ജയേട്ടനോട് പറഞ്ഞാലും തീരാത്ത വിശേഷങ്ങളുമായി ഈറനണിഞ്ഞ വയൽ വരമ്പിൽ നിൽക്കുമ്പോൾ തോടിനടുത്ത് തഴ്ച്ച വളർന്നു നിൽക്കുന്ന പുള്ളിച്ചേമ്പിന്റെ കുട പോലുള്ള ഇലകൾകിടയിലിരുന്ന് ഞങ്ങളെ നോക്കി പേക്രോം............ പേക്രോം.......... എന്ന് കരഞ്ഞിരുന്ന കുത്തിരുണ്ട പച്ചതവള!

അങ്ങനെയങ്ങനെ എത്രയോ ഓർമ ചിത്രങ്ങൾ... ഡോക്ടർ തവള എനിക്കിപ്പോൾ സന്തോഷവും, സമാധാനവും, സുരക്ഷിതത്വവും നൽകുന്നുണ്ട്. മോഹനേട്ടന്റെ സ്നേഹ ശൂന്യത, അവഗണന, തിരക്ക് ഒക്കെ എന്നെ വല്ലാത്തൊരു നിരാശയിലും ശൂന്യതയിലും എത്തിക്കുന്നുണ്ടോ പതുക്കെ പതുക്കെ ഒരു ഉഭയജീവിയായി മാറാൻ എനിക്ക് സാധിക്കുന്നുണ്ട്.

സീമയുടെ വാക്കുകൾ അടുത്ത മുറിയിലിരുന്ന മോഹനകൃഷ്ണൻ കേൾക്കാവുന്ന വിധത്തിലുള്ള സംവിധാനമാണ് ഡോക്ടർ അവിടെ ചെയ്തിട്ടുണ്ടായിരുന്നത്. പെട്ടെന്ന് മോഹനകൃഷ്ണൻ, സീമയും,



ഡോക്ടറും ഇരുന്ന മുറിയുടെ വാതിൽ തള്ളിത്തുറന്ന് അകത്ത് കടന്നു വന്നു. ഡോക്ടറുടെ സാന്നിധ്യം പാടെ മറന്ന് അയാൾ സീമയുടെ കൈകളിൽ മുഖം ചേർത്ത് വിങ്ങിപൊട്ടി. സോറി സീമ... സോറി. ഞാൻ നിന്നെ ഒട്ടും മനസ്സിലാക്കാൻ ശ്രമിച്ചിരുന്നില്ല. നിന്നെയെന്നല്ല........... ഞാനാരെയും മനസ്സിലാക്കാനോ ഇഷ്ടപ്പെടാനോ ശ്രമിക്കാറില്ലായിരുന്നു. എന്റെ ഹൃദയ ശൂന്യത എനിക്കിപ്പോൾ മനസ്സിലാകുന്നുണ്ട്. ഞാൻ കാരണം നീ എന്ത് മാത്രം വേദനിച്ചു. ആ സ്നേഹത്തിന്റെ ഇരുണ്ട പച്ചപ്പുള്ള ആഴങ്ങളിലേക്ക് ഞാനിറങ്ങി വരാം. എനിക്കതിന് കഴിയും. ആ തവളകളുടെ കണ്ണുകലിലെ നിസ്സാഹായതയാണ് നിന്റെ കണ്ണിലും പ്രതിബിംബിക്കുന്നത്. വേണ്ട.....ഇനിയത് പാടില്ല. നിന്റെ കണ്ണുകലിൽ സന്തോഷത്തിന്റെയും, സമാധാനത്തിന്റേയും വേലിയേറ്റങ്ങൾ ഉണ്ടാകണം. 'തവള'യെന്ന ബിംബം തീർത്ത ഫാന്റസിക്കപ്പുറം യാഥാർത്ഥ്യത്തിലേക്ക് ഞാൻ നിന്നെ കൊണ്ടുപോകും. നിന്റെ സ്നേഹത്തിന്റെ തണുപ്പ്, ആർദ്രത ഒക്കെ എനിക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ഡോക്ടർ രമേഷ് നാരായണൻ എവുന്നേറ്റ് വന്ന് അയാളെ ആശ്വാസിപ്പിച്ചു. ''ഡോൺട് ബി സോ ഇമോഷണൽ മോഹനകൃഷ്ണൻ.....കൂൾ ഡൗൺ ....ഇപ്പോൾ നിങ്ങൾ പൊയ്ക്കോളൂ. പക്ഷേ നാളെ രണ്ടുപേരും ഒന്നുകൂടി എന്റെ അടുത്ത് വരണം രണ്ടുപേരോടുമായി കുറച്ചുകൂടി കാര്യങ്ങൾ എനിക്ക് പറയാനുണ്ട്. ഓക്കെ ആ ക്ലീനിക്കിന്റെ പടിയിറങ്ങുമ്പോൾ മോഹനകൃഷ്ണന്റേയും സീമയുടേയും മനസ്സിൽ നിന്നും ആ പച്ചതവള എവിടേക്കോ ചാടി മറഞ്ഞിരുന്നു. ■

# Occupational Health Problems of Traditional Industrial Women Workers

**Dr.Raji Prasad**
NSS College, Cherthala.



### Introduction

The prosperity and happiness of any community is determined by the health of its people. The New Encyclopedia Britanica (Vol.5,15th edition) defines health in human beings as 'the extent of an individual's continuing physical, emotional, mental and social ability to cope with his environment'. In earlier times, women's lesser participation in employment found broad acceptance in society. But the pattern of the work force is now changing. The growing participation of women prompts the question of whether the quality of women's employment is improving. There remains broad segregation between women and men in the workforce, not only within sectors, but also within occupation and the positions occupied by men and women.

A healthy workforce is one of the most important economic assets of a nation. The life expectancy has increased considerably in the past few decades but part of the expected life is also incapacitated owing to morbidity. Therefore, maintaining health is important for an individual at the micro level and for the society at the macro level. Though, health has been considered a fundamental human rights since the Alma Ata Declaration (1978), expenditure on health is often unexpected and can be catastrophic in nature. Healthcare expenditure cuts poor labour force in two ways. Not only do they have to spend a large amount of money and resources on medical care but they are also unable to earn during the period of illness. With increasing number of women in labour force, the effects of work on women's health have recently started to arouse interest among healthcare providers, health and safety representatives and researchers. Women have fewer accidents than men, but more occupational diseases. The health of the in-



dustrial workers in a large measure will be influenced by conditions prevailing in their work place.

Work related health problems of women workers are normally perceived in a wider perspective as they affect the present generation as well as the future generations. Morbidity rates have important gender implications since females consistently report higher acute and chronic morbidity rates than males. However, gender differentials were significantly lesser in females who were having relatively longer life span than males, which was rather surprising . Analyzing the common problems faced by the women workers in the labourforce , it is found that most of the health problems are related to the work environment conditions adopted by the industrial units. As a consequence, an increasing economic burden is suffered by the poor women workers.The work related diseases of women are therefore, more dangerous, as they affect not only the present but also the future generations.

**Women and Health**

The level of women's health is one of the major factors determining their ability to contribute individually and collectively to a nation's development. Women are not only wives and mothers, but also a vital and valuable member of the society. It means that women themselves must take power in their own hands to shape the direction of their lives and the development of their communities. Hence, women's ability, rights, health needs are all taken into account at every stage.

Women's general health and status are derived from their entire contribution to society, rather than only from reproductive role. Work and work environment plays a pivotal role in the deterioration of women's health. The major occupational diseases/morbidity of concern in India are silicosis, musculoskeletal injuries, coal workers' pneumoconiosis, chronic obstructive lung diseases, asbestosis, bysinosis, pesticide poisoning and noise- induced hearing loss. It is a fact that most women in less developed countries still shoulder extremely heavy physical workloads in the household and outside. Work affects women's bodies and minds in many ways. Workers can gain great satisfaction from their jobs, but they can also be exposed to hazards that can affect their health. Women will be more and more involved in the global workforce in both formal and informal work. In factories and services, in developed and developing countries, women and men are exposed to different physical and psychological stressors such as repetitive work, heavy lifting and monotony (Josephson et al, 1999, Messing, 2004; Acevedo, 2002). Workers spend a quarter to a third of their time at work, the workplace can be seen both as a possible factor in affecting health. The adult population spends up to 60percent of waking hours at work, making the workplace a particularly appropriate setting for health promotion. Development in general and higher per capita incomes are supposed to lead to more





employment in services and shifts from unpaid household work to paid work, which also involve more paid jobs for women. Women's lives at work and at home are strongly interconnected. In industrialized nations, employed women on an average work about 80 hours/ week, compared to about 50 hours/week for their spouses.

Women usually suffer discrimination and sexual harassment more often than men, especially if they enter traditional occupations(Cockburn, 1983; Paoli and Merllie, 2001).Although not many psychological differences between women and men have been demonstrated scientifically, it has been suggested that men have higher self-esteem and confidence and that women are more emotionally expressive(Lindelow and Bildt-Thorbjornsson, 1998). Male-female differences in education, socialization and upbringing may lead to differences in the way workers manage their illnesses (Alexanderson, 1998), their perception of risk (Gustafson, 1998) and the propensity to take sick leave or the seek treatment (Alexanderson et al, 1994, 1996).These effects, coupled with exposure differences and consequent differences in types of illness, may explain why women's work related sick leave lasts longer on average than men's. (Islam et al, 2001).

Health is not just about illness and treatment but is a state of well being free from physical, mental and social stress. A women's health is intricately linked with the social environment in which she lives and works. When one studies women's health one must study not just her biological problems but the whole social process that gives rise to these problems. Given their subordinate position and the fact that they are being constantly discriminated against, one would expect women's health and health care utilization to be substantially low. In developing countries women live, on an average 3 years longer than men. In developed countries, women live an average 7 years longer than men. On an average, women work much longer hours than men. According to International Labour Organization, two-third of the working hours around the world is worked by women because of the combination of various roles in the workplace, in the family and in the society. Although, women generally experience lower death rates than men, they suffer from higher rates of several chronic conditions, including arthritis, high blood pressure, cataracts, chronic sinusitis, hay fever, varicose veins, chronic bronchitis, asthma, hemorrhoids, frequent indigestion and migraines. There are so many factors like, poverty, geographical location, social exclusion based on caste, gender, sexuality, disability interact closely with factors like work, housing, environment, education etc which determines women's health.

**Occupational Health**

Occupational Health is "concerned with those fac-

tors in the work environment which can give rise to ill-health in exposed workers". The ILO also refers to occupational health as being 'concerned with health in its relation to work and the work environment. Occupational health is a multidisciplinary activity aimed at:

- The protection and promotion of the health of workers by preventing and controlling occupational diseases and accidents and by eliminating occupational factors and conditions hazardous to health and safety at work;
- The development and promotion of healthy and safe work, work environments and work organizations;
- The enhancement of the physical, mental and social well-being of workers and support for the development and maintenance of their working capacity, as well as professional and social development at work;
- Enabling workers to conduct socially and economically productive lives and to contribute positively to sustainable development.

Occupational health has gradually developed from a mono-disciplinary, risk-oriented activity to a multi-disciplinary and comprehensive approach that considers an individual's physical, mental and social well-being, general health and personal development. Work exposes individuals to physical, chemical and biological agents who make them vulnerable to accidents and illnesses. Any attempt to understand fully the causes of the health problems consequent upon the processes of industrialization has necessarily to go beyond the immediate causal linkages. WHO defines health as a "state of complete physical, mental and social well-being and not merely the absence of disease or infirmity". According to the WHO study Group on Early Detection of Health Impairment in Occupational Exposure to Health Hazards:

Health........ connotes rather a way of functioning within one's environment(work, recreation, living). It not only means freedom from pain or disease, but also freedom to develop and maintain one's functional capacities. Health develops and is maintained through interaction between the genotype and the total environment. The work environment constitutes an important part of man's total environment, so health is to a large extent affected by work conditions .

BernadinoRamazzini, known as the 'father of industrial medicine', published the first comprehensive book on occupational health, De MorbisArtificumDiatriba (The Diseases of workmen). The book contained accurate descriptions of the occupational diseases of most of the workers of his time. Ramazzini's work had a huge effect on the future direction of industrial hygiene, specifically his assertion that occupational diseases should be studied in the work environment rather than in hospital wards. The most substantial work to be developed in occupational health prior to



the industrial revolution in Europe can be credited to Bernardo Ramazzini. Ramazzini(1770) made recommendations for physicians to take note of the occupation and social situation of working men and women when making a formal diagnosis. This opened up an entirely new branch of medical study, which later became established in the twentieth century.

A number of international organizations work on problems related to occupational health hazards. The major ones include, the World Health Organization(WHO), the International Labour Organization(ILO), the International Programme for Chemical safety(IPCS), the international Commission on Occupational Health (ICOH), the World Safety Organization(WSO) and the Asian Association of Occupational Health(AAOH). But there are very few professional agencies in India, like National Institute of Occupational Health(NIOH), Industrial Toxicology Research Center(ITRC), Central Labour Institute (CLI) are working on researchable issues like Asbestos, Silica related diseases other than Silicosis and Musculoskeletal disorders. The National Government has recognized the need for protecting the health of the workers. To assess the health conditions of the workers, a number of inquiries have been conducted and were submitted to the government of India by many experts. Occupational Health legislation should provide for hygiene and safety at the work place, a list of occupational diseases, compensation for the same and statutory medical examinations for exposed workers. However, there might be laws concerning OH, these may not be adequate or may have problems in being implemented. Moreover, legislations to be effective should include all classes of workers in terms. ■

*1. Early detection of health impairment in Occupational exposure to health hazards. Report of a WHO study Group. Geneva, WHO, 1975 (WHO Technical Report Series No.571).*




# ഗ്രാമീണ ഗവേഷക പുരസ്കാരം

ആലപ്പുഴ എസ്.ഡി. കോളേജ് ജന്തുശാസ്ത്രവിഭാഗം അദ്ധ്യാപകനും ഗവേഷണകേന്ദ്രം മുഖ്യഗവേഷകനുമായ ഡോ. ജി. നാഗേന്ദ്രപ്രഭുവിന് സംസ്ഥാന ഗ്രാമീണ ഗവേഷകസംഗമം 2016ൽ പ്രത്യേക പുരസ്കാരം ലഭിച്ചു. കേരള സംസ്ഥാന ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി കൗൺസിൽ, സി-സ്റ്റെഡ്, കേരള സംസ്ഥാന ഇന്നൊവേഷൻ കൗൺസിൽ എന്നിവർ സംയുക്തമായി കോഴിക്കോട് വെച്ച് മാർച്ച് 9 മുതൽ 11 വരെ സംഘടിപ്പിച്ച പരിപാടിയിലാണ് ഡോ. പ്രഭുവിന്റെ ഗവേഷണങ്ങൾക്ക് പുരസ്കാരം ലഭിച്ചത്. 8 അംഗ സമിതി മുപ്പതിലധികം പ്രോജക്റ്റുകളുടെ പ്രാഥമിക പരിശോധന, പ്രബന്ധാവതരണം, നേരിട്ടുള്ള വിലയിരുത്തൽ എന്നിങ്ങനെ 3 ഘട്ടങ്ങളിലായി നടന്ന മൂല്യനിർണയത്തിനു ശേഷമാണ് അവാർഡ് പ്രഖ്യാപിച്ചത്. സർട്ടിഫിക്കറ്റും അയ്യായിരം രൂപയും അടങ്ങുന്ന പുരസ്കാരം കൗൺസിൽ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ. സുരേഷ്ദാസ് സമ്മാനിച്ചു.

കേരളത്തിലെ ജലാശയങ്ങളിൽ പ്രശ്നകാരികളായി വളരുന്ന കുളവാഴ, ആഫ്രിക്കൻ പായൽ എന്നീ കളകളെ മൂല്യവർധിത ഉൽപന്നങ്ങളായി മാറ്റുന്ന നിരവധി സാങ്കേതിക വിദ്യകൾ വികസിപ്പിച്ചതിനാണ് പുരസ്കാരം ലഭിച്ചത്. ഈ വിഷയത്തിൽ കഴിഞ്ഞ 18 വർഷങ്ങളായി ഗവേഷണങ്ങൾ നടത്തിവരുന്ന ഡോ. പ്രഭുവിന് നിരവധി അന്തർദ്ദേശീയ-ദേശീയ-സംസ്ഥാന അവാർഡുകളും ഫെല്ലോഷിപ്പുകളും ലഭിച്ചിട്ടുണ്ട്. കേരള സർക്കാർ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഫ്ളൈയർ റിസർച്ച് എക്സലൻസ് അവാർഡ് (2015-16) ലഭിച്ചതും ഡോ. പ്രഭുവിനാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെയുള്ള ഗവേഷണ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്.



എ.കെ.പി.സി.റ്റി.എ. സ്ഥാപകനേതാക്കളിൽ ഒരാളും സാമൂഹിക വിമർശകനും സാംസ്ക്കാരിക പ്രവർത്തകനും എഴുത്തുകാരനുമായ പ്രൊഫ. ഐ.ജി. ഭാസ്ക്കരപ്പണിക്കർ നിര്യാതനായി. കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിലെ ഗണിതശാസ്ത്ര അദ്ധ്യാപകനായിരുന്നു. അദ്ധ്യാപകരുടെ ശമ്പളവർദ്ധനവിനും മെച്ചപ്പെട്ട സേവനവേതന വ്യവസ്ഥയ്ക്കും വേണ്ടിയുള്ള പോരാട്ടങ്ങളിലെ മുന്നണിപ്പോരാളിയായിരുന്നു.

**ആദരാഞ്ജലി**



# The light some insight


**Muhammed Sayeed T**

Sir Syed College, Taliparamba




UNESCO, the year 2015 has been declared as international year of light for the contribution Ibn al Haytham, in connection with his famous book Kithabulmanalir of the year 1015 (The Book of optics).His full name is Abu 'Ali al-Hasanibn al-Hasanibn al-Haytham (965-1039 A.D), sometimes called al-Basri (from the city of Basra, his birthplace) or al-Misri (died in Egypt) is more often known in Europe as Alhazen or Alhacen (the latinization of al-Hasan) and Avenatan or Avennathan. Most probably he was born in Basrah in Iraq, and was educated in Baghdad. His father was a civil servant, so al-Haytham was sufficiently well educated. He spent a long period of his life in Cairo during the rule of the Fatimid caliph al-Hakim bi-Amrulla (985-1021 A.D.)

According to UNESCO website report, He held the position of vizier in the government of Basra and he was invited to Cairo during the time of the Fatimid Caliph Al Hakim (1010). He designed a hydraulic project to damp cross the Nile; and after a field visit, he declined to proceed with the project and causing house arrest for 10 years. During and after the arrest he devoted himself to his scientific work until his death5 .From his observations of light entering a dark room, he made major contribution in understanding light and vision. In his book Kitab al-Manazir he describe light phenomenon, optical illusions, the structure of the eye, perspective, atmospheric refractions etc1. Kitab al-Manazir was translated into Latin by the Polish scholar Witelio since 1270. It was widely available in Europe when it was pub-

lished by Frederick Risner at Basel in 1572 as "Opticae Thesaurus,AlhazeniArabislibriseptem

## Early concept of light and vision

In ancient times, light was considered as a "fire" and the Greeks was not interested in light, but on the vision they assumed that the eye produces light and visual ray help the soul to feel the visible world as the touch.

The earliest form of the theory of vision is known as "atomistic intro-mission theory" Leucippus of Miletus (about 490/80-420 B.C.) and Democritus of Abdera (about 460-370 B.C.). They hypothesized that atoms streaming rays in various directions from an object produce visual sensations which entering the eyes of observers. An alternative theory is extramission theory" by pre-Socratic philosophers such as Empedocle of Acragas (about 495/90-435/30 B.C.). They supposed that the eyes send out rays of light to view the objects. Plato (about 427-347 B.C.) tried to unify both the intromission and extramission theories and Aristotle (384-322 B.C.) advanced a "mediumistic theory" by which the eye receives rays and direct them outward. In particular, according to Aristotle, in the process of human vision the object being looked at somehow altered the medium between the object itself and viewer's eye. Thus it was possible to see the object because the medium's alteration propagated to the eye. The extramission theory was reviewed and extended by Claudius Ptolemy (about 85 B.C.-165 A.D.) and Galen (about 129 B.C.-210 A.D.), they proposed the light travel with infinite speed as we see remote objects immediately upon opening our eyes the rays must propagate with infinite speed and further by Euclid of Alexandria (about 325-265 B.C.) That light moves along a straight line, and he formulated the laws about reflection in a mirror (Euclidean geometry). Heron from Alexandria proposed about 60 AD the general hypothesis that light takes the shortest path between two points, and on this basis he was able to reach the same results as Euklid1

YaqubIbnIshaqIbn Sabah Al-Kindi (801-873), known as the "Philosopher of the Arabs" of the medieval period, supported the "extramission" Euclid's theory of visual ray and made some corrections. For instance, he excluded a purely geometric design of the visual ray and considered the rays as three dimensions prints produced by the body. He also considered a theory of ray power: the bright objects emit light in all directions.6

INTERNATIONAL YEAR OF LIGHT 2015

IbnuulHythem examined the theories of Aristotle, Galen and Ptolemy and clashed with the extramission theory and corrected that rays reflected from object and passes straight lines towards the eyes from every point of a visible. This was explained based on his experiment known camera obscura further evidence his evidence was from his observation, when the eyes are injured by a strong light, the observer has a sensation of pain, followed by a persistence of the images he deduced that light must be an external agent which enters the eye and temporary modifies its structure. Moreover he was able to estimate on the size, the distance and the shape of the observed objects7

## The Experiment of IbnulHaythem – Camera obscura

He placed five lanterns outside a dark room with a small hole in it. Five lights were projected onto a wall in the box. By partially blocking the lights outside the box and observing the effect on the images inside the box as shown in the figure 1, he figured out that the straight path of the light caused inversion of the image. He was the first to discover that the projection in his dark room was a complete image of everything the pinhole faced. (website motion picture theory)

When light hits an object it refracts off in straight lines. If that light hits a box with a tiny hole in it, the light is so concentrated that it forms an image on the opposite wall of the box. As the light is traveling in straight lines, the image is upside down, but the color and perspective are perfectly preserved.These boxes are called camera obscura.



(Fig.1 Schematic representation of Camera Obscura)

## Contributions

Ibn al Haytham developed a theory of light, its propagation and its effects as an agent. He clarified



the difference between the propagation of light and the vision, developed a mathematical theory on the model of a solid ball movement thrown against an obstacle associated with a geometric approach (this is similar to the corpuscular theory of Pierre Gassendi -Thomas Hobbes-Isac Newton). For Ibn al Haytham, the eye is an optical instrument and light is an independent physical entity required for visual sensation6

The phenomenon through which heavenly bodies look bigger at the horizon than at the zenith it has been referred to as the "illusion", Al Haytham has been investigated in particularly in the case of the moon and sun. Al-Haytham explained why the moon and the sun appear larger on the horizon. He realized that our brain is deceived by objects like trees, hills or houses on the horizon, into thinking that the moon is getting bigger. According to Ross & Ross al-Haytham was probably the first author to explain the moon illusion by the size-distance invariance principle 10

In the 13th and 14th centuries there was an interest in rainbow. The Persian scholars, Qutb al-Din al-Shirazi (1236-1311 A.D.) and Kamal al-din al-Farisi (1260-1320 A.D.), advanced theories on the rainbow superior to that of al-Haytham. Al-Haytham initial theory concerning rainbow was that it origins by the reflection of light from the sun through clouds, before reaching the eye. Shirazi and Farisi proposed a model where a ray of sun light is refracted twice by a water droplet with one or more reflections occurring between the two refractions. They developed a special field of science forstudying rainbow, it is known as 'ilmqa-usquzah"

## Conclusions

According to bibliographer Al-Qifti he wrote more than 100 books, including 50% in mathematics, 14 in optics, 23 in astronomy, 2 in philosophy, 2 astrology, 3 in static and hydrostatic and 4 on diverse themes. The crater Alhazen on the Moon is named in his honor. As a proof of the relevance of his studies. It is situated on the moon, near the east margin of the Mare Crisium (15.9° N/ - 71.8°/E; diameter 33 km.). Roger Bacon in his book "Astronomae Pars Optica" in the year 1604 cites Alhazen by name and His work on catoptrics also contains the important problem known as Alhazen's problem. ■

References

1. Rosanna GORINI, "Al-Haytham the Man of Experience. First Steps in the Science of Vision", 2003

2. Erik Høg, "650 Years of Optics:FromAlhazen to Fermat and Rømer", Contribution to the symposium: "400 Years of Telescopes", 2008.

3. http://www.1001inventions

4. http://www.historyofinformation.com/expanded.php?id=2414

5. http://www.light2015.org/Home.html

6. https://en.wikipedia.org/wiki/Alhazen

7. Motion Picture History: Camera Obscura, http://blog.hometheatergear.com/theater history/motion-picture-history-camera-obscura/

**കളിയും കാര്യവും**

# കളിയിലൂടെ പഠനം: മാരാരിക്കുളം മോഡൽ

*"മനുഷ്യന്റെ ശ്രേഷ്ഠബുദ്ധിയെ കെട്ടഴിച്ചെടുക്കാനുള്ള ഏകമാർഗ്ഗം കളിയാണ്"*

ജോസഫ് ഷിഫ്ടൺ പിയേഴ്സൺ

**ഡോ. സോണി ജോൺ**
Christ College, Irinjalakkuda



മനുഷ്യന്റെ വളർച്ചയിലും വികാസത്തിലും കളികൾക്ക് മർമ്മപ്രധാന സ്ഥാനമുണ്ട്. കുട്ടികളുടെ ശാരീരിക വളർച്ചയിലും വികാസത്തിലും മാത്രമല്ല ബുദ്ധിപരമായ വികാസത്തിലും കളികൾക്ക് നിർണ്ണായക സ്ഥാനമുണ്ട്. മസ്തിഷ്കകോശങ്ങളുടെ തുടർച്ചയായ ഉദ്ധീപനവും പ്രതികരണവും അവയുടെ വളർച്ചക്കും വികാസത്തിനും അത്യന്താപേക്ഷിതമാണ്. അത്തരത്തിൽ തുടർച്ചയായ ഉത്തമ ഉദ്ധീപന പ്രതികരണ സാഹചര്യങ്ങൾ സൃഷ്ടിക്കാൻ കളികൾക്കുകഴിയുന്നു എന്നതാണ് അവയുടെ പ്രാധാന്യം. പരസ്പരസംവേദനത്തിലൂടെമ സ്തിഷ്കവികാസത്തെ ഏറെ സ്വാധീനിക്കാൻ കളികൾക്ക് കഴിയുന്നു എന്നതുകൊണ്ടുതന്നെ കുട്ടികൾക്ക് സുരക്ഷിതമായ കളിയിടങ്ങൾ ലഭ്യമാക്കേണ്ടത് ഭാവിയിൽ കുട്ടി എന്തായി തീരണമെന്ന കാര്യത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നു.

ബാഹ്യസമ്മർദ്ദമില്ലാതെ സ്വതന്ത്രമായി നടക്കുന്ന പ്രവർത്തി ആയതുകൊണ്ടുതന്നെ കളികൾ കുട്ടികളിലെ നൈസർഗ്ഗിക കഴിവുകളെ പുറത്തുകൊണ്ടുവരുന്നതിന് ഏറ്റവും അനുയോജ്യമാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. സകലജീവജാലങ്ങളുംശൈശവത്തിലുംബാല്യത്തിലും കളികളിലേർപ്പെടുന്നു എന്നത് കാണിക്കുന്നത് കളികൾക്ക് ജീവശാസ്ത്രപരമായി തന്നെ വളർച്ചയിലും വികാസത്തിലുമുള്ള സ്വാധീനത്തെയാണ്. കളികളെ സംബന്ധിച്ച് പല സിദ്ധാന്തങ്ങളും നിലവിലുണ്ട്. കളികൾക്കു കാരണം കുട്ടികളിലെ വർദ്ധിത ഊർജ്ജമാണെന്നാണ് ഒരുമതം. എന്നാൽ വേറെ ചില സൈദ്ധാന്തികർ പറയുന്നത് കളി ഭാവിയിലേക്കുള്ള തയ്യാറെടുപ്പാണെന്നാണ്. ശൈശവത്തിലെ ചലനാത്മകതയുടെ പ്രതിഫലനമായും



ജന്മവാസനകളെ തൃപ്തിപ്പെടുത്താനുള്ള മാർഗ്ഗമായുമെല്ലാം കളിയെ കണക്കാക്കുന്നുണ്ട്. എന്നാൽ ആധുനിക ഗവേഷണത്തിലൂടെ കളികുട്ടികളുടെ ശാരീരിക മാനസിക വികാസത്തിലെ വളരെ പ്രധാനപ്പെട്ട പലഘടകങ്ങളെയും ഗുണപരമായി സ്വാധീനിക്കുന്നതായി തെളിയിക്കപ്പെട്ടിട്ടുണ്ട്. യുക്തി, സൃഷ്ടിപരത, ഭാവന, ചാലകവികാസം, വൈകാരികവികാസം, നാഢീപേശി ഏകോപനം, സാമൂഹ്യവികാസം എന്നിവ ഇവയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നവയാണ്. ഈയൊരറിവിൽ നിന്നാണ് 'കളിയിലൂടെയുള്ളപഠനം' (Learning through Play) എന്ന ആശയം ഉരുത്തിരിഞ്ഞുവന്നത്. കളികളിലൂടെ ലോകത്തെ അറിയുന്നതിനും വ്യക്തിയുടെ വളർച്ചക്കും വികാസത്തിനും അനുയോജ്യമായ സാഹചര്യമൊരുക്കുന്നതിനുമുള്ള മാർഗ്ഗമൊരുക്കുക എന്നതാണ് കളിയിലൂടെയുള്ള പഠനത്തിലൂടെ അതിന്റെ വക്താക്കൾ ഉദ്ദേശിക്കുന്നത്. സമ്മർദ്ദമില്ലാതെ ആമോദത്തോടെ പഠിക്കുന്നതിനും വളരുന്നതിനും ഇതു കുട്ടികളെ സഹായിക്കുന്നു.

കളിയിലൂടെയുള്ള പഠനം എന്ന ആശയത്തിന് നമ്മുടെ നാട്ടിൽ ഏറെയൊന്നും പ്രചാരം ലഭിച്ചിട്ടില്ലെങ്കിലും ഈയൊരാശയത്തെ അടിസ്ഥാനമാക്കി ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം തെക്കു പഞ്ചായത്തിൽ നടപ്പാക്കിവരുന്ന 'ബാലകൈരളി' അംഗൻവാടികൾ ഏറെ പ്രശംസനീയമാണ്. 1999, മെയ് 25ന് പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച 11 ബാലകൈരളി അംഗൻവാടികൾ ഇന്നും കളികളിലൂടെയുള്ള പഠനവുമായി വിജയിച്ചു മുന്നേറുന്നു എന്നത് ഏറെ സന്തോഷകരമായ സംഗതിയാണ്. ഈ പതിനൊന്ന് അംഗൻവാടികളിലായി മുന്നൂറിൽപരം കുട്ടികൾ കളിച്ചുപഠിക്കുന്നു. ഈ പ്രയത്നത്തിനു തുടക്കം മുതൽ ചുക്കാൻ പിടിച്ച്മുന്നേറുന്നത് കേരളവാട്ടർ അതോറിറ്റിയിലെ ജീവനക്കാരനും സാമൂഹ്യപ്രവർത്തകനുമായ ശ്രീ.മോഹൻദാസിന്റെ നേതൃത്വത്തിലുള്ള സംഘമാണ്. പ്രത്യേകം പരിശീലനം നൽകി ഒരുക്കിയെടുത്ത 22 അദ്ധ്യാപകരാണ് കളികളിലൂടെയുള്ള 3 വർഷത്തെ കുട്ടികളുടെ പരിപാലനം മുന്നോട്ടു കൊണ്ടുപോകുന്നത്. 3 വയസ്സുമുതൽ കുട്ടികളെ മുന്തിയ ജോലിക്കു പ്രാപ്തരാക്കാൻ നിർബന്ധിത പഠനം നൽകണമെന്നു നിർബന്ധിക്കുന്ന രക്ഷിതാക്കളുള്ള കേരളത്തിൽ കളികളിലൂടെ യാതൊരുവിധ നിർബന്ധവും ഇല്ലാത്ത രീതിയിൽ നടക്കുന്ന ഈ പഠനരീതിയിലൂടെ പ്രൈമറി തലത്തിലെത്തുന്ന കുട്ടികൾ അക്കാദമികമായി ഉയർന്ന നിലവാരം പുലർത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്.

കളികളിലൂന്നിയ പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത് ചെങ്ങന്നൂർ ഡയറ്റിലെ അദ്ധ്യാപകനായ ഡോ.കലാധരന്റെയും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അഡീഷണൽ പ്രൊഫസറും കുട്ടികളുടെ മനശസ്ത്രജ്ഞനായ ഡോ. ജയപ്രകാശിന്റെയും നേതൃത്വത്തിലാണ്. കുട്ടികൾക്ക് പഠനത്തിൽ താൽപര്യം ജനിപ്പിക്കുക എന്ന തത്വത്തെ അടിസ്ഥാനമാക്കിയാണ് കരിക്കുലം വികസിപ്പിച്ചതെന്ന് ഡോ.ജയപ്രകാശ് പറയുന്നു. കുട്ടികൾ പഠിക്കുന്നത് കളികളുടെ രൂപത്തിൽ ആയതുകൊണ്ടു തന്നെ സമ്മർദ്ദമില്ലാതെ താൽപര്യത്തോടെ പഠന പ്രക്രിയയിൽ പങ്കാളികളാകാൻ അവർക്കു കഴിയുന്നു.അത് പഠനപ്രക്രിയ കാര്യക്ഷമമാക്കാൻ സഹായിക്കുന്നു. തദ്ദേശമായ ജീവിതസാഹചര്യങ്ങൾ കൂടികണക്കിലെടുത്താണ് പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നതെന്ന് അതിൽ മുഖ്യപങ്കാളിയായിരുന്ന ചെങ്ങന്നൂർ ഡയറ്റി



ലെ ലെക്ച്ചററായ ഡോ. കലാധരൻ പറഞ്ഞു. അംഗൻവാടിയിലെ അദ്ധ്യാപകരെക്കൂടി ഉൾക്കൊള്ളിച്ചു കൊണ്ടാണ് പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അതിനായി പ്രത്യേകം വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുകയും കാലാനുസൃതമായ മാറ്റങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എല്ലാപഠനവും നടക്കുന്നത് മലയാളത്തിൽ മാത്രം. കളികളും പാട്ടുകളും കഥകളുമെല്ലാം മാതൃഭാഷയിൽ പഠിക്കുന്നത് കുട്ടികളുടെ സ്വാഭാവികയുക്തിയുടെയും സൃഷ്ടിപരതയുടെയും വികാസത്തെ ഗുണകരമായി തുണക്കുന്നുണ്ടെന്ന് പദ്ധതിയുടെ മുഖ്യസംഘാടകനായ മോഹൻദാസ് പറഞ്ഞു. ഭാഷാവികസനം, ഗണിതംയുക്തിചിന്ത, സംഗീതം, ശാരീരികചലനപരം, ദൃശ്യസ്ഥലപരം, പ്രകൃതിപരം, സാമൂഹിക വൈകാരിക വികസനം എന്നിങ്ങനെ ഒരുവ്യക്തിയുടെ വികാസവുമായി ബന്ധപ്പെട്ട 7 പ്രധാനഘടകങ്ങളെ 76 ഉപഘടകങ്ങളായിതിരിച്ചാണ് പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

ബാലകൈരളിയിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾ മാരാരിക്കുളം പ്രീതികുളങ്ങര പ്രൈമറി സ്കൂൾ ഉൾപ്പെടെയുള്ള 6 സ്കൂളുകളിലായി ഉപരിപഠനംനടത്തുന്നു. ബാലകൈരളിയിൽ നിന്നെത്തുന്ന കുട്ടികൾ യുക്തിചിന്തയിലും സൃഷ്ടിപരതയിലും പ്രശ്നപരിഹാരത്തിലും പൊതുഅറിവിലും മികച്ച നിലവാരം പുലർത്തുന്നുണ്ടെന്ന് പ്രീതികുളങ്ങര സ്കൂളിലെ അദ്ധ്യാപകർ സാക്ഷ്യപ്പെടുത്തുന്നു. ശനിയാഴ്ച്ചകളിലെ ഇംഗ്ലീഷ് ഭാഷപഠനം ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നതിന് ഈ കുട്ടികളെ പ്രാപ്തരാക്കുന്നു. ഈ അടുത്ത് കാലത്ത് സ്കൂളിലെത്തിയ സ്ഥലം എം എൽ എ കൂടിയായ മുൻ ധനകാര്യവകുപ്പുമന്ത്രി ഡോ. തോമസ് ഐസക്കിനെ ഇവിടത്തെ കുട്ടികൾ ഇംഗ്ലീഷിൽ അഭിമുഖം നടത്തുകയുണ്ടായി. കുട്ടികളുടെ പ്രകടനത്തിൽ സന്തോഷവാനായ അദ്ദേഹം സ്കൂളിലേക്ക് ഒരു മിനി ബസ് തന്റെ എം എൽ എ ഫണ്ടിൽ നിന്ന് അനുവദിച്ചു നൽകുകയും ബാലകൈരളിക്കു തുടർന്നും എല്ലാവിധ സഹായങ്ങളും വാഗ്ദാനംചെയ്യുകയും ചെയ്തു. ഭാഷയെക്കാൾ ഉപരിയായി മറ്റു കഴിവുകളാണ് ചെറുപ്പകാലത്ത് മെച്ചപ്പെടുത്തേണ്ടതെന്നും അതിനുചിതമായ മാധ്യമം മാതൃഭാഷയാണെന്ന് തെളിയിക്കുന്നതോടൊപ്പം തന്നെ വിദേശഭാഷ പഠിക്കാൻ മാതൃഭാഷയിലുള്ള പഠനം തടസമല്ലെന്നുകൂടി തെളിയിച്ചിരിക്കുകയാണ് ബാലകൈരളിയിൽ നിന്നും വിദ്യ അഭ്യസിച്ചെത്തുന്ന മിടുക്കർ.

കളികളിലൂടെയുള്ള പഠനം കാര്യക്ഷമതയുള്ള വ്യക്തിളെ വാർത്തെടുക്കാൻ സഹായിക്കുമെന്ന് മാരാരിക്കുളം മോഡൽ നമ്മെ പഠിപ്പിക്കുന്നു. കളികളിലൂടെ പഠനം സ്വതന്ത്രമായി നടത്താൻ കഴിഞ്ഞാൽ പഠനത്തിന്റെ സമ്മർദ്ദമില്ലാതെ തന്നെ മികച്ച രീതിയിൽ പഠനം മുന്നോട്ടുകൊണ്ടു പോകാൻ കഴിയുമെന്ന് തെളിയിക്കുകയാണ് മാരാരിക്കുളത്തെ മോഹൻദാസും കൂട്ടരും. തീർച്ചയായും ഈയൊരു മോഡൽ കൂടുതൽ സ്ഥലങ്ങളിലെ അംഗൻവാടികളിലേക്ക് വ്യാപിപ്പിക്കുന്നതുവഴി കളിയിലൂടെയുള്ള പഠനത്തെ വ്യാപകമാക്കി ചെറുപ്രായത്തിലെ പഠനസമ്മർദ്ദം ഒഴിവാക്കി പഠനത്തെ കൂടുതൽ ആഹ്ലാദകരമാക്കാൻ ഭാവിയിൽ നമുക്കു കഴിയുമെന്നു പ്രതീക്ഷിക്കാം. ■



# എന്റെ രാഷ്ട്രീയം

കുറ്റുവേലി ഡി.വി.എച്ച്.എസ്സിൽ പഠിക്കുന്ന കാലത്ത് എന്റെ സ്വപ്നം ഇതൊന്നുമായിരുന്നില്ല. സാമ്പത്തിക പ്രതിസന്ധികൾ കാരണം പ്ലസ്ടുവിൽ വെച്ച് പഠനം അവസാനിപ്പിക്കേണ്ടിവന്നിട്ടും ഒരു വനിതാപോലീസ് ആകണമെന്ന സ്വപ്നം ബാക്കിനിന്നു. അച്ഛൻ തൊഴിലാളിവർഗ രാഷ്ട്രീയത്തിലുണ്ടായിരുന്നു. ഞങ്ങൾ രണ്ടു പെൺകുട്ടികളെ പഠിപ്പിക്കണമെന്ന് ആഗ്രഹിച്ചിട്ടും അതിനുള്ള സാമ്പത്തികാവസ്ഥ ഇല്ലാതെ പോയി. അപ്പോഴാണ് പോലീസ് വിഭാഗവുമായി ബന്ധപ്പെട്ട ഫിസിക്കൽ ടെസ്റ്റിന് വിളിക്കുന്നത്. പോകരുതെന്നൊന്നും ആരും വിലക്കിയില്ല. പക്ഷേ തിരുവനന്തപുരം വരെ കൊണ്ടുപോകാനും കാരയങ്ങൾ അന്വേഷിക്കാനും പ്രാപ്തിയുള്ള ആളില്ലാത്തതുകൊണ്ട് പോകാൻ സാധിച്ചില്ല. എന്തൊക്കെയോ സമൂഹത്തിനുവേണ്ടി ചെയ്യണമെന്ന മോഹമുണ്ടായിരുന്നു. അതുകൊണ്ടാണ് പോലീസിൽ ചേരാൻ ആഗ്രഹിച്ചത്. നടക്കാതെ പോയ ആ സ്വപ്നം ഇന്നും മനസ്സിൽ വലിയൊരു മുറിവാണ്. പിന്നീട് അച്ഛന്റെ പ്രോത്സാഹനത്തിൽ പതിനേഴാം വയസ്സിൽ പാർട്ടിപ്രവർത്തനത്തിനിറങ്ങി. ബന്ധുക്കൾക്കെല്ലാം വലിയ എതിർപ്പായിരുന്നു. ഒരു പെൺകുട്ടി പൊതുപ്രവർത്തനത്തിനിറങ്ങിയാൽ നല്ല ഭാവി ഉണ്ടാവില്ലെന്നായിരുന്ന അവരുടെയെല്ലാം എതിർപ്പിനു കാരണം. പക്ഷേ അച്ഛന്റെ ശക്തമായ പിന്തുണയുണ്ടായിരുന്നു. രാഷ്ട്രീയം എന്താണെന്നോ അതിന്റെ പ്രവർത്തനരീതി എന്താണെന്നോ ഒന്നും ഒരു ധാരണയും അന്നുണ്ടായിരുന്നില്ല. അയൽവീട്ടിലെ ദിലീപ് എന്ന ഒരു പാർട്ടിപ്രവർത്തകനായിരുന്നു മുതിർന്ന സഹോദരനെപ്പോലെ എല്ലാം പറഞ്ഞുതന്നിരുന്നത്. പാർട്ടിയുടെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുപ്പിച്ചിരുന്നത്. പുത്തനമ്പലത്തെ കേശവഗുരു സ്മാരക ഗ്രന്ഥശാലയുമായി ബന്ധപ്പെട്ടാണ് ആദ്യകാല പ്രവർത്തനങ്ങൾ തുടങ്ങിയത്. പൊതുമേഖലയുമായി ബന്ധപ്പെട്ടുതുടങ്ങുന്നത് അങ്ങനെയാണ്. അവിടെ സംഘടിപ്പിച്ച തുല്യതാക്ലാസ്സുകൾ, കുടുംബശ്രീയുമായി ബന്ധപ്പെട്ട സ്ത്രീകളുടെ കൂട്ടായ്മ

**ദിവ്യ ജ്യോതിഷ്**

ജൈവകർഷക സംസ്ഥാന അവാർഡ് ജേതാവ്.





കൾ, പ്രവർത്തകസമിതികൾ എന്നിങ്ങനെ സംഘാടനത്തിലായിരുന്നു താല്പര്യം. പതിനാറുവർഷം മുമ്പ് ഇന്നത്തെ അവസ്ഥയായിരുന്നില്ല. സ്ത്രീകളെ സംഘടിപ്പിക്കുകയും ബോധവൽക്കരിക്കുകയും ചെയ്യുക പ്രയാസകരമായിരുന്നു. കാരണം അവരുടെ സാധ്യതകളെക്കുറിച്ച് ഒരു തിരിച്ചറിവും ഉണ്ടായിരുന്നില്ല. ഇത്തരം പ്രവർത്തനങ്ങൾക്കിടയിൽ തന്നെ ഞാൻ കയർമേഖലയിലേയ്ക്ക് പോയി. ജീവിതമാർഗം കയറായി. പണിയെടുത്താൽ മാത്രമേ ജീവിക്കാൻ സാധിക്കൂ എന്ന അവസ്ഥയിലേക്ക് എത്തിപ്പെടുകയായിരുന്നു.

പാർട്ടിയും കയർമേഖലയുമൊക്കെയായി കഴിഞ്ഞിരുന്ന എന്റെ ജീവിതം വഴിമാറുന്നത് വിവാഹത്തോടുകൂടിയാണ്. കുടുംബം എന്ന ഘടനയിലേയ്ക്ക് എത്തിയതോടെ യാഥാർത്ഥ്യങ്ങളും മാറിവന്നു. ഭർത്താവ് ജ്യോതിഷിന്റെ വീട്ടിൽ പാർട്ടി അനുഭാവം ഉണ്ടായിരുന്നുവെങ്കിലും അവരെല്ലാം കൃഷിക്കാരായിരുന്നു. അങ്ങനെയാണ് ഞാൻ കൃഷിയിലേക്ക് എത്തിയത്. ഉപജീവനമാർഗം എന്ന നിലയിലാണ് കൃഷി തെരഞ്ഞെടുത്തത്. സ്വർണ്ണവും മറ്റ് സമ്പാദ്യവുമെല്ലാം വിറ്റും പണയപ്പെടുത്തിയും ഞങ്ങൾ ഒന്നരഏക്കർ കൃഷിയിടം വാങ്ങി. ആദ്യമെല്ലാം കനത്ത തിരിച്ചടികളായിരുന്നു. ചിലവുകുറഞ്ഞ മാർഗം നോക്കി പാടം മുഴുവൻ വെണ്ട ചെയ്തു. നൂറ്റിയമ്പതുകിലോ വെണ്ട എങ്ങനെ വിറ്റഴിക്കണം എന്നതിനെക്കുറിച്ച് ധാരണയില്ലാത്തതിനാൽ ഒരുപാടു നഷ്ടങ്ങളുണ്ടായി. പിന്നെ ജ്യോതിഷ് പലസ്ഥലങ്ങളിലും കൊണ്ടുപോയി വിൽക്കുകയാണ് ചെയ്തത്. ഇപ്പോൾ ആളുകൾ നേരിട്ട് തോട്ടത്തിൽ വരുന്ന അവസ്ഥയുണ്ട്. പിന്നീട് കൃഷിഭവന്റെ കീഴിൽ കാർഷിക കർമ്മസേന രൂപീകരിച്ചു. ജ്യോതിഷ് അതിന്റെ പ്രസിഡന്റായി. ട്രാക്ടർ ഓടിക്കുവാനും തെങ്ങുകയറുവാനുമൊക്കെ അങ്ങനെയാണ് ഞാൻ പരിശീലിച്ചത്. കാർഷിക കർമ്മസേന ടെക്നീഷ്യൻ എന്നത് പലരീതികളിൽ എന്നെ സഹായിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ഒരു സ്ത്രീ എന്ന നിലയിൽ. പല തട്ടുകളിൽ ഒരു സ്ത്രീയ്ക്ക് ജീവിക്കേണ്ടിവരും. ഭാര്യ, മകൾ, അമ്മ, മരുമകൾ, പൊതുപ്രവർത്തക എന്നിങ്ങനെ. ഇതനുസരിച്ച് മൈൻഡും പലതലങ്ങളിലായിരിക്കും. ഇതെല്ലാം കൂട്ടിയോജിപ്പിക്കേണ്ടിവരുന്നത് പ്രയാസമുള്ള കാര്യമാണ്. പക്ഷേ ഇതെല്ലാം ഒരു സ്ത്രീയ്ക്ക് വേണം. ഇപ്പോൾ എന്നെ സംബന്ധിച്ചാണെങ്കിൽ എനിക്ക് വീട്ടിലെ കാര്യങ്ങൾ നോക്കണം. പഞ്ചായത്തിൽ ധാരാളം ജോലിയുണ്ട്. അതിനെക്കുറിച്ച് കൂടുതൽ അറിയാത്തതിനാൽ പഠിച്ച് ചെയ്യേണ്ട ജോലികൾ. ഒരു ദിവിസം പോലും പഞ്ചായത്തിൽ പോകാതിരിക്കാനാവില്ല. കൃഷി നോക്കണം. മാർച്ച്-ഏപ്രിൽ മാസങ്ങൾക്കുശേഷം ഒരു ടൈംടേബിൾ ഉണ്ടാക്കണമെന്നാണ് കരുതുന്നത്. ജനസേവനത്തിന് അങ്ങനെ നിശ്ചിതസമയം എന്നൊന്നും നിബന്ധന വെക്കാൻ പാടില്ല എന്നറിയാം. പക്ഷേ ജീവിതമാർഗം കൃഷിയായതിനാൽ അതിനെ ഉപേക്ഷിക്കാൻ വയ്യ.

മണ്ണുമായി ഇണങ്ങി ജീവിക്കുന്നവരാണ് ഞങ്ങ

ളുടെ കുടുംബത്തിലെല്ലാവരും. കീടനാശിനികളെക്കാൾ കൈവളത്തിലാണ് ഞങ്ങൾ വിശ്വസിക്കുന്നത്. ജൈവകൃഷി എന്ന യാഥാർത്ഥ്യത്തിലേക്ക് എത്തിച്ചേരുന്നതിനു പുറകിൽ ഒരത്തിരി നഷ്ടങ്ങളും പ്രയാസങ്ങളുമുണ്ട്. ഞങ്ങൾ കർമ്മസേനക്കാർ ഇവിടെ അടുത്ത് നാലര ഏക്കർ സ്ഥലത്ത് കൃഷിചെയ്തു. അന്ന് തോമസ് ഐസക് സാർ ആ സ്ഥലത്ത് വരുമായിരുന്നു. സാർ അത് സെലിബ്രിറ്റി തോട്ടമാക്കി മാറ്റിയെടുത്തു. ഒരു സെന്റിന് ആയിരം രൂപ എന്നു കണക്കാക്കി ഓരോരുത്തരോടും ഐസക്സാർ തന്നെ വാങ്ങി ആയിരം രൂപ വെച്ച് ശമ്പളം പോലെ ഞങ്ങൾക്കുതന്നു. പൈസ തന്നവർക്കെല്ലാം ജൈവപച്ചക്കറി എന്ന കരാറായിരുന്നു. അത്. ആ സംരംഭം വൻ വിജയമായിരുന്നു. പിന്നെ ആ സ്ഥലം ഞങ്ങൾക്കു കിട്ടിയില്ല. ഐസക്സാറിന്റെ ഇടപെടൽ ഞങ്ങൾക്ക് വലിയ പ്രചോദനമായിരുന്നു. വെറുതെയിരിക്കുവാൻ തോന്നിയില്ല. നമ്മുടെ സ്ഥലത്തുകൃഷിചെയ്തു. സാർ പാടത്തുവരുമായിരുന്നു. തോമസ് ഐസക് സാറുമായുള്ള ബന്ധമാണ് എന്റെയും എന്റെ കുടുംബത്തിന്റെയും വഴിത്തിരിവ്. കേര ഫൈബർ ടെക്സ് എന്ന കമ്പനിയുടെ അഞ്ചര ഏക്കറോളം വരുന്ന ഈ കൃഷിഭൂമി സാർ തന്നെയാണ് ഞങ്ങൾക്ക് എടുത്തുതന്നത്. ഒത്തിരി ലാഭമല്ലഞങ്ങൾ പ്രതീക്ഷിക്കുന്നത്. വരുന്ന ആളുകൾക്ക് വിഷമില്ലാത്ത നല്ല ഭക്ഷണം കൊടുക്കുക. എത്ര നാശങ്ങൾ ഉണ്ടായാലും രാസവളം ഒന്നും ഉപയോഗിക്കാറില്ല. മണ്ണിനോട് അടുക്കുമ്പോൾ കിട്ടുന്ന ഒരു പോസിറ്റീവ് എനർജി- അതുതന്നെയാണ് മണ്ണിന്റെ ഉണർവ്വും. ഒരു വീടിന്റെ കൺട്രോൾ മൊത്തം അമ്മമാരുടെ കയ്യിലാണ്. വീട്ടിലെ അംഗങ്ങളുടെ ആരോഗ്യം, ഭക്ഷണം എല്ലാം. വിഷമില്ലാത്ത ഭക്ഷണം ഉല്പാദിപ്പിക്കേണ്ടത് സ്ത്രീകളുടെ ജോലിയാണ്. ഒരു കുടുംബത്തെയും സമൂഹത്തെയും അനാരോഗ്യം മൂലം ആശുപത്രിയിൽ എത്തിക്കാതിരിക്കാൻ നമ്മളാണ് നോക്കേണ്ടത്. അതാണ് എന്റെ രാഷ്ട്രീയം അടുക്കളയിൽ ഇരിക്കുന്ന സ്ത്രീകൾ പുറത്തേയ്ക്കു വരണം. ഇതൊന്നും എനിക്ക് പറ്റില്ല എന്നു തോന്നിയാൽ നമ്മൾ പുറകോട്ടുതന്നെ പോയിക്കൊണ്ടിരിക്കും 'ഹൗഓൾഡ് ആർ യു' എന്ന സിനിമപോലും വരുന്നത് അങ്ങനെയല്ലേ? സമൂഹവുമായി ബന്ധപ്പെട്ടുനിന്നാലേ സ്ത്രീകൾക്ക് നിലനില്പുണ്ടാകൂ. എന്റെ അനുഭവം അതാണ്.

ഇന്ന് ഞാനും ഭർത്താവും ഭർത്താവിന്റെ പ്രായം ചെന്ന അമ്മയും രാവന്തിയോളം ഈ കൃഷിയിടത്തിലുണ്ട്. ഈ കൂട്ടായ്മയും ഞങ്ങളുടെ സംതൃപ്തികളുടെ വലിയ കാരണമാണ്. സ്റ്റേറ്റ് അവാർഡ് എന്ന സങ്കല്പമൊന്നും എനിക്കുണ്ടായിരുന്നില്ല. ഞങ്ങളുടെ കൃഷി ഓഫീസർ റെജിസാറിന്റെ പിന്തുണയാണ് എനിക്ക് ലഭിച്ച അവാർഡിന്റെ പിറകിലുള്ളത്. കർമ്മസേന ടെക്നീഷ്യൻ കൂടിയായതുകൊണ്ട് ദിവ്യ നിർബന്ധമായും അപേക്ഷിക്കണമെന്ന് പറഞ്ഞ് റെജിസാർ തന്നെയാണ് അവാർഡിന്റെ അപേക്ഷാഫോറം തന്ന് എല്ലാം ചെയ്യിപ്പിച്ചത്. അവർ ഇവിടെ അന്വേഷണത്തിനുവരുമ്പോൾ അടുത്ത കൃഷിയ്ക്കുവേണ്ടി എല്ലാം റെഡിയാക്കുന്ന സമയമായിരുന്നു. ഒരുപാടു ചോദ്യങ്ങൾ ചോദിച്ചു. ഇതിനുമുമ്പ് ചെയ്തുശീലിച്ച അനുഭവത്തിൽ നിന്ന് വളങ്ങളെക്കുറിച്ചുള്ള അറിവ് എനിക്കുണ്ടായിരുന്നു. അനുഭവത്തിൽ നിന്നുള്ള മറുപടികൾ മാത്രമാണ് ഞാൻ പറഞ്ഞത്. അങ്ങനെ



ആഗസ്റ്റ് പതിനൊന്നിന് 'സംസ്ഥാന യുവകർഷക-വനിത' അവാർഡ് എനിക്ക് ലഭിച്ചു. അതുവഴി പല സംഘടനകളുടെയും അനുമോദനച്ചടങ്ങുകളിൽ പങ്കെടുക്കുവാൻ അവസരമുണ്ടായി. ഗവൺമെന്റ് നമ്മളെ അംഗീകരിച്ചതുകൊണ്ടാണ് സമൂഹവും ഞാൻ എന്ന വ്യക്തിയെ അംഗീകരിച്ചത്. പണ്ട് നിന്നുപോയ പാർട്ടി പ്രവർത്തനത്തിലേയ്ക്ക് തിരിച്ചുവരുവാൻ കാരണമായത് ഈ അവാർഡാണ്. കഞ്ഞിക്കുഴി പഞ്ചായത്തിലെ അഞ്ചാം വാർഡിൽ 395 വോട്ടിന്റെ ഭൂരിപക്ഷത്തിൽ എനിക്ക് ജയിക്കാനായത് കൃഷിയ്ക്ക് ലഭിച്ച അംഗീകാരം കൊണ്ടുതന്നെയാണ്. ഈ സംസ്ഥാന അവാർഡ് എനിക്കും എന്റെ കുടുംബത്തിനുമുള്ള അവാർഡാണ്. ഈ പഞ്ചായത്തിനുള്ള അവാർഡാണ്. കാരണം എന്നെക്കാൾ നന്നായി കൃഷിചെയ്യുന്ന ധാരാളം ആളുകൾ കേരളത്തിലുണ്ട്. പക്ഷേ, ഈ മണ്ണിനൊരു പ്രത്യേകതയുണ്ട്. വളക്കൂറില്ലാത്ത, വെള്ളമൂറിപ്പോകുന്ന ഈ ചൊരിമണലിൽ കൃഷിചെയ്യുക എന്നത് ശ്രമകരമായ കാര്യമാണ്. ഇവിടെ അദ്ധ്വാനം കൂടുതലും വിളവുകുറവുമാണ്. കഞ്ഞിക്കുഴി പഞ്ചായത്ത് കൃഷിമേഖലയിൽ തന്നെ ഇന്ന് ഉയർന്നുനിൽക്കാൻ കാരണം അതാണ്. ഈ പഞ്ചായത്തിനു കീഴിൽ ആയതുകൊണ്ടാണ് എനിക്ക് അവാർഡ് ലഭിച്ചത്.

സ്കൂളുകളിലും കോളേജുകളിലും മറ്റു പഠനത്തോടൊപ്പം ജൈവകൃഷിയെക്കുറിച്ചുള്ള ക്ലാസ്സുകളും വേണം. മാതാപിതാക്കൾ പറയുന്നതിനേക്കാൾ അദ്ധ്യാപകർ പറയുന്നതാണ് കുഞ്ഞുങ്ങൾ കേൾക്കുന്നത്. താത്പര്യമുള്ള കുട്ടികളെ സംഘടിപ്പിച്ച് വിദ്യാലയങ്ങളിലെല്ലാം വിഷമില്ലാത്ത കൃഷിത്തോട്ടങ്ങൾ ഉണ്ടാക്കണം. സ്ത്രീകളെല്ലാം അടുക്കളത്തോട്ടങ്ങളുണ്ടാക്കണം. ഒരു നിമിഷം പോലും നമുക്ക് ജീവിതത്തിൽ കളയാനില്ല. ■

*ദിവ്യ ജ്യോതിഷ്: ചേർത്തല കഞ്ഞിക്കുഴി പഞ്ചായത്തിലെ അഞ്ചാം വാർഡ് മെമ്പർ, ജൈവകർഷക. 2015ലെ സംസ്ഥാന അവാർഡ് ജേതാവ്. 'സംസ്ഥാന യുവകർഷക-വനിത'*

**തയ്യാറാക്കിയത്; ഡോ. എൻ. രേണുക**

# A Personal Story about JNU

**Divya S. Anand**

Alumni, JNU



This is a personal story and a political story. The intertwining of my personal and political stories happened in the most formative spaces in my life – Jawaharlal Nehru University. In 2001, I stepped inside the gates of JNU in New Delhi, from a small city in the south of India called Thiruvananthapuram.It was a journey of 1600 miles to a different language, culture, food and religion. I emphasize religion, because I was a practicing Hindu at the time, who belonged to a place where the Hindu bride wears white and came to a place where the Hindu widow wears white.It was also the place where I celebrated north Indian Hindu festivals like Holi for the first time, drank Bhang in the mess, took early morning walks after being up all night, danced the night drinking 'Dhoka cola' or Coke spiked with rum.And yes, both indigenous and mainstream festivals that were diametrically opposite in their flavor and purpose were celebrated with equal fervor.The culture shock I had in my move from Thiruvananthapuram to Delhi was starker than my move from Delhi to Melbourne or Boston.

Up until then I had learnt the canon of English Literature and then unlearnt it inside of the textbooks. So in my Masters' class in my hometown, feminism was taught as something that was to be learnt only inside the four walls of the classroom and not to be practiced for fear of ruining our prospects in the "marriage market". My first forays into the practice of feminism and also a taste of how patriarchy can work within feminism and subvert it, was at JNU.

As a seniorit was alsothe norm to have as many new students as possible to stay in your dorm room until they got their allotted rooms. I had at one time seven students sleeping in my room, five on the floor, two on the bed. I did not know and still don't remember their caste or the particularities of the region they belonged to. On the flip side, it was socially impossible to not share, to be selfish. So even if you had your single dorm room you couldn't have it for yourself unless you wanted to be a social pariah. I was also the recipient of the kindness of many others. I had no computer or laptop to type my thesis and this was far before the days of ubiquitous wifi and smart phones. A friend's friend was open to me using hers from 1 -4 in the morning. And each day I'd handwrite my thesis and take it to her room to type it in. I made the 20-minute walk scared of dogs chasing me or ghosts jumping out of the bushes but never feared any physical harm. Those walks for the

first time were the most liberated and free experiences of my life as a woman. I wonder if that kind of freedom is afforded to women in any other physical space outside of JNU. Looking back at Delhi often known as the 'rape capital of India' JNU seems like an impossible space in more ways than one.

2. Roles and responsibilities of Universities:

a) Identification of competencies and setting up of competency standards,

b) Skill demand analysis and curriculum development.

c) Facilitating training of trainers.

d) Delivery of training, monitoring and evaluation.

e) Participation in examination and certification.

f) Participation in affiliation and accreditation process

g) Support by way of physical, financial and human resources.

h) Facilitating employment of trained graduates

i)Supporting skill development initiatives of other public and private agencies.

j) Implementing apprenticeship schemes.

**Conclusion**

A study by Boston Consulting Group for PHD Chamber of Commerce & Industry has estimated that by 2020 the world will have shortage of 47 million working people but India will have a surplus of 56 million people. In order to reap the benefits of demographic dividend India will have to, therefore, equip this manpower to meet the requirement of skill talent across geographies.

Rather than skills, subject knowledge gets prominence in our system. But, the time demands a system that gives equal prominence for subject knowledge and skills. ■



# ക്യാമ്പസുകളിലെ ഫാസിസ്റ്റ് അധിനിവേശങ്ങൾ


**അർച്ചന കെ.എം.**

എസ്.എൻ. കോളേജ്, നാട്ടിക




ചുമതലാബോധമുള്ള അദ്ധ്യാപക സമൂഹവും, സാമൂഹ്യബോധമുള്ള പൗരൻമാരായി അവർ വാർത്തെടുക്കേണ്ട വിദ്യാർത്ഥി സമൂഹവും ചിന്തിക്കുകയും ആശങ്കപ്പെടുകയും ചെയ്യേണ്ടിയിരിക്കുന്ന ചില ഫാസിസ്റ്റ് പ്രവണതകളിലേക്കാണീ ചൂണ്ടുവിരൽ. അടിച്ചേൽപ്പിക്കുന്ന അച്ചടക്കം, അനുസരണാശീലം, അധികാര വികേന്ദ്രീകരണം, അരാഷ്ട്രീയവാദം, ലിംഗവിവേചനം തുടങ്ങി ഒട്ടനവധി പരമാധികാര/പിതൃമേധാവിത്വ (Patriarchy) സമൂഹ സ്വഭാവസവിശേഷതകൾ എത്തരത്തിൽ ക്യാമ്പസുകളിലേക്ക് കടന്നുകയറുന്നുവെന്നത് അതിസൂക്ഷ്മമായി പരിശോധിച്ചാൽ മാത്രം വെളിപ്പെടുന്ന വസ്തുതകളാണ്. മേൽപ്പറഞ്ഞ ചില കടന്നുകയറ്റങ്ങളിലേക്ക് ചെറിയതോതിലുള്ള ചില തിരനോട്ടങ്ങൾ മാത്രം ഇവിടെ ചർച്ച ചെയ്യാം.

'അച്ചടക്കം' എന്ന അധികാര ശബ്ദത്തെ ചരിത്രത്തോടു ചേർത്തു വായിച്ചാൽ വ്യത്യസ്തങ്ങളായ മാനങ്ങൾ കൈവരിക്കുന്നതായി കാണാം. പലപ്പോഴും ജനാധിപത്യമെന്ന ഓമനപ്പേരിട്ടു വളർത്തിയെങ്കിലും അരാജകത്വത്തിന്റെ പൊരുൾ പതിയിരിക്കുന്ന ചതിക്കുഴിയാണതെന്ന് കാണാൻ നമുക്ക് സാധിക്കും. വില്യം റീഹിന്റെ ജനമനഃശാസ്ത്ര പഠനങ്ങളിലൂടെ കാണാൻ കഴിയുന്നത്, യാന്ത്രികമായ അച്ചടക്കം ശീലിച്ച ഒരു സമൂഹത്തെ ഭരിക്കാനും നിയന്ത്രിക്കാനും എളുപ്പമാണെന്നതാണ്. പരമാധികാര സമൂഹത്തിന്റെ വേരുകൾ ആഴ്ന്നിറങ്ങിയിരിക്കുന്നതും ഇത്തരമൊരു അച്ചടക്കത്തിലേക്കാണെന്നും നാം ഓർക്കണം. ജനാധിപത്യം എന്ന ലേബലിൽ അച്ചടക്കം എന്ന വാക്കിനെ അതിന്റെ പരമകാഷ്ഠയിൽ പ്രയോജനപ്പെടുത്തിയ അഡോൾഫ് ഹിറ്റ്ലറുടെ ഫാസിസ്റ്റ്



വില്യം റീഹ്

നയങ്ങൾ നീണ്ട പന്ത്രണ്ടു വർഷക്കാലം ജനങ്ങൾ താലോലിക്കുകയാണുണ്ടായത്. വ്യക്തികളുടെ നൈസർഗ്ഗിക ക്രിയാത്മകതയെ തകർക്കുന്നതിലൂടെ മാത്രമേ പരമാധികാര സമൂഹത്തിന്റെ വിജയം ഉറപ്പിക്കാനാകൂ. അതിനുള്ള ഉത്തമോപാധിയായി അച്ചടക്കമെന്ന ആശയായുധത്തെ മൂർച്ചപ്പെടുത്തുന്നവർ ആ വാക്കിന് കൃത്യമായ നിർവ്വചനങ്ങൾ നൽകേണ്ടിയിരിക്കുന്നു. നിർബന്ധിത അച്ചടക്കം നടപ്പാക്കുന്ന സാഹചര്യങ്ങളിൽ പുറമേയ്ക്കു കാണപ്പെടുന്ന ശാന്തതയെ സംഘർഷാത്മകമായ ശാന്തത എന്നേ വിശേഷിപ്പിക്കാനാകൂ. എന്നാൽ സ്വാവലംബമായ അച്ചടക്കത്തിൽ ഉപരിതലത്തിലെ ഒച്ചപ്പാടുകൾക്കിടയിൽ ശാന്തമായ ഒരു ഉൾത്തലം അനുഭവവേദ്യമാകും. അറ്റന്റൻസ്, ഇന്റേണൽ മാർക്ക്, പെർഫോർമൻസ് സ്കോറുകൾ തുടങ്ങിയവ പരമാധികാര കാമ്പസുകളിൽ അച്ചടക്കോപാധികൾ മാത്രമായി ചുരുങ്ങുന്നതുമൂലം, മൂല്യാധിഷ്ഠിത വിലയിരുത്തലുകളിൽ നിന്നും അവ പാടേ മാറിപ്പോകുന്നു. ഇത്തരമൊരവസ്ഥയിൽ ഒരേ മാനദണ്ഡങ്ങൾ പലവിധത്തിൽ ഉപയോഗിക്കപ്പെടുന്നു. പ്രതിഷേധ സ്വരമുയർത്തുന്ന അദ്ധ്യാപക-വിദ്യാർത്ഥികൾക്ക് ഇത്തരം മാനദണ്ഡങ്ങൾ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുമ്പോൾ, അനുകൂല നിലപാടുകാർക്ക് ഇവ ഇളവുകളോടെ കണക്കാക്കപ്പെടുന്നു. തന്മൂലം ആഭ്യന്തര മൂല്യനിർണ്ണയമെന്ന പടി കടക്കാൻ ആജ്ഞാനുവർത്തികളായിരിക്കുക ഉത്തമമെന്ന അവസ്ഥ. ഈ രണ്ടു ധ്രുവങ്ങളിൽ പെടാത്ത വിദ്യാർത്ഥി സമൂഹത്തിൽ മാത്രം ന്യായാന്യായങ്ങൾ കൽപ്പിക്കാൻ അദ്ധ്യാപകർക്ക് അവസരം ലഭിക്കുന്നു.

ഇവിടെ ജനാധിപത്യ ക്യാമ്പസുകളുടെ അലങ്കാരമായിരിക്കേണ്ട അധികാര വികേന്ദ്രീകരണത്തെ (decentralisation) ക്കുറിച്ച് നാം ചിന്തിക്കണം. സൂക്ഷ്മമായ വഴികളുള്ള അധികാരം അതിന്റെ പിടിമുറുക്കുന്നത് അധികാര കേന്ദ്രീകരണത്തി (centralisation of power) ലാണെന്നിരിക്കെ, സ്വാശ്രയ തീരുമാനങ്ങളെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം കൂടി നൽകാത്തപക്ഷം അധികാരവികേന്ദ്രീകരണവും തെറ്റായ ഫലങ്ങൾ പുറപ്പെടുവിക്കുന്നു. ജനാധിപത്യം എന്ന് ഉദ്ഘോഷിക്കുകയും, യഥാസമയം അധികാരം ചോർന്നുപോകാതെ ചുരുങ്ങിയ കൈകളിൽ തന്നെ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. ഉദാഹരണമായി പറഞ്ഞാൽ, ഇത്തരമൊരു സംവിധാനത്തിൽ ഒരു നിർദ്ദിഷ്ട കാര്യനിർവ്വഹണത്തിനായി കമ്മിറ്റികൾ രൂപീകരിക്കുകയും അത്തരം കമ്മിറ്റികൾ ഓരോന്നിനും ഓരോ വ്യക്തികളെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ സർവ്വ തീരുമാനങ്ങളും പരമാധികാരി പരിശോധിക്കുകയും സ്വതാത്പര്യവിരുദ്ധമായവ തിരുത്തുകയും പകരം സ്വന്തം തീരുമാനങ്ങൾ മാത്രം അവരിലൂടെ നടപ്പിലാക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ ജോലി ചെയ്യാനുള്ള ഉത്തരവാദിത്വം മാത്രം കമ്മിറ്റികളിലും തീരുമാനമെടുക്കാനുള്ള അധികാരം പരമാധികാരിയിലും നിലകൊള്ളുന്നു. പുറമേയ്ക്കു കാണുമ്പോൾ ജനാധിപത്യമെന്നു വിശദീകരിക്കാവുന്നതും, എന്നാൽ അരാജകത്വപരവുമായ ഒരു ഭരണം ഇവിടെ കാണാം. ഒരു ശുദ്ധ മുതലാളിത്ത വ്യവസ്ഥിതിയുടെ പരിച്ഛേദമായ ഇത്തരം സംവിധാനങ്ങൾ ജനാധിപത്യമെന്ന പേരിൽ പരസ്യം ചെയ്യപ്പെടുന്നു.

ഒരു പരമാധികാര ഭരണകൂടം എത്തരത്തിൽ പൊതുജീവിതത്തിലേക്ക് കടന്നുകയറുന്നുവെന്നതിന് അതിലളിതമായൊരു ഉദാഹരണം വില്യം റീഹിന്റെ പഠനങ്ങൾ പറഞ്ഞുതരുന്നുണ്ട്. ഒരു പോസ്റ്റൽ സംവിധാനത്തിന്റെ സ്വതന്ത്രമായ വ്യാപനത്തെക്കുറിച്ചും ഒരു പരമാധികാര ഭരണകൂടത്തിന്റെ സമാന്തരമായ വളർച്ചയെക്കുറിച്ചും തന്മൂലം, അത്തരമൊരു ഭരണകൂടം എപ്രകാരം തങ്ങളുടെ താത്പര്യങ്ങൾ സമൂഹത്തിലേക്ക് അടിച്ചേൽപ്പിക്കുന്നെന്നും ഉള്ളതിന് വ്യക്തമായ ഉദാഹരണമാണ് വില്യം റീഹ് നൽകുന്നത്. അമ്പതോളം വീടുകൾ മാത്രമുള്ള ഒരു കൊച്ചുഗ്രാമത്തിൽ ഏതാനും ചില കത്തിടപാടുകൾ മാത്രമേ നടക്കുകയുള്ളു. പിന്നീട് ഗ്രാമം വലുതാകുകയും കത്തിടപാടുകൾ വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അതി





*സാലോ, 120 ഡേയ്സ് ഓഫ് സോദോം - പിയർ പൗലോ പസോലിനിയുടെ ചലച്ചിത്രത്തിൽ നിന്നും ഒരു രംഗം*

നുവേണ്ടി മാത്രമായി ഒരാൾ (പോസ്റ്റ്മാൻ) നിയുക്തനാകുന്നു. ഗ്രാമങ്ങളുടെ വളർച്ചയ്ക്കൊപ്പം കുലങ്ങൾ രൂപപ്പെടുകയും അവ ഉന്നതകുലങ്ങളെന്നും നീചകുലങ്ങളെന്നും തരംതിരിക്കപ്പെടുകയും ചെയ്യുന്നു. തന്മൂലം ഉന്നതകുലങ്ങൾ പ്രത്യേകിച്ചും ഒരു ഉന്നത കുടുംബം ഗ്രാമത്തിന്റെ ഭരണം ഏറ്റെടുക്കുകയും ഒരു പിതൃമേധാവി (patriarch) ഉണ്ടാവുകയും ചെയ്യുന്നു. തന്റെ കുലമഹിമയും അധികാരവും നിലനിർത്താൻ സ്വാഭാവികമായും തത്പരനായ ആ പിതൃമേധാവി കുടുംബത്തിലെ മറ്റംഗങ്ങളുടെ മേലും മറ്റു കുലങ്ങളുടെ മേലും അധികാരം വിനിയോഗിക്കുന്നു. പ്രത്യേകിച്ചും അധികാരം സംരക്ഷിക്കുന്നതിനായി അന്തസ്സ്, കുലമഹിമ തുടങ്ങിയവ നിലനിർത്തേണ്ടതായി വരികയും അതിനുവേണ്ടി കുടുംബാംഗങ്ങളിൽ പ്രത്യേകിച്ച് സ്ത്രീകളിൽ ലൈംഗിക നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യുന്നു. അധികാരി കുടംബത്തിലേയോ കുലത്തിലേയോ പെൺകുട്ടിക്ക് മറ്റ് കുലങ്ങളിലുള്ളവരുമായുള്ള ബന്ധങ്ങൾ നിരാകരിക്കുകയും എന്നാൽ ഉന്നതകുലങ്ങളുമായുള്ള ബന്ധം അനുകൂലിക്കുകയും ചെയ്യുന്നു. ഇതോടൊപ്പം പോസ്റ്റൽ സംവിധാനം വളരുന്നതായും മനസ്സിലാക്കണം. ഇപ്പോൾ ഓരോ ഗ്രാമത്തിനും ഓരോ പോസ്റ്റുമാൻ വേണ്ടിവരികയും അഞ്ചോ ആറോ പോസ്റ്റുമാൻമാർ ഉണ്ടാവുകയും അവരുടെ പ്രവർത്തനങ്ങൾ സുഗമമാക്കാനും ഏകോപിപ്പിക്കാനും ഒരു കേന്ദ്ര പോസ്റ്റൽ ഓഫീസർ ഉണ്ടാവുകയും ചെയ്യുന്നു. എല്ലാ കത്തുകളും ഈ കേന്ദ്ര പോസ്റ്റൽ ഓഫീസറുടെ കൈകളിലൂടെ കടന്നുപോകുന്നു. എന്നാൽ മേൽനോട്ടം, ഉത്തരവുകൾ നൽകൽ എന്നിവ ചെയ്യുന്നില്ല. അയാൾ സാമൂഹ്യക്ഷേമത്തിനുതകുന്ന രീതിയിൽ വിവിധ പോസ്റ്റ്മാൻമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു നീങ്ങുന്ന അവസരത്തിൽ, ഭരണാധികാരിയായ പിതൃമേധാവി ഈ സംവിധാനത്തിൽ ഇടപെടുന്നു. തന്റെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടാൻ അയാൾ കേന്ദ്ര ഓഫീസറിലൂടെ കടന്നുപോകുന്ന കത്തുകൾ താൻ കൂടി അറിയണം എന്നു നിർഷകർഷിക്കുകയും തന്മൂലം തന്റെ അധികാര താത്പര്യങ്ങൾക്കു വിരുദ്ധമായവ, അതു പ്രേമലേഖനങ്ങളായിരിക്കട്ടെ, വാണിജ്യ കത്തുകളാവട്ടെ, തടഞ്ഞുവെക്കുകയോ തന്റെ താത്പര്യാനുസരണം മാറ്റങ്ങൾ വരുത്തുകയോ ചെയ്യുന്നു. ഇപ്രകാരമാണ് ജനാധിപത്യസ്വഭാവമുള്ള ഓരോ സംവിധാനത്തിലും പരമാധികാര ഭരണകൂടങ്ങൾ തങ്ങളുടെ അധികാര കടന്നുകയറ്റം നടത്തുന്നത്. ഇങ്ങനെ പരമാധികാര ഭരണകർത്താക്കൾ സമൂഹത്തിനതീതമാകുന്നു.

ഇത്തരം ഭരണസംവിധാനങ്ങളുള്ളതോ, ഇതിനോടു സാമ്യമുള്ളതോ ആയ സ്വാശ്രയ, പ്രൊഫഷണൽ കോളേജുകളുടെ സ്ഥിതി പരിശോധിക്കാം. വിദ്യാഭ്യാസ വ്യവസായവൽക്കരണത്തിന്റെ ഭാഗമായുയർന്നുവന്ന ഇത്തരം സ്ഥാപനങ്ങൾ കനത്ത ഫീസ് ഈടാക്കി മികച്ച ഭൗതിക സൗഹചര്യങ്ങൾ ഒരുക്കുകയും തദനുസൃതമായ ബാഹ്യമോടികളിലൂടെ അച്ചടക്കത്തിന്റേതായ ഒരു അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു. ഇത്തരം സ്ഥാപനങ്ങളിൽ ഫീസ് മുടക്കി പഠിക്കുന്ന വിദ്യാർത്ഥികൾ പരമാധികാര സംവിധാനങ്ങളുടെ വാർപ്പുമാതൃകകളായി കടന്നുവരുന്നു. ഗുണനിലവാരം ഉറപ്പുവരുത്താതെയുള്ള യാന്ത്രികമായ ഈ പൗരനിർമ്മാണം തികച്ചും വ്യക്തിനേട്ടങ്ങളിധിഷ്ഠിതമായ ഒരു സമൂഹനിർമ്മാണത്തിന് വളംവെക്കുന്നു. ഇത്തരത്തിൽ മുതലാളിത്തത്തിലധിഷ്ഠിതമായ ഓട്ടോണമസ് സംവിധാനങ്ങൾ പോലും ജനാധിപത്യത്തിന്റേയും ഉന്നതവിദ്യാഭ്യാസ പുരോഗതിയുടേയും ലേബലിൽ പ്രചരിക്കുന്നു. രാഷ്ട്രബോധമുള്ള, സമൂഹനിർമ്മിതിയിൽ പങ്കുചേരേണ്ട വിദ്യാർത്ഥിസമൂഹം ഇത്തരം മുതലാളിത്ത കടന്നുകയറ്റങ്ങളെ തിരിച്ചറിയേണ്ട കാലം എത്രയോ അതിക്രമിച്ചിരിക്കുന്നു.

ഒരു ഫാസിസ്റ്റ് ഭരണത്തിൻകീഴിൽ രാഷ്ട്രീയമെന്നാൽ ഗുണ്ടായിസവും തമ്മിൽത്തല്ലും മാത്രമായി വ്യാഖ്യാനിക്കപ്പെടുന്നു. എന്നാൽ പ്രത്യയശാസ്ത്രങ്ങളിലധിഷ്ഠിതമായ യാഥാർത്ഥ്യബോധമുള്ള



ഒരു വിദ്യാർത്ഥിസമൂഹത്തെ വാർത്തെടുക്കുന്നതിൽ ഒളിഞ്ഞും തെളിഞ്ഞും അവ വഹിച്ച പങ്ക് നാം സൗകര്യപൂർവ്വം വിസ്മരിക്കുന്നു. സിദ്ധാന്തങ്ങൾ പ്രാവർത്തികമാക്കിയപ്പോൾ വന്ന പിഴവുകൾ, ക്യാമ്പസുകളിൽ നിന്നും അത്തരത്തിലുള്ള പ്രതിഷേധാത്മക നിലപാടുകളെ തുടച്ചുനീക്കിക്കൊണ്ടിരിക്കുന്നു. ഉന്നതിവിദ്യാഭ്യാസ നിലവാരം (ഗുണനിലവാരം?) മെച്ചപ്പെടുത്തുവാനുള്ള യത്നത്തിൽ അത്തരം നിലപാടുകൾ സ്വീകരിക്കാനിടയായ സാഹചര്യങ്ങളെ മാനിച്ചുകൊണ്ടുതന്നെ പറയുകയാണെങ്കിൽ, ഫാസിസ്റ്റ് അധിനിവേശങ്ങളെ പരിപോഷിപ്പിക്കുന്നതിൽ അത്തരം സാഹചര്യങ്ങളുടെ പങ്ക് നിസ്സാരമല്ല. ഉയരുന്ന ശബ്ദങ്ങൾ അടിച്ചമർത്തപ്പെടേണ്ടതാണെന്ന നിഷ്കർഷ ഓരോ ജനാധിപത്യവിരുദ്ധ അധികാരവർഗ്ഗത്തിന്റേയും ആവശ്യകതയാണ്. പുരോഗതി, അച്ചടക്കം, സദാചാരം, ധാർമ്മികത തുടങ്ങിയ അലങ്കാരപദങ്ങൾ ഊന്നുവടികളാക്കി, മുക്കാൽഭാഗത്തോളം വരുന്ന നിഷ്പക്ഷവാദികളായ പൊതുജനത്തിൽ ഇതാണു ജനാധിപത്യമെന്ന മിഥ്യാബോധം വളർത്താൻ ഇത്തരം സാഹചര്യങ്ങൾ ഒട്ടുമുക്കാലും സഹായിച്ചുപോരുന്നു. സ്വാവലംബമായ അച്ചടക്കം, സ്വാശ്രയത്വം, സാമൂഹ്യബോധം തുടങ്ങിയ മൂല്യങ്ങൾ പകർന്നുകൊടുക്കേണ്ട കലാലയങ്ങൾ വെറും കച്ചവടസ്ഥാപനങ്ങളുടെ ചുരുങ്ങിയ തലത്തിലുള്ള ഉത്തരവാദിത്വങ്ങളിലേക്കുള്ള ഒരു പിന്നോട്ടുപോക്കിലാണ്. ആശങ്കാജനകമായ ഈ അവസ്ഥ തിരിച്ചറിയേണ്ട ഭാരിച്ച ഉത്തരവാദിത്വം അദ്ധ്യാപക സമൂഹത്തിനുമുണ്ട്.

അരാഷ്ട്രീയവാദം അഴിച്ചുവിടുന്ന വിപത്തുകൾ മനസ്സിലാക്കാൻ കൃത്യമായ ദീർഘവീക്ഷണവും ചരിത്രപഠനവും ആവശ്യമാണ്. ഒരു പരമാധികാര സമൂഹം നിലനിർത്തുന്നതിനാവശ്യമായ, അതിശക്തമായ ഒരു ഉപാധിയായ സ്വേച്ഛാധികാര കുടുംബവ്യവസ്ഥയിൽ ഗൃഹനാഥനെന്ന പരമാധികാരി തൊഴിൽ ചെയ്ത് കുടുംബവ്യവസ്ഥ നിലനിർത്താനും, അയാളുടെ ആശ്രിതർ തീർത്തും അയാളെ മാത്രം ആശ്രയിച്ചു കഴിയാനും നിർബന്ധിതനാകുന്നു. അയാൾ സ്വന്തം ഉത്തരവാദിത്വച്ചുഴിയിൽ വീണ് രാഷ്ട്ര സമൂഹബോധം നഷ്ടപ്പെട്ട് യാന്ത്രികമായ ധനസമ്പാദനത്തിൽ മാത്രം ഏർപ്പെടുകയും ചെയ്യുന്നു. ഇത്തരമൊരു സമൂഹത്തിൽ ഉടമകളെന്നു തെറ്റിദ്ധരിക്കപ്പെടുന്നവർ ഫാസിസ്റ്റ് ഭരണകൂടങ്ങളുടെ വെറും ചട്ടുകങ്ങളും അടിമകളും മാത്രമാണെന്നു തിരിച്ചറിയാതെ അധികാരിവർഗ്ഗത്തിന്റെ ഇച്ഛകൾക്കനുസൃതമായി മാത്രം വർത്തിക്കുന്ന അരാഷ്ട്രീയ സമൂഹമായി വളരുന്നു. ഈ വളക്കൂറുള്ള മണ്ണിലാണ് അധികാര അധിനിവേശങ്ങൾ നിർലോപനടമാടുന്നത്. ഇത്തരത്തിൽ പ്രതികരണശേഷി നഷ്ടപ്പെടുകയും തീർത്തും ആജ്ഞാനുവർത്തികൾ മാത്രമാകുകയും, വലിയൊരു വിഭാഗത്തെ, പ്രത്യേകിച്ചും സ്ത്രീസമൂഹത്തെ ആശ്രിതരാക്കി വളർത്തിയെടുക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിൽ ജനാധിപത്യാശയങ്ങൾ തെറ്റിദ്ധരിക്കപ്പെടുന്നത് അനായസകരമായ ഒന്നാണ്. ഇത്തരം വസ്തുതകളിലേക്ക് വെളിച്ചം വീശുന്ന യാതൊരു പാഠ്യപദ്ധതിയും നിലവിലില്ലെന്നിരിക്കെ, ഭാവിഭാഗധേയങ്ങൾ തീരുമാനിക്ക

പ്പെടേണ്ട കലാലയങ്ങൾ, ഇത്തരത്തിലൊരു മൂല്യബോധം വളർത്തിയെടുക്കാൻ ഉത്തരവാദിത്വപ്പെട്ടവർ ആരാണെന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.



ഫാസിസ്റ്റു കടന്നുകയറ്റങ്ങളിൽ അങ്ങേയറ്റം ദൗർഭാഗ്യകരമായ മറ്റൊരു പ്രവണതയാണ് വർദ്ധിച്ചുവരുന്ന ലിംഗവിവേചനം. ഒരു പരമാധികാര ഭരണകൂടത്തിന്റെ ഏറ്റവും മൂർച്ചയേറിയ ആയുധമായ ലൈംഗിക അടിച്ചമർത്തലിന്റെ അഗോചരമായ കവചമാണ് ലിംഗവിവേചനം. ഈ അടിച്ചമർത്തപ്പെടുന്ന ലൈംഗികതയുടെ സാമൂഹ്യശാസ്ത്രപരവും, മനഃശാസ്ത്രപരവുമായ ഫലങ്ങൾ അധികാര കേന്ദ്രീകരണത്തെ സുഗമമാക്കുന്നു. എങ്ങനെയെന്നാൽ അടിച്ചമർത്തപ്പെടുന്ന ലൈംഗികത ക്രിയാത്മകതയെ നിശ്ചലമാക്കുകയും യാന്ത്രികമായ അനുസരണാശീലം സുഗമമാക്കുകയും ചെയ്യുക വഴി പരമാധികാര സംവിധാനങ്ങളെ എക്കാലത്തും ശക്തിപ്പെടുത്തുന്നു. ഇത്തരം അടിച്ചമർത്തൽ അതിന്റെ പൂർണ്ണരൂപത്തിൽ നടപ്പിലാക്കുന്നത് സ്ത്രീസമൂഹത്തിനുമേൽ ആണെന്നു ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാം. നവ ലിബറൽ ആശയങ്ങളിലൂടെയും നവോത്ഥാന പ്രസ്ഥാനങ്ങളിലൂടെയും, സ്ത്രീ വോട്ടവകാശം, വസ്ത്രധാരണ സ്വാതന്ത്ര്യം തുടങ്ങിയ ഒട്ടനവധി അപരിഷ്കൃതമായ വിവേചനങ്ങളിൽ നിന്നും കഠിനപ്രയത്നം ചെയ്തു നേടിയെടുത്ത സ്വാതന്ത്ര്യത്തിലൂടെയും ഒരുപാടു ദൂരം മുന്നോട്ടു നടന്ന ഒരു സമൂഹം, സമകാലികമായുയർന്നുവരുന്ന ലിംഗവിവേചന നയങ്ങളിലൂടെ പിറകോട്ടു നടക്കുകയാണെന്നു കാണാം. പുരുഷാധിപത്യ വ്യവസ്ഥിതിയുടെ പ്രതിഛായകളായി മാത്രം നിലകൊള്ളുന്ന ഒരു വിഭാഗം സ്ത്രീ അധികാരികൾ നാമമാത്രമായനുഭവിക്കുന്ന ഉടമാവകാശം മൂലം, പുരുഷമേൽക്കോയ്മ നിലനിൽക്കുന്ന ഒരു സമൂഹത്തിൽ സ്ത്രീ സമൂഹം അനുഭവിച്ചുപോരുന്ന അടിമത്വം തിരിച്ചറിയാതെ, ഇത്തരം ലിംഗവിവേചന നടപടികൾ ശക്തിപ്പെടുത്തുന്നതിനു മുന്നിട്ടിറങ്ങിയിരിക്കുന്ന കാഴ്ച അപഹാസ്യവും പ്രതിലോമകരവുമാണ്. ആരോഗ്യപരമായ സ്ത്രീപുരുഷ ബന്ധങ്ങളും സൗഹൃദങ്ങളും വികസനോന്മുഖമായ ഓരോ സമൂഹത്തിനും അനിവാര്യമെന്നിരിക്കെ, ആൺകുട്ടിയും പെൺകുട്ടിയും ചേർന്നിരുന്നാലോ പ്രണയിച്ചാലോ സർവ്വധാർമ്മികതയും സദാചാരവും നഷ്ടപ്പെടുമെന്നു ഭയക്കുന്ന ഒരു ഇടുങ്ങിയ സദാചാര വേലിക്കകത്തു നിലകൊള്ളേണ്ടവയാണോ കലാലയങ്ങൾ? പെൺകുട്ടികളെ നല്ല അടുക്കളക്കാരികളാക്കാനുള്ള, കൊളോണിയൽ കാലഘട്ടത്തിൽ കാണപ്പെട്ടിരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മാതൃകകളാണോ, ഉയർന്ന സാംസ്കാരിക നിലവാരം അവകാശപ്പെടുന്ന നമ്മുടെ കലാലയങ്ങൾ?

നിരന്തരം ചർച്ചചെയ്യപ്പെടേണ്ടതും അതുവഴി പൊതുജനങ്ങളിലേക്കും വിശിഷ്യ വിദ്യാർത്ഥി സമൂഹത്തിലേക്കും ആഴത്തിൽ വ്യാപിക്കേണ്ട ഒട്ടനവധി ഫാസിസ്റ്റ് പ്രവണതകൾ നമുക്കിടയിലേക്ക് കടന്നുകയറുന്നതിനെക്കരുതി നാം ഭയപ്പെടുകതന്നെ വേണം. ഒരു നാടിന്റെ വികസനം ആ നാടിന്റെ ജനങ്ങളുടെയും പ്രത്യേകിച്ച് യുവജനങ്ങളുടെയും മാനസിക-സാമൂഹിക വികസനം കൂടിയാണ്. മുതലാളിത്ത രാഷ്ട്രങ്ങളിൽ വികസനം കെട്ടിടസമുച്ചയങ്ങളുടെയും അന്തർദേശീയ വിമാനത്താവളങ്ങളുടെയും റോഡുകളുടെയും വികസനത്തിലൂന്നുമ്പോൾ ഒരു ജനാധിപത്യരാഷ്ട്രം, അതിന്റെ ജനതയുടെ വ്യക്തിവികാസത്തിലുംകൂടി കേന്ദ്രീകൃതമായിരിക്കുന്നു. വ്യക്തിവികാസത്തിനു ഊന്നൽ നൽകേണ്ട വിദ്യാഭ്യാസ സംവിധാനങ്ങൾ വിവേചനങ്ങളുടെ വേലിക്കെട്ടുകൾ പൊളിച്ചുമാറ്റാനുതകുന്നതും, നൈസർഗ്ഗിക വികാസത്തിനു വിഘാതമാകുന്ന ഫാസിസ്റ്റ് ആശയങ്ങൾ കടപുഴക്കിയെറിയാനുള്ള ശക്തിപകരേണ്ടവയുമാണ്. യഥാർത്ഥ ജനാധിപത്യമൂല്യങ്ങളിൽ നിലകൊള്ളേണ്ട കലാലയങ്ങളിലേക്കുള്ള ഫാസിസ്റ്റ് കടന്നുകയറ്റങ്ങൾ തിരിച്ചറിയാൻ വിദ്യാർത്ഥികളെ സജ്ജമാക്കുന്ന ഒരു പാഠ്യപദ്ധതി നിലവിലില്ല എന്നതിനാൽ, രാഷ്ട്രബോധമുള്ള ചിന്താശക്തിയുള്ള ഓരോ വ്യക്തിയും ആ യജ്ഞത്തിൽ അണിനിരക്കേണ്ടിയിരിക്കുന്നു. അതിലേക്ക് ഒരു എളിയ കാൽവെയ്പ്പു മാത്രമാണ് ഈ ലേഖനം. ■

ഊർമിള
രണ്ടാംവർഷ രസതന്ത്രം
എം.ജി. കോളേജ്, തിരുവനന്തപുരം



# ഉടൽ ജീവിതം

വെയിൽ കൂന തീർക്കും മരുഭൂമി
അറുതിയിൽ വറ്റാത്ത ഉറവപോൽ
കത്തിയമരും ഞെരിപ്പോടിൻ
തീക്കനലിൽ വേവുന്ന മൌനം
തളരുന്ന കാലുകൾ തെന്നിനീക്കി
വറ്റുന്ന ഉമിനീരിൻ സ്വാദറിഞ്ഞു
അഴുക്കുചാലിൻ ഗന്ധമോടെ
കീറി തുടങ്ങിയ ചേലചുറ്റി
കാത്തിരിക്കുന്നു ഞാൻ വാളുമായി
കൊത്തിപ്പറിച്ചവൻ വിധിയെഴുതാൻ
പിച്ചിചീന്തിയ ഉടലിൽ നിന്നും
ഇറ്റുവീഴും രക്തചുവപ്പാൽ
തീർത്താരോ കയറിൻ തുമ്പത്ത്
നിലയ്ക്കുന്ന ശ്വാസത്തിൻ അളവുകോലിൽ
മേഘപടലങ്ങൾ നീക്കി പെയ്തിറങ്ങും
പെമാരിതൻ തീവ്രതയിൽ
പടുത്തുയർത്തുമെൻ ഉടൽ
പൊൻപ്രഭ ചാലിച്ച ശോഭയോടെ
മങ്ങുന്ന കാഴ്ചകൾ മാറ്റിവെച്ചു
കെട്ടിപടുക്കും മഴവില്ലിൽ
തെളിയുമാ പെണ്ണുടലിൻ
അണയാത്ത കരുത്തിൻ ദീപനാളം





# ചരിത്രത്തെ വീണ്ടെടുക്കുന്ന ഡോക്യുസിനിമ 'തൊഴിൽകേന്ദ്രത്തിലേക്ക്'


**ഡോ. സുനീത ടി.വി.**

സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്




അടുക്കളയിൽ നിന്ന് അരങ്ങത്തെത്തിയ സ്ത്രീ നേരിട്ട ഏറ്റവും വലിയ ചോദ്യം 'ഇനിയെന്ത്?' എന്നതായിരുന്നു. തൊഴിൽ ചെയ്ത് പരാശ്രയമില്ലാതെ ജീവിക്കുക എന്നതായിരുന്നു സ്ത്രീകൾ കണ്ടെത്തിയ ഉത്തരം. അതിനായി 1946ൽ പാലക്കാട് ജില്ലയിലെ ലക്കിടി തിരുത്തിമ്മൽ ഇല്ലത്ത് തൊഴിൽകേന്ദ്രം സ്ഥാപിതമായി. നൂൽനൂൽും നെയ്ത്തും തുന്നലുമൊക്കെ ചെയ്ത് ആളഹാഭിമാനത്തോടെ സ്വാശ്രയ ശീലരായി ജീവിക്കാൻ സ്ത്രീകൾക്കുമാത്രമായ ഒരിടം! കേരളീയസ്ത്രീകളുടെ ആദ്യത്തെ കമ്മ്യൂൺ! തൊഴിൽകേന്ദ്രത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പ്രചരിക്കാനായി അവിടുത്തെ പെൺകൂട്ടായ്മ സൃഷ്ടിച്ച നാടകമാണ് 'തൊഴിൽകേന്ദ്രത്തിലേക്ക്'. തൊഴിൽകേന്ദ്രത്തിന്റെ പിറവിയിലേക്ക് നയിച്ച ഒരു ചരിത്രസംഭവമായിരുന്നു നാടകത്തിന് ആധാരം. കാവുങ്കര ഭാർഗ്ഗവിയെന്ന പതിമൂന്നുകാരിയുടെ ജീവിതകഥയാണത്.

### ധർമ്മവേളി എന്നവില്പന

തലശ്ശേരിയിലെ ഒരില്ലത്തെ മഹാദുഷ്ടനായ നമ്പൂതിരിയുമായി കാവുങ്കരഭാർഗ്ഗവിയുടെ വിവാഹം നിശ്ചയിച്ചു. അച്ഛനമ്മമാരില്ലാത്ത ഭാർഗ്ഗവിയുടെ ഇളയച്ഛൻ ധർമ്മവേളി (സ്ത്രീധനമില്ലാത്ത വിവാഹം) എന്ന പേരിൽ വരനോട് പണം വാങ്ങി ഭാർഗ്ഗവിയെ വിൽക്കാൻ തീരുമാനിച്ചു എന്നു സാരം. ഭാർഗ്ഗവിയുടെ എതിര് വകവെക്കാതെ വിവാഹം നടത്തി. അവരുടെ ദുരിതജീവിതകഥയറിഞ്ഞ അന്തർജ്ജനസമാജം പ്രവർത്തകർ അവരെ അവിടെനിന്നും രക്ഷിച്ചു.

### തൊഴിൽകേന്ദ്രത്തിന്റെ പിറവി

ഭാർഗ്ഗവിയെ പിടിച്ചുകൊണ്ടുപോവാൻ ഭർത്താവിന്റെ ആൾക്കാർ വരുമ്പോൾ രക്ഷപ്പെട്ട് ഒളിച്ചിരിക്കാൻ അവർ പല പല സ്ഥലങ്ങൾ മാറി. ഒടുവിൽ അവരെ സുരക്ഷിതമായി പാർക്കാൻ കൂടിയാണ് പാലക്കാട്ടെ ലക്കിടിയിൽ തൊഴിൽകേന്ദ്രം ആരംഭിച്ചത്. അവിടെ പന്ത്രണ്ടോളം സ്ത്രീകളുണ്ടായിരുന്നു. വിധവകളും രക്ഷപ്പെട്ട് ഓടിയെത്തിയവരും ദരിദ്രരും ഒക്കെയായ സ്ത്രീകൾ. ഭാർഗ്ഗവിയുടെ വിവാഹം പിന്നീട് ഒത്തുതീർപ്പാക്കി.



എം.ജി. ശശി

അവർ നൂൽനൂറ്റും തുന്നൽ്ണി ചെയ്തും അവിടെ ജീവിച്ചു. ഇവർക്കെതിരെ യാഥാസ്ഥിതികർ അപവാദങ്ങൾ പറഞ്ഞു പരത്തി. തൊഴിൽകേന്ദ്രമെന്നാൽ വേശ്യാലയമെന്നായി അക്കൂട്ടർ. തെക്കേടത്തു ഭട്ടതിരി നടത്തിയിരുന്ന 'പതാക' പത്രമായിരുന്നു കുപ്രചരണങ്ങളുടെ കേന്ദ്രം.

## നാടകത്തിൻെറ പിറവി

ഇത്തരം അപവാദപ്രചരണങ്ങളെ ചെറുക്കാനും തൊഴിൽകേന്ദ്രത്തിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ ആളുകളെ അറിയിക്കാനുമായിട്ടാണ് നാടകം തയ്യാറാക്കിയത്. പത്തുരംഗങ്ങളുള്ള നാടകം രണ്ടുപ്രമേയങ്ങൾ അവതരിക്കുന്നു. കാവുങ്കര ഭാർഗ്ഗവിയുടെ പ്രതിരൂപമായ ദേവസേനയെന്ന നമ്പൂതിരിപ്പെൺകുട്ടിയെ കാനറയിലെ സിർസിയിലേക്കു വിൽക്കാൻ തീരുമാനിക്കുന്നതും അന്തർജ്ജനസമാജം പ്രവർത്തകർ അവരെ രക്ഷിക്കുന്നതുമാണ് ഒരു പ്രമേയം. ഭാർഗ്ഗവി തന്നെയാണ് ദേവസേനയായി വേഷമിട്ടത്. വിദ്യാഭ്യാസം നേടിയ ദേവകി അഭ്യസ്തവിദ്യനെങ്കിലും അറുപിന്തിരിനായ ഭർത്താവിനോട് കലഹിച്ച് വീടുവിട്ടിറങ്ങിപ്പോരുന്നതാണ് മറ്റൊരു പ്രമേയം.

നാടകത്തിൽ പുരുഷ കഥാപാത്രങ്ങളെയടക്കം രംഗത്തവതരിപ്പിച്ചത് സ്ത്രീകൾ തന്നെയായിരുന്നു. തളിയിൽ ഉമാദേവി, ഇ.എസ്. സരസ്വതി. ആലമ്പിള്ളി ഉഷ, പി.എം. ശ്രീദേവി, എം.സാവിത്രി, പി. പ്രിയദത്ത, കാവുങ്കര ഭാർഗ്ഗവി, വി.എൻ. ദേവസേന എന്നിവരാണ് രംഗത്തെത്തിയത്. നാടകരചനയും സംവിധാനവും ഒക്കെ ഇവരുൾപ്പെടുന്ന കൂട്ടായ്മ തന്നെയാണ് നിർവ്വഹിച്ചത്. ഇതിന് എം.ആർ.ബിയും എം.എസ്.നമ്പൂതിരിയും സഹായിച്ചു. കവി അക്കിത്തം ഉൾപ്പെടുന്ന ഒരു സംഘം പുരോഗമനാശയക്കാർ പിന്തുണ നൽകി. 1948ലാണ് നാടകം ആദ്യമായി അരങ്ങേറിയത്. ഉടൻ തന്നെ തൃശ്ശൂർ യോഗക്ഷേമം പ്രസ്സിൽ അച്ചടിക്കുകയുണ്ടായി. പത്തിലധികം വേദികളിൽ നാടകം കളിച്ചു.

## ചരിത്രത്തിന്റെ തമസ്കരണം

മലയാളനാടക സ്ത്രീചരിത്രം എഴുതിയ സജിതമഠത്തിൽ 'തൊഴിൽകേന്ദ്രത്തിലേക്ക്' എന്ന നാടകത്തെ അവതരിപ്പിക്കുന്നത് 'ചരിത്രം മറന്ന യോഗക്ഷേമനാടക'മായിട്ടാണ്. ''നവോത്ഥാനനാടകങ്ങളിൽ അവസാനനാടകമെന്നു പറയാവുന്ന തൊഴിൽകേന്ദ്രത്തിലേക്ക് ഒഴികെ മറ്റൊന്നിലും സ്ത്രീകൾ അരങ്ങിൻെറ ഭാഗമായിട്ടില്ല'' അവർ നിരീക്ഷിക്കുന്നു. ഇതിൽ മാത്രമാണ് സ്ത്രീകളുടെ സാന്നിധ്യം പൂർണ്ണമായും കാണാനായത്. പൂർണ്ണമായും സ്ത്രീകളുടെ കൂട്ടായ്മയിൽ രൂപം കൊള്ളുകയും അരങ്ങേറുകയും ചെയ്ത ആദ്യ സ്ത്രീപക്ഷനാടകം എന്ന വലിയ പദവി ഇതിനുണ്ട്. എന്നാൽ ഇങ്ങനെ കേരളീയ നാടകചരിത്രത്തിലും കേരളീയ നവോത്ഥാനചരിത്രത്തിലും ഒക്കെ അതീവ പ്രാധാന്യമർഹിക്കുന്ന ഈ നാടകം തമസ്കരിക്കപ്പെട്ടതെന്തുകൊണ്ട്? മറ്റു നവോത്ഥാന നാടകങ്ങൾ ആഘോഷിക്കപ്പെട്ടപ്പോൾ ഈ നാടകം മറവിയുടെ ദശാബ്ദങ്ങൾ താണ്ടി (1948 മുതൽ ഇങ്ങോട്ട്) 2008 ൽ മാത്രം പുനഃപ്രസിദ്ധീകരിക്കപ്പെട്ടതെന്തുകൊണ്ട്? (പ്രശസ്ത നാടകപ്രവർത്തകനായ എൻ.ആർ.ഗ്രാമപ്രകാശാണ് ഇത് കണ്ടെടുത്ത് പ്രസിദ്ധീകരിച്ചത്.) കാരണങ്ങളിലൊന്ന് നാടകത്തിൻെറ സ്ഫോടനാത്മകമായ ഉള്ളടക്കം തന്നെയായിരുന്നു.

''ഈ നാടകത്തെ ഏറ്റവുമധികം ശ്രദ്ധേയമാക്കുന്നത് നാടകം പുതിയ സ്ത്രീയുടെ മാനസിക സംഘർഷങ്ങൾ ശക്തമായി ചിത്രീകരിക്കുകയും തൻെറ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന കുടുംബാന്തരീക്ഷത്തെ ചോദ്യം ചെയ്യുകയും ചെയ്യുന്നു എന്നതാണ്. സ്ത്രീകൾക്കായുള്ള പൊതുഇടങ്ങൾ, സ്ത്രീകൾ മുൻകയ്യെടുത്തുനടത്തുന്ന സമരങ്ങൾ എന്നിവ നാടകത്തിൻെറ ഭാഗമായി'' സജിതമഠത്തിൽ നിരീക്ഷിക്കുന്നു. ''തൊഴിൽകേന്ദ്രത്തിലേക്ക് ഏതർത്ഥത്തിലും പൂർണ്ണമായ ഒരു വിച്ഛേദമാണ്. സ്ത്രീപക്ഷത്ത് നിൽക്കുന്ന പുരുഷൻെറ രക്ഷാകർത്തൃത്വത്തിൻെറ സാന്ത്വനത്തിനുറം 'തൊഴിൽ കേന്ദ്രത്തിലേക്ക്' തുറക്കുന്നത് ഗാർഹികവത്ക്കരണത്തിൻെറ പ്രത്യയശാസ്ത്രഭീകരതക്കെതിരായ പിൻമടക്കമില്ലാത്ത ഒരു സമരമാണ്. തറവാടിനെയും ഭർത്താവിനെയും സ്വാതന്ത്ര്യത്തിനുവേണ്ടി ത്യജിക്കുന്ന ദേവകിയിലൂടെ ആധുനിക സ്ത്രീസങ്കല്



പത്തിന്റെ കരുത്തും കാന്തിയുമാണ് അജ്ഞാതരായ എഴുത്തുകാരികൾ ആവിഷ്ക്കരിച്ചത്'' കെ.ഇ.എൻ കുഞ്ഞഹമ്മദ് നാടകത്തെ വിലയിരുത്തുന്നു. ''അന്ന് വി.ടിയുടെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന പ്രഹസനം വൈദികാധിപത്യത്തിന്റെ ആയുധശാലക്കാണ് തീ കൊളുത്തിയതെങ്കിൽ ഇന്ന് തൊഴിൽകേന്ദ്രത്തിലേക്ക് എന്ന ഈ നാടകം പുരുഷാധിപത്യത്തിന്റെ നേർക്കാണ് കയ്യോങ്ങുന്നത്'' അവതാരികയിൽ എം.സി.ഭട്ടതിരിപ്പാട് എഴുതുന്നു.

അതെ. ഇന്നും കേരളീയ സമൂഹത്തിന് ഉൾക്കൊള്ളാനാവാത്ത 'സ്ത്രീയുടെ സമ്പൂർണ്ണസ്വാതന്ത്ര്യം' എന്ന സങ്കല്പം അവതരിപ്പിച്ചതുകൊണ്ടു കൂടിയാണ് കാലത്തിനുമുമ്പേ നടന്ന ഈ നാടകം ഇരുളിൽ മറഞ്ഞുകിടന്നത്. താലി വലിച്ചൂരി ഭർത്താവിന്റെ മുഖത്തെറിഞ്ഞ ദേവകിയുടെ ഉൾച്ചൂട് ഇന്നും സമൂഹത്തെ പൊള്ളിക്കും. മേൽപ്പറഞ്ഞ തമസ്ക്കരണത്തിന് ഒരു ഉചിതമായ പ്രായശ്ചിത്തമാവുന്നു കുറിയേടത്തുതാത്രിയുടെ നാട്ടുകാരനായ പ്രശസ്ത സംവിധായകൻ എം.ജി.ശശിയുടെ അതേ പേരിലുള്ള ഡോക്യുമെന്ററി. 54 വർഷങ്ങൾക്കുശേഷം സിനിമയിലൂടെ നാടകം വീണ്ടും അവതരിപ്പിക്കുകയും ആ കാലവും ചരിത്രവും അടയാളപ്പെടുത്തുകയും ചെയ്യുന്നു സംവിധായകൻ. 1948ൽ നാടകം അരങ്ങേറ്റിയവരിൽ ഇന്ന് ജീവിച്ചിരിപ്പുള്ള ശ്രീദേവി കണ്ണമ്പിള്ളിയും കാവുങ്കരഭാർഗ്ഗവിയും സ്ക്രീനിലെത്തുന്നു. ഒപ്പം അന്നത്തെ തൊഴിൽകേന്ദ്രത്തിന്റെ പ്രധാനസംഘാടകരായ ഗംഗാദേവി, ദേവകി നിലയങ്ങോട് എന്നിവരുമുണ്ട്. ചരിത്രം സൃഷ്ടിച്ച ആ മുത്തശ്ശിമാർ പുതുതലമുറയിലെ സ്ത്രീകൾക്ക് ഊർജ്ജം പകർന്ന് ഡോക്യുസിനിമയിൽ പ്രത്യക്ഷപ്പെടുന്നു.

യുദ്ധം അവസാനിക്കാൻ വേണ്ടി ഭർത്താക്കാർക്ക് ലൈംഗികത നിഷേധിച്ച സ്ത്രീകളുടെ കഥപറഞ്ഞ അരിസ്റ്റോഫെനീസിന്റെ ലിസിസ്ട്രാറ്റ, അച്ഛന്റെയും ഭർത്താവിന്റെയും ഇഷ്ടത്തിനൊത്തു തുള്ളുന്ന പാവയല്ല താനെന്ന് പ്രഖ്യാപിച്ച് വാതിൽവലിച്ചടച്ച് ഇറങ്ങിപ്പോന്ന ഇബ്സന്റെ (ഡോൾസ് ഹൗസിലെ) നോറ, സ്ത്രീകളെ വീട്ടടിമകളും ഭോഗോപകരണവുമായിക്കണ്ട പുരുഷാധിപത്യത്തോട് 63 പേരുകൾ ചരിത്രത്തിലേക്കെറിഞ്ഞുകൊണ്ട് കലഹിച്ച കുറിയേടത്തുതാത്രി എന്നിവരെ അവതരിപ്പിച്ചുകൊണ്ടാണ് ഡോക്യുമെന്ററി ആരംഭിക്കുന്നത്. തുടർന്ന് നാടകം അവതരിപ്പിക്കുന്നു. പഴയ നാടകത്തിലെന്ന പോലെ ഇവിടെയും സ്ത്രീകൾ മാത്രമാണ് അരങ്ങിലെത്തുന്നത്. ഗീതാജോസഫ്, കൃപ, സുനിതനെടുങ്ങാടി, ശോഭന. കെ., എം.ജി. ശൈലജ, രജിത, ആര്യ, ചിത്തിര എന്നിവരാണ് അഭിനേതാക്കൾ. ഇവരുടെ ഉജ്ജ്വലമായ പ്രകടനം പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. അമരത്താട്ടമ്മ, സ്ത്രീ ആൺവേഷത്തിലെത്തിയ അമരത്താട്ടഫ്പൻ, വക്കീൽ എന്നിവരൊക്കെ മനസ്സിൽ തങ്ങി നിൽക്കും എന്നു തീർച്ചയാണ്. മാനുഷി എന്ന ചരിത്രം സൃഷ്ടിച്ച നാടകസംഘത്തിൽ പ്രവർത്തിച്ചതിന്റെ അനുഭവസമ്പത്തും ഇവർക്ക് അതിന് സഹായകമായിട്ടുണ്ടാവും.

നാടകം ടെലിവിഷനിൽ അവതരിപ്പിക്കുക എന്നത് ശ്രമകരമായ ഒരു പ്രക്രിയയാണ്. അതേപടി അവതരിപ്പിച്ചാൽ അരോചകമാവും. എന്നാൽ ടെലിഫിലിമായി രൂപപ്പെടുത്തിയാൽ നാടകമെന്ന പ്രതീതി നഷ്ടമാവും. നാടകം എന്ന തോന്നൽ നിലനിർത്തിക്കൊണ്ട് ടെലിവിഷനിൽ സാങ്കേതിക മികവോടെ അവതരിപ്പിക്കുക എന്നത് ഇരുമാധ്യമങ്ങളിലും നല്ല അവഗാഹം നേടിയവർക്കുമാത്രം സാധിക്കുന്ന ഒരു സംഗതിയാണ്. അത് വളരെ ഗംഭീരമായി നിർവ്വഹിച്ചിരിക്കുന്നു. നാടകപ്രവർത്തകനും സിനിമാസംവിധായകനുമായ എം.ജി.ശശി. അദ്ദേഹത്തിന്റെ ആറുവർഷത്തോളമുള്ള ഗവേഷണത്തിന്റേയും പരിശീലനത്തിന്റേയും ഫലമാണിത്. ഒളരി, പട്ടാമ്പി, പറളി, തൃശൂർ എന്നിവിടങ്ങളിലായിരുന്നു ചിത്രീകരണം. മധു കാവിൽ ക്യാമറയും വേണുഗോപാൽ എഡിറ്റിംഗും നിർവ്വഹിച്ച ഈ 48 മിനുട്ട് ചിത്രം നിർമ്മിച്ചിരിക്കുന്നത് പ്രശസ്തകവി നിരഞ്ജൻ ആണ്.

ലോകത്തിലെ സ്ത്രീപക്ഷനാടകങ്ങളുടേയും പോരാട്ടങ്ങളുടേയും ചരിത്രത്തിലെ അത്യുജ്ജ്വലമായ ഈ അദ്ധ്യായം ആ രീതിയിൽ തന്നെ അടയാളപ്പെടുത്താൻ ചിത്രത്തിന് സാധിച്ചിരിക്കുന്നു. എന്നാൽ അതോടൊപ്പം തന്നെ 54വർഷങ്ങൾക്കുമുമ്പ് ഈ നാടകം മുന്നോട്ടുവെച്ച സ്ത്രീവിമോചനത്തെറ്റിയുള്ള സങ്കല്പങ്ങൾ ഇന്നും കേരളീയസമൂഹം ഉൾക്കൊള്ളാൻ പ്രാപ്തമായിട്ടുണ്ടോ എന്ന പരിശോധനക്കു പ്രേരകമാകുന്നുണ്ട് ഇത്. സാമൂഹ്യനീതിക്കും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള സ്ത്രീയുടെ പോരാട്ടങ്ങൾ അവസാനിക്കുന്നില്ല എന്നും നടന്നുതീർത്തതിനേക്കാൾ എത്രയോ കഠിനവഴികൾ ഇനിയും താണ്ടാനുണ്ടെന്നും ഈ ഡോക്യുസിനിമ നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ■



# രഹസ്യ നോമ്പ്

ആര്യാഗോപി
സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്

നട്ടെല്ലു പിളർന്ന്
പുറത്തുവന്നവയെല്ലാം
രഹസ്യനോമ്പുകളിലെ
വിശുദ്ധ പശുക്കളായിരുന്നു

അനവധിയനവധി
പ്രാണഭയങ്ങൾക്കുള്ളിൽ
കലാപക്ഷേത്രങ്ങളുടെ
സർവ്വേക്കല്ലുകൾ
ദിശതെറ്റിസ്ഥാപിച്ചിരുന്നു

പരാശ്രയമാപിനികൾക്ക്
എഴുത്തുകാരന്റെ
നുകം കെട്ടാത്ത
പേനയിലെ
രക്തമഷി
അളക്കാനാവില്ല

അപരിചിതരുടെ
മറവികളിൽ
പെൺവാഴ്‌വിന്റെ
തീരുവായ്ക്ക്
എതിർവാ പാടിയ
പെരും ഞണ്ടിനെ
കൊന്നു തിന്നാൻ
വരുന്നുണ്ടോ നീ!!

# Draft Report on Gender Justice in Higher Education

## AKPCTA Higher Education Commission

**Dr. Lakshmi Priya N.**

Mahatma Gandhi College
Thiruvananthapuram



Anydiscussion on genderneeds to begin by problematizing and clarifying the nuances of the conceptual andperformative difference the word 'gender' has with related words.Sex is a biological categorization primarily based on reproductive capabilities whereas gender is socially constructed by defining specific gender roles to the male and the female, i.e., the ways in which a male or a female is supposed to perform her biological sex. People believe, as woman and man essentially differ in their physiology there should be essential differences in psychology and so they naturally need to live, perform and act differently. The conviction is rendered to and absorbed by each individual from a very early stage in life from home and from his/her spaces of everyday interaction. Each sex performs, taking for granted, the gender that is expected from him/her by the family or larger social structures and ideological institutions of power like family, state, education, media and so on. People are not aware of the nuances of everyday power plays that assert gender roles. When we give toy balls, trucks and guns to boys and ask them to be brave, outspoken and not to cry and give dolls and cooking set to girls and ask them to be soft spoken and not to be assertive we are in fact nurturing role models supposed to enact as a male and a female.The gender roles assigned to females are biased in the sense that it further subordinates the representative position of women in all spheres. She becomes the week, docile, emotional, passive, ignorant person lacking reason.

Coming to gender and higher education it would be revealing if we ask a few questions to ourselves. Do men and women have different attitudes towards choice of instruction and career dreams? Is career and marriage inter-related for both men and women in a similar way? Why do women quit their jobs to marry? Why do we have more NRI grooms than brides? Do they have different kinds of conversations, dreams, responsibilities and worries in their everyday life? If the answer to all these questions are in the affirmative then we live in a gendered society.

Higher education as an institution is yet another system/institution with a definite purpose. This makes it vulnerable in the sense that it can probably become a space where the dominant societal norms get reinforced and particular ideologies are formed and communicated. It can become a closed area of hegemonic essentialism. The ideologies formed and perpetuated through higher education have far reaching

*Draft Report on Gender Justice in Higher Education (Paper Presented in the Higher Education Seminar on Gender Justice and Governance in Higher Education at Thiruvananthapuram on May 25th 2016)*

consequences in shaping the perception of a society. The age at which a boy or a girl joins higher education is also crucial. It's a time when they eagerly gaze out to the wider world and form new ideas, convictions and perceptions. As higher education is a platform where ideologies are formed what one needs to do from within is to keep the field open, capable of absorbing the pluralities of perceptions and experiences and to nurture a deep sense of critique against the many different kinds of authoritarian/majoritarian power plays or hierarchies that is present within the system.

This draft report looks into some specific gendered limitations in the arena of higher education that we experience every day, most of the time blissfully unaware of it. It also shares some possible interventions that could be made into the realm of higher education with regard to making the entire experience of higher education more gender sensitive. Affecting gender justice need to develop through various ways commencing from educational policies, institutional systems and everyday life practices.

## 1. Politics of Enrollment

All Indian Survey on Higher Education Provisional Report 2014-15

Total Enrollment in Higher Education in India has been estimated to be 33.3 million with 17.9 million boys and 15.4 million girls. It has been noted that girls constitute 46% of the total enrollment.

Total no: of teachers is estimated to be 14,18,389. Of which 61% male and 39% female. On an all India basis there are 64 female teachers per 100 male teachers.

**Kerala Scenario- Enrollment at Various Levels**

| | | | | | |
|---|---|---|---|---|---|
| Ph. DUniversity Teaching Departments | Male 1700<br>Male 1225 | Female 2403<br>Female 1612 | M Phil<br>University Teaching Departments | Male 164<br>Male 130 | Female 503<br>Female 412 |
| PG<br>University Teaching Departments | Male 37,000<br>Male 17981 | Female 73,698<br>Female 28631 | UG<br>University Teaching Departments | Male 26,0129<br>Male 61,673 | Female 39,0536<br>Female 94,003 |
| PG Diploma<br>University Teaching Departments | Male 741<br>Male 666 | Female 839<br>Female 673 | Diploma<br>University Teaching Departments | Male 29,628<br>Male 240 | Female 28,007<br>Female 200 |
| Certificate<br>University Teaching Departments | Male 533<br>Male 122 | Female 3006<br>Female 23 | Integrated<br>University Teaching Departments | Male 1618<br>Male 480 | Female 1468<br>Female 486 |
| Polytechnic | Male 28,499 | Female 12,499 | PGDM | Male 350 | Female 246 |
| Nursing | Male 479 | Female 12,323 | Teacher Training | Male 293 | Female 4451 |
| Institutions Under Ministries | Male 959 | Female 461 | | | |

**Estimated Enrollment in Various Social, Minority and PWD Categories & Number of Teachers among various categories**

| | | | | | |
|---|---|---|---|---|---|
| Ph. D<br>University Teaching Departments | Male 1700<br>Male 1225 | Female 2403<br>Female 1612 | M Phil<br>University Teaching Departments | Male 164<br>Male 130 | Female 503<br>Female 412 |
| PG<br>University Teaching Departments | Male 37,000<br>Male 17981 | Female 73,698<br>Female 28631 | UG<br>University Teaching Departments | Male 26,0129<br>Male 61,673 | Female 39,0536<br>Female 94,003 |
| PG Diploma<br>University Teaching Departments | Male 741<br>Male 666 | Female 839<br>Female 673 | Diploma<br>University Teaching Departments | Male 29,628<br>Male 240 | Female 28,007<br>Female 200 |
| Certificate<br>University Teaching Departments | Male 533<br>Male 122 | Female 3006<br>Female 23 | Integrated<br>University Teaching Departments | Male 1618<br>Male 480 | Female 1468<br>Female 486 |
| Polytechnic | Male 28,499 | Female 12,499 | PGDM | Male 350 | Female 246 |
| Nursing | Male 479 | Female 12,323 | Teacher Training | Male 293 | Female 4451 |
| Institutions Under Ministries | Male 959 | Female 461 | | | |

Kerala, undoubtedly, has a better graph of female education when compared to other states of India. However, on a closer analysis certain patterns or ratio difference tend to emerge from this substantially better manifestation of gender sensitiveness. Girl students outnumber boys in UG, PG, M Phil and Ph.D. These courses form part of our set concepts of education in the sense of learning. Its more or less a kind of consumption where knowledge is mostly consumed rather than produced to make a living.Coming to new age courses like Diploma Courses, Integrated Courses, Polytechnicand so on, which directly links education to work/earning a living and survival one can see a reversal in the male-female enrollment ratio. In the chart given above, the entries in red ink shows the select courses in which boys either outnumber girls or the disparity in number is less in our state. Mere than just documentation, one needs to look in to the politics of this reality. Education for girls is still to a large extent synonymous with gaining a kind of social respectability/Complementing domesticity than equipping them to move out in to the world to find a living of their own with the help of the skill they have acquired from education. In spite of her education she is primarily expected to nurture the family. Whereas a man follows his subjectivity, and thus a career of his choice, a woman narrows herself down to the four walls of domesticity and a career without compromising her essential domestic duties.

Another important fact the chart puts forward is the challenges girl students or women face in gaining education or work if they are differently abled. The physical disadvantage affects them more than the opposite gender. The above chart gives a clear view of the case in point. The much less presence of SC/ST and other Minority Groups is also to be noted critically.

The same pattern of select advancement of the male can be noted among teachers too, as noted in the chart below.While female teachers outnumber male teachers as guest faculty and Assistant Professors, the list is reversed when it comes to Associate Professors, Professors and Visiting Professors. This categorization doesn't happen casually or innocently. It should be approached critically that one should be able to realize the hurdles working women face coping together work and home and how it affects the career advancement of women.

| I Post wise number of Teachers in Universities and its Colleges | | | II Teachers in University Teaching Departments/off campus centers | | |
|---|---|---|---|---|---|
| Professor or Equivalent | Male 2223 | Female 932 | Professor or Equivalent | Male 424 | Female 211 |
| Reader or Equivalent | Male 3836 | Female 3271 | Reader or Equivalent | Male 446 | Female 278 |
| Lecturer or Equivalent | Male 12,033 | Female 18038 | Lecturer or Equivalent | Male 987 | Female 1127 |
| Demonstrator/Tutor | Male 363 | Female 432 | Demonstrator/Tutor | Male 36 | Female 11 |
| Temporary Teachers | Male 999 | Female 2617 | Temporary Teachers | Male 168 | Female 353 |
| Visiting | Male 576 | Female 291 | Visiting | Male 69 | Female 28 |

A more critical reading is possible if one looks in to the unwritten laws that govern most of the present day aided colleges in their politics of appointment of teachers. The new generation of teachers, most of them having been educated in more or less apolitical campuses of the present are seen as less of a threat by the management and related sources to their strategies of power without resistance. Women, silent and flexible, as the tradition would have it, are the easy sites through which neo liberal markets of education can be attained.

## 2. Choice of Instruction

In close association with the above observation, one needs to have a critique of the disparity in the choice of instruction of male and female students.This line of thought led me to an interesting observation. Whether east and west or any other part of the world for that matter, be it first world, second world or third world, the one and only similarity they share is in the manifestations of gender insensitivity. Science for men and fine arts for women is an oft quoted life situation one comes across books on gender and education irrespective of region. The belief that women are less equipped to learn technical/scientific subjects than men and are more inclined to humanities, arts and fine arts can be traced back to the particular kind of social belief that men are strong, courageous and sharp and women are week , docile and subtle. The difference in the temperament attributed to both the sexes in turn link it with the enlightenment idea of rationality getting attributed to the 'reasonable' man and sentimentality to the 'emotional' woman. This fixity of belief led to the wider notion favoring men for technical/science subjects which needed a scientific and reasonable temperament and woman ever suitable for humanities and arts which was viewed as a more leisurely subjects (that could fetch sufficient time for domestic commitments) not in need of a scientific temperament. The disparity in the choice of instruction that is very prevalent in our society is the result of such beliefs that have been carried out down generations.

A look into the gender disparity in arts and science colleges would show the dwindling number of boy students. Currently girls outnumber boys in every arts and science colleges of the state. And when it comes to PG courses the situation is worse with the numbers

getting to bare minimum of one or two in humanities courses. The picture would attain more clarity if one observes the disparity in the number of newly appointed Assistant Professors across the state/country or the gender ratio in each humanities department.

In the Kerala Scenario, as noted above, boys outnumber girls in certain courses that are job oriented. Girl students mostly stick to traditional courses. Currently job opportunities are on the rise in areas related to modern industries, IT, Tourism, electronics, and other such related areas. Though Girl Students are present in such courses, we need to look into the fact that, how many of them do complete the course successfully or take up a career and don't compromise it for domestic needs.

## 3. Protest Movements against Hostel Timing

Though the number of girl students have risen in technological institutions much more remains to be acquired in treating them as equal individuals within the academic society. To pinpoint a clear case of distinction is the hostel rules applicable to girls alone. At a time when the campus and libraries are live up to late hours girl students are directed to enter hostels by 6 or 7pm. When the boys from the same stream enjoy limitless freedom of movement, girls are asked to move around within a circle that has been drawn. An argument that can come up is that of the question of 'safety' of girls. But then, the rhetoric of safety is yet again problematic. Constantly checking safety from fellow humans on patriarchal crimes as forms of sexuality and power is not the primary everyday activity of a female, but something that needs to be manifested naturally and taken for granted by the entire society. Such attributed safety measures are nothing but social closures in disguise.

The protest movement initiated by the girl students of the College of Engineering Thiruvananthapuram (CET) in March 2015,Break the Curfew,initiated wide protest against the disparity in hostel timings only for the women's hostel. They questioned the logic in asking just the girl students to be present in the hostel before 6.30 p.m. even when the library functioned till 8pm and the computer lab opened till 9 p.m. They also raised the issue of female students being given easier subjects for project which does not require them to spend too much time outdoors. The observations and demands put forward by such Student Movements should be taken in to consideration and rules re- coded. It's essential to make such gender sensitive revisions 'official' so as to prevent it from fading away in the patriarchal power games of the party politics.The NDTV reports of the Break the Curfew initiated similar protest movements in Delhi. Devangana Kalita, one of the founding members of Pinjra Tod: Break the Hostel Locks, says,



Through the campaign, we are trying to address four issues — unnecessary restrictions on women, moral policing in the name of concern, need for creation of more egalitarian and affordable spaces where women can stay, and proper implementation of anti-sexual harassment laws. If the environment is more enabling, we believe women don't have to be caged at all. State authorities have to stop acting like khap panchayats that seek to control and regulate the lives of young adult women in the name of 'protection' and 'safety'.

## 4. Curriculum and Syllabus

Another very important arena that creates and propagates gender notions in higher education is curriculum and syllabus. Though modern education unified the syllabus for male and female there are inherent gender biases which get represented through the content prescribed. When the entire history of knowledge is prominently male history what gets propagated to the students also naturally follow the same course of action. Whether it be studies in technology, science, arts or humanities the major schemata of the courses designed take up the history that has come down to us and not the histories that has been hidden or wiped off. Naturally, what has come down to us has little gender justice in content and ideology communicated. Though the gendered constructs won't be as clear as in preschool and school text books where you have fixed images of females labelled as whole sale distributors of domesticity, love, patience and nurture, college text books too carry on this tradition when they talk about male histories of personal and political success rather than female attempts of patriarchal resistances. The authors of the text, Psychology for Psychologists: A Problem based approach to Under Graduate Psychology Teachingquotes hidden curriculum thus,

Hidden curriculum refers to the unwritten, unofficial, and often unintended lessons, values, and perspectives that students learn in school. While the "formal" curriculum consists of the courses, lessons, and learning activities students participate in, as well as the knowledge and skills educators intentionally teach to students, the hidden curriculum consists of the unspoken or implicit academic, social, and cultural

messages that are communicated to students

Gender education and sensitization must be made an integral part of the university curriculum in all subject areas.All members of higher educational institutions, students, teachers, office staff, and other administrative faculty must undergo processes of gender sensitization. They must undergo regular course or workshop during their period of study/work.

Courses, papers and modules dealing with gender concerns need to become essential component of the syllabus for all courses.Special care need to be taken not just in checking gender sensitivity of the content and ideology propagated but also in including new modules, interdisciplinary in nature, to introduce gender sensitiveness among students as well as teachers.

## 5. Research

In Kerala girls outnumber boys in Ph.D programs. The recent initiative of the UGC to allow relaxation of one year for M.Phil. and two years for PhD to women candidates and persons with more that 40% disability is a welcome move. The provision for maternity leave/ childcare leave once in the entire duration of M.Phil./PhD for up to 240 days is also commendable. Apart from such realistic supports the authorities should take care to prevent sexual and other harassments from research guides and freedom for social mobility for data collection and related woks. This would lessen the dropout rates of women in research.

## 6. Education and Work

Higher Education is seen as a step to employment. The percentage of women entering productive employment is low compared to those who attend college/university.While 71.36% attend higher education, only 24% women constitute the work force of the state. It critiques the constraints on women to make career choices in spite of their education. Mere numericalincrease of women in higher education won't help in the betterment of living conditions for women. Only a substantial increase in work percentage would help in women empowerment. There should be no constraints in access, parity and completion/continuation of study/work for women.

In this 21st century when the concept of employment is fast transforming from white collar jobs to a much broader levels of conceptual and technological development, the practice of education should need to undergo transformation. Even now a student's methodology of learning and scholarship is analyzed by his/her theoretical and textual knowledge, that too based on outdated systems of knowledge formations. The educators of the current generation need to focus on various kinds of skill development instead of limiting knowledge formations between the outer covers of text books. Each course should be designed so as to make it employable. In-house training should be given to students to cope with the new age computing/copy editing/printing/ mechanical technologies of production and sustenance so as to make them self-employable. Higher education need to be different from primary education in the sense that it should function as if to bring out life skills in students which could be





developed as a way of living. More over Employment and self-sufficiency need to be seen as a necessity not only for the male, but to other sexes as well, for whom employment is easily replaced by marriage or other options (sex work and begging for the transgender). Living Smile Vidya in her autobiography, I am Vidya : A Trangender's Journey shares her disapproval of NGO for Tirunangais (Transgender) when she says, "No Indian NGO had fought to liberate tirunangais from begging and sex work. What kind of rehabilitation was it to tell them, 'Go on being sex workers, but do it safely?' (123). Vidya shares the trials she had to face to get a job as a means of living even though she had a MA degree in Linguistics. On many instances within her text she shares her woes of finding an equal ground with others at home, educational institution and in her job hunt. She observes,

There is a government order (Order No: 377) that treats transgenders as disease-afflicted sex workers alone. This must be removed, and sex reassignment surgery must be allowed for those medically and psychologically tested and certified transgender. Reservation could be considered too [...] at schools [...] tirunangais can be introduced to students as part of their lessons, so that they learn to treat difference with compassion and dignity (138)

## 7. The Need to Impart Critical Pedagogy

As institutions of higher education are spaces where conscious efforts need to be taken to sustain the democratic and secular norms that's under threat, esp. in the contemporary scenario, one needs to take special care to nurture the same among the student population. Institutions of higher education need to become a space where students should be made aware of the insensitivities and hierarchies that rule our mind and society. A sense of critique need to be developed among students who are fast becoming silent consumers in a capitalist world. Critical Pedagogy as a tool of constant realizations and resistance need to be inculcated within the entire field of education as a process of knowledge formation. Critical Pedagogy is a theoretical position inspired by radical philosophies that question power centeredness of various forms within and outside classrooms. The basic idea upon which Critical Pedagogy functions is an awareness of the imbalanced social stratification based on class, caste and gender. It instills in the student community a zeal to question the dominant power positions and hierarchies that seek to control them and make them aware of a need for the practice of freedom, constant struggle against all kinds of authoritarianism and personal and sociopolitical domination. Critical pedagogic educator Ira Shor defines critical pedagogy in her work Empowering Education as,

Habits of thought, reading, writing, and speaking which go beneath surface meaning, first impressions, dominant myths, official pronouncements, traditional clichés, received wisdom, and mere opinions, to understand the deep meaning, root causes, social context, ideology, and personal consequences of any action, event, object, process, organization, experience, text, subject matter, policy, mass media, or discourse. (129)

Paulo Freire, one of the prominent theorists of critical pedagogy who wrote The Pedagogy of the Oppressed talks about his disparagement of what he calls the "banking" system of education "where a student is seen as an empty account waiting to be filled by the teacher". A similar idea is shared by the lines of a very popular song by Pink Floyd which says, "We don't need no education, we don't need no thought-control. No dark sarcasm in the classroom - Teacher, leave those kids alone! All in all, you're just another brick in the wall."

## 8. Gender Sensitization of Teachers

The Managing Directors/General Managers of all Government Companies/ Boards/Corporations/ Autonomous Bodies.
The Advocate General, Kerala, Emakjulam.
The Chief Information Commissioner, Kerala, Thiruvananthapuram.
All District Treasury Officers/Sub Treasury Officers.
^Ffie Nodal Officer, www.finance.keralla.gov.in for publishing on the website. Stock File / Office Copy.

## സർവ്വീസ് ട്യൂട്ടോറിയൽ




# ശമ്പള രഹിത അവധിയുടെ നിബന്ധനകൾ

ഡോ. കെ.പി. വിനോദ്
കൺവീനർ, സർവീസ് സെൽ



**ചോദ്യം: സ്വകാര്യ കോളേജ് ജിവനക്കാർക്ക് അനുവദനീയമായ ശമ്പളരഹിത അവധി എടുക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണ്. ഇത്തരം അവധി എടുക്കാൻ അപേക്ഷയൊടെപ്പം നൽകേണ്ട് രേഖകൾ എതെല്ലാമാണ്?**

ഡോ. സഞ്ജീവ്, ഹിന്ദി വിഭാഗം, എ.ഇ.എസ്, കല്ലടികോളേജ് ,മണ്ണാർക്കാട്

സർക്കാർ ജിവനക്കാർക്ക് അനുവദിക്കുന്ന ശമ്പള രഹിത അവധി സ്വകാര്യ എയിഡഡ് കോളേജ് ജീവനക്കാർക്കും അനുവദനീയമാണ്. ദീർഘകാല അവധികൾ ആവശ്യമുള്ള സാഹചര്യങ്ങളിൽ അവധിയിൽ പ്രവേശിക്കാനുദ്ദേശിക്കുന്ന തിയ്യതിക്ക് രണ്ട് മാസങ്ങൾക്ക് മുമ്പെങ്കിലും അവധി അപേക്ഷ ആവശ്യമായ എല്ലാ രേഖകളും സഹിതം ബന്ധപ്പെട്ട അധികാരിക്ക് സമർപ്പിച്ചിരിക്കണം. അവധി അനുവദിക്കപ്പെട്ടതിന് ശേഷമേ അവധിയിൽ പ്രവേശിക്കാൻ പാടുള്ളു. അവധി അനുവദിക്കുന്ന അധികാരി മാനേജർ ആണെങ്കിലും സർക്കാറിൽ നിന്നും കൺകറൻസ് ലഭിച്ച ശേഷമേ അവധിയിൽ പ്രവേശിക്കാനും രാജ്യം വിട്ടു പോകാനും പാടുള്ളു. അല്ലാത്തപക്ഷം അനധികൃതമായി ഹാജരില്ലായ്മയായി കണക്കാക്കി അച്ചടക്ക നടപടികൾ നേരിടേണ്ട സാഹചര്യം ഉണ്ടാക്കും. അവധി അനുവദിക്കപ്പെട്ട ഉത്തരവ് ലഭിച്ചു കഴിഞ്ഞാൽ മാത്രമെ സ്ഥാപന മേധാവി ജീവനക്കാരനെ ജോലിയിൽ നിന്ന് വിടുതൽ ചെയ്യാവു. അവധി സംബന്ധമായ ചട്ടങ്ങൾ കേരള സർവ്വീസ് റുളിൻെറ വിവിധ ഖണ്ഡികകളായി ഉൾപ്പെടുത്തിയിട്ടുണ്ട്. വിദേശത്തോ സ്വദേശത്തോ മറ്റ് ജോലി സ്വീകരിക്കുന്നതിനു വേണ്ടിയുള്ള ശമ്പളരഹിത അവധി അപ്പൻറികസ്. 12എയും പഠനാവശ്യത്തിനുള്ളത് അപ്പൻറിക്സ് 12ബി യും വിദുര സ്ഥലത്തുള്ള ജീവിത പങ്കാളിയുമായി കഴിയുന്നതിന് അപ്പൻറിക്സ് 12 സിയും ആയാണ് ചേർത്തിയിരിക്കുന്നത്. അവധിക്കുള്ള പ്രൊപ്പോസൽ ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാൾ പരിശോധിച്ച് ശരിയാണെന്നുറുപ്പ് വരുത്തി 3 കോപ്പികൾ മേഖല ഡെപ്പ്യൂട്ടി ഡയറക്ടർക്ക് സർവ്വീസ് ബുക്ക് സഹിതം സമർപ്പിക്കണം. ഈ പ്രൊപ്പോസലിൽ സർവ്വീസ് ബുക്ക് കൂടാതെ ജീവനക്കാരന്റെ സർക്കാറിനുള്ള നിവേദനവും, നിശ്ചിത ഫോറത്തിലുള്ള അവധി അപേക്ഷയും (3 കോപ്പികൾ), 20.01.1988 ലെ 2520 /F3/ 84/H.E.D നമ്പർ സർക്കാർ കത്തിൽ നിഷ്കർഷിച്ചിരിക്കുന്ന ഫോർമാറ്റ് പൂരിപ്പിച്ചത് 2 കോപ്പികൾ, മാനേജറുടെ അവധി അനുവദിക്കുന്ന ഉത്തരവും, NOC യും (3 കോപ്പികൾ വീതം) സമർപ്പിക്കണം. ഇതിനു പുറമെ താഴെ പറയുന്ന അണ്ടർടേക്കിങ്ങ് / ഡിക്ലറേഷനുകളുടെ 3 കോപ്പികൾ വീതവും ഉണ്ടായിരിക്കണം

1. 14.06.1985 ലെ ഏഛ ങട 137/87 ഒഇറ സർക്കാർ ഉത്തരവിലേയും ഗടഞ ലെ ബന്ധപ്പെട്ട ചട്ടത്തിലേയും വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്നുള്ള ജീവനക്കാരൻെറ ഡിക്ലറേഷൻ (പ്രിൻസിപ്പാൾ മേലൊപ്പ് വച്ചത്)

2. അവധി എടുക്കുന്നത് സർക്കാർ സഹായം ലഭിക്കുന്ന എയിഡഡ് സ്ഥാപനങ്ങളിലേതിലെങ്കിലും ജോലി സ്വീകരിക്കാനല്ല എന്നുള്ള ജീവനക്കാരൻെറ




ഡിക്ലറേഷൻ (പ്രിൻസിപ്പൽ മേലൊപ്പ് വച്ചത്)

3. ജിവനക്കാരൻ ബന്ധപ്പെട്ട സ്ഥാപനത്തിലെ സ്ഥിരം ജിവനക്കാരനാണെന്നും പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുണ്ടെന്നുമുള്ള പ്രിൻസിപ്പാളിന്റെ സർട്ടിഫിക്കറ്റ്.

4. ജീവനക്കാരന് സ്ഥാപനവുമായോ, സർക്കാറുമായോ ജോലി സംബന്ധമായ ബോണ്ട് ഇല്ലെന്നും. ടിയാളുടെ പേരിൽ അച്ചടക്ക നടപടികളോ, വിജിലൻസ് കേസോ നിലവിലില്ലെന്നും കാണിക്കുന്ന പ്രിൻസിപ്പാളിന്റെ സർട്ടിഫിക്കറ്റ്. അപ്പന്റിക്സ് 12. ഇ പ്രകാരമുള്ള അവധി ഒരു തവണ പരമാവധി 5 വർഷത്തേക്കാണ് അനുവദിക്കുന്നത്. അനുവദിക്കപ്പെട്ട അവധി തീരുന്ന തിയ്യിതിക്ക് രണ്ട് , മൂന്ന് മാസങ്ങൾക്ക് മുമ്പെങ്കിലും വേണം അവധി ദീർഘിപ്പിച്ച് കിട്ടാനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. ഇതിനും മേൽ പ്രസ്താവിച്ച രേഖകളെല്ലാം സമർപ്പിക്കേണ്ടതാണ്. അവധി ദീർഘിപ്പിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവ് ലഭിക്കാതെ ഒരു കാരണവശാലും സ്വയം അവധിയിൽ തുടരരുത്.

മൊത്തം സർവ്വീസിൽ ആകെ 20 വർഷം വരെ അപ്പൻറിസ് 12 A/12 C പ്രകാരം അവധി അനുവദിച്ച് കിട്ടും പക്ഷെ സർവ്വീസിൽ നിന്ന് പിരിയേണ്ടുന്ന അവസാന തിയ്യതിക്ക് മുമ്പുള്ള ഒരു വർഷത്തേക്ക് ഈ അവധി അനുവദിക്കുകയില്ല ഒരു വർഷത്തിനു മുമ്പ് സർവ്വീസിൽ പുനപ്രവേശിക്കേണ്ടതാണ്. മേൽ പറഞ്ഞപ്രകാരം അനുവദിക്കപ്പെട്ട അവധിയുടെ കലാവധി തീരുന്നതിന് മുമ്പ് സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുവാൻ മാനേജർമാർക്ക് അധികാരമുണ്ട്. അത്തരം സാഹചര്യത്തിൽ മാനേജറുടെ നടപടിയിൽ സർക്കാറിൽനിന്നും സാധൂകരണം ആവശ്യമാണ് അതിനുശേഷമേ ശമ്പളം അനുവദിച്ച് നൽകുകയുള്ളു.

അദ്ധ്യാപകരുടെ
സർവ്വീസ് സംബന്ധിയായ
ചോദ്യങ്ങൾ
ഇ-മെയിലിൽ അയക്കുക

vinodekat@yahoo.co.in
serviceakpcta@gmail.com


FOR TOP QUALITY TEXTS

# SOBA PUBLICATIONS

**Changanasserry, Kottayam, Kerala State - 686101**

**Our prestigeous books which you can confidently follow:**

Financial Management (For B.Com/BBA) ₹140
Income Tax (For B.Com/BBA) ₹290
Direct Taxes - Law and Practice (For M.Com., MBA, CA, ICWA) ₹390
Principles of Insurance (For B.Com/BBA) ₹100
Capital Market (For B.Com) ₹100
Value Added Tax - Concepts and Practices (For B.Com) ₹110
Indian Financial Markets (For B.Com/BBA) ₹100
Capital Market and Investment Management ₹100
Indian Financial System (For B.Com/BBA) ₹100
Financial Management (For M.Com, MBA, CA, ICWA) ₹290

**Attention Authors and Eminent Professors**

We invite top quality texts for publication, for B.Com, BBA, M.Com, and MBA, on attractive terms. If interested contact:
The Manager,
**175, Manamel, Boat Jetty Road**
**Changanasserry, Kottayam (Dist) Pin-686 101**
**Ph: 9496752663, 9446223651**
**www.sobabooks.com**

# അമ്മ

**ഭവ്യ എസ്. നായർ**

10-ാംതരം, സെന്റ് മേരീസ് ഹൈസ്കൂൾ, പട്ടം, തിരുവനന്തപുരം



*(തിരുവനന്തപുരം എം.ജി. കോളേജിലെ ഓഫീസ് ജീവനക്കാരനായ ശിവൻപിള്ളയുടെ മകൾ)*

അമ്മേ...
രാത്രിയിൽ അമ്മയുടെ മടിത്തട്ടിൽ
കിടന്നുറങ്ങണമെന്നു  തോന്നുമ്പോൾ,
കട്ടിൽ എന്ന പലക എന്നെ
തിരിച്ചു വിളിക്കുന്നു.....

അമ്മേ...
രാത്രിയിൽ അമ്മയുടെ വിരലുകൾ എന്റെ
മുടിയിഴകളെ തഴുകണമെന്നു ഞാൻ ആശിക്കുമ്പോൾ,
ഫാൻ എന്ന കിങ്കരൻ എന്നെ
അതിനനുവദിക്കുന്നില്ല....

അമ്മേ....
രാത്രിയിൽ മാനത്ത് അമ്മ എനിക്കൊരുക്കിയ
വർണ്ണവിസ്മയങ്ങൾ  കാണാൻ മോഹിക്കുമ്പോൾ,
കർട്ടനിട്ട ജനാലകൾ എന്നെ തടയുന്നു

അമ്മേ...
രാത്രിയിൽ അമ്മയുടെ മുലപ്പാലിൻ ഗന്ധമെന്റെ
ജീവനാഡികളിലൂടെ  ഒഴുകണമെന്നു ഞാൻ വിലപിക്കുമ്പോൾ
എയർ സ്പ്രേ എന്ന പൊടിക്കുപ്പി എന്റെ
ജീവനാഡികളിലൂടെ ദുർഗന്ധം നിറയ്ക്കുന്നു

അമ്മേ....
അമ്മയെ ഒരു നോക്കുകാണുവാനായി
മാതൃസ്നേഹത്തിന്റെ ചൂടൊന്നറിയുവാനായി
അമ്മയുടെ ഈ പൊന്നോമന തേങ്ങുകയാണമ്മേ.



# ജെഎൻയു എന്ന ഒരിടം

ഡോ: സീത വിജയകുമാർ
എൻ എസ് എസ് കോളേജ് പന്തളം



2008 ആഗസ്തിലാണ് സ്കൂൾ ഓഫ് ആർട്സ് ആൻഡ് ഈസ്തെറ്റിക്സിൽ പി എച് ഡി' ചെയ്യാനായി ഞാൻ ജെഎൻയുവിലേക്ക് പോകുന്നത്. പിന്നീടുള്ള നാലുവർഷം നിരവധി സംവാദങ്ങൾ സമരങ്ങൾ സാംസ്കാരിക പരിപാടികൾ എന്നിവയുടെ ഭാഗമാകാനും ചിലപ്പോഴൊക്കെ പങ്കെടുക്കാനും കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ മറ്റേതൊരു സർവകലശാലയിലും ലഭിക്കുന്നതിനേക്കാൾ മികച്ച എക്സ്പൊഷർ എനിക്കവിടെ ലഭിച്ചു. ഒരു സർവകലാശാല നിലകൊള്ളുന്നത് മാനവികതയ്ക്കും, സഹിഷ്ണുതയ്ക്കും, ആശയ സംവാദത്തിനും, സത്യത്തിനായുള്ള അന്വേഷണത്തിനുമാണെന്നാണു പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രു പറഞ്ഞത്. ഈ നിർവചനത്തോട് ഏറ്റവും ചേർന്നു നിൽക്കുന്ന ഇന്ത്യയിലെ സർകലാശാലകളിലൊന്നാണു ജെഎൻയു. വ്യത്യസ്തവും, സുതാര്യവും, ജനാധിപത്യപരവുമായ അക്കാഡമിക രാഷ്ട്രീയ കാലാവസ്ഥയാണു ജെഎൻയുവിൽ ഉള്ളത്. അതാകട്ടെ ഒരേസമയം അക്കാഡമിക വൈഭവത്തേയും, സ്വതന്ത്ര ചിന്തയേയും, വ്യക്തിനിർമാണത്തേയും പ്രോത്സാഹിപ്പിക്കുന്നതാണു താനും. അക്കാദമിക നിലവാരം വച്ചു നോക്കിയാൽ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട യൂണിവേഴ്സിറ്റികളിലൊന്നാണു ജെഎൻയു എന്ന കാര്യം നിസ്തർക്കമാണു. ഇന്ത്യൻ പ്രസിഡന്റിന്റെ റിസർച്ച് ആൻഡ് ഇന്നവേഷൻ വിഭാഗത്തിലുള്ള കഴിഞ്ഞ വർഷത്തെ രണ്ട് അവാർഡുകളും ജെഎൻയു സ്വന്തമാക്കിയ വാർത്ത ഈയടുത്ത് തന്നെയാണു വന്നത്. വർഷം തോറും ആയിരക്കണക്കിനു വിദ്യാർത്ഥികളാണു ജെഎൻയുവിൽ അഡ്മിഷൻ കിട്ടാനായി പ്രവേശന പരീക്ഷ എഴുതുന്നത്. അതിൽ അക്കാദമികമായി മുന്നിട്ടു നിൽക്കുന്ന ചെറിയൊരു ശതമാനത്തിനു മാത്രമേ യൂണിവേഴ്സിയിൽ ചേരാൻ കഴിയുന്നുള്ളൂ എന്നത് പ്രത്യേകം പറയേണ്ടതില്ലല്ലോ.

അടുത്തിടെ കനയ്യ കുമാർ സംഭവവുമായി ജെഎൻയുവിനെതിരെ വൻ തോതിൽ ഓൺലൈൻ പ്രചരണങ്ങൾ അഴിച്ചു വിടപ്പെടുകയുണ്ടായി. ജെഎൻയു രാജ്യദ്രോഹത്തിന്റെ കേന്ദ്രമാണെന്നും ഇവിടങ്ങളിൽ പഠിച്ചിറങ്ങുന്നവരെ കൊണ്ട് രാജ്യത്തിനോ സമൂഹത്തിനോ ഒരുപകാരവുമില്ലെന്നും, അവർ നികുതിദായകരുടെ പണം ധൂർത്തടിക്കുന്നു എന്നും മറ്റുമായിരുന്നു കുപ്രചരണങ്ങൾ. എന്നാൽ വാസ്തവം എന്താണ്? പൊതുസർവകലാശാലകൾ രാജ്യത്തിന്റെ യുവത്വത്തിന്റെ ധമനിയാവേണ്ടവയാണു. അക്കഡെമിക്സിൽ പ്രവേശിക്കുന്നവരാണു പുത്തൻ ആശയങ്ങളും, ചിന്തകളും രാജ്യത്തിനും ജനങ്ങൾക്കുമായി പങ്കു വയ്

ക്കേണ്ടത്. ഇന്ത്യയെപോലൊരു ദരിദ്ര രാജ്യത്ത് സാധാരണക്കാരായ വിദ്യാർത്ഥികൾക്കു പോലും ഉന്നത വിദ്യാഭ്യാസത്തേകുറിച്ചും, ഗവേഷണത്തേ കുറിച്ചും സ്വപ്നമെങ്കിലും കാണാൻ കഴിയുന്നത് ജെഎൻയു പോലുള്ള പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവിൽ ഉള്ളതു കൊണ്ടാണു. പഴയ ജെഎൻയു വിദ്യാർത്ഥികൾ ഇന്നു രാജ്യത്തിന്റെ വിവിധ മണ്ഡലങ്ങളിൽ ശ്രദ്ധേയമായ പങ്കുകൾ വഹിക്കുന്നതായി കാണാം. വർഷാവർഷം സിവിൽ സർവീസ് പരീക്ഷയിൽ മുൻപന്തിയിൽ വരുന്ന പലരും ജെഎൻയുക്കാരാണു. ഇപ്പോഴത്തെ ഇന്ത്യയുടെ വിദേശകാര്യ സെക്രട്ടറി എസ് ജയശങ്കർ ജെഎൻയു വിദ്യാർത്ഥിയായിരുന്നു. നരേന്ദ്ര മോദി മന്ത്രിസഭയിലെ വാണിജ്യ മന്ത്രി നിർമലാ സീതാരാമനും ജഎൻയു വിദ്യാർത്ഥിയായിരുന്നു. ഇതുപോലെ അനവധി പേരെ ചൂണ്ടിക്കാണിക്കാൻ കഴിയും! അതുകൊണ്ട്, തങ്ങളുടെ നികുതിപ്പണം പാഴായി പോകുന്നു എന്നല്ല, മറിച്ച് തങ്ങളുടെ നികുതിപ്പണം കൊണ്ട് ജെഎൻയു പോലുള്ള കൂടുതൽ സർവകലാശാലകൾ വരണമെന്നാണു രാജ്യത്തിന്റെ ഭാവിയെ കുറിച്ച് ആശങ്കയുള്ളവർ വാദിക്കേണ്ടത്.

ആക്കാദമിക വൈഭവത്തോടൊപ്പം തന്നെയുള്ള ജെഎൻയുവിന്റെ സംഭാവന അതു കാത്തുസൂക്ഷിക്കുന്ന ജനാധിപത്യ സംസ്കാരമാണു. രാഷ്ട്രീയത്തിനു വലിയ പ്രാധാന്യം നൽകുന്ന വിദ്യാർത്ഥി സമൂഹമാണു ജെഎൻയുവിലേത്. അതിൽ തന്നെ ഇടതു രാഷ്ട്രീയത്തിനു വലിയ പ്രാധാന്യമുണ്ടുതാനും. വിവിധ ഇടതുപാർട്ടികളും, അതുപോലെ തന്നെ കോൺഗ്രസിന്റേയും, ബിജെപിയുടേയും വിദ്യാർത്ഥി സംഘടനകളും കാലങ്ങളായി ജെഎൻയുവിൽ പ്രവർത്തിച്ചു വരുന്നു. വളരെ ആരോഗ്യപരമായാണു ഈ പല സംഘടനകളും രാഷ്ട്രീയ പ്രവർത്തനത്തിൽ ഏർപ്പെടുന്നത്, രാജ്യത്തെ അക്രമകലുഷമായ മറ്റു പല ക്യാമ്പസുകളിൽ നിന്നും വ്യത്യസ്ഥമായി നേരിട്ടുള്ള കാമ്പയിനിംഗിലൂടേയും, രാഷ്ട്രീയ സംവാദങ്ങളിലൂടെയും, പൊതു പരിപാടികളിലൂടെയുമാണ് അഭിപ്രായ രൂപീകരണം നടത്താൻ ക്യാമ്പസിലെ മിക്ക സംഘടനകളും ശ്രമിക്കുന്നത്. ഉദാഹരണത്തിനു, പഠനത്തിന്റെ ഭാഗമായി ഓരോ സ്കൂളുകളിലും നടക്കുന്ന അക്കഡെമിക് സെമിനാറുകളുടെ അത്ര തന്നെ പ്രാധാന്യമുള്ള പരിപാടിയാണു ഡിന്നറിനു ശേഷം ഹോസ്റ്റൽ മെസ് ഹാളിൽ നടക്കുന്ന പബ്ലിക് മീറ്റിംഗുകൾ. ഇലക്ഷൻ കാലത്ത് ദിവസേനയെന്നോണം ഇത്തരം പരിപാടികൾ നടക്കുന്നുണ്ട്. രാജ്യത്തേ ദേശീയ രാഷ്ട്രീയ നേതാക്കൾ മുതൽ താരിഖ് അലിയേ പോലുള്ള അന്തർദേശീയ പബ്ലിക് ഇന്റലക്ച്വൽസ് വരെ ജെഎൻയുവിലെ മെസ് ഹാൾ പരിപാടിയിൽ പങ്കെടുത്തിട്ടുണ്ട്. പല രാഷ്ട്രീയ ധാരകളിൽ നിന്നുള്ളവർക്ക് വരാനും, ചോദ്യങ്ങൾ ചോദിക്കാനും, ചർച്ചയിലേർപ്പെടാനുമുള്ള ആരോഗ്യകരമായ ഒരു അന്തരീക്ഷം ഇത്തരം പരിപാടികളിൽ ഉണ്ട് എന്നത് ശ്രദ്ധേയമാണ്.

രാജ്യത്തെ ഏറ്റവും വയലന്റായ നഗരങ്ങളിലൊന്നാണ് ദില്ലി. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ എടുത്താൽ അതിൽ മുൻപന്തിയിൽ നിൽക്കുന്ന നഗരം. അങ്ങിനെയൊരു നഗരത്തിലാണു ജെഎൻയു പോലുള്ള സർവകലാശാല നിലനിൽക്കുന്നത്. എന്നിട്ട്, ദില്ലിക്കു തന്നെ മാതൃകയാണു പല കാര്യങ്ങളിലും ജെഎൻയു. പ്രത്യേകിച്ചും ജെൻഡർ ഇക്വാളിറ്റിയുടെ കാര്യത്തിൽ. ജെഎൻയുവിലെ വിദ്യാർത്ഥിനികൾ ആരുടേയും പുറകിലല്ല. പഠനത്തിന്റെ കാര്യമെടുത്താലും, വിദ്യാർത്ഥി രാഷ്ട്രീയമെടുത്താലും മുൻപന്തിയിൽ വിദ്യാർത്ഥിനികളെ കാണാൻ കഴിയും. സ്വന്തമായ അഭിപ്രായങ്ങളും, തീരുമാനങ്ങളും ഉള്ളവരാണു ജെഎൻയുവിലെ വിദ്യാർത്ഥിനികൾ. ഇവരിൽ പലരുമാണു യൂണിവേഴ്സിയിൽ നിന്നും പുറത്തിറങ്ങി സമൂഹത്തിൽ ലിംഗനീതിക്കു വേണ്ടിയുള്ള സമരത്തിൽ സജീവമാകുന്നത്. ഇന്ത്യയേ പോലെ അങ്ങേയറ്റം പാട്രിയാർക്കലായ ഒരു സമൂഹത്തിൽ, ലിംഗനീതിയുടെ കാര്യത്തിൽ ബഹുകാതം പിന്നിൽ നിൽക്കുന്ന ഒരു സമൂഹത്തിൽ അത്തരം സമരങ്ങൾ എത്ര ആവശ്യമാണെന്നു നോക്കൂ. ജെഎൻയു കാമ്പസിനുള്ളിൽ ലിംഗനീതി നടപ്പാക്കാനായുള്ള ഇൻസ്റ്റിറ്റ്യൂഷനൽ ഇടപെടൽ വിദ്യാർത്ഥികൾ വർഷങ്ങൾക്കു മുൻപേ തന്നെ നടത്തിയിരുന്നു. ലിംഗവിവേചനവുമായി ബന്ധപ്പെട്ട പരാതിയുണ്ടെങ്കിൽ വിദ്യാർത്ഥികൾക്ക് ജിഎസ് കാഷ് (Gender Sensitisation Committee Against Sexual Harassment) കമ്മിറ്റിയിൽ പരാതി ബോധിപ്പിക്കാവുന്നതാണു. ജിഎസ് ക്യാഷിലേക്കുള്ള പ്രതിനിധികളെ വിദ്യാർത്ഥികൾ തന്നെയാണു വർഷാവർഷം തെരഞ്ഞെടുക്കുന്നത്. രാജ്യത്തെ മറ്റു ക്യാമ്പസുകൾക്ക് മാതൃകയാക്കാവുന്ന ഒരു പരിഷ്കാരമാണു ജിഎസ് ക്യാഷ്.



ഇതിനർത്ഥം ജെഎൻയുവിനു പരിമിതികൾ ഇല്ലെന്നല്ല. അവിടെ പഠിക്കുന്നവരെല്ലാവരും സൂപർ സിറ്റിസൻസായി പുറത്തിറങ്ങുന്നു എന്നുമല്ല. എന്നാൽ പരിമിതികൾക്കപ്പുറത്ത് ജെഎൻയു മാതൃകയാവേണ്ട ഒരുപാടു കാര്യങ്ങളുണ്ട്. പക്ഷേ ദൗർഭാഗ്യവശാൽ ഇത്തരം കാര്യങ്ങൾ ചർച്ചയിലേക്കു വരാതിരിക്കുകയും, മറിച്ച് ഒരു വിഭാഗം രാജ്യത്തെ ഏറ്റവും ഉന്നതമായ ഒരു സർവകലാശാലയ്ക്കെതിരെ സംഘടിത കുപ്രചരണം അഴിച്ചുവിടുകയുമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഈ കുപ്രചരണമാകട്ടെ തീർത്തും ജനാധിപത്യവിരുദ്ധ മനോഭാവത്തിൽ നിന്നുണ്ടാകുന്നതുമാണു. വിമർശനാത്മക ചിന്ത ഏതൊരു സർവകലാ ശാലയുടേയും രക്തധമനികളിൽ ഉണ്ടാവേണ്ട ഒന്നാണു. അതില്ലെങ്കിൽ വിദ്യാർത്ഥി ജീവിതം തീർത്തും യാന്ത്രികമായി പോകും. കെണി വച്ച് പിടിച്ച് മെരുക്കിയെടുക്കേണ്ട വന്യമൃഗങ്ങളല്ല വിദ്യാർത്ഥികൾ. അങ്ങിനെ കരുതുന്നിടത്താണു വ്യാജരാജ്യസ്നേഹത്തിന്റെ അളവുകോൽ സർവകലാശാലകളെ വിലയിരുത്താനായി ഉപയോഗിക്കേണ്ടി വരുന്നത്. ■



# THE THESPIAN BEHIND THE CURTAINS

**Salini V G**

NSS College, Cherthala



Culture and History has always been framed and modulated by some dominant social groups. There are as many instances as to show how recent researches and studies could unearth and bring to the centre those names that were buried and sidelined by the hegemonic socio-political interests. A name thus highly marginalized down these years is that of the master thespian Natyakalasarvabhauman late Sri Painkulam Rama Chakyar, the one and only renaissance leader of the UNESCO recognized theatre art- Kutiyattam.

Painkulam Rama Chakyar was born in Koyappa Chakyar family in Kerala in the year 1905. Obviously he was trained by his maternal uncles and kin to undertake the traditional role, that of the Kutiyattam/Koothu performer, one among the various temple servants. His life thus moved forward very similar to others of his community. But the stream was to divert soon.

What distinguished Painkulam from others of his community was a spirit of revolution. Great minds which had always changed the usual course of History at crucial points were those that reverberated a spirit of revolution. They saw things differently, they perceived things differently, and dared to take 'the road not taken'. This man too contradicted the then prevailing social norms in his thoughts and actions. He grew up in a time when the Kerala society was moving through a scenario of untouchability, satyagrahas, and temple entry proclamations. A time when caste restrictions still had its clutches on the society, Painkulam, hailing from a so called higher caste, one so close to God as per the caste structure, could climb down the social pyramid and move with open mind among ordinary men. And it is this experience gained from mingling with common man with a microscopic eye that made his vachika, his vidushaka, enjoyable and endearing to both the elite and the ordinary spectator.

Not only that, he was so great a visionary that he could see the future of Kutiyattam in danger if it is not timely revived and refined. There was no organized method of



**Many such innovations of Painkulam Rama Chakyar finally helped for the world wide recognition of Kutiyattam. Led by the great maestro, the troupe from Kalamandalam made its first European tour covering Poland and France. Soon after the return, in 1980, the thespian left the stage, with one half of his mind unsatisfied, for he wished to do more; the other half satisfied that he has passed on the spark to his beloved students.**

training in the familial atmosphere. What we call now as a perfect unification of eye movements, gestures, utterance and rhythm was but then an ore of these elements in complete chaos. Smt. Kalamandalam Girija, Painkulam Rama Chakyar's dear sishya through whom the Guru gave shape to many of his reforms, remembers being chided by a Nangiaramma for raising her hands and knees while performing. Moreover History shows a time when Chakyars and Nangiars performed in Koothambalams with hardly any one to appreciate it apart from the deity. The outside world never knew the presence of so rich and deep a cultural tradition, preserved by the traditional community. The Sanskrit scholar K.P Narayana Pisharoti in the preface to his translation of Bodhayana's Bhagavadajjuka points out that though he was a Sanskrit student, he had never even dreamt of such a performance tradition and was wondered when he knew about it after he became a Sanskrit lecturer. Again he refers to a seminar of Sanskrit scholars at Guruvayur which concluded that if Kutiyattam was to sustain, it should be made viewable to everyone an enabled to act by anyone irrespective of caste. Painkulam was present in this seminar, and he had already initiated the reform in 1949, by performing Koothu outside the temple Koothambalam.

Unlike the other Chakyars of the time, he was widely read; he had a vast circle of scholar reformer friends, all which enabled him to look ahead of his time. This outlook together with an anxiety about the art form's future, found its way to Kerala Kalamandalam where Painkulam Rama Chakyar sow the seeds of revolution which was to sprout and spread its branches across the globe. At Kerala Kalamandalam in 1965 Kutiyattam started its second coming. Painkulam did not restraint the art any more to Chakyars and Nangiars. Sivan Nambootiri and Girija Devi joined Kalamandalam as the first non-Chakyar and non-Nangiar students followed by others soon. The atmosphere of Kalamandalam with veterans in Kathakali, Dance and Percussions as well as foreign scholars was an ideal atmosphere for the revival. With the help of Padmashri P K Narayanan Nambiar, the thitherto disordered relation between action and rhythm; abhinaya, mudra and mizhavu was synchronized. Vazhenkida Govinda Warrier, the chutti (make-up) master and Clifford Jones, a scholar from Pennsylvania University helped Chakyarasan to beautify the costumes and make-up of Kutiyattam. What we now identify as Kutiyattam was born thus. More and more innovations followed. The clear, ordered and strict training system made the students well-versed in the art, and also enhanced the aesthetic aspect of it. He never forbade his students from watching other art forms. Instead he encouraged it for he knew that learning and appreciating other art forms can enlarge their aesthetic sensibility and knowledge. Never the less, apart from the traditional repertoire, plays like Bhagavadajjukam found their entry into the theatre. He was a good director and a poet which made the task easy. Many silent or absent women characters like Sita and Tara were given more space on the stage. The first performance of Nangiarkoothu outside the temple borders by Kalamandalam Girija took place accordingly. An independent choreography "Udyana Varnana" alone can reveal the artistry, sensibility and awareness of Painkulam about the potentials of his art form. Apart from all these, the only adiyantiram where anyone well versed in the art can perform is at Venganellur Shiva temple, initiated by Chakyarasan as well.

Many such innovations of Painkulam Rama Chakyar finally helped for the world wide recognition of Kutiyattam. Led by the great maestro, the troupe from Kalamandalam made its first European tour covering Poland and France. Soon after the return, in 1980, the thespian left the stage, with one half of his mind unsatisfied, for he wished to do more; the other half satisfied that he has passed on the spark to his beloved students. Thanks to his acts, he could leave behind a rich and pure tradition which is still preserved and propagated by the strong and large succession of his students.

A man who thus saved one of India's ancient tradition

from death, a man who envisaged the changing social scenario and refined his art to suit accordingly, a man who boycotted the performance when his non-Chakyar student was forbidden to perform, why such a man, a Guru, a reformer is always pushed to the margins? Why is this name largely forgotten and ignored when we acknowledge such names like Swati Tirunal, Mahakavi Vallathol or Rukmini Devi Arundel? This is a question that takes us to a social phenomenon that still rots our culture and is a threat to such art forms like Kutiyattam: the caste system. Though Kerala can boast of cent per cent literacy, the shadow of the old feudal saga still darkens many minds. Though half a century ago, Painkulam Rama Chakyar broke the laws of his caste to bring out his art form, Kutiyattam has not fully escaped from the clutches of caste laws and family feuds. What more, even today there are restrictions regarding the entry as well as performance into temple Koothambalams. Many willingly ignore the contributions of Painkulam and mention him only as an 'instance' who came in the way of the changing socio- political scenario to revive Koodiyattam, but have to remember that down the centuries it is such instances like Painkulam that have changed the face and phase of the world history. Moreover, why didn't any other names could replace Painkulam Rama Chakyar? Because, all of those who might have had the potential to be 'instances', were caged inside the narrow social borders. They feared to look straight into the world, to cross the ocean and failed to see mankind. They could only contempt the great revolutionary and his contributions. However all those who laughed and continues to laugh at him but enjoy the techniques, aesthetics and fame framed by him.

For what he had done, for breaking the borders and taking a revolutionary step to give life to a dying art form, for making the world know that such an art exists, Painkulam Rama Chakyar is sidelined by his own community because he has taken to the outside world what they had kept among themselves. He had ennumbered the plays when many of the acting manuals still remain hidden in the attics of the Chakyar- Nambiar households. For them, their art was for God. They had no concern about the human audience and they never wanted to share it with the outside world. Like how the Vedas and Sanskrit were kept under their custody by the Brahmins, they wished to keep this tradition within themselves. It is true the traditional community had a great role in preserving the art form but it has to be doubted whether the love for the art or the fear of God's curse forced them to. But those who attribute the purity and richness of Kutiyattam to its traditional and ritualistic aspect let me ask you could you preserve then this richness? No, for if the rituals or adiyantirams that in the past were in over 200 temples, today it is only in about ten or twenty temples. Such is the development of the traditional and ritual part of this theatre whatever the reasons maybe. If this is the situation, what would have been the present and future of Kutiyattam had there been no Painkulam Rama Chakyar? No doubt it would have been forgotten and buried in cultural history for how long could an art survive without any one to view and appreciate! The Koothambalams were for a long time restricted to common men. Even today only the traditional community is allowed to perform that too their prescribed roles. Again, when the temple wages became too less to live, most of the younger generation of Chakyars and Nambiars had sought other means of livelihood. But there was this man, Painkulam Rama Chakyar who with his self less effort refined, revived, and made Kutiyattam respectable. What is told about John Dryden is very much applicable to Chakyarasan: he found Kutiyattam brick and let it marble. Today it has won recognition, and numerous schools have sprouted to teach the art but in the rush to attain fame, everyone has pushed this master to the margins. He has been made an outcaste. And he still remains behind the curtains, when the undeserving reigns the stage. ■

## SELECT BIBLIOGRAPHY


Paulose K G. Kutiyattathinte Putiya Mukham. Tripunithura: International Centre for Kutiyattam, 2005. Print.

Pisharoti, Narayana K P., ed. Bodhayana's Bhagavadajjuka with Malayalam Translation and Acting Manual (Kramadipika). Thrissur: Kerala Sangeetha Nataka Akademi, 2001. Print.

Venugopal, P. Kutiyattam Register. Thiruvanantapuram: Margi, 2007. Print.


# Congratulations



**Dr Meena Janardhanan,** Associate Professor, Department of Zoology, S.D College, Alappuzha received Ph.D in Zoology from Avinashilingam University, Coimbatore under the Guideship of Dr K.S Santhy, Professor, Dept of Zoology, Avinashilingam University , for her thesis entitled " Pharmacognostic Evaluation of Methanolic Extract of Cyclea peltata (Lam) Hook. F. Thoms for its Anticancer Properties".



കോയമ്പത്തൂർ അവിനാശിലിംഗം സർവകലാശാലയിൽനിന്നും ക്യാൻസർ ബയോളജിയിൽ (സ്തനാർബുദം) ഡോക്ടറേറ്റ് നേടിയ എസ്.ബി. ശ്രീജയ. നങ്ങ്യാർകുളങ്ങര ടി.കെ.എം.എം കോളേജിലെ സുവോളജി വിഭാഗം അസോസിയേറ്റ് പ്രൊഫസറാണ്.

Title: Evaluation of the anti cancer properties of Acorus calamus L. Rhizome using Invitro, Invivo and Insilico models.

# മനസ്സുനന്നാവട്ടെയെന്ന് പാടി നിറയുന്ന ജനകീയഗായിക



ഡോ.എസ്.അജയകുമാർ
എൻ.എസ്.എസ്. കോളേജ്, ചേർത്തല

കാലം വിരഞ്ഞിട്ട കനൽ വഴികളിൽ ജീവിതം ചിലർക്ക് ഒരു പോരാട്ടമാണ്. പോരാടി ചിലർ ചരിത്രമാകും ചിലർ ചരിത്രത്തിന്റെ ഭാഗമാകും മറ്റു ചിലരാവട്ടെ ചരിത്രത്തിന്റെ ഓരം ചേർന്ന് കാലത്തോടൊപ്പം ചരിക്കുകയും നമ്മെ വിസ്മയിപ്പിക്കുകയും ചെയ്യും. അത്തരമൊരു വിസ്മയമാണ് സഖാവ് പി.കെ.മേദിനിയെന്ന മേദിനിച്ചേച്ചി. കേരളത്തിന്റെ രാഷ്ട്രീയ സാംസ്കാരികചരിത്രത്തിൽ നിന്ന് ഒഴിവാക്കാൻ പറ്റാത്ത പെണ്ണടയാളമാണ് ഈ ജനകീയപാട്ടുകാരി. എൺപത്തിമൂന്നാം വയസ്സിലും തന്റെ ഇടറാത്ത വിപ്ലവ രവത്താലും ചുവപ്പൻ നിലപാടാലും പുരോഗമന പ്രസ്ഥാനങ്ങളുടെ ആവേശക്കൊടുങ്കാറ്റായി ഇവർ മാറുന്നു.

1930കൾ. കേരളത്തിൽ ഇടതുപക്ഷാശയങ്ങളും പുരോഗമനപ്രസ്ഥാനങ്ങളും വേരുപിടിക്കുന്നകാലം. സ്വാതന്ത്ര സമരത്തിന്റെ അലയടികൾ നാടിനാകെ പുതുജീവൻ പകരുന്നു. ആലപ്പുഴയിൽ തൊഴിലാളിവർഗ്ഗം സംഘടിത ശക്തിയായ് മാറുന്നു. ടി.വി.തോമസ്, ആർ.സുഗതൻ, പി.ടി. പുന്നൂസ് തുടങ്ങിയനേതാക്കളുടെ സാന്നിദ്ധ്യം. നാട്ടിലാകെ തൊഴിലാളികളുടെ യോഗങ്ങൾ. പൊതുയോഗ നോട്ടീസിലെ ആദ്യഇനം പി.കെ.മേദിനിയുടെ പാട്ട് ഉണ്ടായിരിക്കും എന്നാണ്. അന്ന് മേദിനിക്ക് പ്രായം പന്ത്രണ്ട് വയസ്സ്. അന്ന് തൊഴിലാളി വർഗ്ഗത്തിന്റെ ഉണർത്തുപാട്ടുകാരിയായി തുടങ്ങിയ കലാജീവിതം ഇന്നും വിപ്ലവ പ്രസ്ഥാനത്തിന്റെ പാതയിൽ ഉറച്ചു നിൽക്കുന്നു.

ആലപ്പുഴ മംഗലത്ത് പുത്തൻപുരയ്ക്കൽ വീട്ടിലെ കുടികിടപ്പുകാരനായ കങ്കാളിയുടെയും പാപ്പിയുടെയും പന്ത്രണ്ട് മക്കളിൽ ഏറ്റവുംഇളയവളായിരുന്നു മേദിനി. ജന്മിത്തത്തിന്റെ തിക്താനുഭവങ്ങൾ ബാല്യത്തിലേ മേദിനിയും അനുഭവിച്ചറിഞ്ഞിരുന്നു. ആറാം ക്ലാസ്സിൽ പഠിക്കുമ്പോൾ 15 ചക്രം ഫീസ് കൊടുക്കാനില്ലാത്തതിനാൽ സ്കൂളിൽനിന്നും പുറത്താക്കപ്പെട്ടു. അതോടെ വിദ്യാഭ്യാസം അവസാനിച്ചു. ജീവിതത്തെ തിരിഞ്ഞുനോക്കുമ്പോൾ ഏറ്റവും വലിയ നഷ്ടമായി അവർ ഈ സംഭവം ഓർക്കുന്നു. വിദ്യാഭ്യാസം പൂർത്തിയാക്കാനാവാഞ്ഞത് പില്ക്കാല ജീവിതത്തിൽ വലിയ കുറവായി അനുഭവപ്പെട്ടസന്ദർഭങ്ങൾ അനവധിയുണ്ടത്രെ. സ്ത്രീകൾ വിദ്യാസമ്പന്നരാകേണ്ടതിന്റെ ആവശ്യകത സ്വാനുഭവത്തിൽ നിന്നും അവർ ഓർമ്മിപ്പിച്ചു.

തിരുവിതാംകൂർ കയർഫാക്ടറി വർക്കേഴ്സ് യൂണിയന്റെ കീഴിലുള്ള തൊഴിലാളിസാംസ്കാരിക കേന്ദ്രത്തിന്റെ തണലിലായിരുന്നു മേദിനിച്ചേച്ചിയുടെ കലാജീവിതം തുടങ്ങുന്നത്. കെ.വി. പത്രോസായിരുന്നു കലാകേന്ദ്രത്തിന്റെ സെക്രട്ടറി. പാട്ടുകാരി അനസൂയ, സുതൻഭാഗവതർ തുടങ്ങിയവർ ഈ സംഘത്തിലുണ്ടായിരുന്നു. മൂത്ത സഹോദരൻ വാവയാണ് മേദിനിയെ കലാരംഗത്തേയ്ക്ക് കൊണ്ടുവരുന്നത്. ചെറുപ്പത്തിലേ ഉറക്കെപ്പാടാൻ മേദിനിക്കു കഴിഞ്ഞിരുന്നു. മൈക്കില്ലാതിരുന്ന അക്കാലത്ത് ഉറക്കെപ്പാടി തൊഴിലാളികളെക്കൂട്ടുക എന്നതായിരുന്നു മേദിനിയുടെയും കൂട്ടരുടെയും ദൗത്യം. നാടകവും തിരുവാതിരകളിയും മറ്റും പൊതുയോഗങ്ങളുടെ മുന്നോടിയായുണ്ടായിരുന്നു. ഹിന്ദി സിനിമാഗാനങ്ങളുടെ പാരഡികളായിരുന്നു അന്നത്തെ ആളെക്കൂട്ടിപ്പാട്ടുകൾ. 1946 ആകുമ്പോഴേക്കും പുന്നപ്രവയലാർ സമരത്തിന്റെ കാലമാകുന്നു. തൊഴിലാളികളെ സംഘടിപ്പിക്കാൻ പൊതു



'വസന്തത്തിന്റെ കനൽവഴികളിൽ' പി.കെ. മേദിനി

യോഗങ്ങളും പ്രകടനങ്ങളും സജീവമാകുന്നു. രക്തരൂക്ഷിത വിപ്ലവസമരത്തിന് മുൻപെ മേദിനിയെന്ന പതിമൂന്നുകാരി ഗാന വിപ്ലവത്താൽ തൊഴിലാളി മനസ്സ് കീഴടക്കി ക്കഴിഞ്ഞിരുന്നു. സി.കാളിക്കുട്ടിആശാട്ടി, സഖാവ് കെ. മീനാക്ഷി തുടങ്ങിയവരുടെ കലാപ്രവർത്തനവും സംഘടനാമികവും ഇന്നും ആവേശത്തോടെയാണ് മേദിനിച്ചേച്ചി ഓർക്കുന്നത്. പുന്നപ്രവയലാർ സമരവുമായി ബന്ധപ്പെട്ട് മേദിനിയ്ക്കും തിരുവിതാംകൂർവിടേണ്ടിവന്നു. പതിമൂന്നോ പതിനാലോ വയസ്സായിരുന്നു അന്ന്. കൊച്ചിയിലെ അമ്മവീട്ടിലേക്കാണ് പോയത്. 1950 ആകുമ്പോഴേക്കും തിരിച്ചു വീണ്ടും ആലപ്പുഴയിലേക്ക്.

അക്കാലത്ത്, എസ്.കെ.ദാസ് രചിച്ചഒരുഗാനം നിരോധിച്ചിരുന്നു.

''സാമ്രാജ്യത്വം വൻകിടബൂർഷ്വാവർഗ്ഗംജന്മിത്തം

മർദ്ദകചൂഷകമൂർത്തികൾമൂവരുമൊത്തുഭരിക്കുന്നേ.... നാടിതുചുട്ടുകരിക്കുന്നേ.....''

എന്നുതുടങ്ങുന്ന ഗാനത്തിൽ ''നരവേട്ടക്കാർ എമ്മെസ്പിക്കാർ അച്യുത പാപ്പാളി ഒ.എം ഖാദർ നാടാർ രാമങ്കുട്ടികൾ മന്നാടി...'' എന്നിങ്ങനെ പോലീസ് ഉദ്യോഗസ്ഥരെ പേരെടുത്ത്പറഞ്ഞ് വെല്ലുവിളിക്കുന്ന വരികളുണ്ട്. നിരോധനം നിലനിൽക്കുന്നതറിയാതെ 1950ൽ തിരുനക്കരയിൽ മേദിനി ഈ പാട്ടു പാടുന്നു. അന്നു രാത്രി കോട്ടയം ഭാസിയുടെ വീട്ടിൽനിന്നും പോലീസ് അറസ്റ്റുചെയ്തു. ചോദ്യം ചെയ്യലും.. അടിയും....പോലീസ് സ്റ്റേഷനിലെ ഭീകരത ഇപ്പോഴും ഇവർ ഭീതിയോടെ ഓർക്കുന്നു. ലോക്കപ്പിൽ കഴിയുമ്പോൾ ഒരു പോലീസുകാരൻ ഒരു പാട്ടെഴുതി നൽകാൻ പെൻസിലും പേപ്പറും രഹസ്യമായിത്തന്ന കാര്യവും മേദിനിയുടെ മനസ്സിൽ മായാതെ നിൽക്കുന്നു. പിറ്റേന്നുപകൽ കോടതിയിൽ ഹാജരാക്കി. ജാമ്യം ലഭിച്ചു. എന്നാൽ കോടതിയെ ബഹുമാനിച്ചില്ല എന്ന കുറ്റത്തിന് 500 രൂപ പിഴ അടയ്ക്കേണ്ടിയിരുന്നു. അന്നാണ് പാർട്ടിയുടെ ആത്മാർത്ഥതയും ഉത്തരവാദിത്തവും തീർത്തും ബോധ്യപ്പെട്ടത്. പാർട്ടിപ്രവർത്തകർ കോട്ടയം നഗരത്തിൽ പിരിവുനടത്തി വൈകിട്ട് ആറുമണിയോടെ പണം കെട്ടിവച്ച് മേദിനിയെ മോചിപ്പിച്ചു. ഇന്നും തന്റെ പ്രസ്ഥാനത്തിലുള്ള ഉറച്ചവിശ്വാസം ഇവർ കാത്തുപോരുന്നു.

തുടർന്നിങ്ങോട്ട് കലാ പ്രവർത്തനത്തിന്റെ തിരക്കേറിയ നാളുകൾ. നാടകവും പിന്നണി ഗാനവുമായി ഇരുന്നൂറിൽപ്പരം വേദികളിൽ നിറസാന്നിധ്യമായി. ഇരുപത്തിരണ്ടാം വയസ്സിൽ വിവാഹം. മുറച്ചെറുക്കനായിരുന്ന വി.ശങ്കുണ്ണി യായിരുന്നു. വരൻ. അതും പ്രേമ വിവാഹം. മറ്റൊരു വിവാഹത്തിനുവേണ്ട സാമ്പത്തികം കണ്ടെത്താൻ നിവൃത്തിയില്ലാത്തതിനാലായിരുന്നു പ്രേമവും രജിസ്റ്റർ വിവാഹവും. ഭർത്താവ് ശങ്കുണ്ണി കറതീർന്ന കോൺഗ്രസ്സുകാരനായിരുന്നു എന്നതായിരുന്നു വീട്ടുകാരുടെ എതിർപ്പിനു പ്രധാനകാരണം. ഇവർക്ക് രണ്ട് പെൺമക്കൾ ബേബിസ്മൃതിയും അൻസയും. തന്റെ മുപ്പത്തിയാറാം വയസ്സിൽ ഭർത്താവിന്റെ വേർപാട് മേദിനിയെ വല്ലാതെ തളർത്തി. രണ്ടു പെൺകുഞ്ഞുങ്ങളുമായുള്ള പിൽക്കാലജീവിതം ഒരു ജീവിതസമരം തന്നെയായിരുന്നു. ഭർത്താവിന്റെ മരണത്തിന്റെ ഏഴാം നാൾ (സഞ്ചയനദിവസം) മേദിനിയെത്തേടി പോസ്റ്റുമാനെത്തുന്നു. അന്നത്തെ കേരള മുഖ്യമന്ത്രിയായിരുന്ന അച്യുതമേനോന്റെ കത്തും നൂറു രൂപ മണിയോർഡറുമായിരുന്നു അയാളുടെ കയ്യിൽ. തന്റെ ജീവിതത്തിലെ മഹാവിസ്മയമായി മേദിനി ഈ കത്തിനെയും സഹായത്തെയും ഓർക്കുന്നു. പിന്നീടുള്ള തന്റെയും മക്കളുടെയും ജീവിതത്തിന്റെയും ചെറുത്തുനില്പിന്റെയും ഊർജ്ജം ഈ കത്തായിരുന്നത്രെ. കയർ ഫാക്ടറി തൊഴിലാളികൾ കൂലിദിവസം മേദിനിയുടെ കുടുംബത്തിനുള്ള ഒരു വിഹിതം സംഭാവന നൽകും അങ്ങനെയാണ് ആ കുടുംബം കഴിഞ്ഞത്. തന്റെ പ്രസ്ഥാനത്തോടുള്ള കടപ്പാട് മേദിനി ആവേശത്തോടെയും നന്ദിപൂർവ്വവും സ്മരിക്കുന്നു.

പിന്നീട് കോമളപുരം സ്പിന്നിംഗ് മില്ലിൽ ജോലിലഭിക്കുന്നു. 20 വർഷം അവിടെ ജോലിചെയ്തു. 1995 ൽ മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റായി.തുടർന്ന് ആര്യാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റായും പ്രവർത്തിച്ചു. ഇതിനിടയിലും വിപ്ലവ ഗായിക എന്ന നിലയിൽ മേദിനിച്ചേച്ചി തന്റെ കലാപ്രവർത്തനം തുടർന്നു. പുന്നപ്രവയലാർ സമരവർഷികാചരണത്തിൽ മേദിനിച്ചേച്ചിയുടെ ''റെഡ് സല്യൂട്ട് റെഡ് സല്യൂട്ട് രക്തസാക്ഷി ഗ്രാമങ്ങളെ'' എന്നു തുടങ്ങുന്ന ഗാനം ആരിലും വീരപുളകം ചാർത്തുന്നു. നാഷണൽ സർവ്വീസ് സ്കീമിന്റെ ഗാനമായിമാറിയ ''മനസ്സു നന്നാവട്ടേ മതമേതെങ്കിലുമാവട്ടേ'' എന്ന ഗാനത്തിന് ജനപ്രീതി നേടിക്കൊടുക്കുന്നതിൽ ഈ ഗായികയുടെ പങ്ക് നിസ്തുലമായിരുന്നു. 'വസന്തത്തിന്റെ കനൽ വഴികൾ' എന്ന സിനിമയിൽ അഭിനയിക്കുന്നതിനും പാടുന്നതിനും അവസരം ലഭിച്ചു. സഖാവ് പി. കൃഷ്ണപിള്ളയെക്കുറിച്ചുള്ള ഈ സിനിമയിൽ അഭിനയിച്ചതിന്റെ ആവേശം മേദിനി സഖാവിൽ ഇപ്പോഴും ജ്വലിച്ചുനിൽക്കുന്നു. 1992ൽ കേരള സംഗീതനാടക അക്കാഡമി ജനകീയഗായിക എന്ന അംഗീകാരം നൽകി ആദരിച്ചു.തോപ്പിൽ ഭാസി അവാർഡ്, കാമ്പിശ്ശേരി കരുണാകരൻ അവാർഡ്, ആർട്ടിസ്റ്റ് കേശവൻ ഫൗണ്ടേഷൻ പുരസ്കാരം, കെ.പി.എ.സി.സുലോചന സ്മാരക പുരസ്ക്കാരം, യുവകലാസാഹിതിയുടെ മമ്മൂട്ടിമാസ്റ്റർ അവാർഡ്, വി.ടി.ഭട്ടതിരി സ്മാരക പുരസ്ക്കാരം, പി.ജെ ആന്റണി സ്മാരക അവാർഡ് തുടങ്ങി വലുതും ചെറുതുമായ ഒട്ടേറെ അംഗീകാരങ്ങൾ മേദിനിച്ചേച്ചിയെത്തേടിയെത്തിട്ടുണ്ട്.

സ്ത്രീയും പ്രകൃതിയുമാണ് ഏറെയും വിഷമതകൾ താങ്ങേണ്ടിവരുന്നത്. ഇവരുടെ സംരക്ഷണവും മോചനവുമായിരിക്കണം രാഷ്ട്രീയ പ്രവർത്തനത്തിന്റെയും സാമൂഹ്യപ്രവർത്തനത്തിന്റെയും ലക്ഷ്യമെന്ന് മേദിനിച്ചേച്ചി പുതുതലമുറയെ ഓർമ്മിപ്പിക്കുന്നു. രാഷ്ട്രീയത്തെയും പുരോഗമനപ്രസ്ഥാനങ്ങളെയും തള്ളിപ്പറയുന്നവരുടെ ലോകത്ത് രാഷ്ട്രീയത്തിന്റെയും സ്ത്രീമുന്നേറ്റത്തിന്റെയും സമരപഥങ്ങളിൽ സ്ത്രീ പങ്കാളിത്തത്തിന്റെയും ജീവിക്കുന്ന സാക്ഷ്യമാണ് ഈ ജനകീയ ഗായിക. തന്റെ അറുപത്തിയൊന്ന് വർഷത്തെ കലാജീവതം ഈ എൺപത്തിമൂന്നാം വയസ്സിലും തെല്ലാവേശവും ചോർന്നുപോകാതെ ജ്വലിപ്പിച്ചുനിർത്തുകയാണിവർ. ■



ചിലമ്പൊലി

# കഥകളിയിലെ സ്ത്രീസ്വത്വം

**ഡോ. സുമിതാ നായർ എൻ.**

പി.ആർ.എൻ.എസ്.എസ്. കോളേജ്,
മട്ടന്നൂർ



കഥകളി സാംസ്കാരിക കേരളത്തിന്റെ തനതു കലാരൂപമായി അറിയപ്പെ
ടുന്നു. കേരളമെന്നു കേൾക്കുമ്പോഴേ ഒരു വിദേശിയുടെ മനസ്സിൽ തെ
ളിയുന്ന ചിത്രം കഥകളിയുടേതാവും. നാട്യകലാമാർഗത്തിൽ ഇന്ന് കഥകളി
യുടെ ഒപ്പം നിൽക്കാൻ പ്രാപ്തിയുള്ള ദൃശ്യകലാപ്രസ്ഥാനം വേറെയുണ്ടോ
എന്നു സംശയമാണ്. വിമൂകചലനങ്ങളുടെ (Pantomime) കലയാണ് കഥകളി
എന്ന് ചിലർ പറയുന്നുണ്ടെങ്കിലും കഥകളിയുടെ അനുഭവപ്രപഞ്ചം അറിയാൻ
ഭാഗ്യം ലഭിച്ചിട്ടുള്ളവർക്ക് ഈ കലാരൂപം സകലനിർവ്വചനങ്ങൾക്കും അപ്പുറ
മുള്ള ഒരു ദൃശ്യശ്രാവ്യ ചിത്രമാണ്. നാട്യകലയുടെ പൂർണ്ണതയാണ് കഥകളി
എന്നാണ് ടാഗോറിന്റെ അഭിപ്രായം.

രംഗവൈചിത്ര്യവും വേഷവൈവിധ്യവും കഥകളി എന്ന ദൃശ്യകലയെ
ആകർഷകമാക്കുന്ന രണ്ട് സുപ്രധാന ഘടകങ്ങളാണ്. ജന്മനാ തന്നെ 'പുരു
ഷാധിപത്യകല' എന്ന നിലയിലാണ് കഥകളി വളർന്നത്. സ്ത്രീകളുടെ പങ്കാളി
ത്തം തീർത്തും നിഷിദ്ധമായിരുന്നു. ഈ തിരസ്കാരത്തിന് സാമൂഹികവും
സാംസ്കാരികവുമായ കാരണങ്ങൾ കണ്ടെത്തുക എളുപ്പമല്ല. സ്ത്രീകൾക്ക്
ക്ഷേത്രത്തിനകത്തും പൊതുസഭയിലും 'അശുദ്ധി'യുടെ പേരിൽ നൽകപ്പെ
ട്ടിരുന്ന വിലക്ക് ഒരു കാരണമത്രെ. കഥകളി ക്ഷേത്രത്തിന്റെ അകത്തളങ്ങളി
ലാണല്ലോ ആടിയിരുന്നത്. മറ്റൊന്ന് മെയ് വഴക്കത്തിനായി ചിട്ട ചെയ്തിട്ടുള്ള
അഭ്യാസക്രമങ്ങൾ. ഈ കലയിലെ സ്ത്രീകളുടെ പ്രാതിനിധ്യം ഇല്ലാതാക്കി
എന്നാണ്. 'ഉഴിച്ചിൽ', 'തൊഴുകുത്തുക', 'സൂചിക്കിരിക്കുക', 'ചവിട്ടിത്തട
വുക', ഇവ സ്ത്രീകൾക്ക് നിഷിദ്ധമായിരുന്നു. പക്ഷേ കഥകളിയേക്കാൾ ആയി
രം വർഷത്തെ പഴക്കമെങ്കിലും അവകാശപ്പെടുന്ന കൂടിയാട്ടത്തിൽ സ്ത്രീ
കഥാപാത്രങ്ങളുടെ അവതരണത്തിന് നങ്ങ്യാരെ തുടക്കം തൊട്ടുതന്നെ നിശ്ച
യിച്ചിരുന്നു. നങ്ങ്യാർകൂത്തും ക്ഷേത്രമതിൽക്കെട്ടിനകത്ത് വളർന്ന കലാരൂപ
മാണ്. അതുകൊണ്ട് പരസ്പരവിരുദ്ധമായ നിരവധി വസ്തുതകളിലേക്കാണ്
ഇതു സംബന്ധിച്ച ഏതൊരന്വേഷണവും എത്തിനിൽക്കുക. 'തൃപ്പൂണിത്തുറ
കഥകളിസംഘം' സ്ത്രീകൾമാത്രം വേഷക്കാരായും പാട്ടുകാരായും വരുന്ന
കളിയോഗമാണ്! ഇത് കാലത്തിന്റെ അനിവാര്യത.

കഥകളിയുടെ രംഗപ്രയോഗത്തിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം അന്നില്ലാ
യിരുന്നുവെങ്കിലും ആദ്യാവസാന സ്ത്രീവേഷങ്ങൾ (സ്ത്രീകഥാപാത്രങ്ങൾ)
കഥകളിയിലുള്ളത്ര മറ്റൊരു ശാസ്ത്രീയ കലാരൂപത്തിലും ഇല്ല എന്നുള്ള
താണ് രസകരമായ കാര്യം! സ്ത്രീവേഷങ്ങൾക്ക് സ്വന്തം കഴിവ് പ്രകടിപ്പി
ക്കാൻ അവസരം കഥകളിയിൽ ധാരാളമുണ്ടുതാനും. മോഹിനി-ലളിത വേഷ
ങ്ങൾ ഈ സംഗതി നമുക്ക് സ്പഷ്ടമാക്കിത്തരുന്നു. ആകാരസൗകുമാര്യവും

നൃത്തവൈദഗ്ദ്ധ്യവും അഭിനയിപ്പിച്ച് ഫലിപ്പിക്കാൻ സാധിക്കുന്ന ഒന്നാംകിട നടീനടന്മാർക്കു മാത്രമേ ലളിത-മോഹിനി വേഷങ്ങൾ വിജയരമായി അഭിനയിപ്പിക്കാൻ കഴിയുകയുള്ളൂ. നായകപ്രതിനായകർക്കൊപ്പമോ അവർക്കുപരിയായോ കഥകളിയിലെ സ്ഥല-കാലങ്ങൾ സ്ത്രീ കഥാപാത്രങ്ങൾ പിടിച്ചെടുക്കുന്നത്.

രാക്ഷസികൾ കാര്യസാധ്യത്തിനായി സ്വന്തം രൂപം മാറ്റി സുന്ദരികളുടെ വേഷം ധരിച്ച് രംഗത്ത് വരാറുണ്ട്. ഈ മോഹിനികൾ കഥകളിയിൽ 'ലളിത' എന്ന് അറിയപ്പെടുന്നു.

'പൂതനാമോക്ഷം', 'കിർമ്മീരവധം', 'നരകാസുരവധം', 'ബകവധം', 'ഖരവധം' എന്നീ കഥകളിലാണ് 'ലളിത' എന്ന കഥാപാത്രത്തിന് കൂടുതൽ പ്രചാരവും പ്രാധാന്യവും നിലനിന്നു കാണുന്നത്.

കറുപ്പിന്റെയും വെളുപ്പിന്റെയും സൗന്ദര്യശാസ്ത്രം കഥകളിയുടെ രംഗപാഠങ്ങളിൽ സുസ്പഷ്ടമാണ്. വെളുപ്പ് നന്മയുടെയും കറുപ്പ് തിന്മയുടെയും മൂർത്തീരൂപമായിട്ടുമാണ് കളിയരങ്ങിൽ നിറയുന്നത്. കിർമ്മീരവധത്തിലെ രാക്ഷസിയായ 'സിംഹിക' പാഞ്ചാലിയെ പ്രലോഭിപ്പിച്ച് തന്നോടൊപ്പം കൊണ്ടുപോവാൻ സുന്ദരിയും സാത്വികപ്രകൃതിയുമായ ലളിതയാവുന്നു. തന്റെ ഇംഗിതം നടക്കില്ലെന്നറിയുമ്പോൾ സ്വന്തം രൂപം സ്വീകരിക്കുന്നു. (കരിതേച്ച് രംഗത്തുവരിക). നരകാസുരവധത്തിലെ നക്രതുണ്ഡി ഇന്ദ്രപുത്രനായ ജയന്തനെക്കണ്ട് കാമാതുരയായി കാര്യനിർവ്വഹണത്തിനായി 'ലളിത'വേഷം സ്വീകരിക്കുന്നു. പക്ഷേ കാര്യം സാധിക്കാതെ വന്നപ്പോൾ രാക്ഷസീയരൂപം കൈക്കൊള്ളുന്നു. ഇവിടെ മറ്റൊരു വേഷക്കാരൻ കരിവേഷത്തിൽ വേദിയിൽ വരികയാണ്. താടകാവധത്തിലെ ഹിഡുംബിയും, പൂതനാമോക്ഷത്തിലെ പൂതനയും ശക്തമായ കഥാപാത്രങ്ങളാണ്.

കഥകളിയുടെ രംഗപാഠത്തിൽ കേരളത്തിൽ പ്രകടമായിരുന്ന ആര്യദ്രാവിഡ വിവേചനത്തിന്റെ സൂക്ഷ്മഭാവങ്ങൾ നമുക്കു കാണാൻ കഴിയും. വി. കൃഷ്ണൻ തമ്പിയുടെ താടകാവധത്തിൽ താടക ഒരു ദ്രാവിഡ രാക്ഷസിയായിട്ടാണ് ചിത്രീകരിക്കപ്പെട്ടത്. ദ്രാവിഡ റാണിയായ താടകയ്ക്ക് ആര്യവംശജനായ ശ്രീരാമനോട് തോന്നുന്ന അനുരാഗവും ശോകസാന്ദ്രമായ അവസാനവും കൃഷ്ണൻതമ്പിയുടെ ആട്ടക്കഥയിൽ ആർദ്രമായാണ് ആവിഷ്കരിക്കുന്നത്. ആര്യകുലജാതനായ ശ്രീരാമനിൽ വിലയിക്കാനാവാതെ മരിക്കുന്ന താടകയിലൂടെ ആര്യസംസ്കാരത്തിന്റെ വിജയമാവാം ചിലപ്പോൾ തമ്പി ലക്ഷ്യമിട്ടിട്ടുണ്ടാവുക.

'ലളിത' വേഷത്തിൽ ഏതു രാക്ഷസിക്കും ശൈലീകൃതമായ അഭിനയമാണ് വിധിച്ചിട്ടുള്ളത്. മുഖാഭിനയം, ശൈലീകൃത ഹസ്തമുദ്രകൾ, കരണങ്ങൾ എന്നിവയിലെല്ലാം അച്ചടക്കവും വിശുദ്ധിയും കഥാപാത്രങ്ങൾ പ്രകടിപ്പിക്കുന്നു. എന്നാൽ ക്രോധധാരിയായ രാക്ഷസിയിലേക്കുള്ള മാറ്റം കൈക്കൊള്ളുമ്പോൾ അതുവരെ പാലിച്ച അച്ചടക്കത്തിൽ നിന്നും ആംഗികാഭിനയചിട്ടകളിൽ നിന്നുള്ള മോചനമാണ് സംഭവിക്കുന്നത്. ഇവർ പിന്നീട് ഗ്രാമ്യമുദ്രകളും ചലനങ്ങളുമാണ് കാണിക്കുന്നത്. കഥകളിയിൽ സ്ത്രീകഥാപാത്രങ്ങളുടെ ഒരു നൃത്തവിശേഷമാണ് 'സാരി'നൃത്തം. ലാസ്യപ്രധാനമായ സാരി മനോഹരവും ശൃംഗാരപ്രധാനവുമാണ്. ബകവധം നരകാസുരവധം, രുഗ്മാംഗദചരിതം എന്നീ കഥകളിലാണ് പ്രധാനമായും സാരിനൃത്തം പതിവുള്ളത്. ശൃംഗാരത്തിന് പ്രാധാന്യമില്ലാത്തതിനാൽ കിർമ്മീരവധത്തിലും പൂതനാമോക്ഷത്തിനും സാരി പതിവില്ല. കിർമ്മീരവധത്തിലെ ലളിത രാക്ഷസീരൂപമാകുമ്പോൾ 'വട്ടംവെച്ചുകലാശം' എടുക്കുന്നുണ്ട്. ഇത് കിർമ്മീരവധത്തിൽ മാത്രം കാണുന്ന പ്രത്യേകതയാണ്. പുരുഷകഥാപാത്രങ്ങൾക്കാണ് സാധാരണ വട്ടംവെച്ചു കലാശം പതിവ്. മറ്റു ആട്ടക്കഥകളിലെ ലളിതകളേക്കാൾ സമൃദ്ധമായ സാഹിത്യം കൊണ്ടും, നാടകീയതകൊണ്ടും അഭിനയമികവു കൊണ്ടും മികച്ചതാണ് കിർമ്മീരവധത്തിലെ ലളിത.

പൂതനാമോക്ഷം കവിതയിൽ കംസൻ, ദേവകി, വാസുദേവർ തുടങ്ങിയവർ പ്രത്യക്ഷപ്പെടുന്ന രംഗങ്ങളുണ്ടെങ്കിലും കംസന്റെ കല്പനപ്രകാരം കൃഷ്ണനെ വധിക്കാൻ ലളിതയുടെ വേഷം ധരിച്ച് ഗോകുലത്തിൽ എത്തുന്ന പൂതനയുടെ രംഗം മാത്രം വേർതിരിച്ചെടുത്ത് അവതരിപ്പിക്കുകയാണ് പതിവ്.

കഥകളിയിലെ ആദ്യാവസാന പുരുഷവേഷക്കാർ ഉർവ്വശി-ലളിതകൾ കൂടാതെ അരങ്ങിൽ പ്രത്യക്ഷപ്പെടുന്ന സ്ത്രീകഥാപാത്രങ്ങളാണ് പാഞ്ചാലി, മണ്ഡോദരി, മോഹിനി, ദമയന്തി, സീത, സതി, കേശിനി, രുഗ്മിണി, ഉർവ്വശി, കുന്തി എന്നിവർ. അരങ്ങിൽ മിക്കവാറും നായകപ്രതിനായക വേഷങ്ങളുടെ ശോഭയിൽ ഒളിമങ്ങിപ്പോയവർ. ഇരുപതാം നൂറ്റാണ്ടിന്റെ ഉദയം വരെ നിലനിന്ന ഈ അവസ്ഥയ്ക്ക് അറുതിവരുത്തിയതും, ഈ സ്ത്രീവേഷങ്ങൾക്ക് സ്വത്വാവിഷ്കാരം നടത്തിയതും, കുടമാളൂർ കരുണാകരൻ നായർ, കലാമണ്ഡലം കൃഷ്ണൻ നായർ കുത്തനൂർ കരുണാകരപ്പണിക്കർ തുടങ്ങിയവരായിരുന്നു. 'പൂതനകൃഷ്ണൻ' എന്നു ഖ്യാതികേട്ട കലാമണ്ഡലം കൃഷ്ണൻനായർ സ്ത്രീവേഷങ്ങളിലേക്ക് സഹൃദയരെ ആകർഷിച്ചു. ചിത്രലേഖയും, പൂതനയും സ്ത്രീവേഷസങ്കല്പത്തിലെ പുതിയൊരു മാതൃകയായിരുന്നു. കോട്ടയ്ക്കൽ ശിവരാമന്റെ രംഗപ്രവേശത്തോടെ സ്ത്രീവേഷങ്ങൾക്ക് വീണ്ടുമൊരുണർവ്വുണ്ടായി. മോഹിനിയും, ലളിതയും സൈരന്ധ്രിയും, ദമയന്തിയും, കുന്തിയും വെവ്വേറെ പാത്രസ്വഭാവമനുസരിച്ച് അവതരിപ്പിക്കുക എന്ന പുതിയ രീതി വിജയകരമായി ആവിഷ്കരിച്ചതും കോട്ടക്കൽ ശിവരാമൻ തന്നെയാണ്. കഥകളിയിലെ സ്ത്രീകഥാപാത്രങ്ങളെ പുരുഷകഥാപാത്രങ്ങൾക്കൊപ്പം ഉയർത്തിക്കൊണ്ടുവരാൻ ഈ മഹാന്മാരുടെ പരിശ്രമങ്ങൾ സ്തുത്യർഹമാണ്. കഥകളിയിലെ ആദ്യാവസാന പുരുഷവേഷങ്ങളെപ്പോലെ കഥകളിയിലെ സ്ത്രീവേഷങ്ങളും ആട്ടവിളക്കിനു മുമ്പിൽ ഉജ്ജ്വലിക്കുന്നു. ■



ഈ വർഷത്തെ യുവ കവികൾക്കുള്ള ആശാൻ മെമ്മോറിയൽ അസോസിയേഷൻ പുരസ്കാരം നേടിയ **ആര്യ ഗോപി.** അറുപത്തിയഞ്ച് കവിതകളുടെ സമാഹാരമായ 'അവസാനത്തെ മനുഷ്യൻ' എന്ന കൃതിക്കാണ് പുരസ്കാരം. സാമൂതിരി ഗുരുവായൂരപ്പൻ കോളേജിൽ ഇംഗ്ലീഷ് വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആണ് ആര്യ ഗോപി.

ഇന്ത്യൻ കോമേഴ്സ് അസോസിയേഷന്റെ ലക്നൗവിൽ നടക്കുന്ന 2016-17 വാർഷിക സമ്മേളനത്തിന്റെ കോ-ചെയർപേഴ്സൺ ആയി തെരഞ്ഞെടുക്കപ്പെട്ട പത്തനംതിട്ട കാത്തോലിക്കറ്റ് കോളേജ് കോമേഴ്സ് ടൂറിസം വകുപ്പ് മേധാവിയായ **ഡോ. പി.എൻ. ഹരികുമാർ.** എ.കെ.പി.സി.ടി.എ. പത്തനംതിട്ട ജില്ലാ സെക്രട്ടറിയാണ്. ഗവേഷണരംഗത്തെ മികവിനെ അടിസ്ഥാനമാക്കിയുള്ള ഈ നിയമനം കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ നിന്നും ആദ്യമാണ്.



# കോളേജ് അദ്ധ്യാപകർ പാർലമെന്റ് മാർച്ച് നടത്തി




രാജ്യമെമ്പാടുമുള്ള കോളേജ്-സർവ്വകലാശാല അദ്ധ്യാപകർ ധർണയും പാർലമെന്റ് മാർച്ചും നടത്തി. മാർച്ചും ധർണ്ണയും ഡി. രാജ എം.പി. ഉദ്ഘാടനം ചെയ്തു. യുജിസി ഏഴാം ശമ്പളകമ്മീഷനെ നിയമിക്കുക, എ.പി.ഐ. സ്കോർ നിബന്ധനകൾ പിൻവലിക്കുക, യുജിസി റെഗുലേഷൻ 2010ലേയും പിഎച്ച്ഡി റെഗുലേഷൻ 2009ലെയും അപാകതകൾ തിരുത്തുക, അധ്യാപകർക്ക് ഓറിയന്റേഷൻ, റിഫ്രഷർ കോഴ്സുകളിൽ പങ്കെടുക്കുവാനുള്ള സമയപരിധി ദീർഘിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു മാർച്ചും ധർണ്ണയും. കേരളത്തിൽ നിന്ന് എ.കെ.പി.സി.ടി.എ., എ.കെ.ജി.സി.ടി., എഫ്.യു.ടി.എ. സംഘടനകളുടെ പ്രതിനിധികൾ പങ്കെടുത്തു. എ.കെ.പി.സി.ടി.എ. ജനറൽ സെക്രട്ടറിയും ഐഫക്ടോ ദേശീയ സെക്രട്ടറിയുമായ ഡോ. കെ.എൽ. വിവേകാനന്ദൻ, സംസ്ഥാന ട്രഷറർ പ്രൊഫ. ടോമിച്ചൻ ജോസഫ്, എ.കെ.ജി.സി.ടി. പ്രസിഡന്റ് ഡോ. കെ. രാമകൃഷ്ണൻ, ജനറൽ സെക്രട്ടറി ഡോ. കെ.കെ. ദാമോദരൻ, ഐഫക്ടോ പ്രസിഡന്റ് ഡോ. കേശബ് ഭട്ടാചാര്യ, ജനറൽ സെക്രട്ടറി ഡോ. അരുൺകുമാർ എന്നിവർ ധർണ്ണയ്ക്കും മാച്ചിനും നേതൃത്വം നൽകി.

# വിദ്യാഭ്യാസ–സാംസ്കാരിക സംഗമം




എ.കെ.പി.സി.ടി.എ കണ്ണൂർകാസറഗോഡ് ജില്ലാ കമ്മിറ്റി വിദ്യാഭ്യാസ സാംസ്കാരിക സംഗമവും പെരുമ്പാവൂരിൽ നിയമ വിദ്യാർത്ഥിനി ജിഷയുടെ പൈശാചികമായ കൊലപാതകത്തിലുള്ള പ്രതിഷേധവും സംഘടിപ്പിച്ചു. മമ്പറം ബസാറിൽ ഇന്ന് രാവിലെ മുൻ വിദ്യുത്ചക്തി സഹകരണ മന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. കെ.കെ.രാഗേഷ് എം.പി. മുഖ്യപ്രഭാഷണം നടത്തി. 'സർവകലാശാലകൾ എങ്ങനെ മികവിലേക്ക് മാറണം' എന്ന വിഷയം കേന്ദ്രീകരിച്ച് മുൻ സംസ്ഥാന പ്രസിഡന്റ് ഡോ.എ.പി.കുട്ടികൃഷ്ണനനും, 'ഫാസിസം വഴിതിരിച്ചുവിടുന്ന രാജ്യതാല്പര്യംഇന്ത്യൻ ക്യാമ്പസ് അവസ്ഥ' എന്ന വിഷയത്തിൽ സംസ്ഥാന അക്കാഡമിക് കൺവീനർ സി.പത്മനാഭനും, 'പെരുമ്പാവൂരിൽ നിന്ന് നമ്മുടെ വീട്ടിലേക്കും ഏറെ ദൂരമില്ല'എന്ന വിഷയത്തിൽ ജേർണൽ ചീഫ് എഡിറ്റർ പ്രമോദ് വെള്ളച്ചാലും സംസാരിച്ചു.പെരുമ്പാവൂർ വിഷയത്തിൽ 'മാനവികത സംരക്ഷണ പ്രതിജ്ഞ' ജില്ലാ വൈസ് പ്രസിഡന്റ് ഡോ.രാഖി രാഘവൻ ചൊല്ലിക്കൊടുത്തു.പെരളശ്ശേരി പെണ്മയുടെ സംഗീതബനാടക ശില്പം അരങ്ങേറി.ജില്ലാ പ്രസിഡന്റ് ഡോ.ആർ.കെ.സതീഷ് അധ്യക്ഷനായി.സംസ്ഥാന സെക്രട്ടറി എ.നിശാന്ത് സ്വാഗതവും ജില്ലാസെക്രട്ടറി ഡോ.കെ.അജയകുമാർ നന്ദിയും പറഞ്ഞു.250 ലധികം പേർ ഈ വിദ്യാഭ്യാസസാമൂഹികസാംസ്കാരിക കൂട്ടായ്മയിൽ പങ്കെടുത്തു.

# വിരമിക്കുന്ന അദ്ധ്യാപകർക്ക് യാത്രയയപ്പും മതനിരപേക്ഷ സംഗമവും

കണ്ണൂർ: സർവ്വീസിൽ നിന്നു വിരമിക്കുന്ന കോളേജ ധ്യാപകർക്ക് കണ്ണൂർ-കാസർകോട് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച യാത്രയയപ്പ് മുൻ സംസ്ഥാന പ്രസിഡന്റ് ഡോ. കെ. ശശിധരൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് ഡോ. ആർ.കെ. സതീഷ് അധ്യക്ഷത വഹിച്ചു. ഐആർപിസിക്ക് ഫർണിച്ചർ വാങ്ങാനുള്ള ധനസഹായം മുൻ സംസ്ഥാന പ്രസിഡന്റ് ഡോ. എ.പി. കുട്ടികൃഷ്ണൻ വിതരണം ചെയ്തു. സംസ്ഥാന സെക്രട്ടറി എ. നിശാന്ത് വിരമിക്കുന്ന അധ്യാപകരെ പരിചയപ്പെടുത്തി. മുൻകാല നേതാക്കളായ ഡോ. പി.വി. രവീന്ദ്രൻ, പ്രൊഫ. എം. അബ്ദുൾറഹ്മാൻ, പ്രൊഫ. ബി.കെ.എം.എച്ച്. അൻസാരി, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ ഡോ. കെ.എസ്. സുരേഷ്കുമാർ, ഷീല എം, ജോസഫ് എന്നിവർ ആശംസകളർപ്പിച്ചു. ജില്ലാ സെക്രട്ടറി ഡോ. കെ. അജയകുമാർ സ്വാഗതവും വൈസ് പ്രസിഡന്റ് ഡോ. രാഖി രാഘവൻ നന്ദിയും പറഞ്ഞു.

മതനിരപേക്ഷസംഗമവും ജനകീയ ഒപ്പുശേഖരണവും എൽഡിഎഫ് കണ്ണൂർ മണ്ഡലം സ്ഥാനാർത്ഥി ശ്രീ. കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. പ്രവർത്തക സമിതിയംഗം പ്രമോദ് വെള്ളച്ചാൽ പ്രസംഗിച്ചു. വിരമിക്കുന്ന ഡോ. എൻ.എച്ച് സൈനുൽ ഹുക്മാൻ, വി.പി. അബ്ദുള്ളക്കുട്ടി, പി.എം. സരോജിനി, ഡോ. അരവിന്ദൻ തറമ്മേൽ, ഡോ. എ. ഭാസ്കരൻ, ഡോ. കെ.എം. ദേവദാസ്, കെ.വി. പത്മജ, എം.പി. യൂസഫ്, ഡോ. എം. മുരളീധരൻ എന്നിവർ മറുപടി പ്രസംഗം നടത്തി.



# യാത്രയയപ്പു സമ്മേളനം

പത്തനംതിട്ട ജില്ലയിലെ വിവിധ കോളേജുകളിൽ നിന്ന് ഈ വർഷം സർവ്വീസിൽ നിന്ന് വിരമിക്കുന്ന അദ്ധ്യാപകരായ പ്രൊഫ. ജയദേവൻ, ഡോ. പത്മാവതിയമ്മ, ഡോ. എം.എസ്. സുനിൽ, പ്രൊഫ. റെജി വർഗീസ്, ഡോ. മാത്യു ജോർജ്ജ് എന്നിവർക്ക് എ.കെ.പി.സി.ടി.എ. ജില്ലാ കമ്മിറ്റി നേതൃത്വത്തിൽ യാത്രയയപ്പ് നൽകി. പന്തളം ശ്രീവത്സം ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനം ജില്ലാ സെക്രട്ടറി ഡോ. പി.എൻ. ഹരികുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് എലിസബത്ത് അദ്ധ്യക്ഷയായി.






കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ നിന്നും ജനസമ്മതി തേടിയ സ: കടകംപള്ളി സുരേന്ദ്രന് എ.കെ.പി.സി.ടി.എ. നൽകിയ സ്വീകരണം

KERALA PRIVATE COLLEGE TEACHER

R.No. 36025/81 No.253

ISSN 2454-4795
Registered No. KL/TV (N) 35/2012-2014
Rs.11/- JUNE - 2016

ഉന്നത വിദ്യാഭ്യാസം
സാമൂഹ്യ പുരോഗതിക്ക്

കെടുകാര്യസ്ഥതയും
ലക്ഷ്യബോധമില്ലായ്മയും:
ഉന്നത വിദ്യാഭ്യാസ മേഖലയുടെ
ശാപങ്ങൾ

അന്താരാഷ്ട്ര നിലവാരമുള്ള
കലാലയങ്ങൾ:
കേരളനാടിനാവശ്യം

ഉന്നത വിദ്യാഭ്യാസ മേഖലയെ
മതവർഗ്ഗീയതയിൽ നിന്നും
വിമോചിപ്പിക്കുക...

ഗുണമേന്മയുള്ള
ഉന്നത വിദ്യാഭ്യാസം:
കേരളനാടിനാവശ്യം

ഉന്നത വിദ്യാഭ്യാസരംഗത്ത്
മതനിരപേക്ഷത
സംരക്ഷിക്കപ്പെടണം

കേരളത്തിലെ സർവ്വകലാശാലകൾ
മികവിന്റെ
കേന്ദ്രങ്ങളാവണം

സർവ്വകലാശാലകളുടെ
സ്വയംഭരണാവകാശം
സംരക്ഷിക്കപ്പെടണം

We Stand for
Equity, Excellence
and Social Justice

ഉന്നത വിദ്യാഭ്യാസ രംഗത്ത്
കേരളം രാജ്യത്തിനാകെ
മാതൃകയായി മാറണം...

മാതൃഭാഷയിലൂടെ
മാനവികതിലേക്ക്

മാതൃഭാഷയിലൂടെ
മികവിലേക്ക്

സ്വാശ്രയ മേഖലയെ
സാമൂഹ്യ നിയന്ത്രണത്തിന്
വിധേയമാക്കുക

ഉന്നത വിദ്യാഭ്യാസ മേഖലയെ
ജനാധിപത്യവൽക്കരിക്കുക...

Edited, Printed and Published by V.N. Murali, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
Chief Editor : Prof. Pramod Vellachal